KOTTAYAM PUBLIC LIBRARY

Call No M200 Acc. No 13362.

Author എസ്. എച്ച്. ലീഗ് (പ്രസാ)

Title അദ്ധ്യാപൻ കർമ്മരംഗത്ത്

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

920

# അല്വായർ കമ്മരംഗത്തു്

13362.

പ്രസാധകർ
എസ്സ്. എച്ച്. ലീഗ്
ആലുവാ നോത്തു് P. O.

NATIONAL BOOK STALL
SPCS LTD.
KOTTAYAM

വില 1-75.

ഒന്നാംപതിപ്പ് കോപ്പി—2000
ഡിസംബർ 1960

Nihil Obstat

**Fr. Michael Angel, O. C. D**
Rector, Ap. Seminary.

ALWAYE,
15—12—1960.

M 200

Imprimatur

**+ Joseph Parecattil,**
Abp. of Ernakulam.

Ernakulam,
20—12—1960.

പകർപ്പവകാശം എസ്സ്. എച്ച്. ലീഗിന്

Printed at the B. B. Press, N. Parur,

# രചയിതാക്കൾ

★

അഗസ്റ്റിൻ എ. കച്ചിറമററം

മാത്യു കീരാന്തടം

പോറം കൊഴുപ്പൻകുററി

മാത്യു മഠത്തിക്കുന്നേൽ

മാത്യു മററപ്പള്ളിൽ

സെബാസ്റ്റ്യൻ നടയ്ക്കൽ

ജോസഫ് ഓലിയ്ക്കൽ

ജോർജ്ജ് പ്ലാത്തോട്ടം

അബ്രാഹം തകടിയേൽ

ജോർജ്ജ് വടക്കേക്കര

ആൻറണി വരിക്കയാനി

# ഉള്ളിലേയ്ക്കു കടന്നാൽ


| | | | പേജ് |
|---|---|---|---|
| സമർപ്പണം | | | |
| പ്രസ്താവന | | | |
| അദ്ധ്യായം | 1 | കാലത്തിൻെറ വിളി | 1 |
| ,, | 2 | അല്മായൻ സഭയിൽ | 16 |
| ,, | 3 | പ്രേഷിതത്വമെന്നാലെന്ത്? | 25 |
| ,, | 4 | അല്മായപ്രേഷിതത്വം | 32 |
| ,, | 5 | അല്മായപ്രേഷിതത്വവും വൈദികരും | 53 |
| ,, | 6 | അല്മായപ്രേഷിതത്വവും രാഷ്ട്രീയവും | 58. |
| ,, | 7 | അല്മായ പ്രേഷിതത്വത്തിൻെറ താത്വികാടിസ്ഥാനം | 63 |
| ,, | 8 | അല്മായപ്രേഷിതത്വത്തിൻെറ ഉറവിടം | 85 |
| ,, | 9 | അല്മായപ്രേഷിതത്വം ചരിത്രദൃഷ്ടിയിൽ | 103 |
| ,, | 10 | പ്രേഷിതരും ശിക്ഷണവും | 124 |
| ,, | 11 | ആദ്ധ്യാത്മികശിക്ഷണം | 147–67 |
| ഉപസംഹാരം | | | |

THE JUBILARIAN



HIS EXCELLENCY

RT. REV. DR. SEBASTIAN VAYALIL

BISHOP OF PALAI

# സമർപ്പണം

★

പൈതൃകമായ സ്നേഹവാത്സല്യത്തോടെ പൗരോഹിത്യത്തിന്റെ പാവനപദവിയിലേക്ക് എളിയവരായ ഞങ്ങളെ കൈപിടിച്ചു കയററുന്ന വത്സലനിധിയായ ഞങ്ങളുടെ

**അഭിവന്ദ്യപിതാവ്**

റൈററ് റവ. ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെ പൗരോഹിത്യരജതജൂബിലി സമംഗളം സാഘോഷിക്കപ്പെടുന്ന വിശുദ്ധവും വിശിഷ്ടവുമായ ഈ മഹനീയവേളയിൽ, അവിടുത്തെ ആത്മീയസുതരായ ഞങ്ങൾ, അല്മായപ്രേഷിതത്വത്തിന്റെ വഴിത്താരയിൽ ആദ്യമായി കൊളുത്തുന്ന കൈത്തിരി തിരുമനസ്സിലേക്ക് ഭക്ത്യാദരപുരസ്സരം മുകളിതപാണികളോടെ സമർപ്പിച്ചുകൊള്ളുന്നു.

---

# പ്രസ്താവന

★

ക്രൈസ്തവതത്വങ്ങളിലൂടെ ലോകത്ത് ഒരു ആദ്ധ്യാത്മിക നവോത്ഥാനം സംജാതമാക്കുക ഇന്നത്തെ വലിയ ആവശ്യമത്രേ. അക്കാര്യത്തിൽ മഹത്തായ പങ്കു വഹിക്കുന്നതിനു് അല്മായക്കു സാധിക്കും. കാലത്തിൻെറ പ്രവണകളെ കണക്കിലെടുത്തു കൊണ്ടു്, നാനാരംഗങ്ങളിലെ പ്രശ്നങ്ങറം പഠിച്ചറിഞ്ഞു് അവയ്ക്കു പരിഹാരം കണ്ടെത്താൻ, കർമ്മനിരതമായ ക്രിസ്തീയജീവിതം വഴി ഭൂമുഖം നവീകരിക്കാൻ, അല്മായർക്കുള്ള കഴിവു് കുറച്ചല്ല. ഈ സത്യം സ്ഥാപിക്കുന്നതിനു ഞങ്ങറം ശ്രമിച്ചതിൻെറ ഫലമാണു് ഈ പുസ്തകം. അല്മായപ്രേഷിതതത്വത്തെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങറം മലയാളത്തിൽ വിരളമായിരിക്കെ, ഇതിൻെറ പ്രസിദ്ധീകരണം സമുചിതവും പ്രയോജനപ്രദവുമായിരിക്കുമെന്നു് ഞങ്ങറം പ്രതീക്ഷിക്കുന്നു.

സെമിനാരിയിലെ വിശ്രമരഹിതമായ പഠനത്തിനിടയ്ക്കു കിട്ടിയ സമയത്തെ പരമാവധി വിനിയോഗിച്ചുകൊണ്ടു് ആവുന്നത്ര നന്നായി ഈ പുസ്തകം അവതരിപ്പിക്കുവാൻ ഞങ്ങറം ശ്രമിച്ചിട്ടുണ്ടു്. പക്ഷേ, ഞങ്ങളുടെ തൂലികകറം എഴുതിത്തഴങ്ങിയവയല്ലായ്കയാൽ, അവിടവിടെ പിഴകറം കണ്ടേക്കാം. കേരളക്രൈസ്തവർക്കു പ്രേഷിതപ്രവർത്തനത്തിൽ ഒരടി മുന്നോട്ടു കുതിക്കുവാൻ ഈ പുസ്തകം പ്രചോദനമേകുമെങ്കിൽ ഞങ്ങറം കൃതാർത്ഥരായി, ധന്യരായി.

പാലാ രൂപതയുടെ പ്രഥമമെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെ നേർക്കാണു് ആദ്യമായി ഞങ്ങളുടെ കൃതജ്ഞതയുടെ കൂപ്പുകൈകറം ഉയരുന്നതു്. വന്ദ്യപിതാവിൻെറ പൗരോഹിത്യരജതജൂബിലിയുടെ സ്മാരകമായി ഈ പുസ്തകം

സമർപ്പിക്കുവാൻ അനുവാദം ലഭിച്ചതു് മഹാഭാഗ്യമായി ഞങ്ങൾ കരുതുന്നു. അവിടുത്തെ കരങ്ങളിൽനിന്നു് അനതിവിദൂരമായ ഭാവിയിൽ പൗരോഹിത്യം സ്വീകരിക്കുവാൻ പോകുന്ന ഞങ്ങൾക്കു വലുതായ അഭിമാനത്തിനും ചാരിതാൎത്ഥ്യത്തിനും ഇതു വക നല്കുന്നുണ്ടു്.

ഈ പുസ്തകം മുദ്രണം ചെയ്തുതന്ന പറവൂർ ബി. ബി പ്രസ്സ് അധികൃതരോടും ഇതിൻെറ പ്രസാധകത്വം ഏറെറടുത്ത എസ്സ്. എച്ച്. ലീഗു ഭാരവാഹികളോടും കവർ ഇത്ര ആകർഷകമാക്കിയ റവ. ജോർജ്ജ് നെല്ലിക്കാട്ടിൽ അവർകളോടും ഞങ്ങൾ അതീവ കൃതജ്ഞരാണു്.

മംഗലപ്പുഴ,
ഡിസംബർ 8, 1960.

രചയിതാക്കൾ

# അല്മായർ കർമ്മരംഗത്തു്

## ഒന്നാമദ്ധ്യായം

### കാലത്തിന്റെ വിളി

പദാർത്ഥമാത്രജീവിയായി തരംതാഴ്ത്തപ്പെട്ട മനുഷ്യനെ കേന്ദ്രബിന്ദുവാക്കിയ നാസ്തികഹ്യൂമനിസ്സത്തിന്റെ യുഗത്തിലാണു നാം ജീവിയ്ക്കുക. ജീവിതലക്ഷ്യത്തേയും ആദ്ധ്യാത്മികമൂല്യത്തേയും കണക്കിലെടുക്കാത്ത തത്വദർശനങ്ങളും ഭൌതികനേട്ടങ്ങളും മനുഷ്യന്റെ നേതൃത്വമേറ്റെടുത്തിരിക്കുകയാണു്. ഭൌതികത്വമേൽക്കോയ്മയ്ക്കു മജ്ജയും മാംസവും നല്കിയ ദുഷിച്ച വ്യക്തിസ്വാതന്ത്ര്യത്തിന്റേയും തലതിരിഞ്ഞ സ്വതന്ത്രചിന്തയുടേയും ഈ അരോചകാന്തരീക്ഷം, നിർദ്ധാരണംചെയ്യാനാവാത്ത പ്രശ്നങ്ങൾ മനുഷ്യനുമുമ്പിൽ നിരനിരത്തിക്കൊണ്ടിരിക്കുന്നു. ആത്മാവിനെ മറന്ന വ്യക്തിയും ആദ്ധ്യാത്മികത്വത്തെ അവഗണിച്ച സമുദായവും ഈശ്വരവിശ്വാസം ക്ഷയിച്ച ജനപദവുമാണു് ഇവയിൽ മുന്തിയ പ്രശ്നങ്ങൾ. അസമാധാനവും അസംതൃപ്തിയും ശൂന്യതാബോധവുമല്ലേ എമ്പാടും ഇരുൾ വീശുന്നതു്? ഇപ്രകാരം, സംഭ്രമിപ്പിക്കുന്ന ആപച്ഛങ്കയും സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളും മനുഷ്യനെ ചൂഴ്ന്നുനില്ക്കുകയാണു്.

"ഇന്നത്തേ സ്ഥിതിഗതികളെ നിശ്ശബ്ദമായും നിശ്ചലമായും നോക്കിനില്ക്കുവാൻ നമുക്കു സാധിക്കുകയില്ല. നാശ

കരമായ ഗാഢനിദ്രയിൽനിന്നു നാം ധീരചിത്തരായി ഉണരേണ്ട സമയം ആസന്നമായിരിക്കുന്നു. ലോകത്തിൻെറ സുസ്ഥിതി ആഗ്രഹിക്കുന്ന എല്ലാ മനുഷ്യരും യോജിച്ചു പ്രവർത്തിക്കേണ്ട കാലമിതാണ്. അഖിലലോകത്തേയും അടിത്തറമുതൽ പുതുക്കി പണിയണം. മൃഗീയത്വത്തിൽനിന്നു മനുഷ്യത്വത്തിലേയ്ക്കും മനുഷ്യത്വത്തിൽനിന്നു ദൈവികത്വത്തിലേയ്ക്കും ലോകത്തെ ഉയർത്തണം. അതിനുവേണ്ടി വിചാരത്തിലും പ്രവൃത്തിയിലും ശക്തമായ ഒരു നവോത്ഥാനത്തിനു രൂപം നല്കുവിൻ." ആധുനികയുഗത്തിൻെറ ഹൃദയമിടിപ്പുകൾ പരിശോധിച്ചറിഞ്ഞ പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പയുടെ വാക്കുകളാണിവ.

ഒന്നു തീർച്ച: ലോകത്തെ സമുദ്ധരിക്കാൻ ആദ്ധ്യാത്മികനവോത്ഥാനത്തിനു മാത്രമേ സാദ്ധ്യമാകൂ. സമുദായം അടിമുടി ക്രൈസ്തവചൈതന്യത്താൽ ചലനാത്മകമാകണം. പാടത്തു പണിയെടുക്കുന്ന കർഷകനും ഫാക്ടറിയിൽ യന്ത്രം തിരിക്കുന്ന തൊഴിലാളിയും രാഷ്ട്രസാരഥ്യം വഹിക്കുന്ന ഭരണധുരന്ധരനും പഠിക്കുന്ന വിദ്യാർത്ഥിയും തലപുകയ്ക്കുന്ന ശാസ്ത്രജ്ഞനും ക്രിസ്തുവിൻെറ സഭയുടെ ഹൃദയത്തുടിപ്പുകൾ സ്പർശിച്ചറിയണം. ശാസ്ത്രീയവും സാമ്പത്തികവും രാഷ്ട്രീയവും താത്വികവുമായ രംഗങ്ങളിലത്രേ തകർച്ചകൾ കുമിഞ്ഞുകൂടുന്നതു്. അവ അടുത്തറിഞ്ഞു പ്രതിവിധി കുറിയ്ക്കുവാൻ നിരവധികമായ പ്രശ്നങ്ങളുടെ ഉള്ളറകളിലേയ്ക്കു കടന്നുചെല്ലുക.

(i) <u>ശാസ്ത്രീയമണ്ഡലം.</u> 16-ാം നൂററാണ്ടു മുതൽ ശാസ്ത്രീയരംഗത്തു പുത്തൻ പരീക്ഷണങ്ങൾ ഇടതടവില്ലാതെ നടന്നുകൊണ്ടിരിക്കുന്നു, ബേക്കൺ, കൊപ്പേർനിസക്ക്,

ഗലിലേയോ, ന്യൂട്ടൻ തുടങ്ങിയ ശാസ്ത്രോപാസകന്മാർ നട്ടുന നച്ച ശാസ്ത്രവൃക്ഷം നൂറുകണക്കിനു പ്രഗത്ഭമതികളുടെ നിരന്തരപരിചരണമേററു തഴച്ചുവളർന്നു. പ്രകൃതിയുടെ നിഗൂഢരഹസ്യങ്ങളും നിയമങ്ങളും നിക്ഷേപങ്ങളും മനുഷ്യസേവനോപയുക്തമാകുമാറായി. എന്നാൽ, നേട്ടങ്ങളിൽനിന്നു നേട്ടങ്ങളിലേക്കു നീങ്ങിയ ശാസ്ത്രം കണക്കററ പ്രശ്നങ്ങളും നിരത്തിവെച്ചു.

കൈയ്നിറയെ സാമഗ്രികളും തലനിറയെ സാമർത്ഥ്യവുമായി ചില ശാസ്ത്രജ്ഞന്മാർ അതിർത്തി കടന്നുചെന്നു മതതത്വങ്ങളെ വിശകലനംചെയ്തു വിമർശിക്കാനും ആചാര്യവേഷംകെട്ടി വിധിതീർപ്പു നടത്താനും ഒരുമ്പെട്ടു. 'ഞാൻ ഭൂതക്കണ്ണാടിവെച്ചു പ്രപഞ്ചവസ്തുക്കളെയഖിലം പരിശോധിച്ചു; ശക്തിയേറിയ ദൂരദർശിനിയിലൂടെ ആകാശസീമകളേയും താരാപഥത്തേയും നിരീക്ഷിച്ചു; അവിടെയെങ്ങും ഈശ്വരനെ കണ്ടില്ല. ഞാൻ എക്സ്റെയും ശസ്ത്രങ്ങളുമുപയോഗിച്ചു മനുഷ്യശരീരത്തിൻെറ അവസാനത്തരിവരെ തെരഞ്ഞുനോക്കി; അവിടെയെങ്ങും ആത്മാവിൻെറ നിഴൽപോലും കണ്ടില്ല. ഈശ്വരൻ! ആത്മാവ്! നിരർത്ഥകമപ്പദങ്ങൾ' എന്ന് അറിവുചൊല്ലിക്കൊടുത്തിട്ടുണ്ടു ചില ശാസ്ത്രജ്ഞന്മാർ! പിണ്ഡം, ദൈർഘ്യം, കാലം (mass, length and time) എന്നീ ശാസ്ത്രസങ്കേതങ്ങളെമാത്രം ആശ്രയിച്ച്, മററു ജ്ഞാനസമ്പാദനമാർഗ്ഗങ്ങളെയെല്ലാം നിഷേധിച്ച്, വളരുകയാണു ഭൗതികശാസ്ത്രം.

(ii) <u>സാമ്പത്തികമണ്ഡലം.</u> പല പ്രവണതകളുടേയും പ്രവർത്തനങ്ങളുടേയും എതിരൊഴുക്കുകൾകൊണ്ടു കലങ്ങി

മറിഞ്ഞതത്രേ സാമ്പത്തികരംഗം. 18-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ തുടങ്ങിയ വ്യാവസായികവിപ്ലവം ജീവിതത്തിൻെറ എല്ലാ തുറകളിലും കാതലായ വ്യതിയാനങ്ങൾ വരുത്തിവെച്ചു. യന്ത്രോപകരണങ്ങളും ആവിശക്തിയും മനുഷ്യകരങ്ങളുടെ ജോലി ഏറെറടുത്തതോടേ സമുദായസംവിധാനം പുതിയ രൂപം പൂണ്ടു. തുരുതുരെ പട്ടണങ്ങൾ ഉയൎന്നു—കരിയും പുകയും വിയർപ്പും വിമ്മിട്ടവും തിങ്ങിയ വ്യാവസായികകേന്ദ്രങ്ങൾ. പണക്കാരായി ഇത്തിരി പ്രബലർ; പണിക്കാരായി ഒത്തിരി പാവങ്ങൾ. മുതലാളിതൊഴിലാളിവൎഗ്ഗങ്ങൾ ഇവിടെ മുതലാരംഭിക്കുകയാണ്.

മുതലാളിവൎഗ്ഗം തങ്ങളുടെ പ്രവൎത്തനരീതിയ്ക്കു സാധുത്വം നല്കാൻ പുതിയൊരു തത്വശാസ്ത്രത്തിനു ചുവടിട്ടു—സമ്പാദനത്തിനും സ്വകാര്യസ്വത്തിനും മനുഷ്യനുള്ള മൌലികാവകാശത്തെ കണക്കിലേറെ ഊന്നിയുള്ള ക്യാപ്പിററലിസ്റ്റ്ഫിലോസഫിക്ക്. വറുതിയും വല്ലായ്മയുമായി കഴിഞ്ഞിരുന്ന തൊഴിലാളിലക്ഷങ്ങളുടെ പരിദേവനങ്ങളും ഒരു സാമ്പത്തികസിദ്ധാന്തത്തിൻെറ അവ്യക്തരൂപം പ്രാപിക്കാൻ തുടങ്ങി. സംഘടിതമായ ചൂഷണത്തേയും അനീതിയേയും സംഘടിതമായി എതിർത്ത് ഉച്ചാടനം ചെയ്യുകയും സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും സമുദായത്തിൽ കൈവരുത്തുകയും വേണമല്ലോ. അതിനാണു ഭദ്രതയില്ലാത്ത സോഷ്യലിസം പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെട്ടത്. ഈ സമ്പദ്‌വ്യവസ്ഥിതി ഇണങ്ങിയും പിണങ്ങിയും അവകാശവാദങ്ങൾ മുഴക്കി; വൎഗ്ഗബന്ധത്തിൽ ചില പരിഷ്ക്കാരങ്ങൾ നിർദ്ദേശിച്ചു; കുറെയൊക്കെ നേടി. പക്ഷേ, അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹൃതമായില്ല.

ഹേഗൽ (Hegel) ഇട്ട അടിത്തറയിൽ സോഷ്യലിസത്തിൻെറ ഉരുപ്പടികൾ ശേഖരിച്ച് കാൾമാർക്സ് കമ്മ്യൂണിസം പണിതു. ആ ചെങ്കെട്ടിടത്തിൻെറ ഉള്ളിലേക്കു, ഉമ്മറത്തേയ്ക്കും അദ്ധ്വാനിക്കുന്ന ജനവിഭാഗം ഓടിക്കൂടി. തൊഴിലാളിവർഗ്ഗത്തിൻെറ ആധിപത്യം ഭാവനയിൽ കണ്ട്, ഹൃദയത്തിൽ വിദ്വേഷവും കൈകളിൽ അരിവാളും ചുററികയുമായി അവർ മിക്കവരും ആ പുത്തൻവീട്ടിൽ സ്ഥിരതാമസമാക്കിയിരിക്കയാണ്.

ഇതിനകം കെട്ടുറപ്പുനേടിയ ഈ രണ്ടു പ്രധാനപ്പെട്ട സമ്പദ്‌വ്യവസ്ഥകൾ — ക്യാപ്പിററലിസവും കമ്മ്യൂണിസവും—പ്രശ്നങ്ങൾ പരിഹരിക്കുകയും സമുദായത്തെ സംതൃപ്തമാക്കുകയും ചെയ്യുകയുണ്ടായോ? സാമ്പത്തികരംഗത്തും സമുദായജീവിതത്തിലും അലതല്ലുന്ന വലിയ ഓളങ്ങളും ആഴത്തിലൂടെ കലങ്ങിപ്പായുന്ന എതിരൊഴുക്കുകളും അന്തരീക്ഷത്തിൽ തിങ്ങിക്കൂടുന്ന കരിങ്കാറുകളും മനുഷ്യവംശത്തെ പിടികൂടിയിരിക്കുന്ന മാരകഭീതിയും ഉത്തരം നല്കട്ടെ.

(iii) <u>താത്വികമണ്ഡലം.</u> സാഹചര്യത്തിന്റേയും ചിന്താശക്തിയുടേയും വർത്തനപ്രതിവർത്തനങ്ങളിലൂടെ വൈജ്ഞാനികനവോത്ഥാനം (Renaissance), മതനവീകരണവിപ്ലവം (Protestant Reformation), യുക്തിവാദം (Rationalism or Enlightenment), ലിബറലിസം, സോഷ്യലിസം, മററീരിയലിസം മുതലായവ ആരംഭമായി.

മദ്ധ്യയുഗങ്ങളിലെ കത്തോലിക്കാസഭയുടെ രക്ഷാകർതൃത്വത്തിൽ ശക്തിയും സ്വാതന്ത്ര്യവും ആർജ്ജിച്ച ചിന്ത, 15-ാം നൂററാണ്ടിൽ കലാശാസ്ത്രശാഖകളിൽ ഉണ്ടായ ന

വോത്ഥാനത്തിന്റെ പുളകമേററു് പുതിയപുതിയ വഴികളി ലൂടെ, കൊളംബസ്സിന്റേയും വാസ്ക്കോഡിഗാമയുടേയും മാതി രി, തിമിർത്തുപായാൻ തുടങ്ങി. അതു മദ്ധ്യയുഗത്തേയും സഭ യേയും കണക്കററു വിമർശിച്ചു. മതവും സംസ്കാരവും അടി സ്ഥാനതത്വങ്ങൾപോലും കൂടുതൽ കൂടുതൽ വ്യക്തിനിഷ്ഠമാ യി. ഒരു സഭയുടെ സ്ഥാനത്തു പല പ്രോട്ടസ്റ്റൻറുസഭകളും, ഒരു തത്വസംഹിതക്കു പകരം പല താത്വികസിദ്ധാന്തങ്ങ ളും രൂപമെടുത്തു. തുടർന്നു്, പ്രകൃതിയ്ക്കും മനുഷ്യബുദ്ധിയ്ക്കും യോജിച്ചതൊക്കെയേ ജീവിതത്തിൽ സ്വീകരിയ്ക്കേണ്ടു, ഈ ശ്വരാവിഷ്ക്കരണമുൾപ്പെടെ അതിസ്വാഭാവികമായവയെ ല്ലാം വർജ്ജ്യമാണു്, എന്ന റാഷനലിസ്റ്റുസിദ്ധാന്തം തല ഉയർത്തി.

ഈ റാഷനലിസ്റ്റുസിദ്ധാന്തത്തിനു നിദാനമായി വർത്തി ച്ച ഘടകങ്ങൾ മൂന്നാണു്. ഒന്നു്, പ്രോട്ടസ്റ്റൻറുവിപ്ലവം: സമുദായത്തെ ഒന്നിച്ചുനിറുത്തിയ ഏകവിശ്വാസം ഛിദ്രിച്ച തോടേ പല മതവിഭാഗങ്ങൾ ഉടലെടുത്തു. പിന്നെ, ശരിയേ തു് തെറേറതു് എന്ന പ്രശ്നമായി; പരസ്പരം വഴക്കായി. വി ശ്വാസതത്വങ്ങളില്ലെങ്കിലേ ക്രിസ്തുമതം അതിജീവിക്കൂ എ ന്നുവരെ നിരാശനായ മനുഷ്യൻ കരുതി. രണ്ടു്, വൈജ്ഞാ നികനവോത്ഥാനത്തിന്റെ ഭാഗമായ ഹ്യൂമനിസം: ഈശ്വ രൻ, സുകൃതം, സ്വർഗ്ഗം എന്നീ കാതലായ കാര്യങ്ങളിൽ എ ല്ലാ മതങ്ങളും ഒരുപോലെയാണു് എന്നു ചിലർ വാദിച്ചു. മൂന്നു്, അഭിനവതത്വചിന്ത: മതവും ശാസ്ത്രവും തമ്മിലുള്ള ബന്ധം ഒന്നിനൊന്നു ശിഥിലമായി. ശാസ്ത്രത്തിന്റെ ശക്തി വിശ്വാസത്തെ ക്ഷയിപ്പിച്ചു. ഡെയ്ക്കാർട്ടു്, ഹോബ്സ്, വോൾട്ടെയർ, കാൻറു് മുതലായ തത്വചിന്തകർ 'വിശ്വാസ

രഹസ്യങ്ങൾ ഇല്ലാത്ത ഒരു സ്വാഭാവികമതത്തെ വളർത്തിപ്പോലത്തി; ഈശ്വരാവിഷ്ക്കരണത്തെ തള്ളിപ്പറഞ്ഞു. സ്വതന്ത്ര്യചിന്ത വാഴ്ച നടത്തി. ഈ സ്വതന്ത്ര്യചിന്ത ലിബറലിസത്തിലൂടെ വളർന്നുവളർന്ന്, തികച്ചും മതവിരുദ്ധമായ മററീരിയലിസമായി പരിണമിച്ചിരിക്കയാണ്. നിരീശ്വരപരമായ മററീരിയലിസമത്രേ കമ്മ്യൂണിസത്തിൻെറ അടിത്തറതന്നെ. മയപ്പെട്ട ഒരുതരം മററീരിയലിസം ക്യാപ്പിററലിസത്തേയും ബാധിച്ചിരിക്കുന്നു.

(iv) <u>രാഷ്ട്രീയമണ്ഡലം.</u> മററു രംഗങ്ങളിൽ പരിണാമങ്ങൾ സൃഷ്ടിച്ച തത്വചിന്ത, രാഷ്ട്രീയരംഗത്തും വിഭിന്നവും പരസ്പരം വിരുദ്ധവുമായ ഭരണസമ്പ്രദായങ്ങൾവന്നു മറയുവാൻ ഇടയാക്കിയിട്ടുണ്ട്.

സാമ്പത്തികമണ്ഡലത്തിലെ ദുരാചാരങ്ങൾക്കു പ്രതിവിധിയായി രംഗപ്രവേശം ചെയ്ത കമ്മ്യൂണിസം വ്യക്തിയെ സമുദായത്തിനുവേണ്ടി ആഹുതിചെയ്യുന്ന, സർവ്വാധിപത്യത്തെ തഴുകിത്തലോടുന്ന, രാഷ്ട്രീയസിദ്ധാന്തം സ്വീകരിച്ചു. അതിനൊരു തിരിച്ചടിയെന്നോണം പൊന്തിവന്ന ലിബറലിസം വ്യക്തിയെ സർവ്വസ്വതന്ത്രനും പരമാധികാരിയുമായി വാഴിച്ചു. സമുദായത്തിനാകട്ടെ, രാഷ്ട്രത്തിനാകട്ടെ അവൻെറ മേൽ ഒരു നിയന്ത്രണവുമില്ല. അങ്ങനെ, സമുദായത്തെ ശിഥിലമാക്കി ലിബറലിസം. സ്വരാജ്യസ്നേഹത്തിൻെറ പേരുംപറഞ്ഞു പിടഞ്ഞെഴുന്നേററു നാഷനലിസം. സ്വരാജ്യത്തിൻെറ അഭ്യുന്നതിയ്ക്കും പ്രാഭവത്തിനുംവേണ്ടി മററു രാജ്യങ്ങളെ ആക്രമിച്ചു സ്വാധീനപ്പെടുത്തുന്ന അക്രമാസക്തിയ്ക്കു രൂപം കൊടുത്തതാണു കൊളോണിയലിസം. രാഷ്ട്രത്തി

ൻെറ ഉത്ഭവവും ഉന്നവും, നിലയും വിലയും, അതിൻെറ അവകാശാധികാരങ്ങളും അവയുടെ പരിധിയും മററും മററും ഏവയെന്നു വസ്തുനിഷ്ഠമായി വിശകലനം ചെയ്തു പഠിക്കാൻ മെനക്കെടാതെ, മാക്കിയവെല്ലി, വോൾട്ടെയർ, ലോക്ക് തുടങ്ങിയവരുടെ തത്വങ്ങളെ ആധാരമാക്കി, സ്ഥാപിതതാൽപര്യങ്ങളുടേയും സ്വാർത്ഥസ്നേഹത്തിൻേറയും പ്രേരണയിൽ ചിന്തിച്ചതിൻെറ ഫലമാണു വികലമായ പല രാഷ്ട്രീയസിദ്ധാന്തങ്ങളും. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ആദർശത്രയം മനുഷ്യസ്വഭാവത്തിൽനിന്നു പൊട്ടിവിടൻ ജനാധിപത്യാഭിവാഞ്ഛയുമായി സംയോജിച്ചു വൈവിധ്യം പ്രാപിക്കുന്നതു് ആധുനികലോകം ദർശിച്ചതാണ്. എല്ലാ രാഷ്ട്രീയകക്ഷികളും തങ്ങളുടേതായ അലകും പിടിയും കൊടുത്താണ് ഈ ആദർശത്രയത്തെ അവതരിപ്പിക്കുക. അതിൻെറ ഫലമോ? വെറുപ്പും വിദ്വേഷവും ഉപജാപവും ഭീഷണിയും എവിടേയും പെരുകി വരുന്നു. ലോകസമരങ്ങളും കൂട്ടക്കൊലകളും 'പുഷ്ബട്ടൺ' യുദ്ധരീതികളും വംശസംഹാരഭീതിയും മനുഷ്യരാശിയെ വിറപ്പിക്കുന്നു. ലോകം ഒരഗ്നിപർവ്വതമായി മാറിയിരിക്കയാണിന്ന്.

## പ്രത്യാഘാതങ്ങൾ

ശാസ്ത്രീയ-സാമ്പത്തിക-താത്വിക - രാഷ്ട്രീയമണ്ഡലങ്ങളിലെ ക്രമക്കേടുകൾ സമുദായഗാത്രത്തിൽ ഏല്പിച്ച ക്ഷതം ആപത്ക്കരമാണ്. വിശ്വാസത്തകർച്ച, ധാർമ്മികാധഃപതനം, മാനസികവും ശാരീരികവുമായ അസ്വാസ്ഥ്യങ്ങൾ ഇവയെല്ലാമാണ് അവയുടെ പ്രത്യാഘാതങ്ങൾ.

ലോകചരിത്രത്തിൽ ഈ കാലഘട്ടത്തിലെപ്പോലെ രൂക്ഷവും വ്യാപകവുമായ വിശ്വാസരാഹിത്യം ഉണ്ടായിട്ടില്ല. കത്തോലിക്കസഭയുടെ വിശ്വാസസത്യങ്ങളേയും തത്വസംഹിതകളേയും അവർ പാവനമായി കരുതുന്ന സകലതിനേയും പുരോഗമനത്തിൻെറ പേരിൽ ദൂഷിച്ചു പുറംതള്ളുക, ഈ തലമുറയുടെ സവിശേഷതയാണ്. വിശ്വാസം നഷ്ടപ്പെട്ടവരെ എല്ലാ തുറകളിലും കണ്ടുമുട്ടുക സാധാരണമാണിന്ന്. ഈ ദൂഷിച്ച അന്തരിക്ഷത്തിൽനിന്നു വിഷബീജങ്ങൾ മററുള്ളവരിലേയ്ക്കു വ്യാപിക്കുക സംഭവ്യംതന്നെ. കാർഡിനൽ സൂഹാർഡ് ഇതേപ്പററി പറയുന്നു: "ആധുനികസമുദായം, യാന്ത്രികയുഗം അണുയുഗം തുടങ്ങി പല നാമധേയങ്ങളിലാണ് അറിയപ്പെടുക. എന്നാൽ, കഴിഞ്ഞകാലത്തെ നാഗരികതയിൽനിന്ന് ഇന്നത്തേതിനെ വേർതിരിച്ചുകാണിക്കുവാൻ പോരുന്ന ഒരു പേരുണ്ടതിന്—നിരീശ്വരസമുദായം.... എല്ലാ ജീവിതരംഗത്തുനിന്നും ദൈവം തുരത്തപ്പെട്ടു. സമുദായം ദൈവത്തിനെതിരായി വാതിലടച്ചു. എന്നിട്ടു നീറിമരിക്കുകയാണ്. ക്രൈസ്തവർ വിഷലിപ്തമായ അന്തരീക്ഷത്തിൽ ജീവിക്കുന്നു. അവരും ആ വിഷവാതമേററ് അതിൻെറ സമ്മർദ്ദത്തിനു വഴങ്ങിക്കൊടുക്കുക സാധാരണമാണ്. ആ മഹാവ്യാധിയുടെ വിഷബീജങ്ങൾ അവരിലേയ്ക്കും എല്ലാ ഇന്ദ്രിയങ്ങളിലൂടെയും പ്രവേശിക്കുന്നു. അതിൻെറ പ്രവർത്തനത്തിനു വിധേയമാകുന്നവരെ ആ വിഷബാധയ്ക്കെതിരായി പ്രവർത്തിപ്പിക്കുക സാദ്ധ്യമല്ല എന്നതാണ് ഏററവും വലിയ വിപത്ത്." *

---

* "Pastoral Letter," 1943. Car. Suhard:

ശാസ്ത്രജ്ഞാനത്തിലും ഭൗതികാഭിവൃദ്ധിയിലും പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആധുനികമനുഷ്യന് അനുഭവപ്പെട്ടുന്നതു ധാമ്മികാധഃപതനമാണ്. ദൈവവും ദൈവികമായവയും മാനവജീവിതത്തിൽനിന്നു നിഷ്കാസനം ചെയ്യപ്പെട്ടിതിന്റെ, സവ്വഥാ ഭൗതികമായ ചിന്താഗതിക്കു സ്വൈരവിഹാരം അനുവദിച്ചതിന്റെ, ദുഷ്ഫലങ്ങൾ മതിവരുവോളം മനുഷ്യൻ അനുഭവിച്ചു. എന്നിട്ടും അധാമ്മികതയിൽ കിടന്നുരുളുവാനല്ലാതെ, പിടഞ്ഞെണീററു സ്വതന്ത്രനാകുവാൻ അവൻ ശ്രമിക്കുന്നില്ല. അഥവാ, അവന് അതിനു കഴിയുന്നില്ല. മനുഷ്യപ്രവണതകളുടെ വിനിയോഗത്തിൽ പ്രകൃതിതന്നെ നിശ്ചയിച്ചിരിക്കുന്ന നിയന്ത്രണങ്ങളെ ലംഘിക്കുന്നവരോടു പ്രകൃതിയുടെ പകപോക്കലാണു മാനസികവും ശാരീരികവുമായ പല രോഗങ്ങളും. 1946-ൽ പുറത്തുവിട്ട ഒരു കണക്കു മാനസികരോഗങ്ങളുടെ വ്യാപ്തി വ്യക്തമാക്കുന്നു. 22 പേരിൽ ഒരാളെങ്കിലും മാനസികരോഗബാധിതനാണ്. അതുപോലെ, ആത്മഹത്യയുടെ എണ്ണവും വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു.

മാനസികചികിത്സാവിദഗ്ദ്ധനായ സി. ജി. യങ് തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു് അത്ഥവത്താണ്: "കഴിഞ്ഞ 33 വർഷങ്ങളിൽ ലോകത്തിലെ എല്ലാ പരിഷ്കൃതരാജ്യങ്ങളിൽനിന്നും രോഗികൾ എന്നെ സമീപിച്ചിട്ടുണ്ട്. ഞാൻ ഇടപെട്ട രോഗികളുടെ അസ്വാസ്ഥ്യതയുടെ അടിസ്ഥാനപരമായ കാരണം, അവർക്കു ജീവിതത്തെസ്സംബന്ധിച്ചു മതാത്മകമായ ഒരു കാഴ്ചപ്പാടു സ്വീകരിക്കുവാൻ കഴിയുന്നില്ലായെന്നതാണ്. മതം അതിന്റെ അനുയായികൾക്കു പ്രദാനം ചെയ്യുന്ന ആത്മീയവീക്ഷണം നഷ്ടപ്പെട്ടത്തിയ

തിൻെറ ഫലമത്രേ അവരുടെ മാനസികാസ്വാസ്ഥ്യം. അനുഭവത്തിൻെറ വെളിച്ചത്തിൽ മതാത്മകജീവിതവീക്ഷണം ഉണ്ടാക്കുവാൻ സാധിക്കാത്ത ഒരുവനും യഥാൎത്ഥസുഖപ്രാപ്തി ലഭിക്കുന്നില്ലായെന്ന നിഗമനത്തിന് അസാംഗത്യമൊന്നുമില്ല."[1] ലൈംഗികജീവിതത്തിലും സുഖലോലുപതയിലും മാത്രം ജീവിതത്തിന്റെ അൎത്ഥവും മൂല്യവും ദർശിച്ച മനുഷ്യൻ, ഇന്നാലത്തേതിൽനിന്നു വ്യതിരക്തമായ ഒരു ജീവിതവീക്ഷണം കരുപ്പിടിച്ചു മാനവസമുദായത്തെ പുരോഗതിയുടെ വഴിത്താരയിലേയ്ക്കു നയിക്കാമെന്നു വ്യാമോഹിച്ചു. സ്വന്തം കഴിവുകളിൽ അതിരുകടന്ന് ആശ്രയിച്ച അവൻ, തന്നെ നേർവഴിക്കു നയിച്ചിരുന്ന മതപരവും ധാൎമ്മികവുമായ നിയമങ്ങൾ അവഗണിച്ചു. ഇങ്ങനെ, ആദ്ധ്യാത്മികശൂന്യതയിലും മാനസികാന്ധതയിലും നട്ടംതിരിയുന്ന ആധുനികയന്ത്രമനുഷ്യൻ ആശയുടേയും ആശ്വാസത്തിൻേറയും കൈത്തിരിക്കുവേണ്ടി ഉഴറുകയാണ്. ആ യാഥാർത്ഥ്യം 13-ാം ലെയോ മാർപ്പാപ്പ എടുത്തു പറയുന്നുണ്ട്: "ദൈവത്തെ ഈ ലോകത്തിൽനിന്നു നിഷ്കാസനം ചെയ്യുവാൻ തക്കവണ്ണം മനുഷ്യൻ അഹങ്കാരത്താൽ അന്ധനായിത്തീരുമ്പോൾ മനുഷ്യരിൽ ഭൂരിഭാഗവും മാനസികാസ്വാസ്ഥ്യത്തിലേക്കു താണിറങ്ങിയെങ്കിൽ അത്ഭുതപ്പെടുവാനില്ല. ആപച്ഛങ്കയിൽനിന്നും അപകടത്തിൽനിന്നും രക്ഷനേടുവാൻ അസാദ്ധ്യമാംവിധം അവർ അധഃപതനത്തിന്റെ അലയാഴിയിൽ മുങ്ങിത്തുടിക്കുകയാണ്. മതം തിരസ്കൃതമായപ്പോൾ സമുദായസുസ്ഥിതിയുടെ അടിസ്ഥാനം തകരുകയെന്നതു് അനിവാൎയ്യമത്രേ. തന്റെ സംഹാരകന്മാരെ ഉചിതമായി ശിക്ഷിക്കുന്നതിനു ദൈവം അവരെ

1. C. G. Jung: "Modern Man in Search of a Saul."

ദുരാശകളുടെ അടിമയാക്കാൻ അനുവദിച്ചു. അങ്ങനെ, അവർ തങ്ങളുടെ ദുർവികാരങ്ങൾക്ക് സ്വതന്ത്രവിഹാരം നല്കി. അവസാനം ശൂന്യതയിൽ നീറി മരിക്കുന്നു."[1]

## നിരാശ വേണ്ട

എമ്പാടും കാണുന്ന ഈ പതനത്തെച്ചൊല്ലി നാം നിരാശപ്പെട്ടിട്ടു കാര്യമില്ല. നമ്മുടേതുപോലെ അധഃപതിച്ച ഒരു കാലമുണ്ടായിരുന്നു.—മനുഷ്യരാശിയിലൊട്ടുമുക്കാലും അടിമകളായി കരുതപ്പെട്ടിരുന്ന കാലം; യഹൂദർ സങ്കുചിതവും ബാഹ്യവുമായ മതാചരണത്തിൽ തൃപ്തിപ്പെട്ടിരുന്നകാലം; യവനർ നിർമ്മതചിന്തകൾ പ്രചരിപ്പിച്ച കാലം; റോമൻ ചക്രവർത്തിമാരും പ്രജകളും താണതരം ദേവീദേവന്മാരെ പൂജിച്ച കാലം; ലോകം പൊതുവിൽ മററീരിയലിസത്തിലും നിരാശതയിലും വീർപ്പുമുട്ടിക്കഴിഞ്ഞകാലം. അനന്യാശ്രിതമായ ഉയിർത്തെഴുന്നേല്പു് അസാദ്ധ്യമെന്നു ഗ്രഹിച്ച അന്നത്തെ മനുഷ്യവർഗ്ഗം ഒരു ഉദ്ധാരകനെ പ്രതീക്ഷിച്ചു. അദ്ദേഹത്തിൻെറ ആഗമനത്തിനായി അവർ കാത്തിരുന്നു. അവസാനം രക്ഷകൻ ജനിച്ചു—ക്രിസ്തു; വഴിയും സത്യവും ജീവനുമായ ക്രിസ്തു.

രാഷ്ട്രീയസഖ്യങ്ങൾ, ആഗോളയുദ്ധങ്ങൾ, സാമ്പത്തികസമൃദ്ധി എന്നിവയൊന്നും ആധുനികയുഗത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കാനാവുകയില്ല. പണ്ടു്, മാത്യു ആർണാൾഡു് ആശിച്ചതുപോലെ കവിതയോ, ഇന്നു ജൂലിയൻ ഹക്സ്‌ലി പ്രസ്താവിക്കുന്നതുപോലെ ശാസ്ത്രമോ മതത്തിൻെറ

1. Pope Leo XIII: "Annum Sacrum."

സ്ഥാനമേറെറടുത്തു നമ്മെ ശുദ്ധിചെയ്തു രക്ഷയുടെ പറുദീസയിൽ എത്തിക്കുകയില്ല. കലയ്ക്കും ശാസ്ത്രത്തിനും ഭൗതികാഭിവൃദ്ധിക്കും ഒന്നിനും സാദ്ധ്യമല്ലാത്ത ശൂന്യത നികത്തുവാൻ, ശാശ്വതമായ സ്നേഹത്തിനും സത്യത്തിനും ജീവനും വേണ്ടിയുള്ള തീരാദാഹം ശമിപ്പിക്കുവാൻ, ലോകത്തിൽ സമാധാനവും സാഹോദര്യവും സംതൃപ്തിയും കൈവരുത്തുവാൻ സഭയ്ക്കുമാത്രമേ ഇന്നു സാധിക്കൂ. "മനുഷ്യരിൽ സാഹോദര്യത്തിൻെറ ഐക്യവും യോജിപ്പും സംസ്ഥാപിക്കുവാൻ ആത്മാക്കളെ ഒരുക്കുന്നതിൽ ലോകത്തിൽ ഒരു ശക്തിയുണ്ടെങ്കിൽ അതു കത്തോലിക്കസഭ മാത്രമാണ്" (Pious XII). ക്രിസ്തുവിൻെറ പുനർജ്ജന്മമത്രേ, ക്രിസ്തുവിൽ എല്ലാം നവീകരിക്കുകയത്രേ, ക്രിസ്തീയതത്വങ്ങൾ മനുഷ്യവ്യാപാരങ്ങളിൽ പ്രതിഫലിപ്പിക്കുകയത്രേ ഇന്നത്തെ അടിയന്തിരാവശ്യം. ഇന്നത്തെ ഗതിമുട്ടിയ അവസ്ഥയിൽനിന്നു മുമ്പോട്ടു പോകാൻ ഒരു പാത വേണം. ഇന്നത്തെ ചിന്താക്കുഴപ്പത്തിൽനിന്നു മോചനം കിട്ടാൻ ഒരു സത്യദീപം വേണം. ഉയിരിട്ടു വീണ്ടും മിടിപ്പാൻ ഒരു ദിവ്യചേതന വേണം. ആ പാതയും ആ സത്യദീപവും ആ ദിവ്യചേതനയും ഇന്നും എന്നും ക്രിസ്തുതന്നെയാണ്, ക്രിസ്തുവിന്റെ തുടർച്ചയായ തിരുസ്സഭതന്നെയാണ്. ജീവിതത്തെയഖിലം ബാധിക്കുന്ന പുളിപ്പായിത്തീരണം സഭ; ലോകത്തിൻെറ ഉപ്പും വെളിച്ചവുമായിഭവിക്കണം സഭാംഗങ്ങൾ. പരി. പിതാവ് പന്ത്രണ്ടാം പീയൂസ് പറയുന്നു: "ജനലക്ഷങ്ങൾ ത്രസിക്കുന്ന ഹൃദയത്തോടും ഉൽക്കണ്ഠ നിറഞ്ഞ നയനങ്ങളോടുംകൂടെ പ്രതീക്ഷയ്ക്കും ആശ്വാസത്തിനുമായി സഭയെ ഉററുനോക്കുന്നു ...... എന്നാൽ, മനുഷ്യനെ പൂർണ്ണതയിലെത്തിക്കുവാനും സമുദായത്തെ ശാ

ശ്വാതവും ബാലിശവുമായ അടിസ്ഥാനത്തിൽ പണിതുയർത്തു വാനും ഈ പരിതസ്ഥിതിയിൽ വിശ്വാസികരം, നിഷ്കൃഷ്ട മായി, അല്മായർ ആണു മുൻപന്തിയിൽ നില്ക്കുന്നത്."[1]

1951-ൽ റോമിൽ സമ്മേളിച്ച അഖിലലോക അല്മാ യപ്രേഷിത കോൺഗ്രസ്സ് അല്മായൻെറ ജീവസ്സററ പ്രവ ത്തനങ്ങളുടെ ആവശ്യകതയെപ്പററി ഊന്നിപ്പറയുകയുണ്ടാ യി: "എന്നത്തെക്കാളേറെ ഇന്നത്തേ സാഹചര്യം അല്മാ യപ്രേഷിതത്വത്തിൻെറ ആവശ്യം വിളിച്ചറിയിക്കുന്നു. ലോ ത്തിലേ ജനപ്പെരുപ്പം, ഐക്യത്തിനായുള്ള ലോകജനതയു ടെ ദാഹം, ശാസ്ത്രീയ - സാങ്കേതിക - സാംസ്കാരികമുന്നേററം വരുത്തിവയ്ക്കുന്ന കെട്ടുപിണഞ്ഞ പ്രശ്നങ്ങരം, സർവ്വാധിപ ത്യത്തിലേയ്ക്കു കാലൂന്നിനില്ക്കുന്ന ഭൗതികവാദത്തിൻെറ തെററായ ചിന്താഗതി ഇവയെല്ലാം അല്മായപ്രേഷിതത്വ ത്തിന് ആധുനികജീവിതത്തിലുള്ള പ്രാധാന്യം വ്യക്തമാ ക്കുന്നു."[2]

ജനാധിപത്യയുഗമാണിത്. ആരു ഭരിക്കണം, എങ്ങ നെ ഭരിക്കണം തുടങ്ങിയ കാര്യങ്ങരം നിശ്ചയിക്കുന്നതു ജന ങ്ങളാണ്. രാജാവെന്നോ പ്രജയെന്നോ സമ്പന്നനെന്നോ ദരിദ്രനെന്നോ നോട്ടമില്ല. ജനാധിപത്യനിയമത്തിൽ അവ രെല്ലാം ഒരുപോലെ. ഭരണവും വ്യവസായവും കലയും തൊ ഴിലുമൊക്കെ ഇന്നു ഭൂരിപക്ഷമുള്ള സാധാരണക്കാരൻേറതാ ണ്. കാലത്തിൻെറ ഈ പ്രവണതയെ സഭയുടെ രംഗത്തും

---

1. A. A. S. p. 149.

2. Acts of the First World Congress for the Lay Apostolate Vol. I. p. 84.

കണക്കിലെടുക്കേണ്ടതുണ്ട്. അനുവദനീയമായിടത്തോളം, അല്മായൻ സഭാപ്രേഷിതത്വത്തിൽ സഹകരിക്കണം.

ഇന്നത്തെ പരിതസ്ഥിതികളിൽ, ലോകത്തെ ക്രൈസ്തവതത്വങ്ങളിലൂടെ നവീകരിച്ചെടുക്കുക എന്ന മഹനീയകർത്തവ്യത്തിൽ അല്മായർക്കു സുപ്രധാനമായ പങ്കുണ്ട്. കമ്മ്യൂണിസവും ഭൗതികവാദവും നിർമ്മതത്വവും സാമ്പത്തികസാമൂഹിക മണ്ഡലങ്ങളിലെ അനീതികളും സൃഷ്ടിച്ചുവിടുന്ന പ്രശ്നങ്ങളെ സുധീരം സുവിശേഷവെളിച്ചത്തിൽ കൈകാര്യം ചെയ്യുവാൻ കെല്പുള്ള ഒരു ജനപദത്തിനുവേണ്ടി കാലം വിളിക്കുകയാണ്. ആ കാലത്തിൻെറ വിളിക്കു ചെവികൊടുക്കേണ്ടതു തീക്ഷ്ണതയുററ അല്മായസമൂഹമാണ്. "അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ സംസ്കാരത്തിലും അല്മായപ്രേഷിതത്വത്തിലുമാണു ലോകത്തിന്റെ ഭാവി കുടികൊള്ളുക" (ക്രിസ്റ്റഫർ ഡോസൻ). അതിനാൽ,വളർന്നുവരുന്ന സെക്കുലർ മനഃസ്ഥിതിയേയും നുഴഞ്ഞുകയറുന്ന ഭൗതിക ചിന്തയേയും ജയിച്ചുകൊണ്ടു ക്രിസ്തുവിൽ ലോകത്തെ നവീകരിക്കാൻ, ലോകത്തിൻെറ പ്രകാശനാളങ്ങളാകാൻ, പുതിയ ജനപദങ്ങളെ ക്രിസ്തുവിനുവേണ്ടി നേടാൻ അല്മായരെയാണു ക്രിസ്തു വിളിക്കുന്നതു്. അതേ, അല്മായപ്രേഷിതത്വം–അതാണ് കാലത്തിന്റെ വിളി.

# രണ്ടാമദ്ധ്യായം

## അല്മായൻ സഭയിൽ

അല്മായപ്രേഷിതത്വം എന്നാൽ എന്തു് എന്ന പ്രശ്നത്തിലേക്കു പ്രവേശിക്കുന്നതിനുമുമ്പു് അല്മായൻ ആരു്, തിരുസ്സഭാഘടനയിൽ അവന്റെ സ്ഥാനമെന്തു്, എന്നിവയെപ്പററി പ്രതിപാദിക്കാം.

ആരാണു് അല്മായൻ? പരിചയത്തിൽനിന്നു് ആരും പറയും, സഭയിലെ അവൈദികർക്കു പൊതുവിലുള്ള പേരാണതെന്നു്. മാതാപിതാക്കന്മാരോടും പുത്രകളത്രാദികളോടും ബന്ധുമിത്രാദികളോടും കൂടെ കുടുംബജീവിതം നയിക്കുന്ന ക്രൈസ്തവവിശ്വാസിയാണു് അല്മായൻ. വൈദികന്മാരിൽനിന്നു വ്യത്യസ്തമായൊരു ഗണം. വിവാഹിതരും അവിവാഹിതരും അക്കൂട്ടത്തിലുണ്ടു്. അവരെല്ലാം ലോകകാര്യങ്ങളിൽ വ്യാപൃതരായി, ഭൂമിയോടു മല്ലിട്ടും തൊഴിൽ ചെയ്തും ജീവിക്കുന്നു. ഈദൃശധാരണകളാണു് അല്മായനെന്നു കേൾക്കുമ്പോൾ സാമാന്യേന നമ്മുടെ മനസ്സിൽ ഉദയംചെയ്യുക. ഇവയിൽ പതിരും മണിയും, സത്യങ്ങളും അർദ്ധസത്യങ്ങളും അടങ്ങിയിട്ടുണ്ടാവാം. എന്നാൽ, ഇവയൊന്നും അല്മായന്റെ കടമകളും അവകാശങ്ങളും സ്ഥാനവുമൊക്കെ ഉൾക്കൊള്ളുന്ന ഒരു നിർവ്വചനമല്ല.

കാലം കടന്നുപോകുന്തോറും ഈ ധാരണകൾക്കു മാററം ഭവിക്കുന്നുണ്ടു്. സഭയുടെ ആദ്യനൂററാണ്ടുകളിൽ അല്മായഗണത്തെപ്പററി ഉണ്ടായിരുന്ന ചിന്താഗതിയിൽനിന്നു

വിഭിന്നമാണിന്നത്തേത്. എങ്കിലും, അവർ തിരുസ്സഭയിലേ അവൈദികാംഗങ്ങളാണെന്ന ആശയം ഇന്നത്തേപ്പോലെ അന്നുമുണ്ടായിരുന്നു.

സഭയുടെ ആരംഭത്തിൽ വൈദികഗണത്തിൽനിന്നു മററു ക്രൈസ്തവവിശ്വാസികളെ തിരിച്ചറിയത്തക്ക ഒരു നാമം ആവശ്യകമായി. 'ലോകത്തിൽ ജീവിക്കുന്നവർ' എന്നർത്ഥമുള്ള "ലാഓസ്" എന്ന ഗ്രീക്കുപദം അതിനായി തിരഞ്ഞെടുക്കപ്പെട്ടു[1]. "ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനം" എന്ന അർത്ഥത്തിൽ ഈ പദം പഴയനിയമത്തിലും പുതിയനിയമത്തിലും കാണുന്നു. സഭയുടെ പ്രഥമപരമാദ്ധ്യക്ഷനായ വി. പത്രോസ്ശ്ലീഹാ തൻെറ ലേഖനത്തിൽ എഴുതുകയാണ്: "നിങ്ങൾ, അന്ധകാരത്തിൽനിന്നു തൻെറ അധികമായ പ്രകാശത്തിലേക്കു വിളിച്ചവൻെറ മഹത്വങ്ങളെ അറിയിക്കുന്നതിനായി രാജ്യത്തിന് ആചാര്യത്വം നിർവ്വഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വംശവും വിശുദ്ധ ജനവും രക്ഷിക്കപ്പെട്ട ഗണവുമാകുന്നു. മുമ്പ്, നിങ്ങൾ ജനമായി കരുതപ്പെടാത്തവർ; ഇപ്പൊഴാകട്ടെ, ദൈവത്തിൻെറ ജനം." (1 വി. പത്രോ. II: 9-10). ക്രൈസ്തവവിശ്വാസികളെ അനാഗതരിൽനിന്നു വേർതിരിക്കുവാൻ "തിരഞ്ഞെടുക്കപ്പെട്ട ജനം" എന്ന അർത്ഥത്തിൽ 'ലാഓസ്" എന്ന ഗ്രീക്കുപദമാണു വിശുദ്ധൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ, നാമിന്നു വിവക്ഷിക്കുന്ന അല്മായഗണത്തെ മാത്രമല്ല, ക്രൈസ്തവരെ ഒന്നടങ്കം ഉദ്ദേശിച്ചാണു വി. പത്രോസ് 'ലാഓസ്'

1. അല്മായൻ എന്ന മലയാളപദം ലോകത്തിൽ ജീവിക്കുന്നവൻ എന്നർത്ഥമുള്ള 'അല്മായ' എന്ന സുറിയാനി വാക്കിൽനിന്നാണ്.

എന്ന പദം ഉപയോഗിച്ചതെന്നു ചിലർ വ്യാഖ്യാനിക്കുന്നുണ്ട്.

രണ്ടാംനൂററാണ്ടിൻെറ ആരംഭത്തിൽ റോമയിലെ വി. ക്ലെമൻറിൻെറ ലേഖനങ്ങളിലാണ്, പൌരോഹിത്യമുള്ളവക്കും ഇല്ലാത്തവക്കും വ്യത്യസ്തനാമങ്ങൾ ആദ്യമായി ഉപയോഗിച്ചുകാണുന്നതു്. പൌരോഹിത്യപദവിയിലുള്ളവരെ മുന്നോപ്പോലെതന്നെ, 'പ്രെസ്ബിത്തരോസ്' എന്നും, ജ്ഞാനസ്നാനം സ്വീകരിച്ചവരും നിഷ്കൃഷ്ടാർത്ഥത്തിൽ പൌരോഹിത്യമില്ലാത്തവരുമായ വിശ്വാസികളെ 'ലായിക്കോസ്' (അല്മായർ) എന്നും അദ്ദേഹം വിളിച്ചു.

മൂന്നാംനൂററാണ്ടിൻെറ മദ്ധ്യത്തോടെ തിരുസഭയിൽ, സന്യാസസഭകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. സന്യാസികളിൽ പൌരോഹിത്യമുള്ളവരും ഇല്ലാത്തവരുമുണ്ടായിരുന്നു; പൌരോഹിത്യമില്ലാത്ത സന്യാസികൾ വിപുലാത്ഥത്തിൽ അല്മായരാണെങ്കിലും അവരേയും വൈദികഗണത്തിൽ പെട്ടവരായി കരുതിപ്പോന്നു. അതോടെ, പുരോഹിതന്മാരുടെയോ സന്യാസികളുടെയോ ഗണത്തിൽപെടാത്ത വിശ്വാസികൾമാത്രം അല്മായരെന്ന പേരിലറിയപ്പെട്ടു*.

---

* കാനൻനിയമത്തിൻെറ വെളിച്ചത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ചയാൾ ക്രിസ്തുവിൻെറ സഭയിലെ അംഗമാണ്. (Cfr. CIC87) സഭാംഗങ്ങളിൽ ചിലർ വൈദികഗണത്തിലും മററുചിലർ അല്മായഗണത്തിലും പെടുന്നു. സഭയിൽ വൈദികന്മാരായ സന്യാസികളും അല്മായരായ സന്യാസികളുമുണ്ടു് (Cfr *Cleri Sanctitati* C. 26). ദൈവസ്ഥാപിതമായ ജീവിതാവസ്ഥകളാണു വൈദികൻേറതും അല്മായൻേറതും എന്നു നിയമം അനുശാസിക്കുന്നു. പക്ഷേ, സഭാസംബന്ധമായ യാതൊരധികാരവും അല്മായർക്കില്ല.

അല്മായപദവിക്കു രണ്ടു കാര്യങ്ങൾ ആവശ്യകമാണ്. ഒന്ന്, ജ്ഞാനസ്നാനം: കത്തോലിക്കമാതാപിതാക്കന്മാരിൽനിന്നു ജനിച്ചതുകൊണ്ടുമാത്രം ഒരുവന് അല്മായപദവി ലഭിക്കുന്നില്ല. ജ്ഞാനസ്നാനം സ്വീകരിച്ചു വിശ്വാസത്തെ പ്രഖ്യാപിക്കുകയും വേണം. രണ്ട്, സഭയുടെ ഹയരാക്കിയിൽപ്പെട്ടുകൂടാ. സഭയിൽ അധികാരമുള്ളവരേ ഹയരാക്കിയിൽ ഉൾപ്പെട്ടു. അല്മായന് ആ അധികാരമില്ല. അതിനാൽ, നിയമം അനുശാസിക്കുന്ന അവകാശങ്ങളും കടമകളും അംഗീകരിച്ചുകൊണ്ട്, അല്മായൻ ഹയരാർക്കിക്കു കീഴ്‌വഴങ്ങി ജീവിക്കണം. നിത്യരക്ഷയ്ക്ക് ആവശ്യമായ സഹായങ്ങളും ആദ്ധ്യാത്മികനന്മകളും പുരോഹിതന്മാരിൽനിന്നു ലഭിക്കുവാൻ അല്മയർക്ക് അവകാശമുണ്ട്.[1] ആകയാൽ, ജ്ഞാനസ്നാനത്താൽ സഭാംഗമായിത്തീർന്ന്, വിശ്വാസത്തെ പ്രഖ്യാപിച്ച്, ഹയരാർക്കിക്കു കീഴ്‌വഴങ്ങി സന്യാസസഭയിലോ പുരോഹിതഗണത്തിലോ ഉൾപ്പെടാതെ ജീവിക്കുന്ന ക്രൈസ്തവവിശ്വാസിയത്രെ അല്മായൻ.

<u>സഭാഘടന:</u> ക്രിസ്തുനാഥൻ പരിപൂർണ്ണസമൂഹമായി സഭ സ്ഥാപിച്ചു. പരിപൂർണ്ണസമൂഹത്തിനാവശ്യമായ ഘടകങ്ങളെല്ലാം — പൊതുലക്ഷ്യം, മാർഗ്ഗങ്ങൾ, അംഗങ്ങൾ, അധികാരം—സഭയിലുണ്ട്. എന്നാൽ, അംഗങ്ങളേയും അധികാരത്തേയും സംബന്ധിച്ചിടത്തോളം സഭ അസമത്വസ്വഭാവ (Hierarchical) [2] ത്തോടുകൂടിയതാണ്. അതായത്, പരമാ

1. Cfr. CIC. 682; Cler Sanctitati C. 527.

2 ഹയരാർക്കി (Hierarchy) കൊണ്ടു അർത്ഥമാക്കുന്നതു 'പദവിപ്രകാരമുള്ള വിശുദ്ധമായ ഭരണം' എന്നാണു (Graded Organization of Sacred Rule).

ധികാരിയായ മാർപ്പാപ്പയിൽനിന്നു പടിപടിയായി താഴോട്ടിറങ്ങുന്ന ഒരു ഘടനയത്രേ സഭയുടേതു്.

ക്രിസ്തുനാഥൻ തൻെറ അനുയായികളിൽ ചിലരെ തിരഞ്ഞെടുത്തു്, സഭാംഗങ്ങളെ പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും ഭരിക്കുവാനുമുള്ള അധികാരം അവർക്കു നല്കി. അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികളായ മാർപ്പാപ്പയ്ക്കും മെത്രാന്മാർക്കും അവരോടൊത്തു പുരോഹിതന്മാർക്കും മാത്രമേ സഭയിൽ ഈ അധികാരങ്ങൾ ഉള്ളൂ. അല്മായർക്കു സഭയിൽ ഔദ്യോഗികാധികാരമില്ല. "സഭ ഹയരാർക്കിക്കലാണു്. ഇടയന്മാരും അജഗണവും ഉൾപ്പെട്ട ഒരു സമൂഹം. അംഗങ്ങളെ യഥാർത്ഥലക്ഷ്യത്തിലേക്കു നിയന്ത്രിച്ചുനയിക്കുന്നതിനുള്ള അധികാരം ഇടയന്മാരിൽ—ഹയരാർക്കിയിൽ—നിക്ഷിപ്തമാണു്"[1].

സഭയുടെ പരമാധികാരി ക്രിസ്തുവിൻെറ വികാരിയായ മാർപ്പാപ്പയാണു്. ലോകത്തിലെങ്ങുമുള്ള നാല്പതു കോടിയിൽപ്പരം കത്തോലിക്കരെ ഭരിച്ചുനയിക്കുന്ന പരമാദ്ധ്യക്ഷൻ. 263-ാമത്തെ മാർപ്പാപ്പയാണു് ഇന്നു സഭയെ ഭരിക്കുന്ന ജോൺ ഇരുപത്തിമൂന്നാമൻ. അദ്ദേഹം ഇററലിയിലെ ഒരു സാധു കൃഷീവലൻെറ പുത്രനാണെങ്കിലും മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മുതൽ സാർവ്വത്രികസഭയുടെ പരമാധികാരിയാണു്.

അധികാരപദവിയിൽ രണ്ടാമത്തെ സ്ഥാനമാണു മെത്രാന്മാർക്കുള്ളതു്. ശ്ലീഹന്മാരുടെ പിൻഗാമികളാണു മെത്രാ ക്രിസ്തു സ്ഥാപിച്ചതാണു് ഈ പദവി. "ആകയാൽ നിങ്ങ

1. Pius X "*Vehementer*" Feb. II, 1906.

നിങ്ങളെത്തന്നെയും മിശിഹാ തൻെറ രക്തംകൊണ്ടു നേടിയിരിക്കുന്ന സഭയെ മേയിക്കുവാനായി പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷന്മാരായി സ്ഥാപിച്ചിരിക്കുന്ന ആട്ടിൻകൂട്ടം മുഴുവനേയും നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ"[1]. പൌരോഹിത്യത്തിൻെറ പൂർണ്ണതയാണു മെത്രാൻപദവി. മെത്രാൻ പട്ടാഭിഷേകത്തോടുകൂടി അദ്ദേഹത്തിനു തിരുപ്പട്ടത്തിനടുത്ത അധികാരവും സഭാഗാത്രത്തിന്മേലുള്ള ത്രിവിധാധികാരങ്ങളും ലഭിക്കുന്നു. ആദ്യനൂററാണ്ടുകളിൽ മെത്രാന്മാരും പുരോഹിതന്മാരും 'പ്രെസ്ബിത്തരോസ്' എന്ന പേരിലത്രേ അറിയപ്പെട്ടിരുന്നത്. പിന്നീട്, ഒരു പ്രത്യേക പ്രദേശത്തെ സഭയുടെ മേലധികാരിയെ മെത്രാനെന്നും വൈദികകർമ്മം നിർവ്വഹിക്കുന്നവരെ പുരോഹിതന്മാരെന്നും വിളിക്കുവാൻ തുടങ്ങി. ക്രിസ്ത്വബ്ദം രണ്ടാം നൂററാണ്ടിൽ ഏഷ്യാ മൈനറിൽ പുരോഹിതന്മാരും അവർക്കു മുകളിൽ, ഭരിക്കാനും പഠിപ്പിക്കാനും വിശുദ്ധീകരിക്കാനുമുള്ള അധികാരത്തോടുകൂടി മെത്രാന്മാരും ഉണ്ടായിരുന്നതായി വേദസാക്ഷിയായ വി. ഇഗ്നേഷ്യസിന്റെ ലേഖനങ്ങളിൽ കാണുന്നുണ്ട്.

അധികാരപദവിയിൽ മൂന്നാമത്തെ സ്ഥാനമാണു പുരോഹിതന്മാർക്കുള്ളത്. ക്രിസ്തുനാഥൻ പന്ത്രണ്ട് അപ്പസ്തോലന്മാർക്കും പൌരോഹിത്യം നല്കി. അവരിൽനിന്നു കൈവെപ്പു സ്വീകരിച്ചവർ പൌരോഹിത്യപദവിയിലേക്ക് ഉയർന്നു. പുരോഹിതനു പൌരോഹിത്യത്തിൻെറ പൂർണ്ണത ലഭിച്ചിട്ടില്ല. ഗുരുപ്പട്ടസ്വീകരണംവഴി തിരുപ്പട്ടാധികാരം (Power of Order) മാത്രമേ അദ്ദേഹത്തിനു ലഭിക്കുന്നുള്ളു. ഔദ്യോഗികമായി, പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും ഭരിക്കാനുമുള്ള

1. Acts XX: 28.

അധികാരം പുരോഹിതൻ മെത്രാനിൽനിന്നു സ്വീകരിക്കുന്നു. പുരോഹിതൻ എപ്പോഴും മെത്രാനു വിധേയനത്രേ. ഔദ്യോഗികമായി മെത്രാനെ സഹായിക്കുക എന്നതാണു് അദ്ദേഹത്തിന്റെ ഏററവും പ്രധാനമായ കടമ.

<u>അല്മായൻ സഭയിൽ:</u> സഭാംഗങ്ങളിൽ ഒടുവിലത്തെ പദവിയിൽപ്പെട്ടവരാണു് അല്മായർ. സഭയിൽ ഇവർക്കു് ദൈവദത്തമായ അധികാരമില്ല. തന്മൂലം, പഠിപ്പിക്കുവാനോ, ഭരിക്കുവാനോ വിശുദ്ധീകരിക്കുവാനോ ഉള്ള ഔദ്യോഗികകടമയും ഇവർക്കില്ല. മാർപ്പാപ്പയ്ക്കും മെത്രാനും പുരോഹിതനും വിധേയരായി അവർ സഭാജീവിതം നയിക്കണം. ക്രൈസ്തവവിശ്വാസി എന്ന നിലയിൽ മാർപ്പാപ്പയും അല്മായരും തുല്യരാണു്. ഹിപ്പോയിലെ മത്രാനായിരുന്ന വി. ആഗുസ്തിനോസ് ഈ പരമാത്ഥം എടുത്തു കാണിക്കുന്നു: "ഔദ്യോഗികമായി ഞങ്ങൾ നിങ്ങളെ കാത്തുസൂക്ഷിക്കുന്നു. എന്നാൽ, നിങ്ങളോടുകൂടെ ഞങ്ങളും സൂക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ഞാൻ നിങ്ങളുടെ മെത്രാനാണു്. എന്നാൽ, നിങ്ങളോടൊപ്പം ഞാൻ ഒരു കത്തോലിക്കനെമത്രേ."*

മാർപ്പാപ്പയോ മെത്രാനോ പുരോഹിതനോ അല്ലെങ്കിൽത്തന്നെയും അല്മായന്റെ അംഗത്വത്തിനു കുറവു വരികയില്ല. കഴിഞ്ഞ രണ്ടുമൂന്നു ന്യൂററാണ്ടുകളായി, സഭയിൽ അല്മായർക്കുള്ള യഥാത്ഥസ്ഥാനമാഹാത്മ്യത്തെ മാർപ്പാപ്പമാരും ദൈവശാസ്ത്രജ്ഞന്മാരുമെല്ലാം ഉയത്തികാണിക്കുന്നുണ്ടു്. ഈ നൂതനപ്രവണത അല്മായരിൽ വലിയ പരിവത്തനം വരുത്തിയിട്ടുണ്ടുതാനും. അല്മായഗ

* P L. 37, 1669; 1483.

ണവും കൂടിയാലേ ക്രിസ്തുവിൻെറ സഭ സത്യസഭയാകൂ. അത്ര യ്ക്ക് അവിഭാജ്യമത്രേ ആ ഘടകം.

"തങ്ങൾ സഭാംഗങ്ങളാണെന്നു മാത്രമല്ല, തങ്ങൾതന്നെയാണു യഥാർത്ഥത്തിൽ സഭ എന്ന തെളിവാർന്ന ചിന്താഗതി അല്മായർക്കുണ്ടാകണം. പരമാദ്ധ്യക്ഷനായ മാർപ്പാപ്പയുടേയും അദ്ദേഹത്തോടൊത്തു മെത്രാന്മാരുടേയും നിയന്ത്രണത്തിലുള്ള ഭൂമിയിലെ വിശ്വാസികളുടെ ഗണമായ തങ്ങളാണു സഭയെന്ന് അവർ ഗ്രഹിക്കണം. അതേ, അല്മായരാണു സഭ...."[1] സഭയോടൊത്തു ചിന്തിക്കണം; ജീവിക്കണം; സഭാജീവിതവും സഭാംഗങ്ങളുടെ ജീവിതവും ഒന്നുതന്നെയാണെന്നു ധരിക്കണം. സഭാംഗങ്ങളിൽനിന്നു വ്യത്യസ്തമായ ഒരു ഘടകമല്ല സഭ; അതു സഭാംഗങ്ങൾ തന്നെയാണ്. വെളുത്തപൂവ്, വെള്ളവസ്ത്രം എന്നൊക്കെ പറയാറില്ലേ? എന്നാൽ, 'വെള്ളനിറം' പൂവിൽനിന്നോ വസ്ത്രത്തിൽനിന്നോ വേർതിരിക്കാൻ സാധിക്കുമോ? ഇല്ല. നിറത്തിന് അതു സ്ഥിതിചെയ്യുന്ന വസ്തുക്കളിൽനിന്നു വേർപെട്ട ഒരസ്തിത്വമില്ല. ഇതുപോലെയാണു സഭയും. സഭ അതിലുൾപ്പെട്ട എല്ലാവരുമാണ്. അതിൽനിന്ന് അല്മായരെയോ പുരോഹിതഗണത്തെയോ വേർതിരിക്കുക സാദ്ധ്യമല്ല. ദൃശ്യങ്ങളായ ഈ ഘടകങ്ങൾക്കുപരിയായി ഒരദൃശ്യഘടകം പ്രവർത്തിക്കുന്നുണ്ട്: ഭരണീയരേയും ഭരണാധികാരികളേയും തമ്മിൽ യോജിപ്പിക്കുന്ന സ്നേഹത്തിൻെറ ശൃംഖല—ക്രിസ്തുനാഥൻ. ഈ മൂന്നു ഘടകങ്ങളുമുണ്ടെങ്കിലേ സഭ ലക്ഷ്യത്തിലേക്കു കുതിച്ചുകയറൂ.

---

1. Pius XII, 1946 Feb. 20, to the College of Cardinals.

കാലം ചെല്ലുന്തോറും അല്മായർ സഭയിലുള്ള തങ്ങളുടെ മഹനീയസ്ഥാനം മനസ്സിലാക്കിവരുന്നുണ്ടു്. തങ്ങൾതന്നെയാണു സഭയെന്ന ആശയഗതി അവരുടെ രക്തത്തിൽ അലിഞ്ഞുചേരന്നെങ്കിലേ സഭ ജീവസ്സോടേ എല്ലാ തുറകളിലും മുന്നേറൂ; പ്രേഷിതത്വത്തിൽ ഹയരാർക്കിയെ സഹായിക്കാൻ അവർ മുന്നോട്ടുവരും. അല്മായർ സഭയിൽ വെറും അപ്രവൎത്തക (passive) ഘടകമല്ല; പ്രത്യുത, പ്രവൎത്തക (active) ഘടകം തന്നെയാണു്. ഇതു വിസ്മരിക്കാവതല്ലാത്ത പരമാൎത്ഥമത്രേ. സമൂഹത്തിന്റെ അംഗങ്ങളെന്നനിലയ്ക്കു മററംഗങ്ങളുമൊത്തു പൊതുലക്ഷ്യത്തിനായി പ്രയത്നിക്കാൻ കടമയും അവകാശവും അവർക്കുണ്ടു്. അല്മായപ്രേഷിതത്വത്തിന്റെ ആവശ്യകതയെ സദാ ഊന്നിപ്പറഞ്ഞിരുന്ന ഭാഗ്യസ്മരണാർഹനായ 12-ാം പീയൂസ് മാർപ്പാപ്പ കർദ്ദിനാൾസംഘത്തോടു പ്രസ്താവിച്ചു, മനുഷ്യനെ യഥാൎത്ഥമനുഷ്യനാക്കാൻ സഭ മനുഷ്യഹൃദയങ്ങളിൽ പണിയെടുക്കുന്നു; എന്നാൽ, സഭയിൽ ഏററം വിലപ്പെട്ട സേവനം അനുഷ്ഠിക്കേണ്ടതു സഭാജീവിതത്തിന്റെ മുൻപന്തിയിൽ നില്ക്കുന്ന അല്മായരത്രേ എന്നു്.

സഭയെ ചവുട്ടിത്താഴ്ത്താൻ മഹാപ്രതാപത്തോടേ മുന്നേറിയ റോമൻസാമ്രാജ്യം പത്തു കഠോരമർദ്ദനങ്ങളിലൂടെ ഓടിയടുത്തപ്പോഴും സഭ അചഞ്ചലയായി നിന്നു. പീഡകർ ചവുട്ടിമെതിച്ച പൂഴിയിൽത്തന്നെ ആ കടുകുമണി വേരോടി വൻവൃക്ഷമായി കുലുങ്ങാതെ നില്ക്കുകയാണു്. അവൾ പരാജയപ്പെടുകയില്ല. കാരണം, സ്നേഹത്തിന്റേയും സത്യത്തിന്റേയും തുഴകളേന്തി വീറോടെ തുഴയുന്ന ആയിരമായിരം അല്മായർ അവൾക്കുണ്ടു്. ആ തോണിക്കു ചുക്കാൻപിടിക്കു

ന്ന, ഹയരാർക്കിയെ നയിക്കുന്ന അദൃശ്യഘടകം-ക്രിസ്തുനാഥൻ-അവരോടുകൂടെയുണ്ട്. അതേ, ഹയരാർക്കിയിലൂടെയും ലക്ഷക്കണക്കിന് അല്മായരിലൂടെയും സഭ ജീവിക്കുകയാണ്-ക്രിസ്തു ജീവിക്കുകയാണ്.

13362

# മൂന്നാമദ്ധ്യായം

## പ്രേഷിതത്വമെന്നാലെന്ത്?

ക്രിസ്തുവിനു മുമ്പ്: യവനരുടെ ഇടയിൽ പ്രേഷിതത്വം എന്ന പദം ഉപയോഗത്തിലിരുന്നു. 'അയയ്ക്കുക' എന്നർത്ഥമുള്ള 'അപ്പൊസ്തെല്ലോ' (apostello) എന്ന ഗ്രീക്കുപദമാണിതിൻെറ മൂലം. ഒരു പ്രത്യേകോദ്ദേശ്യത്തിനു കപ്പൽസേനയെ അധികാരമുള്ള വ്യക്തി അയയ്ക്കുന്നതിന് അവർ ഈ പദമത്രേ ഉപയോഗിച്ചിരുന്നത്. അയയ്ക്കപ്പെടുന്നവർ അയയ്ക്കുന്ന വ്യക്തിയിൽനിന്നു പ്രത്യേകം അധികാരമൊന്നും സ്വീകരിച്ചിരുന്നില്ല. അവർ വെറും പ്രതിനിധികൾ മാത്രമായിരുന്നു. അനുസരണത്തിൽനിന്നുളവാകുന്ന കർത്തവ്യനിർവ്വഹണമേ അവരിൽ നിന്നു പ്രതീക്ഷിച്ചിരുന്നുള്ളു. *

യഹൂദരുടെയിടയിലും പ്രേഷിതത്വം പ്രയോഗത്തിലിരുന്നു എന്നതിനു ചരിത്രരേഖകളുണ്ട്. "നിശ്ചിതസമയങ്ങളിൽ സ്വർണ്ണവും വെള്ളിയും നികുതിയായി പിരിക്കുവാൻ പാത്രിയാർക്കന്മാരാൽ അയയ്ക്കപ്പെട്ടിരുന്നവരെ പ്രേഷിതർ

* *Cfr.* Patrick P. D' Souza. *Apostolate, its Significance in Gods' Design, Ajmer 1957 s. 53.*

എന്നു യഹൂദന്മാർ വിളിച്ചിരുന്നു [1] കൂടാതെ രാജാക്കന്മാരുടെ സർക്കലറുകൾ യഥാസ്ഥാനങ്ങളിൽ എത്തിക്കുന്നവരേയും 4-ാം നൂറ്റാണ്ടിൽ പ്രേഷിതരെന്നു വിളിച്ചിരുന്നവത്രേ [2]. മിഡ്ബൽ എന്ന ഗ്രന്ഥകാരൻ പഴയ നിയമഗ്രന്ഥത്തിൽ നിന്നു് ഇതിനു തെളിവുതരുന്നു. ജെറോബോവാം എന്ന യഹൂദ രാജാവു വിഗ്രഹാരാധനയിൽ നിപതിച്ചു. അതിനു കാരണക്കാരിയായ രാജ്ഞിയോടു ദൈവത്താൽ അയയ്ക്കപ്പെട്ട അഹിയാസ് പ്രവാചകൻ പറയുകയാണു്: "നിനക്കു ഭയാനക സന്ദേശങ്ങൾ നല്കുവാൻ ഞാൻ അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു." [3] അതായത്, അഹിയാസ് ദൈവത്തിൻെറ പ്രതിനിധിയായി ദൗത്യമറിയിക്കാൻ അധികാരപ്പെടുത്തപ്പെട്ടവനാണു്; അപ്പസ്തോലനാണു്. [4] ഇവിടെ, യവനർ നിർദ്ദേശിച്ചതിനെക്കാൾ നിഷ്കൃഷ്ടമായ അത്ഥമാണു കാണുക. അയയ്ക്കപ്പെടുന്ന വ്യക്തിക്കോ സമൂഹത്തിനോ അധികാരം കൂടിയുണ്ടു്. വെറും പ്രതിനിധിയല്ല; അധികാരമുള്ള പ്രതിനിധിയാണയാൾ. [5]

<u>ക്രൈസ്തവവീക്ഷണത്തിൽ.</u> ക്രിസ്തുവിന്റെ കാലത്തു പ്രേഷിതത്വത്തിനു കുറേക്കൂടെ ക്ലിപ്തമായ അത്ഥം ലഭിച്ചു. അന്നുവരെ, ലക്ഷ്യം ലൗകികമോ ആദ്ധ്യാത്മികമോ ആയിരിക്കണമെന്നു വ്യവസ്ഥയൊന്നുമില്ലായിരുന്നു. എന്നാൽ, പഴ

1 *Codex Theodotianus. Pub: in 438 XVI, Tit. VIII, 14.*

2 *Cfr.* Eusebius *in Isaiam. XVIII. I P G. 24, 214.*

3 *3 Kings XIV: 6*

4 *Cfr.* Midebiella, *E. Apostolat, Supplement, Dictionarie de la Biblc Vol 1 cop. 534.*

5 *cfr. Acts. IX: 14.*

യനിയമത്തിൽ കാണുന്നതുപോലെ മതപരമായൊരൎത്ഥമാണു ക്രിസ്തു ഉദ്ദേശിച്ചത്. പിതാവായ ദൈവത്തിൽനിന്നു സകല അധികാരങ്ങളോടുംകൂടെ അയയ്ക്കപ്പെട്ട ആദ്യത്തെ അപ്പസ്തോലൻ അവിടുന്നുതന്നെയാണ്.[1] അവിടുന്നു തന്റെ പരസ്യജീവിതകാലത്തു ജനങ്ങളെ സ്വൎഗ്ഗരാജ്യത്തിനവകാശികളാക്കുവാൻ എന്തുചെയ്യണമെന്നു സാധികാരം പഠിപ്പിച്ചു. അടുത്തുതന്നെ സംഭവിക്കാനിരുന്ന തന്റെ കുരിശുമരണവും മനുഷ്യവൎഗ്ഗത്തിന്റെ തുടൎന്നുള്ള നിലനില്പും മുൻകണ്ട ക്രിസ്തുനാഥൻ തന്റെ ദൗത്യം ലോകാവസാനംവരെ തുടൎന്നുകൊണ്ടുപോകുവാൻ ഒരു അപ്പസ്തോലവ്യൂഹത്തെ തിരഞ്ഞെടുത്ത് ഒരുക്കുവാൻ നിശ്ചയിച്ചു. ഒരു രാത്രി മുഴുവൻ പ്രാൎത്ഥനയിൽ ചെലവഴിച്ചതിനുശേഷം അവിടുന്നു തന്റെ ശിഷ്യഗണത്തിൽനിന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് അവരെ അപ്പസ്തോലന്മാരെന്നു നാമകരണവും ചെയ്തു. "അവൻ മലയിൽ കയറി തനിക്കിഷ്ടമുള്ളവരെ വിളിച്ചു........ തന്നോടുകൂടെ ആയിരിക്കുന്നതിനും പ്രസംഗിക്കുവാൻ അയക്കേണ്ടതിനും അധികാരംപ്രാപിക്കേണ്ടതിനുമായി പന്ത്രണ്ടുപേരെ അവൻ തിരഞ്ഞെടുത്തു."[2] അവിടുന്ന് അവരെ പ്രേഷിതത്വത്തിനായി ഒരുക്കി. അവസാനം, തന്റെ സ്വൎഗ്ഗാരോഹണാവസരത്തിൽ ക്രിസ്തു ഔദ്യോഗികപ്രേഷിതത്വം സമുൽഘാടനംചെയ്തു, അപ്പസ്തോലന്മാൎക്ക് അധികാരം നല്കിക്കൊണ്ടു: "സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു.

---

1 *cfr. St. John XX: 21; Heb. III: 1.*
2 *St. Mark III 13-15. cfr. St. Luke VI: 13.*

നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവക്കു ജ്ഞാനസ്നാനം നല്കി ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം ആചരിക്കുവാൻ പഠിപ്പിക്കുവിൻ." * അങ്ങനെ, അഖിലലോകത്തിൻേറയും രക്ഷ സാധിക്കുക എന്ന ദൗത്യം നിർവ്വഹിക്കാനുള്ള അധികാരം—ജനപദങ്ങളെ വിശുദ്ധീകരിക്കാനും പഠിപ്പിക്കാനും ഭരിക്കാനുമുള്ള അധികാരം—അവക്കു ലഭിച്ചു. 'എല്ലാവക്കും ജീവൻ ധാരാളമായി നല്കാനാണു'' ക്രിസ്തുനാഥൻ വന്നതെങ്കിൽ അതിനുവേണ്ടിത്തന്നെയത്രേ അപ്പസ്തോലന്മാരും നിയുക്തരായതു്. വ്യക്തികളിലും കുടുംബങ്ങളിലും സമുദായങ്ങളിലുമെല്ലാം ക്രിസ്തുവിൻെറ ജീവൻ കുത്തിവയ്ക്കുക; ക്രിസ്തുവിലൂടെ ലോകത്തെ നവീകരിച്ചെടുക്കുക. ഈ പ്രേഷിതത്വമല്ലാതെ മററൊരു പ്രേഷിതത്വമവർക്കില്ല. ഇതിൻെറ വെളിച്ചത്തിൽ ക്രിസ്തീയ പ്രേഷിതത്വത്തിനു ചില ഘടകങ്ങൾ ആവശ്യകമാണെന്നു കാണാം. അധികാരമുള്ളവൻ (ക്രിസ്തു) ചിലരെ (അപ്പസ്തലന്മാരേയും അവരുടെ പിൻഗാമികളേയും) തിരഞ്ഞെടുത്തു്, ഒരു പ്രത്യേകദൗത്യത്തിനു് (ലോകത്തെ ക്രിസ്തുവിൽ നവീകരിച്ചു രക്ഷിക്കുന്നതിനു്) അധികാരം (പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും ഭരിക്കാനുമുള്ള അധികാരം) കൊടുത്തു് അയയ്ക്കുന്നു. ഈ ഘടകങ്ങളിൽ ഏതെങ്കിലും ഒന്നില്ലെങ്കിൽ അതു സഭയിലേ ഔദ്യോഗികപ്രേഷിതത്വമാവുകയില്ല.

അധികാരസമേതം അയയ്ക്കപ്പെടാത്ത പ്രേഷിതരുമുണ്ടു സഭയിൽ. അവരുടെ പ്രേഷിതത്വം വിപുലാർത്ഥത്തിലു

* *St- Mat. XXVIII: 18-20 cfr. Mk. XVI: 15.*

ള്ളതത്രേ. ക്രിസ്തുനാഥൻ ഒരിക്കൽ തൻെറ ശിഷ്യന്മാരിൽ എഴുപത്തിരണ്ടുപേരെ തിരഞ്ഞെടുത്തു ജനങ്ങളെ ഒരുക്കുവാൻ ഗ്രാമങ്ങളിലേക്കു തനിക്കു മുന്നേ പറഞ്ഞയച്ചില്ലേ? * സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരമുള്ള ക്രിസ്തുവാണ് അവരെ അയച്ചത്. മററുള്ളവരിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു അവർ. ദൗത്യം ആദ്ധ്യാത്മികവും മതാത്മകവുമായിരുന്നുതാനും. ഒരർത്ഥത്തിൽ അവരും പ്രേഷിതരാണ്. എന്നാൽ, അവരെ അപ്പസ്തോലന്മാരെന്നു നിഷ്കൃഷ്ടാർത്ഥത്തിൽ വിളിക്കുന്നില്ല. കാരണം, അവർ ആ ദൗത്യനിർവ്വഹണത്തിന് അധികാരപ്പെടുത്തപ്പെട്ടവരായിരുന്നില്ല. തന്നിമിത്തം, ഔദ്യോഗികപ്രേഷിതത്വത്തിന് അവർ ബാദ്ധ്യസ്ഥരല്ലായിരുന്നു. എന്നാൽ, ഔദ്യോഗികപ്രേഷിതത്വത്തെ സഹായിക്കുവാൻ അവർക്കു കടമയുണ്ട്. അതിനാൽ, അവരും വിപുലാർത്ഥത്തിൽ പ്രേഷിതരാണ്; അവരുടെ പ്രവർത്തനവും പ്രേഷിതത്വത്തിൽപ്പെടുന്നു. അനൗദ്യോഗികപ്രേഷിതത്വമെന്ന് അതിനെ വിളിക്കാം. ഔദ്യോഗികവും അനൗദ്യോഗികവുമായ പ്രേഷിതത്വത്തിൻെറ ലക്ഷ്യം ഒന്നുതന്നെ.

നൂററാണ്ടുകൾക്കുശേഷം ക്രിസ്തീയപ്രേഷിതത്വത്തിനു വളരെ വിപുലമായ അർത്ഥം സിദ്ധിച്ചുതുടങ്ങി. ലോകത്തിനു ക്രിസ്തുവിനെ നല്കുക എന്ന ഉദ്ദേശ്യത്തോടെ അനാഗതരുടെ ഇടയിൽ പ്രവർത്തിക്കുന്നവർ, അവർ വൈദികന്മാരോ അവൈദികരോ ആയിക്കൊള്ളട്ടെ, പ്രേഷിതർ എന്ന നാമത്തിൽ അറിയപ്പെട്ടു. മിഷൻരംഗത്തു മാത്രമല്ല, ക്രൈസ്തവരുടെ ഇടയിൽ നടത്തുന്ന പ്രവർത്തനവും പ്രേഷിതത്വമായി പിന്നീടു പലരും കണക്കിലെടുത്തു. ധാർമ്മികമായി അധഃപ

* *Cfr. St. Luke X: 1.*

തിച്ച കത്തോലിക്കരെ ക്രിസ്തീയജീവിതത്തിലേക്കുയത്തുക; വ്യക്തി മുതൽ രാഷ്ട്രംവരെ എല്ലാം ക്രിസ്തുവിൽ നവീകരക്കുക; അനാഗതരുടെ ഇടയിൽ മിഷൻപ്രവത്തനം നടത്തുക തുടങ്ങി ക്രിസ്തുവിൻെറ ദൗത്യനിവ്വഹണത്തിനായുള്ള ഏതു പ്രവത്തനവും പ്രേഷിതപ്രവത്തനമായി ഇന്നു കരുതിപ്പോരുന്നു.

"സകല മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും സത്യത്തിൻെറ വഴിയിലേക്കു തിരിയണ" മെന്നുമാണു ദൈവാഭീഷ്ടം.[1] ദൈവത്തിൻെറ അഭീഷ്ടത്തെ വട്ടമിട്ടാണു പ്രേഷിതത്വം നില്ക്കുക. "നിത്യജീവിതത്തിന് ആത്മാക്കളെ വിശുദ്ധീകരിക്കുക എന്ന ദൈവികദൗത്യമാണു പ്രേഷിതത്വം." (Mgr. P. Parento). എല്ലാവർക്കും പ്രകൃത്യതീതജീവൻ പ്രദാനം ചെയ്യുന്നതിനു സഭാംഗങ്ങളുടെ സംഘടിതപ്രവത്തനത്തിൽ പ്രേഷിതത്വം കുടികൊള്ളുന്നുണ്ടു്. പരി. പിതാവു പന്ത്രണ്ടാം പീയൂസ് പറയുകയാണു്: "ഈശോമിശിഹായുടെ ദൈവികദൗത്യത്തിൽ ഭാഗഭാക്കാവുകയാകുന്നു പ്രേഷിതത്വം." സുവിശേഷം പ്രസംഗിക്കുന്നതിൽമാത്രമല്ല പ്രേഷിതത്വം അടങ്ങിയിരിക്കുന്നതു്. സ്വാതന്ത്ര്യത്തെ പൂണ്ണമായി മാനിച്ചുകൊണ്ടുതന്നെ മനുഷ്യഗണത്തെ മാനസാന്തരപ്പെടുത്തിയും മാനസാന്തരപ്പെട്ടു ജ്ഞാനസ്നാനം സ്വീകരിച്ചവരെ ഉത്തമകത്തോലിക്കരാക്കിത്തീത്തും രക്ഷയുടെ ഉറവിടത്തിലേക്കു നയിക്കുന്നതിനാണു് പ്രേഷിതത്വമെന്നു പറയുന്നതു്.[2] Mgr. Suenens പറയുന്നു: "നമ്മുടെ സഹോദരരിൽ ക്രിസ്തു

1. I Timo. II: 4.
2. Cfr. *Pius XII Speaks on Lay Apostolate* p. 13.

വിനെ ജനിപ്പിക്കുകയോ വളർത്തുകയോ ചെയ്യുന്നതിനുള്ള പ്രവർത്തനമാണു പ്രേഷിതത്വം.[1]

സഭാഗാത്രത്തിലുള്ള അധികാരത്തിൻേറയും പ്രേഷിതത്വത്തിനായുള്ള കടമയുടേയും അടിസ്ഥാനത്തിൽ പ്രേഷിതത്വത്തെ രണ്ടായി വിഭജിക്കാം. ഒന്നു്, ഹയരാർക്കിയുടെ പ്രേഷിതത്വം. രണ്ടു്, അല്മായരുടെ പ്രേഷിതത്വം. ക്രിസ്തുനാഥൻ അപ്പസ്തോലന്മാർക്കാണല്ലോ തൻെറ ദൗത്യം നിർവ്വഹിക്കാൻ അധികാരം നല്കിയതു്. സഭയിൽ അധികാരമുള്ള ഈ അപ്പസ്തോലന്മാരുടേയും അവരുടെ പിൻഗാമികളായ മാർപ്പാപ്പമാരുടേയും മെത്രാന്മാരുടേയും അവരോടൊത്തു പുരോഹിതന്മാരുടേയും പ്രേഷിതപ്രവർത്തനങ്ങൾക്കാണു് ഒററവാക്കിൽ ഹയരാർക്കിയുടെ പ്രേഷിതത്വമെന്നുപറയുക. ക്രിസ്തുവിൻെറ ദൗത്യം പ്രചരിപ്പിക്കുവാൻ, ജനപദങ്ങളെ പഠിപ്പിച്ചു ഭരിച്ചു വിശുദ്ധീകരിക്കാൻ ഔദ്യോഗികമായി കടപ്പെട്ടവരാണവർ. അതുകൊണ്ടത്രേ വി. അപ്പസ്തോലൻ പറഞ്ഞതു്: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" എന്നു്.

എന്നാൽ, ഹയരാർക്കിയെ മാത്രമല്ല, ഹയരാർക്കിയും അല്മായരും ഉൾപ്പെട്ട സഭയേയും ക്രിസ്തുനാഥൻ പ്രേഷിതത്വത്തിനായി കടപ്പെടുത്തിയിരിക്കുന്നു. ആകയാൽ, സഭയുടെ അംഗമെന്ന നിലയിൽ ഓരോ ക്രൈസ്തവനും പ്രേഷിതത്വത്തിൽ കടപ്പെട്ടവനത്രേ. പ്രേഷിതത്വത്തിൽ ഏതെങ്കിലും വിധത്തിൽ അല്മായർ തങ്ങളുടെ ഈ ചുമതല നിർവ്വഹിക്കുന്നുവെങ്കിൽ, അതിനെ അല്മായപ്രേഷിതത്വം എന്നു വിളിക്കാവുന്നതാണു്.

1. *cfr.* Mgr. L. T. suenens. "*The Theology of the Apostolate*" pp. 50-51.

# നാലാമദ്ധ്യായം.

## അല്മായപ്രേഷിതത്വം.

വിപുലാത്ഥത്തിൽ: ആരാണ് അല്മായനെന്നും എന്താണു പ്രേഷിതത്വമെന്നും കണ്ടുകഴിഞ്ഞു. അടുത്ത പ്രശ്നമിതാണ്: എന്താണ് അല്മായപ്രേഷിതത്വം? പ്രേഷിതത്വത്തിൽ അല്മായർ നല്കുന്ന സഹകരണമാണു വിപുലാത്ഥത്തിൽ അല്മായപ്രേഷിതത്വം. ഇതിന്, മൂന്നു സവിശേഷതകളുണ്ട്. ഒന്ന്, പ്രേഷിതപ്രവൃത്തി അല്മായർതന്നെ ചെയ്യുന്നതായിരിക്കണം. രണ്ട്, പ്രേഷിതത്വത്തെ പ്രത്യക്ഷമായൊ പരോക്ഷമായോ സഹായിക്കുന്ന പ്രവത്തനമായിരിക്കണം. മൂന്ന്, അതു് ഹയരാർക്കിയുടെ പ്രേഷിതത്വത്തിലുള്ള സഹകരണം അഥവാ, ഭാഗഭാഗിത്വമായിരിക്കണം.

പ്രേഷിതപ്രവൃത്തി അല്മായർതന്നെ നിവ്വഹിക്കണം: അതു സംഘടനവഴിയോ, തനിച്ചോ ആവാം. സംഘടനവഴിയാണു പ്രവത്തനമെങ്കിൽ അല്മായരാൽ നടത്തപ്പെടുന്ന സംഘടനയായിരിക്കണം. പൗരോഹിത്യപദവിയില്ലാത്ത സന്യാസ സഭകളിൽപ്പെട്ട ബ. സഹോദരീസഹോദരന്മാരുടെ പ്രവത്തനം അല്മായപ്രേഷിതത്വമല്ല. അവർ ഒരു പ്രത്യേക ജീവിതാന്തസ്സിൽ ഉൾപ്പെട്ടവരാകയാൽ അവരുടെ പ്രേഷിതപ്രവൃത്തി അല്മായരുടേതിനോടു ബന്ധിക്കുകയും സാദ്ധ്യമല്ല.

അല്മായരുടെ പ്രവത്തനങ്ങൾ പ്രേഷിതത്വത്തോടു പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടവയായിരിക്കണം. ആകയാൽ, അല്മായരുടെ ഏതു പ്രവത്തനവും പ്രേഷിതത്വമാവുകയില്ല. സഭയുടെ പ്രേഷിതത്വത്തിൽനിന്നു് - ലക്ഷ്യത്തിൽനിന്നു് - വ്യത്യസ്തമായിരിക്കരുതു് അല്മായപ്രേഷിതരുടെ പ്രവത്തനം. ഉദാഹരണംകൊണ്ടു വ്യക്തമാക്കാം. അനാഗതരുടെ മാനസാന്തരത്തിനായി പ്രവത്തിക്കുന്ന മിഷനറിക്കു ധനസഹായം ചെയ്യുന്ന അല്മായൻ പ്രേഷിതവൃത്തി ചെയ്യുകയാണു്. കാരണം, അതു സഭാപ്രേഷിതത്വത്തിൽപ്പെടുന്നു. മാനുഷികപ്രവൃത്തികളെല്ലാം ശ്രദ്ധാനിയോഗംവഴി പ്രേഷിതപ്രവത്തനങ്ങളാക്കി മാററാം.

പ്രേഷിതത്വത്തിൽ ഭാഗഭാഗിത്വം ലഭിക്കണമെങ്കിൽ അപ്പസ്തോലികത്വം (orthodoxy) ആവശ്യകമത്രേ. * ക്രിസ്തുവിൽനിന്നു പരമ്പരാഗതമായി ലഭിച്ചിരിക്കുന്ന പ്രേഷിതദൗത്യം തന്നെയായിരിക്കണം അല്മായപ്രേഷിതത്വത്തിന്റേയും കാതൽ. ഈ വ്യവസ്ഥ പ്രേഷിതൻെറ പ്രവത്തനസ്വാതന്ത്ര്യത്തിന്മേലുള്ള കൈകടത്തലല്ല; ആണെന്നു വ്യക്തിവാദികൾ തെററിദ്ധരിച്ചേക്കാമെങ്കിലും, ക്രിസ്തുവിന്റേയും സഭയുടേയും പ്രബോധനങ്ങളോടുള്ള നിരുപാധികമായ വിധേയത്വമാണു്, ഓത്തൊഡോക്സിയാണു്, പ്രേഷിതന്നാവശ്യം. അവൻ സഭാദൗത്യം വഹിക്കുന്ന നീർച്ചാൽ മാത്രമാണു്; ഉറവിടമല്ല. "ഞാൻ പറയുന്ന വാക്കുകൾ സ്വയമായിട്ടല്ല ഞാൻ പറയുന്നതു്; പ്രത്യുത, എന്നെ അയച്ച എന്റെ പിതാവിൽനിന്നു

* Cfr. Card. Montini: *Laymen in the Church, (Acts of the 2nd World Congress for the Lay Apostolate)* 1957 vol. I p. 74,

തന്നെയാണെന്നു" (St. John XIV: 10) ക്രിസ്തുനാഥൻ പറഞ്ഞതുപോലെ, പ്രേഷിതത്വം നിർവ്വഹിക്കുന്ന അല്മായനും പറയാൻ കഴിയണം: 'ഞാൻ പഠിപ്പിക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം എൻെറ സ്വന്തമായല്ല; പ്രത്യുത, എന്നെ അയച്ച ക്രിസ്തുനാഥൻെറ പ്രബോധനങ്ങളനുസരിച്ചാണ്.' വെറും ഉപരിപ്ലവാഭിപ്രായങ്ങളുടെ ചൊരിമണൽപ്പുറത്തല്ല, ദൈവവചനമാകുന്ന കട്ടിപ്പാറമേൽ അടിയുറച്ച അവബോധത്തിൽനിന്നുമാത്രമേ യഥാർത്ഥപ്രേഷിതത്വം ഉയിരെടുക്കൂ.

പ്രേഷിതത്വത്തെ സഹായിക്കുമ്പോഴും, അല്മായൻ ഹയരാർക്കിയുടെ പ്രേഷിതത്വത്തിൽ 'സഹകരിക്കുന്നു'വെന്നോ 'ഭാഗഭാഗിത്വംവഹിക്കുന്നു'വെന്നോ പറയാം. ഇവയിൽ ഏതു സാങ്കേതികസംജ്ഞയാണു സ്വീകരിക്കേണ്ടതെന്നുള്ളതിനെപ്പററി ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഇന്നും തർക്കമുണ്ട്. ഒരു തീരുമാനത്തിലെത്തിയിട്ടില്ലാത്തതുകൊണ്ടു സഹകരണം (co-operation) എന്നോ ഭാഗഭാഗിത്വം (participation) എന്നോ സഹപ്രവർത്തനം (collaboration) എന്നോ പറയാം. ഭാഗഭാഗിത്വമെന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നതു്, ഹയരാർക്കിയുടെ പ്രേഷിതത്വത്തിൻെറ ഒരുഭാഗം ഏറെറടുത്തു നിർവ്വഹിച്ചുകൊടുക്കുക എന്നല്ല. പ്രേഷിതത്വത്തിന് ഔദ്യോഗികകടമയുള്ളവരോട് അല്മായൻ സഹകരിക്കുക എന്നുമാത്രം. ഹയരാർക്കിയുടെ പ്രേഷിതത്വത്തിലുള്ള സഹകരണമാകയാൽ അല്മായപ്രേഷിതത്വം ഹയരാർക്കിക്കു കീഴ്പ്പെട്ടിരിക്കുന്നു. ഇതിനെതിരായി ചിന്തിക്കുക ക്രിസ്തു തൻെറ സഭയിൽ സ്ഥാപിച്ച അടിസ്ഥാനംതന്നെ ഇളക്കിമറിക്കുകയായിരിക്കും. ഹയരാർക്കിയോടുള്ള ഈ സഹകരണം പല തരത്തിലാകാം,

ഹയരാർക്കിയുടെ അനുഭാവമോ നിയന്ത്രണമോ ഇല്ലെന്നുവച്ച് അല്മായർ പ്രത്യക്ഷമായോ പരോക്ഷമായോ സഭാപ്രേഷിതത്വത്തിനു നല്കുന്ന സഹകരണങ്ങൾ പ്രേഷിതത്വമല്ലെന്നു പറഞ്ഞുകൂടാ. അല്മായൻെറ എല്ലാ നല്ല ക്രിസ്റ്റീയപ്രവൃത്തികളേയും അല്മായപ്രേഷിതത്വമായി ഒരുവിധത്തിൽ കണക്കാക്കാം. ആരുമാരുമാവശ്യപ്പെടാതെ വ്യക്തിപരമായി കത്തോലിക്കനെന്നനിലയിൽ യഥാർത്ഥക്രിസ്റ്റീയജീവിതംവഴി മററുള്ളവരെ ക്രിസ്തുവിലേക്കാകർഷിച്ചടുപ്പിക്കുന്ന അല്മായർ പ്രേഷിതരല്ലേ? നന്മ നിറഞ്ഞുതുളുമ്പുന്ന ഈദൃശപ്രവൎത്തനങ്ങൾ അഭികാമ്യവും പ്രശംസാവഹവും അനുകരണീയവുമാണെങ്കിലും, അവ 'കത്തോലിക്കരുടെ പ്രവൎത്തനങ്ങൾ' എന്നല്ലാതെ 'അല്മായപ്രേഷിതപ്രവൎത്തനങ്ങൾ' എന്ന പേരിന്നർഹമല്ലെന്നു ശഠിക്കുന്നവരുണ്ട്. കാരണം, പ്രേഷിതത്വത്തിൽ ഭാഗഭാക്കാകണമെങ്കിൽ "അധികാരപത്രം" (mandate) ആവശ്യകമാണെന്ന് അവർ വാദിക്കുന്നു. എന്നാൽ, പരി. പിതാവ് 12-ാം പീയൂസ് പറയുന്നു: "യഥാർത്ഥ അല്മായപ്രേഷിതത്വത്തിന് ഒരതിർത്തിവരമ്പു വരഞ്ഞുവയ്ക്കുക ശ്രമകരമാണ്. കുടുംബനായികകുട്ടികൾക്കു നല്കുന്ന നല്ല ശിക്ഷണവും അദ്ധ്യാപകർ വിശുദ്ധമായ ഉദ്ദേശ്യത്തോടെ നല്കുന്ന യഥാർത്ഥവിദ്യാഭ്യാസവും മററും അല്മായപ്രേഷിതത്വത്തിൽ ഉൾപ്പെടുകയില്ലേ? പ്രകൃതിനിയമത്തേയും ദൈവികനിയമത്തേയും സ്പർശിക്കുന്ന പ്രശ്നങ്ങളുദിക്കുമ്പോൾ ചഞ്ചലിയ്ക്കാത്ത മനസ്സാക്ഷിയോടെ, ക്രിസ്റ്റീയവിവാഹത്തിൻെറ മഹനീയതയേയും അന്തസ്സിനേയും സംരക്ഷിക്കുന്ന കത്തോലിക്കഡോക്ടരുടെ പ്രവൎത്തനങ്ങളും പ്രേഷിതത്വമല്ലേ? ഭവനരഹിതർക്കുംമററുമായി

ക്രിസ്തീയതത്വങ്ങളിലടിയുറച്ച പദ്ധതികളാവിഷ്ക്കരിക്കുന്ന കത്തോലിക്കഭരണാധികാരികളും രാഷ്ട്രീയപ്രവർത്തകരും ഒരുവിധത്തിൽ പ്രേഷിതത്വമല്ലേ നിർവ്വഹിക്കുന്നതു്? ഇവയെല്ലാം ഒരുവൻെറ ജീവിതാന്തസ്സിനടുത്ത കർത്തവ്യനിർവ്വഹണമായേ ചിലർ കണക്കാക്കുന്നുള്ളു. എന്നാൽ, രക്ഷ പ്രാപിക്കുന്നതിന് ഈദൃശപ്രവൃത്തികൾ മററുള്ളവരിൽ വളരെ സ്വാധീനത ചെലുത്തുന്നുണ്ടെന്നുള്ളതു വിസ്മരിക്കാവതല്ല."*

അതിനാൽ, വ്യക്തിപരമായി സന്മാതൃക നല്കിക്കൊണ്ടു്, സുവിശേഷസത്യങ്ങൾ പ്രവൃത്തിയിൽ വരുത്തിക്കൊണ്ടു്, പ്രേഷിതത്വം നിർവ്വഹിക്കാം. നല്ല കുടുംബജീവിതം, സാമൂഹികവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾ, ലേഖനങ്ങൾ, പ്രസംഗങ്ങൾ, കലാപരിപാടികൾ, മാതൃകാജീവിതം തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ ക്രിസ്തു അറിയപ്പെടുവാനും സ്നേഹിക്കപ്പെടുവാനും ഓരോ അല്മായനും പണിയെടുക്കണം. പ്രാർത്ഥനയുടെ പ്രേഷിതത്വമുണ്ടു്; സഹനത്തിൻെറ പ്രേഷിതത്വമുണ്ടു്; പ്രവർത്തനം വഴിയുള്ള പ്രേഷിതത്വമുണ്ടു്. അയൽക്കാരനെ സ്നേഹിക്കുന്നവൻ അവനു നിലനില്ക്കത്തക്ക നന്മ വരാൻ പരിശ്രമിക്കുന്നു. ക്രിസ്തുവിനെ അയൽക്കാരനു നല്കുക, അതാണു് ഉൽകൃഷ്ടമായ സ്നേഹം; മഹനീയമായ പ്രേഷിതത്വം. ഇങ്ങനെ, സ്വജീവിതാന്തസ്സിൻെറ പരിമിതിയിൽ നിന്നുകൊണ്ടു കഴിവുള്ളിടത്തോളം സഭയെ സഹായിക്കുമ്പോൾ പ്രേഷിതത്വമാണു് ഓരോ വ്യക്തിയും നടത്തുക.

വിപുലാർത്ഥത്തിലുള്ള അല്മായപ്രേഷിതത്വം ഒററ

* *Pius XII Speaks on Lay Apostolate p. 14-15.*

പ്പെട്ടല്ലാതെ, സംഘടിതമായും നടത്താം; ഹയരാർക്കിയുടെ അധികാരത്തെ ധിക്കരിക്കരുതെന്നുമാത്രം. ഒരു പ്രദേശത്തെ അല്മായർ, ചില പ്രേഷിതപ്രവർത്തനങ്ങൾക്കായി സംഘടിച്ചുപ്രവർത്തിക്കാം. ഈ സംഘടനയ്ക്കു ഹയരാർക്കിയുടെ അംഗീകാരം വേണമെന്നില്ല. അംഗീകാരമില്ലാത്തതിനാൽ, ഹയരാർക്കി ഇതിനെ അല്മായപ്രേഷിതസംഘടനയായി കരുതുകയില്ല. തന്നിമിത്തം, പ്രേഷിതത്വത്തിൽ ഔദ്യോഗികമായ ഭാഗഭാഗിത്വം ഈ സംഘടനാംഗങ്ങൾക്കില്ലതാനും. കുടുംബങ്ങളിലെ ധാർമ്മികനിലവാരമുയർത്താൻ പല കുടുംബങ്ങൾ ചേർന്നു കുടുംബയോഗങ്ങൾ നടത്തുക; ദരിദ്രരുടെ വിവാഹാവശ്യങ്ങൾക്കായി ഫണ്ടു രൂപീകരിക്കുക; ക്രിസ്തീയ വൈവാഹികജീവിതത്തിനു യുവജനങ്ങളെ ഒരുക്കുക; ജീവകാരുണ്യപ്രവർത്തനങ്ങൾ സംഘടിതമായി നടത്തുക തുടങ്ങി പലതും അല്മായർക്കു സംഘടിച്ചു ചെയ്യാൻ സാധിക്കും. പരോക്ഷമായി, ഹയരാർക്കി ഇവ്വിധസംഘടനകൾക്ക് അംഗീകാരം നല്കുന്നുണ്ടെന്നു പല പണ്ഡിതന്മാരും കരുതുന്നു. ചുരുക്കത്തിൽ, അല്മായൻ മറ്റൊരപ്പസ്തോലനാകയാൽ, വിപുലാർത്ഥത്തിലുള്ള അല്മായപ്രേഷിതത്വം ഒററപ്പെട്ടോ സംഘടിച്ചോ നടത്തേണ്ടതാണ്. ഏതെങ്കിലും വിധത്തിൽ, സാധിക്കുന്നിടത്തോക്കെ തൻേറയും മററുള്ളവരുടേയും ജീവിതം ക്രിസ്തുവിനായി നേടണം ഓരോ അല്മായനും.

**നിഷ്കൃഷ്ടാർത്ഥത്തിൽ:** എന്താണ് നിഷ്കൃഷ്ടാർത്ഥത്തിലുള്ള അല്മായപ്രേഷിതത്വം അഥവാ, കത്തോലിക്കാപ്രവർത്തനം? ഹയരാർക്കിയുടെ അംഗീകാരത്തോടും (അധി

കാരപത്രം (mandate) നിയന്ത്രണത്തോടുംകൂടെ പ്രേഷിത ത്വത്തിലുള്ള അല്മായരുടെ സംഘടിതസഹകരണമാണു്, ഭാഗഭാഗിത്വമാണു് കത്തോലിക്കപ്രവത്തനം. എല്ലാ ക ത്തോലിക്കപ്രവത്തനവും വിപുലാർത്ഥത്തിലുള്ള അല്മായ പ്രേഷിതത്വത്തിൽ ഉൾപ്പെടുന്നു. എന്നാൽ, വിപുലാത്ഥ ത്തിലുള്ള എല്ലാ അല്മായപ്രേഷിതത്വവും കത്തോലിക്ക പ്രവത്തനമല്ല. കത്തോലിക്കപ്രവത്തനത്തിനു് അല്മായ പ്രേഷിതത്വത്തിനുള്ളതിനെക്കാൾ ഉപരിയായി മൂന്നു വ്യവ സ്ഥകൾകൂടെ ആവശ്യമുണ്ടു്. ഒന്നു്: അധികാരപത്രം (അധി കാരപ്പെടുത്തൽ) രണ്ടു്: ഹയരാർക്കിയുടെ നേരിട്ടുള്ള നിയ ന്ത്രണം. മൂന്നു്: സംഘടിതപ്രവത്തനം.

1. ഹയരാർക്കിയുടെ അധികാരപ്പെടുത്തൽ കത്തോലിക്ക പ്രവർത്തനത്തിനു് ഏററം ആവശ്യമുള്ള ഘടകമാണിതു്. മറെറല്ലാ ഘടകങ്ങളുണ്ടായിരിക്കുകയും ഇതു മാത്രമില്ലാ തിരിക്കുകയും ചെയ്യുന്ന സംഘടനയിലെ പ്രവത്തനം ക ത്തോലിക്ക പ്രവത്തനമല്ല. പ്രേഷിതത്വത്തിൽ ഭാഗഭാ ക്കാക്കുന്ന അധികാരപത്രമാണു് ഇതു്. അല്മായർ മാത്ര മുൾപ്പെടുന്നതും പ്രേഷിതത്വത്തെ സഹായിക്കുക എന്ന ല ക്ഷ്യമുള്ളതുമായ ഒരു സംഘടന ഒരിടത്തു രൂപമെടുത്താൽ അതിനു രൂപതാദ്ധ്യക്ഷൻെറ അംഗീകാരം ആവശ്യക മത്രെ. ഈ അംഗീകാരത്തിനാണു് അധികാരപ്പെടുത്തൽ (mandate) എന്നു പറയുന്നതു്. ഇതു പ്രത്യക്ഷമായോ പ രോക്ഷമായോ നല്കാം. *പ്രത്യക്ഷമായി ലഭിക്കുന്നതാണു

നന്ന്. രൂപതാടിസ്ഥാനത്തിലെങ്കിൽ രൂപതാദ്ധ്യക്ഷനും; ദേശീയാടിസ്ഥാനത്തിലെങ്കിൽ മെത്രാന്മാരുടെ സമിതിയും, അന്താരാഷ്ട്രീയാടിസ്ഥാനത്തിലെങ്കിൽ പരിശുദ്ധ സിംഹാസനവും ഈ അംഗീകാരം സംഘടനകൾക്കു നല്കുന്നു. ഏതെങ്കിലും സംഘടനയ്ക്കു് ഈ അംഗീകാരമോ അധികാരപത്രമോ നിഷേധിക്കാനും ഇവക്ക് അധികാരമുണ്ട്. അധികാരപത്രമില്ലെങ്കിൽ തങ്ങളുടേതല്ലാത്ത മണ്ഡലത്തിൽ കയറി പ്രവൎത്തിക്കുകയത്രേ അല്മായർ ചെയ്യുക. കാരണം, പ്രേഷിതത്വത്തിന് എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ഔദ്യോഗികമായി അതിനു കടമയില്ലെന്നു മുമ്പുകണ്ടല്ലോ. ഹയരാൎക്കിയുടെ പ്രേഷിതത്വം ഔദ്യോഗികമാണ്. ആ ഔദ്യോഗികപ്രേഷിതത്വത്തിൽ ഭാഗഭാഗിത്വം വഹിക്കണമെങ്കിൽ അല്മായരെ അധികാരമുള്ളവർ അധികാരപ്പെടുത്തണം. അങ്ങിനെ അധികാരപ്പെടുത്തപ്പെട്ടവർക്കു മാത്രമേ, ഔദ്യോഗികമായിപ്രേഷിതത്വത്തിൽ സഹകരിക്കാൻസാധിക്കു. അതിനാലാണ് ഈ അധികാരപ്പെടുത്തൽ ആവശ്യകമാണെന്നു പറഞ്ഞതു്. ക്രിസ്തുനാഥൻ ഔദ്യോഗിക പ്രേഷി

---

* സംഘടനയുടെ നടത്തിപ്പിനുള്ള അംഗീകാരം അധികാരപ്പെട്ടവരിൽനിന്നു് അപേക്ഷിച്ചു വാങ്ങുന്നതിനു പ്രത്യക്ഷമായ അധികാരപ്പെടുത്തലെന്നു പറയുന്നു. ഹയരാർക്കിയുടെ കീഴിലും, നിയന്ത്രണത്തിലുംമാത്രം നടത്തുന്നതും, എന്നാൽ പ്രത്യക്ഷമായ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമായ സംഘടനകൾക്കു പരോക്ഷമായ അംഗീകാരമേയുള്ളു. കാരണം, ഹയരാർക്കി സംഘടനാപ്രവൎത്തനത്തെ നിരോധിക്കാതെ അതിനെ നിയന്ത്രിക്കുന്നതിൽനിന്നു മനസ്സിലാക്കാം, പരോക്ഷമായ അംഗീകാരം അതിനുണ്ടെന്നു്.

തത്വം അപ്പസ്തോലന്മാരേയും അവരുടെ പിൻഗാമികളേയും ഏല്പിച്ചിരിക്കുന്നതിനാൽ അവർതന്നെവേണം തങ്ങളെ സഹായിക്കാൻ മററുള്ളവരെ ക്ഷണിക്കുക; അധികാരപ്പെടുത്തുക. അധികാരപത്രം ഉണ്ടെങ്കിൽ, പ്രത്യക്ഷമായും പരോക്ഷമായും പ്രേഷിതത്വത്തിൽ ഭാഗഭാഗിത്വം സിദ്ധിക്കുന്നു.

അധികാരപത്രം സംഘടനയ്ക്കു നല്കുന്നു. ഓരോ അംഗത്തിനും നല്കേണ്ട ആവശ്യമില്ല. ഈ അധികാരപ്പെടുത്തൽ കൊണ്ടു ഹയരാർക്കിയുടെ അധികാരത്തിൽ ഒരു ഭാഗം സംഘടനയ്ക്കു ലഭിക്കുന്നില്ലെന്നുകൂടി ധരിക്കണം. അധികാരപത്രം സംഘടനയ്ക്കു് അനുവാദവും നിയന്ത്രണവും ഉണ്ടെന്നു കാണിക്കുകയാണു്. ഇതുവഴി അല്മായർ തങ്ങൾക്കു സ്വതന്ത്രമായി അനുഷ്ഠിക്കാമായിരുന്ന പ്രേഷിതപ്രവർത്തനങ്ങൾ പോലും ഹയരാർക്കിയുടെ കീഴിൽ സഭാനാമത്തിൽ നിർവ്വഹിക്കുന്നു. അങ്ങനെ, അവർ സഭയുടെ പരസ്യപ്രേഷിതരായി മാറുന്നു.

2. <u>ഹയരാർക്കിയുടെ നേരിട്ടുള്ള നിയന്ത്രണം:</u> ഒരിക്കൽ അംഗീകാരം കിട്ടിയാൽമാത്രംപോരാ, എപ്പോഴും ഹയരാർക്കിയുടെ കീഴിൽ, നിയന്ത്രണത്തിൽ, വേണം കത്തോലിക്കപ്രവർത്തനസംഘടനകൾ മുന്നോട്ടുപോകുവാൻ. കാരണം, ഹയരാർക്കിയുടെ ഉപകരണങ്ങളത്രേ ഇവ. ഉപകരണമാകട്ടെ, അതുപയോഗിക്കുന്നവൻെറ നിയന്ത്രണത്തിലേ വർത്തിക്കുകയുള്ളല്ലോ. അതിനാൽ, ഹയരാർക്കിയുടെ നീളംവച്ച കരങ്ങൾ (longus manus) എന്നും കത്തോലിക്കപ്രവർത്തനം അറിയപ്പെടുന്നുണ്ടു്. മോൺ. ചിവാർഡി.

(Mgr. Civardi) പറയുന്നു: "കൈയ്കളും ശരീരവുംപോലെ, ശാഖകളും തായ്ത്തടിയുംപോലെ, കത്തോലിക്കപ്രവർത്തനസംഘടനകളും ഹയരാർക്കിയും തമ്മിൽ ഐക്യവും ഒരുമിപ്പും ആവശ്യകമാണ്." 1960-ലെ C. B. C. I. റിപ്പോർട്ടിൽ മോൺ. അംബ്രോസ് തിരുമേനി പറയുകയാണ്: "തിരുസ്സഭാഭരണത്തിന പരിശുദ്ധാത്മാവിനാൽ നിയുക്തരായ മെത്രാന്മാരിൽനിന്ന് അഥവാ ഹയരാർക്കിയിൽനിന്ന നിശ്ചിതാധികാരം അല്മായപ്രേഷിതസംഘടനകൾ സ്വീകരിച്ചിരിക്കണം. ഇപ്രകാരം സംഘടിതവും അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സംഘടന പ്രേഷിതത്വത്തിൽ ഹയരാക്കിയെ ആശ്രയിച്ചു വപ്രത്തിക്കണം. തങ്ങളുടെ പ്രേഷിതപ്രവൎത്തനങ്ങളിൽ ഉത്തരവാദിത്വവും സംഘാംഗങ്ങൾക്കുണ്ട്."* അതിനാൽ, ഹയരാക്കി നിശ്ചയിച്ചിരിക്കുന്ന ഒരു വൈദികൻ സംഘടനയെ നിയന്ത്രിക്കുന്നതിനുണ്ടായിരിക്കണം. സംഘടന അതിൻെറ ലക്ഷ്യത്തിൽനിന്ന വ്യതിചലിക്കാത്തിടത്തോളം അദ്ദേഹം സംഘടനയുടെ ആന്തരികകാര്യങ്ങളിൽ ഇടപെടരുതു്; അംഗങ്ങൾക്കു് ഉപദേശം നല്കാം.

3. <u>സംഘടിതപ്രവൎത്തനം</u>: സംഘടനകളുടെ യുഗമാണിതു്. എന്തിനുമേതിനും പാർട്ടിയും സംഘങ്ങളും സഖ്യങ്ങളുമൊക്കെ ഉണ്ടാക്കി ലക്ഷ്യത്തിലെത്താൻ പരിശ്രമിക്കുന്ന ഒരു ലോകത്തിലാണു നാം ജീവിക്കുക. ശത്രുക്കൾ സംഘടിതമായാണു സഭയെ എതിർക്കുന്നതും. അപ്പോൾ, സഭാംഗങ്ങളുടെ കർമ്മവീര്യവും ശക്തിയും ചിന്നിച്ചിതറി പോകാ

* Mgr. Ambrose, Arch Bishop of Pondicherry. C. B. C. I. Report, 1960. *Section on Lay Apostolate.*

തെ, ഒന്നിച്ചുകൂട്ടി പ്രവഹിപ്പിക്കുക സഭയുടെ ഒരാവശ്യമാണിന്നു്. സംഘടിതപ്രവർത്തനങ്ങൾക്കേ ഇന്നു കാര്യമായി എന്തെങ്കിലും ചെയ്യുവാൻ സാധിക്കൂ. പ്രേഷിതത്വത്തിലും ഈ സംഘടിതപ്രവർത്തനമത്രേ ആവശ്യം. ഏകലക്ഷ്യത്തെ ഉന്നി അധികാരത്തിൻെറകീഴിൽ അല്മായർ സംഘടിച്ചു നടത്തേണ്ട പ്രവർത്തനമാണിതു്. സംഘടനയുടെ ലക്ഷ്യം ഹയരാർക്കിയുടെ ലക്ഷ്യംതന്നെയായിരിക്കണം. വ്യത്യസ്തലക്ഷ്യം പാടില്ല. എന്നാൽ, ലക്ഷ്യം പരിമിതമാകാം. ഒരു മണ്ഡലത്തിൽ ഒതുങ്ങിനിൽക്കത്തക്കവിധം അധികാരികൾ അംഗീകരിച്ച ഒരു ഭരണഘടന ഇതിനുണ്ടായിരിക്കണം. അല്മായരായിരിക്കണം അംഗങ്ങളും ഭാരവാഹികളും. സ്ഥലകാലപരിതസ്ഥിതികളനുസരിച്ചു വ്യത്യസ്തമായ ഘടനയോ സംജ്ഞയോ സംഘടനകൾക്കു നല്കാവുന്നതാണു്. കത്തോലിക്കാപ്രവർത്തനം എന്ന നാമത്തിൽ ഈ സഖ്യങ്ങളെല്ലാം അറിയപ്പെടണമെന്നില്ല. അപ്പോൾ, അംഗീകാരമുള്ള സംഘടനകളിലെ അംഗങ്ങൾ ഒന്നിച്ചുനിന്നു പ്രവർത്തിക്കുനാവമാത്രമേ കത്തോലിക്കാപ്രവർത്തനങ്ങളാവൂ. ഉദാഹരണത്തിനു്, അല്മായസംഘടനയുടെ അംഗമല്ലാത്ത ഒരുവൻ ഇടവകയിലെ വേദപാഠ സ്കൂളിൽ അദ്ധ്യാപനം നടത്തിയാൽ അയാളുടേതു കത്തോലിക്കാപ്രവർത്തനമല്ല; പ്രത്യുത, വിപുലാർത്ഥത്തിൽ അല്മായപ്രേഷിതത്വമാണു്. അതുപോലെ, സംഘടനയിലെ ഒരംഗം സ്വതന്ത്രമായി ഒററപ്പെട്ടുനിന്നുകൊണ്ടു് ഒരു പാവപ്പെട്ടവനു പാർപ്പിടം നല്കിയാൽ അതു കത്തോലിക്കാപ്രവർത്തനമല്ല, അല്മായപ്രേഷിതവൃത്തിയാണു്. അതേപ്രവൃത്തി സംഘടനയിലെ അംഗമെന്നനിലയിൽ സംഘടനാലക്ഷ്യ

പൂർത്തിക്കായി ചെയ്യുമ്പോൾ അതു കത്തോലിക്കപ്രവർത്തനമാവുകയും ചെയ്യും.

ചുരുക്കത്തിൽ, കത്തോലിക്കപ്രവർത്തനത്തിന് അഥവാ നിഷ്കൃഷ്ടാർത്ഥത്തിലുള്ള അല്മായപ്രേഷിതത്വത്തിന് അഞ്ചു സവിശേഷതകൾ ആവശ്യകമാണ്: ഒന്ന്, അല്മായർതന്നെ ചെയ്യുന്ന പ്രവർത്തനം; രണ്ട്, പ്രേഷിതപ്രവർത്തനം; മൂന്ന്, സംഘടിതപ്രവർത്തനം; നാല്, ഹയരാർക്കിയുടെ പ്രേഷിതത്വത്തിൽ സഹകരണം അഥവാ ഭാഗഭാഗിത്വം; അഞ്ച്, ഹയരാർക്കിയിൽനിന്ന് അധികാരപ്പെടുത്ത (mandate)ലും നിയന്ത്രണവും. ഇവയിലേതെങ്കിലും ഒന്നില്ലെങ്കിൽ ആ സംഘടന കത്തോലിക്കപ്രവർത്തനസംഘടനയല്ല.

കത്തോലിക്കപ്രവർത്തനം ഇന്ന്: പരിശുദ്ധ പിതാവ് 11-ാംപീയൂസ് മാർപ്പാപ്പയാണ കത്തോലിക്കപ്രവർത്തനത്തിനു സംഘടനയുടെ രൂപംകൊടുത്തത്. 1922 ഡിസംബർ 23-ാംതീയതിയിലേ തൻെറ ചാക്രികലേഖനത്തിൽ അദ്ദേഹം പറഞ്ഞു: കത്തോലിക്കപ്രവർത്തനം എന്നു വിളിക്കപ്പെടുന്ന ഈ പ്രേഷിതത്വം സഭാജീവിതത്തിന്റെ ഉൾക്കാമ്പിൽകൊണ്ടുനില്ക്കുന്ന ഒന്നാണ്. ഹയരാർക്കിയുടെ തന്നെ ലക്ഷ്യത്തോടുകൂടിയ, ഹയരാർക്കിയുടെ നിയന്ത്രണത്തിൻകീഴിൽ പ്രവർത്തിക്കുന്ന ഒരു അല്മായ പ്രേഷിതവ്യൂഹം ഇന്നത്തെ സാഹചര്യത്തിൽ ആവശ്യകമാണെന്നു മനസ്സിലാക്കി, അതിൻെറ ലക്ഷ്യവും മാർഗ്ഗങ്ങളും സംഘടനാനിയമങ്ങളും അംഗങ്ങളുടെ രൂപീകരണവുമൊക്കെ അദ്ദേഹം വിശദീകരിച്ചു. ഈ സംഘടനയ്ക്കു ചില അധികാരങ്ങളും കല്പിച്ചുകൊടുത്തു. താമസിയാതെ ഇററലി, ജർമ്മനി, ലിത്വാ

നിയാ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങളിൽ ഇതു സ്ഥാപിതമായി. തിരുമേനി പറഞ്ഞു, കത്തോലിക്കപ്രവർത്തനം എൻെറ കണ്ണിലുണ്ണിയാണ് എന്ന്.

പരി. പിതാവ് 12-ാം പീയൂസ് തൻെറ മുൻഗാമിയുടെ ആശയങ്ങൾ മുറുകെപ്പിടിച്ചു പ്രവർത്തിച്ചുവെന്നുതന്നെയല്ല കത്തോലിക്കപ്രവർത്തനത്തെ കൂടുതൽ പൂർണ്ണതയിലെത്തിക്കുകയും ചെയ്തു. ഔദ്യോഗികവും സംഘടിതവുമായ കത്തോലിക്കപ്രവർത്തനത്തിൽപ്പെടാത്ത മററ് അല്മായപ്രേഷിതസംഘടനകളും ഹയരാർക്കിയുടെ അപ്പസ്തോലികപ്രവർത്തനത്തോടു സഹകരിക്കുകയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. "ഇററാലിയൻ കത്തോലിക്കപ്രവർത്തനസംഘടന ഇററാലിയൻകത്തോലിക്കരുടെ പ്രധാന സംഘടനയാണെങ്കിലും സഭാധികാരത്തെ ആശ്രയിച്ചുനില്ക്കുന്ന മററു പല പ്രേഷിതപ്രവർത്തനസംഘടനകളും ഇവിടെയുണ്ട്. ഹയരാർക്കിയുടെ പ്രേഷിതത്വത്തിൻെറ സഹായികളായി ഇവരെയും കരുതുവാൻതക്ക ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും മററും ഇവയിൽ ചിലതിനുണ്ട്." * സഭ മിശിഹായുടെ മൗതികശരീരമാണെന്ന തത്വത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ ചാക്രികലേഖനം 1943-ൽ പുറത്തുവന്നപ്പോഴെയ്ക്കും ഒരോ അല്മായനും ഓരോ അപ്പസ്തോലനാണെന്നുള്ള യാഥാർത്ഥ്യം സ്ഥിരീകൃതമായി. 1951-ലും 1957-ലും നടന്ന അഖിലലോക അല്മായപ്രേഷിത കോൺഗ്രസ്സുകളിൽ തിരുമേനി ചെയ്ത പ്രസംഗങ്ങളും ഈ ആശയത്തെ പുരസ്കരിച്ചായിരുന്നു.

എന്നാൽ, ചില സ്ഥലങ്ങളിൽ അല്മായപ്രേഷിതസംഘടനകളെ കത്തോലിക്കപ്രവർത്തനമായി കരുതുകയുണ്ടാ

---

*Pius XII. to the Leaders of Italian C. A. Sept. 4th, 1940.

യില്ല. കത്തോലിക്കപ്രവത്തനമെന്ന പദമുപയോഗിക്കുവാൻ പലരും പലകാരണങ്ങളാൽ വിമുഖത പ്രദർശിപ്പിച്ചു. പക്ഷെ, ഹയരാർക്കി 'കത്തോലിക്കപ്രവത്തന'മെന്ന നാമധേയമില്ലാത്തതും അതിൻെറ ചട്ടക്കൂട്ടിൽപ്പെടാത്തതുമായ സംഘടനകൾക്ക്, അല്മായപ്രേഷിതത്വത്തിനുള്ള അധികാരപത്രം സാധാരണ നല്കിയതുമില്ല.

പരി. പിതാവ് ഇതിനു പരിഹാരം കണ്ടെത്തി. 'കത്തോലിക്കപ്രവത്തന'മെന്ന നാമം സ്വീകരിച്ചിട്ടില്ലാത്ത അല്മായ സംഘടനകൾക്കും അംഗീകാരം നല്കാൻ ഹയരാർക്കിക്കാവാമെന്നായി. ഓരോ രാജ്യത്തിൻേറയും പ്രത്യേക പരിതസ്ഥിതികൾ കണക്കിലെടുത്തുകൊണ്ടു പ്രത്യേകരൂപത്തിലും നാമത്തിലും കത്തോലിക്കപ്രവത്തനസംഘടനകൾ പ്രത്യക്ഷപ്പെടാം. കത്തോലിക്കപ്രവത്തനമെന്നപേരിൽ അറിയപ്പെടാത്ത അംഗീകൃതസംഘടനകളും കത്തോലിക്കപ്രവത്തനത്തിൽപ്പെടുന്നുവെന്നു സിദ്ധം. ഉദാഹരണമായി, ഇന്ത്യയെപ്പോലുള്ള ഒരു മതേതരരാഷ്ട്രത്തിൽ 'കത്തോലിക്കപ്രവത്തനം' എന്നപേരിൽ ഒരു സംഘടന എന്തു പ്രവർത്തിച്ചാലും, രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കാൻ പണിയെടുത്താലും, മററുള്ളവർ സംഘടനയെ സംശയദൃഷ്ടിയോടെ വീക്ഷിച്ചേക്കാം. കൂടാതെ, ഒരേ രാജ്യത്തിൽതന്നെ പ്രാദേശികമായ പലേ വ്യത്യാസങ്ങളും ഭാഷാദിസ്ഥാനത്തിലുള്ള വേർതിരിവുകളും കാണാം. ഈ പരിതസ്ഥിതികളെ മുന്നിൽകണ്ടുവേണം സംഘടനകളുടെ കർമ്മമണ്ഡലവും നാമവും രൂപവുമൊക്കെ നിശ്ചയിക്കാൻ.

## അല്മായപ്രേഷിതത്വത്തിൻെറ ലക്ഷ്യം:

സഭയുടെ ലക്ഷ്യംതന്നെയാണു സഭാപ്രേഷിതത്വത്തിൽ സഹകരിക്കുന്ന അല്മായപ്രേഷിതത്വത്തിൻേറതും.

"ദൈവപുത്രൻെറ നിരന്തരമനുഷ്യാവതാരമാണല്ലോ സഭ." (Moehler) ലോകത്തിന്റെരക്ഷ-അതാണു മനുഷ്യാവതാരത്തിൻെറ ലക്ഷ്യം. ക്രിസ്തുനാഥൻ ഇതു സഭയെ ഭരമേല്പിച്ചിരിക്കുന്നു. എല്ലാ മനുഷ്യരുടെ രക്ഷയും മനുഷ്യൻ ഉൾപ്പെട്ടുനില്ക്കുന്ന ഭൗതികലോകത്തിന്റെ രക്ഷയും ഈ ലക്ഷ്യത്തിൽപ്പെട്ടുന്നുണ്ട്. ഭൗമികമണ്ഡലവും മനുഷ്യാവതാരത്തിൻെറ പരിധിയിൽപ്പെട്ടുന്നു. മനുഷ്യന്റെ ഉപയോഗത്തിനു സൃഷ്ടിക്കപ്പെട്ട ഈ മണ്ഡലം മനുഷ്യൻ ആദ്ധ്യാത്മികമായി ഉയരുമ്പോൾ താനേ ഉയരുകയും, മനുഷ്യൻ അധഃപതിക്കുമ്പോൾ താനേ അധഃപതിക്കുകയും ചെയ്യുന്നു. അതിനാൽ, മനുഷ്യൻെറ നിത്യരക്ഷയിൽ സ്വാധീനത ചെലുത്തുന്ന, അവൻെറ നിയന്ത്രണത്തിലും അധീനതയിലുമിരിക്കുന്ന എല്ലാ മണ്ഡലത്തിലും ക്രിസ്തുവിൻെറ ദൗത്യം എത്തിക്കുകയാണു്, അഖിലലോകത്തിൻേറയും രക്ഷനേടുകയാണു്, അല്മായപ്രേഷിതത്വത്തിൻെറ പൊതുലക്ഷ്യം. ഒററവാക്കിൽ, ക്രിസ്തുവിലൂടെ എല്ലാം നവീകരിക്കുക. ആദ്യം മനുഷ്യഹൃദയങ്ങളിൽ ക്രിസ്തുവിനെ ജനിപ്പിക്കണം; ക്രിസ്തു അറിയപ്പെടാത്തിടത്തു് അവിടുത്തെ പ്രസംഗിക്കണം; ക്രിസ്തുരാജ്യം വിസ്തൃതമാക്കണം; വ്യക്തികളേയും കുടുംബങ്ങളേയും സമൂഹങ്ങളേയും ജനപദങ്ങളേയും ലോകത്തെ മുഴുവനേയും ക്രിസ്തീയതത്വങ്ങൾവഴി പടിപടിയായി നവീകരിക്കണം. മനുഷ്യനെ വട്ടമിട്ടുനില്ക്കുന്ന എല്ലാമണ്ഡലങ്ങളും അല്മായരുടെ പ്രേഷിതരംഗങ്ങളാണു്.

ആദ്ധ്യാത്മികലക്ഷ്യമാണു പരമപ്രധാനം. അല്മായൻ തൻേറയും മററുള്ളവരുടേയും ആത്മാക്കളെ രക്ഷിക്ക

ണം. അതിന്ന വ്യക്തികളെ യഥാൎത്ഥവിശ്വാസത്തിലും സ്നേ ഹത്തിലും വാൎത്തെടുക്കണം; ലോകത്തിന്റെ പ്രകാശനാളങ്ങ ളാക്കി മാററണം. മലീമസമാകുന്ന കുടുംബാന്തരീക്ഷത്തെ വി ശുദ്ധീകരിച്ചെടുത്തു കുടുംബങ്ങളെ ക്രിസ്തുവിൻെറ വാസസ്ഥ ലങ്ങളാക്കുക; ക്രൈസ്തവതത്വങ്ങളിൽ അധിഷ്ഠിതമായ വൈ വാഹികജീവിതത്തെ സുസ്ഥിരമാക്കുക. ആത്മാവിൻെറ വി ല അനൎഘമാണു്. അതിൻെറ രക്ഷ സാധിക്കുകയാണു മ റെറല്ലാം നഷ്ടപ്പെട്ടാലും അഭികാമ്യം. പ്രത്യക്ഷമായോ പ രോക്ഷമായോ ആദ്ധ്യാത്മികലക്ഷ്യത്തിനുവേണ്ടി പണിയെ ടുത്തേ പററൂ. ദൈവമഹത്വം, ആത്മരക്ഷ, നന്മതിന്മവിവേ ചനം, ദൈവികവും പ്രകൃതിക്കടുത്തതുമായ നിയമങ്ങളുടെ അ നുസരണം തുടങ്ങിയവയെച്ചൊല്ലി എവിടെയെല്ലാം പ്രശ്നങ്ങ ൾ ഉദിക്കുന്നുവോ അവിടെയെല്ലാം കത്തോലിക്കപ്രവൎത്തനം കടന്നുചെല്ലണം. ആദ്ധ്യാത്മികലക്ഷ്യത്തിൽ നേരിട്ട് (dire-ctly) എന്തൊക്കെ ഉൾപ്പെടുമെന്നു പരി. പിതാവ് 12-ാം പീയൂസ് പറഞ്ഞിട്ടുണ്ടു്: ഒന്നു്, ആധുനികയുഗത്തിൻെറ ആവശ്യങ്ങളനുസരിച്ചു് തീഷ്ണതയുള്ള വിശ്വാസികളെ വാ ൎത്തെടുക്കുക. രണ്ടു്, സഭയിൽ പ്രവേശിക്കുവാൻ വിമുഖത പ്രദർശിപ്പിക്കുന്ന അനാഗതക്കു വിശ്വാസദീപം കൊളു ത്തിക്കൊടുത്തുകൊണ്ടു് അവരെ സഭാമന്ദിരത്തിലേക്കാനയി ക്കുക. മൂന്നു്, സഭയിൽനിന്നോ മതവിശ്വാസത്തിൽനിന്നു പോലുമോ പിരിഞ്ഞുപോയ ധൂൎത്തപുത്രരെ തേടിപിടിച്ചു തിരികെ കൊണ്ടുവരിക.

പ്രത്യക്ഷമായോ പരോക്ഷമായോ ലക്ഷ്യം പ്രാപിക്ക ണമെന്നു പറഞ്ഞല്ലോ. കാരണം സ്പഷ്ടമാണു്. മനുഷ്യൻ ആ

ത്മശരീരങ്ങളോടുകൂടിയവനാകയാൽ അവന്റെ എല്ലാവ്യാപാരങ്ങളിലും ശരീരത്തിൻേറയും ആത്മാവിൻേറയും സ്വാധീനത തെളിഞ്ഞുകാണാം. ആദ്ധ്യാത്മികരംഗത്തേ പ്രവർത്തനങ്ങളിലും ശരീരത്തിനു പ്രേരണാശക്തിയുണ്ട്; ശരീരത്തിനടുത്ത പ്രവർത്തനങ്ങളിൽ ആത്മാവിനും. എങ്കിലും, ആത്മാവിനും ശരീരത്തിനും സ്വകീയങ്ങളായ രണ്ടു വ്യത്യസ്തമണ്ഡലങ്ങൾ വിവേചിക്കുക അസാദ്ധ്യമാണ്. ആദ്യത്തേതിൽ പ്രത്യക്ഷലക്ഷ്യവും പ്രവർത്തനോപാധികളും തികച്ചും ആത്മസംബന്ധിയായിരിക്കും. അതു് സ്വഭാവാതീതലക്ഷ്യത്തോടും സ്വഭാവാതീതമാർഗ്ഗങ്ങളോടുംകൂടെ പ്രവർത്തിക്കുന്നു. ജ്ഞാനസ്നാനം നല്കുക, മതാദ്ധ്യപനം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നിർവ്വഹിക്കുമ്പോൾ പ്രത്യക്ഷമായ ആദ്ധ്യാത്മികലക്ഷ്യമാണു നേടുക.

സ്വാഭാവികമാർഗ്ഗങ്ങൾവഴി ഭൗമികലക്ഷ്യത്തെ പ്രത്യക്ഷമായും ആദ്ധ്യാത്മികലക്ഷ്യത്തെ പരോക്ഷമായും ഉന്നംവച്ചു പ്രവർത്തിക്കുമ്പോൾ, പരോക്ഷമായി മാത്രമേ അല്മായപ്രേഷിതത്വത്തിൻെറ ലക്ഷ്യത്തിലെത്തുന്നുള്ളു. അല്മായപ്രേഷിതത്വത്തിൻെറ ലക്ഷ്യത്തെ മുന്നിൽകണ്ടുകൊണ്ടല്ലെങ്കിലും, രാഷ്ട്രീയം, സാമൂഹികം ശാസ്ത്രീയം, ബൗദ്ധികം, കലാപരം, സാഹിത്യപരം, മുദ്രണം തുടങ്ങി മനുഷ്യൻെറ അനുദിനജീവിതത്തിൽ തൊട്ടുകൊണ്ടുനില്ക്കുന്ന, അവനിൽ വലുതായ സ്വാധീനത ചെലുത്തുന്ന മണ്ഡലങ്ങളിൽ ക്രിസ്തീയതത്വങ്ങളുടെ അടിസ്ഥാനത്തിൽമാത്രം അല്മായർ പണിയെടുക്കുമ്പോൾ, പ്രത്യക്ഷമായി ഭൗതികലക്ഷ്യവും, പരോക്ഷമായി ആദ്ധ്യാത്മികലക്ഷ്യവും പ്രാപിക്കുകയാണു ചെയ്യുക. ആ

ദ്ധ്യാത്മികലക്ഷ്യം എത്രത്തോളം പ്രാപിച്ചെന്നു നിർണ്ണയിക്കുക ആക്കംസാദ്ധ്യമല്ലെന്നുമാത്രം. ഉദാഹരണംകൊണ്ടു വിശദമാക്കാം. ക്രൈസ്തവസാമൂഹികസിദ്ധാന്തങ്ങൾവഴി സാമൂഹികമണ്ഡലത്തിലേ ജീവൽപ്രശ്നങ്ങൾ (തൊഴിലാളിമുതലാളിബന്ധം, ജീവനക്കൂലി തുടങ്ങിയവ) കൈകാര്യം ചെയ്യുക. കത്തോലിക്കത്തൊഴിലാളിക്കു തൊഴിലാളികളുടെ ഇടയിലും, കത്തോലിക്കമുതലാളിക്കു മുതലാളികളുടെ ഇടയിലും ഇതിന്നായി പ്രവർത്തിക്കാൻ സാധിക്കും. തിന്മയിലേക്കു ചാഞ്ഞുകൊണ്ടിരിക്കുന്ന പ്രസ്സ്, കലാവേദി, സാഹിത്യരംഗം, താത്വികമണ്ഡലം തുടങ്ങിയവയിൽ കയറിപ്പററി ലേഖനങ്ങളിലൂടെയോ നടനങ്ങളിലൂടെയോ നിയന്ത്രണംവഴിയോ ക്രൈസ്തവതത്വങ്ങൾ പ്രായോഗികമാക്കുവാൻ അല്മായനു സാധിക്കും. കുട്ടികൾക്കു യഥാർത്ഥവിദ്യാഭ്യാസം നല്കി അവരെ ദൈവത്തിനും രാജ്യത്തിനുംവേണ്ടി വളർത്തിക്കൊണ്ടുവരുവാൻ മാതാപിതാക്കന്മാക്കും അദ്ധ്യാപകന്മാക്കും വേണ്ടത്ര സൗകര്യമുണ്ടല്ലോ. ഇങ്ങനെ, ഒരുവൻ അറിഞ്ഞോ അറിയാതെയോ ക്രിസ്തുവിനെ മററുള്ളവർക്കു നല്കുമ്പോൾ, അവൻ പരോക്ഷമായി പ്രേഷിതത്വത്തിൻെറ ലക്ഷ്യത്തിലെത്തിക്കഴിഞ്ഞു. പ്രവൃത്തിയുടെ ലക്ഷ്യം പ്രത്യക്ഷത്തിൽ ഭൗമികമായാലും, പ്രവർത്തകൻെറ പ്രഥമലക്ഷ്യം എപ്പോഴും ആദ്ധ്യാത്മികമായിരിക്കണം. മനുഷ്യനിൽ അവിഭക്തമായ ഏകതാനതയുള്ളതിനാൽ, അവൻെറ പ്രവൎത്തനങ്ങൾക്കും ആന്തരികവും മൗലികവുമായ ഐകരൂപ്യമുണ്ട്.

സംഘടിതമായ അല്മായപ്രേഷിതത്വത്തിന് ഒരു പ്രത്യേകതയുണ്ട്, ലക്ഷ്യത്തെസംബന്ധിച്ചിടത്തോളം. പൊ

തുലക്ഷ്യം - മനുഷ്യരക്ഷ - എല്ലാസംഘടനകളുടേതും ഒന്നുതന്നെ. എന്നാൽ, ഓരോ സംഘടനയ്ക്കും പ്രത്യേകംപ്രത്യേകം പ്രവർത്തനമണ്ഡലവും ലക്ഷ്യവുംകാണും.

രണ്ടു കാര്യങ്ങൾ: സ്വാതന്ത്ര്യത്തിൽനിന്നുറവെടുക്കുന്ന ചില പ്രവണതകൾ അല്മായപ്രേഷിതത്വത്തിന്റെ പ്രധാനലക്ഷ്യത്തെ തെററായി ചിത്രീകരിക്കുവാൻ കാരണമായേക്കാം. സഭയുടെ പ്രകൃത്യതീതലക്ഷ്യത്തിൽനിന്ന ഭൗതികലക്ഷ്യത്തിലേയ്ക്കു് പ്രേഷിതത്വത്തെ കൊണ്ടുവരുവാൻ ശ്രമിക്കുന്നതു് അപല്ക്കരമാണു്. സഭാശക്തിയെ സ്വാതന്ത്ര്യാല്പര്യങ്ങൾക്കുപയോഗപ്പെടുത്തുന്നതു തെററുതന്നെ. അതിനാൽ, അല്മായപ്രേഷിതത്വത്തിൽ ശ്രദ്ധിക്കേണ്ട രണ്ടു കാര്യങ്ങളുണ്ടു്: ഒന്നു്, സഭയുടെ ലക്ഷ്യത്തെ വ്യതിചലിപ്പിക്കാതിരിക്കുക; രണ്ടു്, ഹയരാർക്കിയുടെ ഉപകരണമാണു് അല്മായപ്രേഷിതത്വം എന്ന ചിന്ത കൈവെടിയാതിരിക്കുക.

ഇന്നത്തെ സാഹചര്യത്തിൽ പ്രഥമലക്ഷ്യം സാമൂഹികപരിത്രാണമാണെന്നു വാദിക്കുന്നവരുണ്ടു്. ഇക്കൂട്ടരോടു കർദ്ദിനാൾ മൊൺടീനി പറയുന്നു: "... ആദ്ധ്യാത്മികാവശ്യങ്ങളെക്കാൾ ഭൗതികമായവയ്ക്കു്, പ്രകൃത്യതീതമാർഗ്ഗങ്ങളെക്കാൾ മാനുഷികമാർഗ്ഗങ്ങൾക്കു്, മതാത്മകപരിത്രാണത്തെക്കാൾ സാമ്പത്തികരക്ഷയ്ക്കു്, ധാർമ്മികപരിഷ്ക്കരണത്തെക്കാൾ സാമൂഹികപരിഷ്ക്കരണത്തിനു മുൻഗണന നല്കുന്നതു് അബദ്ധമാണു്...."*

വേറൊരു കൂട്ടർ വാദിക്കുന്നു: അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ഇന്നത്തെ പരിതസ്ഥിതി ക്രൈസ്തവീകരണം

---

* Laymen in the Church. *Texts of the 2nd World Congress for the Lay Apostolate* 1957, vol. *I*, *P*. 80

വിഷമകരമാക്കുന്നു. അതിനാൽ, ആദ്യം ഇന്നത്തെ ന്യൂലാ മാല പിടിച്ച സാമ്പത്തിക പരിതസ്ഥിതികളിൽനിന്നു വിമോചനംനേടുക; പിന്നീട് സുവിശേഷപ്രചാരണംനടത്തുക. Montchard തുടങ്ങിയവരുടെ ഈ തെററായ ചിന്താഗതിക്കു മോൺ. സുവെൻസ് Mgr. Suenens പ്രതിവിധി കുറിക്കുകയാണ്: "ക്രൈസ്തവസിദ്ധാന്തങ്ങളിൽനിന്നു ഭിന്നമായ മാർഗ്ഗങ്ങളിലൂടെ ആധുനികപ്രശ്നങ്ങൾക്കു പരിഹാരം നേടുക അസാദ്ധ്യമത്രേ; ക്രൈസ്തവതത്വങ്ങൾവഴി പ്രശ്നപരിഹാരവും സുവിശേഷപ്രചാരണവും ഒരുമിച്ചു പോകണം." അതിനാൽ, സഭയുടെ ഹയരാർക്കി നിശ്ചയിക്കുന്ന ലക്ഷ്യത്തിൽനിന്നു സംഘടന വ്യതിചലിക്കരുത്. ഹയരാർക്കിയുടെ നിയന്ത്രണത്തെ മാനിക്കുക; അതിനു കീഴ്വഴങ്ങുക.

പോണ്ടിച്ചേരി മെത്രാപ്പോലീത്ത, മാർ അംബ്രോസ് തിരുമേനി പ്രസ്താവിക്കുന്നു:[1] "സഭയുടെ പ്രേഷിതത്വത്തിൽപ്പെട്ട എല്ലാ മണ്ഡലവും അല്മായപ്രേഷിതത്വത്തിൻേറയും പരിധിയിൽപ്പെടുന്നു. ഒന്നിൻെറ ലക്ഷ്യം മറേറതിൽനിന്നു വേർതിരിക്കുക സാദ്ധ്യമല്ല. വ്യക്തികളേയും കുടുംബങ്ങളേയും സാമൂഹികപരിതസ്ഥിതികളേയും രാഷ്ട്രത്തെത്തന്നേയും ക്രൈസ്തവീകരിക്കുന്നതിനോ, കൂടുതൽ ക്രൈസ്തവീകരിക്കുന്നതിനോ ... ആവശ്യമുള്ള എല്ലാത്തിനേയും അല്മായപ്രേഷിതത്വം സ്പർശിക്കുന്നുണ്ട്. മററു സംഘടനകൾ പോലെ, ഒരു പ്രത്യേകപരിധിയിൽ ഉൾപ്പെട്ടുനിൽക്കുന്ന പ്രവർത്തനമല്ല ഇതിനുള്ളത്. ഏതെങ്കിലും പ്രേഷിതപ്രവ

1. Report of the meetings of the Working and Standing Committee of *Catholic Bishops' Conference of India*, 1960 pp. 84-85.

ത്തനത്തിലേക്കു് എടുത്തുപയോഗിക്കാവുന്ന, ഹയരാർക്കി യുടെ കൈവശമിരിക്കുന്ന, ഒരു ഉപകരണമാണിതു്.,.. ഇതി ൻെറ ലക്ഷ്യം മതാത്മകജീവിതത്തിൻെറ വികസനമോ വർദ്ധനമോ ആകാം; കുടുംബങ്ങളുടെ ക്രൈസ്തവീകരണമോ സംസ്കാരത്തിൻെറ പ്രചാരണമോ സഭയുടെ അവകാശങ്ങ ളുടേയും സ്വാതന്ത്ര്യത്തിൻേറയും പരിരക്ഷണമോ ആകാം. കൂടാതെ, അദ്ധ്യാപനരംഗത്തിലെ സഹകരണം, സൽഗ്രന്ഥ പ്രചരണം, പ്രവൎത്തനങ്ങളുടെ ധാർമ്മികാവിഷ്ക്കരണം, സാമൂഹികപ്രശ്നങ്ങൾക്കു ക്രിസ്തീയപരിഹാരം, രാഷ്ട്രീയ ജീവിതത്തിലെ ക്രിസ്തീയാവിഷ്ക്കരണം ഇങ്ങനെ പലതും അല്മായപ്രേഷിതത്വത്തിൽ ഉൾപ്പെടാം."

ഇപ്പറഞ്ഞതിൽനിന്നു മനുഷ്യൻെറ ഭൗതികോന്നമനത്തെ അല്മായപ്രേഷിതത്വം ഇടിച്ചുതാഴ്ത്തുന്നു എന്നു് അർത്ഥമാക്കേണ്ടതില്ല. ആദ്ധ്യാത്മികോദ്ധാരണത്തിനൊപ്പം ഭൗതികമായ അഭിവൃദ്ധിക്കും, സുഖസൗകര്യാദികൾക്കും വേണ്ടി പ്രവൎത്തിക്കാവുന്നതാണു്. 'ആരോഗ്യവത്തായ ശരീരത്തിൽ, ആരോഗ്യവത്തായ ആത്മാവു്' എന്നാണല്ലോ പഴമൊഴി.

---

# അഞ്ചാമദ്ധ്യായം

## അല്മായപ്രേഷിതത്വവും വൈദികന്മാരും

സംഘടിതമായ അല്മായപ്രേഷിതത്വം ഹയരാർക്കിയുടെ കീഴിലാണല്ലോ പ്രവർത്തിക്കുന്നതു്. രൂപതാദ്ധ്യക്ഷൻ, കത്തോലിക്കപ്രവർത്തനസംഘടനകളെ കാത്തുകൊണ്ടുപോകുവാൻ സാധാരണ ഇടവകവൈദികന്മാരെയാണു നിശ്ചയിക്കുക. എങ്കിൽ, ഈ സംഘടനകളോടു വൈദികന്മാരുടെ പ്രത്യേകിച്ചും ഇടവകവികാരിമാരുടെ മനോഭാവം എന്തായിരിക്കണം? സഹകരണം എന്തായിരിക്കണം? മൂന്നു കാര്യങ്ങൾ വൈദികന്മാർ ശ്രദ്ധിക്കണമെന്നു ഫാദർ ഡെസ്മോൺഡ്ഡി അബ്രെയോ S. J. പറയുന്നു: ഒന്നു്, അല്മായർ ചെയ്യേണ്ട ജോലി വൈദികൻ ചെയ്യാതിരിക്കുക. രണ്ടു്, അല്മായരെ അവരുടെ പ്രവർത്തനങ്ങൾ ചെയ്യാൻ അനുവദിക്കുക. (അവരുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടാതിരിക്കുക.) മൂന്നു്, അല്മായരെ പ്രേഷിതപ്രവർത്തനം നടത്തുന്നതിൽ സഹായിച്ചു നിയന്ത്രിക്കുക.

ഹയരാർക്കിയാൽ നിശ്ചയിക്കപ്പെട്ട ഔദ്യോഗികോപദേഷ്ടാവു് എന്ന നിലമാത്രമാണു വൈദികനു സംഘടനയിൽ ഉള്ളതു്. വളരെ ഉത്തരവാദിത്വമേറിയ ജോലിയാണിതു്. അല്മായർ തങ്ങളുടെ ഇഷ്ടംപോലെ എന്തും ചെയ്തുകൊള്ളട്ടെ എന്ന മനോഭാവത്തോടെ കൈയുംകെട്ടി ഇരിക്കുക അദ്ദേഹത്തിനു് ഉചിതമല്ല. വിശ്വാസവും സന്മാ

ശ്ച്യവും സംബന്ധിക്കുന്ന തത്വങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടു സംഘടനയെ നയിക്കുകയും ഹയരാർക്കി നിർദ്ദേശിച്ചിരിക്കുന്ന ലക്ഷ്യം സംഘടന പ്രാവർത്തികമാക്കുന്നുണ്ടോ എന്നു നോക്കിക്കാണുകയും സംഘടനയുടെ ജീവനാഡിയായി വത്തിക്കുകയും ചെയ്യണം വൈദികൻ. സംഘടനയുടെ ആഭ്യന്തര കാര്യങ്ങളിൽ, അംഗങ്ങൾ ആവശ്യപ്പെടാത്തപക്ഷം, കയറി പ്രവർത്തിക്കരുതു്. അഥവാ, പ്രവത്തിക്കണമെങ്കിൽ അധികാരസ്ഥാനങ്ങളിൽനിന്നു പ്രത്യേക നിർദ്ദേശം വാങ്ങിയിരിക്കണം. അംഗങ്ങളുടെ ആദ്ധ്യാത്മികകാര്യങ്ങൾ നടത്തുവാൻ അദ്ദേഹം കടപ്പെട്ടവനാണു്. ഇതിന്നർത്ഥം, അദ്ദേഹംമാത്രം അവരുടെ കുമ്പസാരക്കാരനോ അദ്ധ്യാത്മിക പിതാവോ ആയിരിക്കണമെന്നല്ല. പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം, കത്തോലിക്കപ്രവർത്തനസംഘടനകളുടെ ചാപ്ളിൻ ഓരോ അംഗത്തിന്റേയും കുമ്പസാരക്കാരനും ആദ്ധ്യാത്മികപിതാവും ആകാതിരിക്കുകയാണു നല്ലതു്. ആകുന്നതിൽ തെററില്ല. തീക്ഷ്ണമായ ആദ്ധ്യാത്മികജീവിതം നയിക്കുവാൻ കൂടെക്കൂടെ അംഗങ്ങളെ ഉപദേശിക്കുകയും അവരുടെ തെററുകൾ തിരുത്തുകയും വഴക്കുകൾ പറഞ്ഞൊതുക്കുകയും വേണ്ടവിധം നയിക്കുകയുമാണു് അദ്ദേഹം പ്രധാനമായും ചെയ്യേണ്ടതു്.

ഔദ്യോഗികോപദേഷ്ടാവെന്നനിലവിട്ടു്, വൈദികൻ തന്റെ അധികാരം ബലാൽ ഉപയോഗിക്കുന്നെങ്കിൽ, സംഘടനയുടെ ഉത്തരവാദിത്വം ഏറെറടുക്കുന്നെങ്കിൽ, ആ സംഘടന അല്മായപ്രേഷിതസംഘടനയല്ലതന്നെ. ഇതിൽനിന്നു വൈദികന്റെ സ്ഥാനം നിഷ്ക്രിയാത്മകവും

(passive) നിഷേധാത്മകവു (negative) മാണെന്നു ധരിക്കരുതു്. അല്മായനേതാക്കളുടെ നടുനായകനാണദ്ദേഹം. തന്റെ ചുററുമുള്ളവരിൽ നന്മയായുള്ളതു സകലതുമെടുത്തുകാണിച്ചു് അവരെ അവരുടേതായ മണ്ഡലങ്ങളെ പുളിപ്പിക്കുന്ന പുളിമാവാക്കിത്തീർക്കേണ്ട ചുമതല വൈദികന്റേതാണ്. പ്രേഷിതരെ വാർത്തെടുക്കേണ്ട മറെറാരു ക്രിസ്തുവാണദ്ദേഹം. വൈദികൻ എങ്ങനെ അവരെ രൂപപ്പെടുത്തുമോ അങ്ങനെയായിരിക്കും അവരുടെ പ്രവർത്തനങ്ങളുടെ ഭാവിയും. അതു എളുപ്പമുള്ള കാര്യമല്ല; യഥാർത്ഥപ്രേഷിതരെ കരുപ്പിടിക്കുകയെന്നതു്. പക്ഷേ, വിഷമതകളുടെമുമ്പിൽ നഷ്ടധൈര്യനാകാതെ, ക്രിസ്തുവിനുവേണ്ടി ലോകത്തെ ജയിച്ചടക്കുവാൻ ഒരു പ്രേഷിതവ്യൂഹത്തെ വൈദികൻ പരിശീലിപ്പിച്ചെടുത്തേ മതിയാവൂ.

ഇതിനു പ്രത്യേകപരിശീലനം ആവശ്യകമാണ്. ഭാവിജീവിതത്തെ മുന്നിൽകണ്ടുകൊണ്ടു സെമ്മിനാരിയിൽവച്ചുതന്നെ വൈദികവിദ്യാർത്ഥികൾ ഈ ക്ലേശകരമായ ജോലിക്കു തയ്യാറെടുക്കണം. വൈദികനായതിനുശേഷം അതിനു സമയവും സൗകര്യവും ലഭിക്കുക എളുപ്പമല്ലല്ലോ. പ്രായോഗികജീവിതത്തിൽനിന്നുള്ള പരിചയമേ പിന്നീടു കൂട്ടതലായി പ്രതീക്ഷിക്കേണ്ടതുള്ളൂ. തന്റെ ദൈവവിളിയുടെ പ്രകൃതിയെ നന്നായറിയുന്ന വൈദികൻ പിന്നീടും ഈ വിഷയത്തെപ്പററി പഠിച്ചുകൊണ്ടിരിക്കണം. പണ്ടു പഠിച്ചവ പരിതസ്ഥിതികൾക്കും സ്ഥലകാലത്തിനും അനുയോജ്യമായി എടുത്തുപ്രയോഗിക്കണം. ആദ്യം പഠിക്കുക. പിന്നീടു പഠിപ്പിക്കുക. ബലവത്തായ അടിത്തറയിൽ ഉയർത്തിയ ആന്തരിക ജീവിതവും

വിജ്ഞാനവും ഉള്ളവനായിരിക്കണം കത്തോലിക്കപ്രവത്തന സംഘടനയുടെ ഉപദേഷ്ടാവ്. മോൺ. കാർഡൈൻ (Mgr. Cardigin) പറഞ്ഞതുപോലെ ഇന്നത്തേയുദ്ധം യുവതലമുറയ്ക്കുവേണ്ടിയാണ്. അവിടെ പയററിനേടുന്നതിനു പററിയ ഡോക്ടർമാരേയും അഭിഭാഷകരേയും അദ്ധ്യാപകരേയും തൊഴിലാളികളേയുമെല്ലാം സഹപ്രവത്തകരായി കിട്ടാൻപോരുന്ന പരിശീലനം വൈദികനു ലഭിച്ചിരിക്കണം. "കത്തോലിക്കപ്രവത്തനത്തിൻെറ ഭാവി എല്ലാരാജ്യങ്ങളിലും വൈദികന്മാരെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ, അവർ തങ്ങളുടെ പരിശുദ്ധമായ വേലയുടെ ഒരുഭാഗമായ ഈ പ്രേഷിതത്വത്തിൻെറ സിദ്ധാന്തവും പ്രയോഗവും നന്നായി ഗ്രഹിച്ചിരിക്കണം."*

ഔദ്യോഗികോപദേഷ്ടാവിൽ ഉണ്ടായിരിക്കേണ്ട ഗുണങ്ങളുടെ ഇവിടെ സൂചിപ്പിക്കട്ടെ: സുവിശേഷപ്രോക്തമായ വിശുദ്ധി, ദൈവശാസ്ത്രജ്ഞാനം, പൊതുസംസ്കാരം, സാമൂഹികമണ്ഡലത്തിൽ കാര്യക്ഷമത, മനഃശാസ്ത്രപരമായ നിരീക്ഷണപാടവം. ഇവയിൽ ഒന്നാംസ്ഥാനം വിശുദ്ധിക്കാണെന്നു പറയേണ്ടതില്ലല്ലോ. ക്രിസ്തുവിനെ ജീവിതത്തിൽ പകത്തിക്കാണിക്കുന്ന വൈദികന്മാരിൽ അല്മായർ ക്രിസ്തുവിനെ ദശിക്കും. വിശുദ്ധിയെ നികത്തുവാൻ മറെറാരുഗുണത്തിനും സാദ്ധ്യമല്ല. വിശ്വാസത്തിൻേറയും ഉപവിയുടേയും ആന്തരികജീവനിൽനിന്നു പുറപ്പെടുന്ന പ്രവത്തനമായിരിക്കണം വൈദികൻേറതു്. ക്രിസ്തുവിൽനിന്നു പ്രസരിച്ച ശക്തിയുടെ ഒരംശമെങ്കിലും വൈദികനിൽനിന്നു പുറപ്പെടണം.

---

* Pius XI, to the Hierarchy of the Philippines, Jan. 18th 1939.

അല്മായരാകട്ടെ, പിതാവിനെയോ സഹോദരനെയോ പോലെ അദ്ദേഹത്തെ കരുതി സ്നേഹിക്കണം; അനുസരിക്കണം. അദ്ദേഹത്തെ ഒന്നിലും നിരുത്സാഹപ്പെടുത്തുകയോ വിഷമിപ്പിക്കുകയോ അരുത്. കെട്ടുപിണഞ്ഞ പ്രശ്നങ്ങളുണ്ടാകുമ്പോഴും അദ്ദേഹത്തിൻെറമുമ്പിൽ കൊണ്ടുവന്നു അവയ്ക്കു പരിഹാരംനേടുവാൻ ശ്രമിക്കണം.

ചുരുക്കത്തിൽ, വൈദികന്മാരും അല്മായരും തങ്ങളുടേതായ പരിധിവിട്ടു കയറിപ്രവത്തിക്കാതിരിക്കണം. സംഘടനയുടെ ആരംഭദശയിൽ വൈദികനു ഭാരമേറിയ ജോലി കണ്ടേക്കാം; കൂടുതൽ ഇടപെടേണ്ടിവന്നേക്കാം. അപ്പോഴൊക്കെ അദ്ദേഹത്തിൻെറ ഓമ്മയിലിരിക്കട്ടെ, താൻ സംഘടനയുടെ നിയന്താവുമാത്രമാണെന്ന്; അംഗങ്ങളുടെ ആദ്ധ്യാത്മികമായ ഉന്നതിയാണു തന്നിൽനിന്ന് എല്ലാവരും പ്രത്യേകിച്ച്, സഭ ആവശ്യപ്പെടുന്നതെന്ന്. അല്മായരും മനസ്സിലാക്കണം, സഭാധികാരത്തിനു വിധേയമായിമാത്രമേ സംഘടന പ്രവത്തിക്കാവൂ എന്ന്.

# ആറാമദ്ധ്യായം

## അല്മായപ്രേഷിതത്വവും രാഷ്ട്രീയവും

വിഭിന്നലക്ഷ്യങ്ങളെ ഉന്നംവയ്ക്കുന്ന പരമാധികാരമുള്ള പരിപൂർണ്ണസംഘടനകളാണു സഭയും രാഷ്ട്രവും. ഒന്നിന്റേതു് ആദ്ധ്യാത്മികവും മറേറതിന്റേതു ഭൗതികവുമാണു ലക്ഷ്യം. മനുഷ്യനു രണ്ടും ആവശ്യകമാണു്. ഒരു വ്യക്തി തന്നെ ഒരേ സമയം രണ്ടിന്റെയും അംഗമാണു്. സഭ ഒരിക്കലും രാഷ്ട്രത്തിനെതിരല്ല. ഭൗതികസുഖം നേടുവാൻ അവരം അംഗങ്ങളെ അനുവദിക്കുന്നുണ്ടു്. രാഷ്ട്രഭരണത്തിൽ പൗരനെന്ന നിലയിൽ പങ്കെടുക്കുവാൻ സഭ അല്മായനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, അല്മായപ്രേഷിതസംഘടനയിലെ അംഗങ്ങൾക്കു രാഷ്ട്രീയത്തിൽ പങ്കെടുക്കാമോ? അതാണിവിടത്തെ പ്രശ്നം.

രാഷ്ട്രത്തെസ്സംബന്ധിക്കുന്ന ചില അധികാരങ്ങൾ സഭയ്ക്കുമുണ്ടു്. പക്ഷേ, ഇവ നേരിട്ടുള്ളതല്ല; പരോക്ഷമാകുന്നു. മതത്തേയും സന്മാർഗ്ഗത്തേയും (പൊതുവിൽ ആദ്ധ്യാത്മികമായവയെ) സ്പർശിക്കുമ്പോൾ സഭ ഈ അധികാരങ്ങൾ ഉപയോഗിക്കും. വിവാഹം, കുടുംബം, വിദ്യാഭ്യാസം, സ്വകാര്യസ്വത്തുടമ തുടങ്ങി സഭയ്ക്കും രാഷ്ട്രത്തിനും ഒരുപോലെ അവകാശാധികാരങ്ങളുള്ള സമ്മിശ്രകാര്യങ്ങളിൽ സഭയുടെ അവകാശാധികാരങ്ങളെ സമാദരിച്ചു നിയമം നടപ്പിലാക്കേണ്ട ചുമതല രാഷ്ട്രത്തിനുണ്ടു്. മത

ത്തിന്റേയും സന്മാർഗ്ഗത്തിന്റേയും കാവൽക്കാരി എന്ന നിലയിൽ സഭയ്ക്കു് അവകാശമുണ്ടു്, ഈവക കാര്യങ്ങളിൽ സ്വാഭാവികനിയമങ്ങൾക്കും ക്രിസ്തീയതത്വങ്ങൾക്കും എതിരില്ലാത്ത നിയമങ്ങളാണോ നടപ്പിലാക്കുന്നതെന്നു പരിശോധിക്കുവാൻ. അവളുടെ തത്വങ്ങൾ നിഷേധിച്ചുകൊണ്ടുള്ള രാഷ്ട്രത്തിന്റെ നിയമങ്ങളെ വെല്ലുവിളിക്കുവാനും സഭയ്ക്കു സ്വാതന്ത്ര്യവും അവകാശവും അധികാരവുമുണ്ടു്.

മതത്തേയും സന്മാർഗ്ഗത്തേയും സ്പർശിക്കാത്ത മററു മണ്ഡലങ്ങളിൽ സഭ തലയിടരുതു്. ഉദാഹരണമായി, ഏകാധിപത്യഭരണം വേണമോ, ജനാധിപത്യഭരണം വേണമോ അന്താരാഷ്ട്രീയബന്ധത്തിൽ രാഷ്ട്രത്തിന്റെ നിലപാട് എങ്ങിനെയായിരിക്കണം തുടങ്ങിയ കാര്യങ്ങളിൽ സഭ കയറി പ്രവത്തിക്കുന്നില്ല. എന്നാൽ, മതത്തേയും ധാർമ്മികമൂല്യത്തേയും മാനിക്കാത്ത തത്വസംഹിതയിൽ കെട്ടിപ്പടുത്ത പാർട്ടിവേണമോ, അവയെ മാനിയ്ക്കുന്ന പാർട്ടി ഭരിക്കണമോ എന്നീ പ്രശ്നങ്ങൾ അവളുടെ മണ്ഡലത്തേയും ബാധിക്കുന്നതിനാൽ രീതിയായും അതിലിടപെടുവാൻ അവൾക്കവകാശമുണ്ടു്. എന്നാൽ, സഭയോടെതിരല്ലാത്ത പാർട്ടികളിൽ ഏതിലെങ്കിലും ചേന്നു പ്രവത്തിക്കുവാൻ അവളുടെ അംഗങ്ങൾ പൂണ്ണസ്വാതന്ത്ര്യരാണ്. പുരോഹിതന്മാർക്കും സ്വകാര്യവ്യക്തിയെന്നനിലയിൽ ഏതെങ്കിലും പാർട്ടിയെ അനുകൂലിക്കാം.

ഈ തത്വം തന്നെയാണു കത്തോലിക്കപ്രവത്തനസംഘങ്ങളും അനുസരിക്കേണ്ടതു്. മതവിശ്വാസവും സന്മാർഗ്ഗവുമായി ബന്ധമില്ലാത്ത വെറും രാഷ്ട്രീയപ്രശ്നങ്ങളിൽ നിന്നു് ഈ സംഘടനകൾ അകന്നുനില്ക്കണം. സംഘാത

പ്രവൎത്തനങ്ങൾവഴി ഒരു പാർട്ടിയേയും സഹായിച്ചുകൂടാ. പാർട്ടിപൊളിററിക്സിൽക്കടന്നു തലതല്ലുകയല്ലല്ലോ ഈ സംഘടനകളുടെ ലക്ഷ്യം. സഭയുടെ പ്രേഷിതതത്വത്തിൻെറ ഭാഗഭാഗിത്വം വഹിക്കുന്ന അല്മായപ്രേഷിതസംഘടനകൾ സഭയുടെ ലക്ഷ്യത്തിൽനിന്നു വ്യതിചലിക്കരുതു്. എന്നാൽ, പരോക്ഷമായി രാഷ്ട്രീയത്തിൽ ഇടപെടാം. മുകളിൽ സൂചിപ്പിച്ചതുപോലെ, വിശ്വാസത്തേയും ധാർമ്മികമൂല്യങ്ങളേയും സ്പർശിക്കുന്ന ഭൗതികകാര്യങ്ങളിൽ സംഘടന ഇടപെടണം. മതവിരുദ്ധവും സന്മാൎഗ്ഗധ്വംസകവുമായ പാർട്ടികളേയും, അപ്രകാരമുള്ള നിയമങ്ങളേയും സംഘടിതമായി കത്തോലിക്കപ്രവൎത്തകർ എതിർക്കുകയും ചെയ്യണം. അതവരുടെ കടമയാണു്. ക്രിസ്തീയതത്വങ്ങളെ സംരക്ഷിക്കുക മാത്രമാണു് അതുകൊണ്ടു സാധിക്കുന്നതു്. പരി. പിതാവു് XI-ാംപീയൂസ് പ്രസ്താവിക്കുകയാണു്: "മതത്തേയും, സന്മാൎഗ്ഗത്തേയും സംബന്ധിക്കുന്ന രാഷ്ട്രീയപ്രശ്നങ്ങളെ, എല്ലാ കത്തോലിക്കശക്തികളേയും ഒരുമിച്ചുകൂട്ടി, ആത്മാവിൻേറയും സഭയുടേതുമായ മേൽപ്പറഞ്ഞ തത്വങ്ങൾക്കുവേണ്ടി, കത്തോലിക്കപ്രവൎത്തനം പ്രത്യക്ഷമായിത്തന്നെ കൈകാര്യംചെയ്യണം."* 1948-ലെ തെരഞ്ഞെടുപ്പിൽ ഇററലിയിലെ കത്തോലിക്കപ്രവൎത്തകർ ഒരുമിച്ചുനിന്നു കമ്മ്യൂണിസത്തോടെതിൎത്തതു് ഈ തത്വത്തിൻെറ വെളിച്ചത്തിലാണു്. "സാഹചര്യങ്ങളുടെശക്തിയാൽ, മതാത്മകപ്രേഷിതത്വവും രാഷ്ട്രീയപ്രവൎത്തനവും പരസ്പരംകടന്നു പ്രവൎത്തിക്കുന്നു. എന്നാൽ, കത്തോലിക്കപ്രവൎത്തനവും രാഷ്ട്രീയപ്രവൎത്തനവും തമ്മിൽ വേർതിരിക്കുന്ന ചില പരിധികളുണ്ടു്. ഈ പ

* Pius XI. Letter to Cardinal Segura

രിധിയിൽനിന്ന് എന്തുമാത്രം അകലെ നില്ക്കണം പ്രേഷിതൻ? ഈ പ്രശ്നത്തിന് ഒരു നിശ്ചിതനിയമം നല്കുക സാദ്ധ്യമല്ല. പരിതസ്ഥിതികൾ, മനുഷ്യമനോഭാവം തുടങ്ങിയവ എല്ലായിടത്തും ഒരുപോലെയല്ലല്ലോ."*

വേറൊരു പ്രശ്നമുദിക്കുന്നു. കത്തോലിക്കപ്രവർത്തനസംഘടനയിൽപ്പെട്ട ഒരംഗത്തിനു വ്യക്തിപരമായി, അംഗമെന്ന നിലയിലല്ലാതെ, രാഷ്ട്രീയപ്രവർത്തനത്തിൽ പ്രത്യക്ഷമായി പങ്കെടുക്കാമോ? മറിച്ചുപറഞ്ഞാൽ, സഭാതത്വത്തിനെതിരല്ലാത്ത രാഷ്ട്രീയപാർട്ടിയിലെ അംഗമായ കത്തോലിക്കനു കത്തോലിക്കപ്രവർത്തനസംഘടനയുടെ അംഗമാകാമോ? തീർച്ചയായും. വ്യക്തി എന്ന നിലയിൽ രാഷ്ട്രീയത്തിൽ പ്രത്യക്ഷമായി ഇടപെടുന്നതിൽ തെററില്ല. അത് ഒരു പൗരൻെറ ധർമ്മമാണ്; മൗലികാവകാശമാണ്. അതു ചോദ്യം ചെയ്യുവാൻ ആർക്കും അവകാശമില്ല. പക്ഷേ, വ്യക്തിയുടെ ഈ പ്രവർത്തനത്തിനു കത്തോലിക്കപ്രവർത്തനവുമായി ബന്ധമൊന്നുമില്ലെന്നുമാത്രം. കത്തോലിക്കൻ രാഷ്ട്രീയത്തിൽ പ്രത്യക്ഷമായി പ്രവർത്തിച്ചുകൊണ്ട്, രാജ്യത്തിൻെറ എല്ലാ മണ്ഡലങ്ങളിലും ക്രിസ്തീയതത്വങ്ങളിൽ അധിഷ്ഠിതമായ ഭരണവും വീക്ഷണവും സൃഷ്ടിക്കണമെന്നു മാർപ്പാപ്പമാർ ഉൽബോധിപ്പിക്കുന്നു.

ഇതിൽനിന്നു കത്തോലിക്കപ്രവർത്തനസംഘടനകൾക്കു രാഷ്ട്രത്തോടു കൂറില്ലെന്ന് അർത്ഥമാക്കേണ്ടതില്ല. ദേശഭക്തി ഒരു പുണ്യമാണ്. "തിരുസഭയോടുള്ള അതിസ്വാഭാ

* Pius XII. in the First World Congress, for the Lay Apostolate, Rome. 1951.

വികാരസ്സ്നേഹവും സ്വരാജ്യത്തോടുള്ള സ്വാഭാവികസ്സ്നേഹവും ഒരേ സനാതനതത്വത്തിൽനിന്നാണു പൊട്ടിപ്പുറപ്പെടുന്നതു്. കാരണം, ദൈവംതന്നെയാണു് ഇവ രണ്ടിന്റെയും കത്താവും ആദികാരണവും."[1] "മതഭക്തിയും ദേശസ്സ്നേഹവുമെന്ന ഇരട്ടപ്പുണ്യങ്ങളാൽ നയിക്കപ്പെടുന്ന" ജമ്മൻജനതയെ 15-ാം ബനഡിക്ട് മാർപ്പാപ്പ പുകഴ്ത്തി.[2] "ക്രൈസ്തവർ മററു പൗരന്മാരെക്കാൾ ദേശസ്സ്നേഹത്തിൽ ഒരിക്കലും പിന്നോക്കമാകരുതു്."[3] എന്നാൽ, ദേശസ്സ്നേഹം അതിരു കടക്കരുതു്. ദൈവത്തിനുള്ളതു രാജ്യത്തിനു കൊടുക്കരുതു്. 13-ാം ലിയോ മാപ്പാപ്പ ഇററാലിയൻജനതയ്ക്കു നല്കിയ ഒരു സന്ദേശത്തിൽ പറയുന്നു: ജന്മഭൂമിയുടെ സ്വാതന്ത്ര്യം സംരക്ഷിക്കുക; മാതൃരാജ്യത്തിന്റെ സാമ്പത്തികഭദ്രതയും ഭൗതികാഭിവൃദ്ധിയും സാധിക്കുക; സ്വയംഭരണാവകാശം നഷ്ടമാകാതെ സൂക്ഷിക്കുക; ന്യായമായ മാഗ്ഗങ്ങളിലൂടെ സ്വന്തം രാജ്യത്തിന്റെ ശക്തിയും അന്തസ്സും വർദ്ധിപ്പിക്കുക; ദേശീയ ജീവിതത്തിലെ ഈദൃശകത്തവ്യങ്ങൾ ആക്കും ഒഴിച്ചുവയ്ക്കുവാൻ പാടില്ലാത്തതാണു്. ജീവിതത്തെ വിശുദ്ധീകരിച്ചുകൊണ്ടും ക്രിസ്തീയകടമകൾ നിവ്വഹിച്ചുകൊണ്ടും രാഷ്ട്രീയ കടമകൾ യഥാവിധി നിവ്വഹിക്കുവാൻ കത്തോലിക്കപ്രവത്തനസംഘടന അതിന്റെ അംഗങ്ങളെ പ്രാപ്തരാക്കുന്നു.

---

1 Leo XIII. in the Encycl. *Sapientiae Christianae.*
2 Benedict XV. AAS. VIII. p. 261 (1916)
3 Cong. of Propaganda de Fide to the Jappanies Missionaries. AAS. XXVIII. p. 407.

# ഏഴാമദ്ധ്യായം

## അല്മായ പ്രേഷിതത്വത്തിൻെറ താത്വികാടിസ്ഥാനം

ഇന്നു കത്തോലിക്കരുടെ ഇടയിൽ പൊതുവേ ഒരുണർവ്വും ഉന്മേഷവും കാണുന്നുണ്ട്. എന്നാൽ, ഗണനീയമായ ഒരു വിഭാഗത്തിൻെറ അനാസ്ഥയും ഉദാസീനതയും പരിഗണിക്കുമ്പോൾ വേണ്ടത്ര പ്രബുദ്ധത ഇനിയും കൈവന്നിട്ടുണ്ടോ എന്നു സംശയിക്കണം. ഇവർ ധരിച്ചുവെച്ചിരിക്കയാണെന്നു തോന്നുന്നു, സഭ എന്നു പറഞ്ഞാൽ തങ്ങളിൽനിന്നു വ്യത്യസ്തമായ ഒരു വൈദികസ്ഥാപനമാണെന്ന്. തികച്ചും തെററായ ധാരണയത്രേ ഇതു്. മാർപ്പാപ്പയുടെ കീഴ്വഴങ്ങി ജീവിക്കുന്ന വിശ്വാസികളുടെ കൂട്ടമാണല്ലോ സഭ. അല്മായരുൾപ്പെട്ട സഭാംഗങ്ങളാകട്ടെ, ക്രിസ്തുവിൻെറ ശരീരാവയവങ്ങളാകുന്നു. നാമെല്ലാം ക്രിസ്തുശരീരത്തിൻെറ അംഗങ്ങൾ! ക്രിസ്തുനാഥൻ പഠിപ്പിച്ചതും പൗലോസ്ശ്ലീഹാ സുവ്യക്തം വിശദീകരിച്ചതുമായ ഒരു ക്രൈസ്തവതത്വമാകുന്നു ഇതു്. സഭ ക്രിസ്തുവിൻെറ ശരീരമാണ്; ക്രിസ്തു ആ ശരീരത്തിൻെറ ശിരസ്സും സഭാംഗങ്ങൾ അവയവങ്ങളും. ശരീരത്തിലെ അവയവങ്ങൾക്കു ശിരസ്സിനോടെന്നപോലെ ഒരു ബന്ധം വിശ്വാസികൾക്കു ക്രിസ്തുവിനോടുണ്ടു്. ശരീരത്തിലെ അവയവങ്ങൾക്കു പരസ്പരമുള്ള ബന്ധംപോലെയാണു വിശ്വാസികൾ തമ്മിലുള്ള യോജിപ്പ്. ഇതത്രേ ചുരുക്കത്തിൽ അല്മായപ്രേഷിതത്വത്തിൻെറ താത്വികാടിസ്ഥാനം.

പൗലോസ്ശ്ലീഹയും മൗതികശരീരവും: പ്രസ്താവിതതത്വം ഭംഗിയായി ഗ്രഹിച്ച് അതിനു മിഴിവും തെളിമയുമേകിയതു വി. പൗലോസ്ശ്ലീഹയാണ്. അദ്ദേഹം മാനസാന്തരപ്പെട്ടതു് ഈ തത്വം ഗ്രഹിച്ചതുകൊണ്ടത്രേ. താൻ ജനിച്ചു വളർന്ന യഹൂദമതത്തിൽനിന്നു ഭിന്നമായ ക്രിസ്തുമതത്തെ നശിപ്പിക്കുവാൻ കുതിരപ്പുറത്തുകയറി ഡമാസ്കുസിലേക്കു പോകുകയായിരുന്നു സാവോൾ. ഡമാസ്കുസിനോടടുത്തപ്പോൾ ആകാശത്തുനിന്നൊരു മിന്നൽപ്രസരമുണ്ടായി. സാവോൾ നിലംപതിച്ചു. പേടിച്ചുവിറച്ച് കണ്ണുചിമ്മി നിലംപററിക്കിടന്ന അദ്ദേഹം ഒരു സ്വരം ശ്രവിച്ചു: "സാവോൾ, സാവോൾ, നീ എന്തിനെന്നെ പീഡിപ്പിക്കുന്നു?.... നീ പീഡിപ്പിക്കുന്ന ക്രിസ്തുവാകുന്നു ഞാൻ."[1] സാവോൾ പീഡിപ്പിക്കുന്നതു ക്രിസ്തുവിനെയാണുപോലും! എന്നാൽ, സാവോൾ പീഡിപ്പിച്ചതു ക്രിസ്ത്യാനികളെയായിരുന്നു; നശിപ്പിക്കുവാൻ കരുതിയതു സഭയെയും. എന്നിട്ട്, ക്രിസ്തുവിനെയത്രേ പീഡിപ്പിക്കുന്നതെന്ന്! അദ്ദേഹം ഇതികർത്തവ്യതാമൂഢനായി. ദിവ്യമായ പ്രകാശം അദ്ദേഹത്തെ ബോധവാനാക്കി; യഥാർത്ഥജ്ഞാനത്തിൻെറ നിറകുടമാക്കി. ഭരണകർത്താക്കൾക്കും ഭരണീയർക്കും പുറജാതികൾക്കും ക്രിസ്തുവിൻ്റെ നാമത്തെ വഹിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട ഉപകരണമായി മാറി സാവോൾ. ക്രിസ്തുവാകുന്ന സഭയെന്ന മഹാസത്യം അദ്ദേഹത്തിൻെറ ഹൃദയാന്തർഭാഗത്ത് ഉല്ലേഖനംചെയ്യപ്പെട്ടു, പ്രേഷിതപ്രവർത്തനത്തിൻെറ പ്രേരകശക്തിയായി.

സഭ ക്രിസ്തുവിൻെറ മൗതികശരീരം: എന്തുകൊണ്ടാണു സഭയെ ക്രിസ്തുവിൻെറ മൗതികശരീരമെന്നും ക്രിസ്തുവിനെ

1 cfr. Acts IX:1—6

അതിന്റെ ശിരസ്സെന്നും വിളിക്കുന്നതു്? പ്രധാനമായും നാലു കാരണങ്ങളാലത്രേ. ഒന്നു്, ക്രിസ്തുനാഥൻ സഭയുടെ സ്ഥാപകനാണു്: ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തുകൊണ്ടു പരസ്യജീവിതം തുടങ്ങവേതന്നെ ക്രിസ്തുനാഥൻ സഭയ്ക്കു് ആരംഭമിട്ടു. രക്ഷാകരമായ കുരിശുമരണത്താൽ അതിന്റെ പണികൾ പൂർത്തിയാക്കി. പതിമ്മൂന്നാംലിയോമാർപ്പാപ്പ പ്രസ്താവിക്കുന്നു: "നേരത്തെ രൂപപ്പെട്ട സഭ രണ്ടാമത്തെ ആദത്തിന്റെ വശത്തുനിന്നു ജാതപ്പെട്ടു."[1] സഭയെ നയിക്കുവാനും സഹായിക്കുവാനും മിശിഹാ അയച്ച പരിശുദ്ധാത്മാവു പന്തക്കുസ്താദിവസം ശ്ലീഹന്മാരുടെമേൽ എഴുന്നെള്ളിയതോടെ ഔദ്യോഗികമായി സഭ ലോകത്തിൽ സ്ഥാപിതമായി. രണ്ടു്, ക്രിസ്തു സഭയുടെ ശിരസ്സാകുന്നു: പരിശുദ്ധ തിത്വത്തിലേ രണ്ടാമാളെന്നനിലയ്ക്കു് ഈശോ സകലസൃഷ്ടികളെക്കാൾ മുമ്പനാണു്, പ്രതാപവാനാണു്. വി. അപ്പസ്തോലന്റെ വാക്കുകളിൽ "അവൻ സകലത്തിനും മുമ്പേയുള്ളവനാകുന്നു; സകലവും അവനിൽ നിലനില്ക്കുന്നു"; "അവൻ സകലത്തിനും മുമ്പനായിരിക്കേണ്ടതിനു് ആരംഭവും മരിച്ചവരുടെ ഇടയിൽനിന്നുള്ള കടിഞ്ഞൂൽ ഫലമായിരിക്കകൊണ്ടു സഭയുടെ ശിരസ്സമാകുന്നു."[2] മാത്രമല്ല, ക്രിസ്തുനാഥൻ എല്ലാത്തിന്റേയും പരമമാതൃകയും എല്ലാവരുടേയും ഏകമദ്ധ്യസ്ഥനുമത്രേ: "ആദ്യനിയമം ലംഘിച്ചവർക്കു സ്വമരണത്താൽ രക്ഷയായിത്തീർന്നതുകൊണ്ടു് അവൻ പുതിയ നിയമത്തിന്റെ മദ്ധ്യ

1. Quoted by Pius XII in "*Mystici Corporis*"
2. Col. I: 13; i: 18.
3. Heb. IX: 15

സ്ഥനായി"[3] സമുന്നതമായ തൻെറ സ്ഥാനമഹിമ നിമിത്തം ക്രിസ്തു്സഭയുടെ ശിരസ്സെന്നു വിളിക്കപ്പെടുന്നു. മൂന്നു്, സഭയുടെ പരിപാലകനത്രേ ക്രിസ്തു: ശിരസ്സ് ശരീരത്തിൻെറ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ലക്ഷ്യത്തിലെത്തുമാറു ക്രമപ്പെടുത്തുകയും ചെയ്യുന്നതുപോലെ, സഭാംഗങ്ങളേയും വിശിഷ്യ, സഭാതലവന്മാരേയും നാനാപ്രകാരേണ നയിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. "നിങ്ങളെത്തന്നെയും മിശിഹാ തൻെറ രക്തംകൊണ്ടു നേടിയിരിക്കുന്ന അവൻെറ സഭയെ മേയിക്കുവാനായി പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷന്മാരായി സ്ഥാപിച്ചിരിക്കുന്ന ആട്ടിൻകൂട്ടം മുഴുവനേയും നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ."[1] സഭയുടെ ആധാരവും അവലംബവും അഭയസ്ഥാനവും ക്രിസ്തുതന്നെ. നാലു്, ക്രിസ്തുനാഥൻ സഭയുടെ പരിത്രാതാവാണു്: അവിടുന്നു പീഡകൾ സഹിച്ചു വീണ്ടെടുത്ത വിശ്വാസികളുടെ സമൂഹമത്രേ സഭ. സഭാംഗങ്ങളുടെ രക്ഷയ്ക്കാവശ്യകമായ പ്രസാദവരത്തിൻെറ ഉറവയും അവിടുന്നുതന്നെ. ചുരുക്കത്തിൽ, സഭയെ ക്രിസ്തുവിൻെറ മൗതികശരീരമെന്നും ക്രിസ്തുവിനെ അതിൻെറ ശിരസ്സെന്നും സന്യായം വിളിക്കാം.

ഭൗതികശരീരമെന്നും ധാർമ്മികശരീരമെന്നും രണ്ടുതരം ശരീരമുണ്ടു്. മനുഷ്യശരീരം പാദാർത്ഥിക (physical) മാണു്; സമുദായം ധാർമ്മിക (moral) ശരീരവും. സഭ ക്രിസ്തുവിൻെറ ശരീരമാണെന്നു പറയുമ്പോൾ പാദാർത്ഥികമോ ധാർമ്മികമോ ആയ ശരീരമായിട്ടല്ല വിവക്ഷിക്കപ്പെടുന്നതു്. പ്രസ്തുത ശരീരങ്ങളുമായി ചില സാമ്യങ്ങളുണ്ടെന്നതു ശരതന്നെ. സഭയും ഒരു സമുദായഗാത്രമാണു്. പോരാ, അതി

1. Acts. XX: 28.

ല്യപരി എന്തോ കൂടിയാണ്. പന്ത്രണ്ടാം പീയൂസ് തിരുമേനി അതു വിശദമാക്കുന്നു: "ധാർമ്മികവും നൈയ്യാമികവുമായ ഘടനയും ഘടകങ്ങളും വ്യവസ്ഥകളുമുള്ള ഒരു സമൂഹം മാത്രമല്ല സഭ. അതു് ഒരു സമൂഹംതന്നെ. എങ്കിലും, എല്ലാ മനുഷ്യസമൂഹത്തിനും അതീതവുമത്രേ; വരപ്രസാദം സ്വഭാവത്തിന്നു് അതീതമായിരിക്കുന്നതുപോലെ."[1]

പാണ്ഡിത്യനായ ബിഷപ്പ് Meyers തിരുമേനി ഇതു കുറേക്കൂടി വ്യക്തമാക്കുന്നു: "സമുദായഗാത്രത്തിൽനിന്നു വിഭിന്നമായ ഒന്നായി മൗതികശരീരത്തെ ആക്കിത്തീർക്കുന്നതു് എന്താണ്? സഭാംഗങ്ങളും ക്രിസ്തുവും തമ്മിലുള്ള ഐക്യത്തിൻെറ തരഭേദമൊന്നുമാത്രം. ആ ബന്ധം ബാഹ്യവും ധാമ്മികവുമെന്നുമാത്രമല്ല, ആന്തരികവും അതിസ്വാഭാവികവും കൂടിയാണ്."[2]

പാദാത്ഥികവും ധാമ്മികവുമായ ഗാത്രങ്ങളിൽനിന്നുള്ള വ്യത്യസ്തഭാവം തിരിച്ചുകാണിക്കുവാനത്രേ 'മൗതികം' (mystical) എന്ന പദം ഉപയോഗിച്ചിരിക്കുന്നതു്. കന്യകാമാതാവിൻെറ ഉദരത്തിൽ രൂപംകൊണ്ടതും വി. കർബ്ബാനയിൽ സന്നിഹിതമായിരിക്കുന്നതും സ്വർഗ്ഗത്തിൽ വസിക്കുന്നതുമായ ക്രിസ്തുവിൻെറ ശരീരത്തിൽനിന്നു വ്യത്യസ്തമാണു മൗതികശരീരം.

വെറും ആലങ്കാരികമോ അതിശയോക്തിപരമോ ആയ ഒരു പ്രയോഗമായി ഇതിനെ കണക്കാക്കരുതു്. യഥാത്ഥത്തിൽ മൗതികശരീരത്തിലെ അംഗങ്ങളും ക്രിസ്തുവു

---

1. Pius XII. *Mystici Corporis Christi*
2. E. Meyers. *The Mystical Body of Christ*, p. 3.

മായി ഒരു സമീകരണവും ഏകീഭാവവും നടക്കുന്നുണ്ടു്. ആ വസ്തുതയെ വ്യഞ്ജിപ്പിക്കുവാൻ കഴിവുള്ളതു് മനുഷ്യശരീരത്തിനാണു്. മനുഷ്യശരീരംപോലെ ആ യാഥാർത്ഥ്യത്തോടടുക്കുന്ന ഒരുപമയും മനുഷ്യന്റെ അനുഭവത്തിൽ വന്നുപെട്ടിട്ടില്ല. ക്രിസ്തുനാഥനു രണ്ടുതരം ശരീരങ്ങളുണ്ടു്. ഒന്നു്, സ്വാഭാവികശരീരം; രണ്ടു്, മൗതികശരീരം, അതായതു് സഭയാകുന്ന ശരീരം. പക്ഷേ, രണ്ടു മണ്ഡലങ്ങളിലാണു് അവ വ്യാപരിക്കുന്നതു്. ആദ്യത്തേതിൽ സ്വാഭാവികജീവിതമാണുള്ളതു്. രണ്ടാമത്തേതിൽ–സഭയിൽ–സ്വാഭാവാതീതജീവിതവും. ആ ജീവിതം ആരംഭിക്കുന്നതും വർദ്ധിക്കുന്നതും വരപ്രസാദത്തിന്റെ പ്രവർത്തനം മൂലമാണു്. ശരീരാവയവങ്ങളെ—സഭാംഗങ്ങളെ—യോജിപ്പിക്കുന്നതും ഈ പ്രസാദവരജീവൻതന്നെ. അതുപോലെ മൗതികശരീരത്തിലെ അംഗങ്ങൾക്കും രണ്ടു ജീവിതമുണ്ടു്—പ്രകൃതിക്കടുത്തതും പ്രസാദവരത്തിനടുത്തതും. ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കാളികളാകുന്നതു് പ്രസാദവരത്തിലൂടെയാണു്. അങ്ങനെ, "ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു"[1] എന്ന പൌലോസ്ശ്ലീഹയുടെ വാക്കുകൾ എല്ലാക്രൈസ്തവരെസ്സംബന്ധിച്ചും ഏറെക്കുറെ അന്വർത്ഥമാണു്.

<u>ക്രിസ്തു പഠിപ്പിക്കുന്നു.</u> സഭയും താനും ഒന്നാണെന്നു ക്രിസ്തുനാഥൻ അസന്ദിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിട്ടുണ്ടു്. അവിടുന്നു മഹത്വപൂർണ്ണമായ തന്റെ പുനരാഗമനത്തെപ്പററി സംസാരിക്കുകയായിരുന്നു. അവിടെ സാവോ

1. Gal. ii: 20.

ളിന്ന വെളിപ്പെടുത്തിയ അതേ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ക്രിസ്തു പറയുന്നതു്. അവസാനദിവസം അവിടുന്ന നീതിമാന്മാരോട് അരുംചെയ്യും: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ട രാജ്യം അവകാശപ്പെടുത്തുവിൻ." "എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ എനിയ്ക്കു ഭക്ഷിക്കുവാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ എന്നെ കുടിപ്പിച്ചു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു." പക്ഷേ, നീതിമാന്മാർ സാവോളിനെപ്പോലെ അന്ധാളിച്ചു ക്രിസ്തുവിന്റെ വാക്കുകളുടെ അർത്ഥവ്യാപ്തി മനസ്സിലാക്കാതെ ചോദിക്കും: "കർത്താവേ! ഞങ്ങൾ നിന്നെ വിശക്കുന്നവനായിക്കണ്ടു നിനക്കു ഭക്ഷണം തരുകയോ, നിന്നെ ദാഹിക്കുന്നവനായിക്കണ്ടു നിന്നെ കുടിപ്പിക്കുകയോ ചെയ്തതു് എപ്പോൾ?" ഉത്തരം: "ചെറിയവരായ എന്റെ സഹോദരരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണു ചെയ്തതു്."[1] സഭ ക്രിസ്തുവിന്റെ മൗതികശരീരമാണെന്ന തത്വമത്രേ ക്രിസ്തുനാഥന്റെ ഈ വാക്കുകൾക്കു നിദാനം.

ദിവ്യനാഥൻ ഉപമകളുടേയും അലങ്കാരങ്ങളുടേയും സഹായത്തോടുകൂടെയോ അല്ലാതെയോ മൗതികശരീരം എന്ന തത്വം ഉപദേശിച്ചുതരുവാൻ ശ്രമിച്ചിട്ടുണ്ടു്. എന്നാൽ, ആ തത്വം കൂടുതൽ വ്യക്തമാക്കുന്നതു തന്റെ ഒടുവിലത്തെ അത്താഴത്തിനുശേഷം ചെയ്ത പ്രഭാഷണത്തിലാണ്. ഈ തത്വത്തിന്റെ സ്ഫുടീകരണമായിരുന്നു പ്രസ്തുത

1. Mt. XXV: 34-40.

പ്രഭാഷണം എന്ന് വേണം കരുതുവാൻ. അവിടുന്ന് പറയുന്നു: "ഞാൻ സത്യവും ജീവനുമാകുന്നു."[1] സത്യം! ജീവൻ! ഈശോ ഒരു യാഥാർത്ഥ്യം അവതരിപ്പിക്കുകയാണ്. മനുഷ്യൻ സത്യത്തിനുവേണ്ടി ഉഴലാറുണ്ട്. ജീവൻ അവന് ആവശ്യകംതന്നെ. അവ ലഭിക്കണമെങ്കിൽ സത്യവും ജീവനുമായ ക്രിസ്തുവുമായി അവൻ ഏകീഭവിക്കണം.

ഒരു ഉപമവഴി ഈ ബന്ധത്തിന്റെ അർത്ഥവും ആഴവും ക്രിസ്തു വ്യക്തമാക്കുന്നുണ്ട്. ഒരു ചെടിയും അതിന്റെ ശാഖകളും തമ്മിൽ ഗാഢമായ ബന്ധമുണ്ടല്ലോ. ആ ബന്ധത്തിന്ന തുല്യമാണ മൗതികശരീരത്തിലെ അംഗങ്ങൾക്കു ക്രിസ്തുവിനോടുള്ള ബന്ധമെന്ന് അവിടുന്ന പറയുന്നു: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു."[2] എന്താണ് ഇതിൽനിന്ന മനസ്സിലാക്കേണ്ടത്? ക്രൈസ്തവവിശ്വാസികൾക്ക് അനുസരണത്തിൽനിന്നും സ്നേഹത്തിൽനിന്നും ഉത്ഭവിക്കുന്ന ഒരു ബന്ധം ക്രിസ്തുനാഥനുമായുണ്ട്. ആ ബന്ധത്തെ മാത്രമല്ല ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. അതിലുപരിയായ ഒരു അർത്ഥവ്യാപ്തി ഈ വാക്കുകൾക്കുണ്ട്. സജീവവും സുദൃഢവുമായ ഒരു യോജിപ്പിനെയാണ് ആ വാക്കുകൾ ധ്വനിപ്പിക്കുക.

മുന്തിരിച്ചെടിക്കും ശാഖകൾക്കുംതമ്മിലുള്ള ബന്ധമെന്താണ്? ശാഖകൾ മുന്തിരിവള്ളിയോടു പറ്റിച്ചേർന്ന് ഒന്നായി നില്ക്കുന്നു. ശാഖകൾക്കു ജീവനും അസ്തിത്വവും കൊടുക്കുന്ന മുന്തിരിവള്ളിയുടെ പ്രവൃത്തികൾക്കും സ്വാധീനതയ്ക്കും

1. John XIV: 6
2. John XV:5

വിധേയമായി അതിൻെറ ജീവനിൽ പങ്കുപററിയാണു ശാഖ കൾ സ്ഥിതിചെയ്യുന്നതു്. ജീവാംശത്തിൻെറ കൊള്ളലും കൊടുക്കലുംവഴിയാണ് അവ ജീവിക്കുന്നതും വളരുന്നതും. ശാഖകൾക്കു മുന്തിരിച്ചെടിയിൽനിന്നു വിഭിന്നമായ ഒരസ്തി ത്വമില്ല; ജീവിതവുമില്ല. അവതമ്മിൽ അവഗാഢം ബന്ധ പ്പെട്ടിരിക്കുന്നു. അങ്ങനെ ജീവനിൽ പങ്കുപററുകയും ജീവൻ കൈമാറുകയുംചെയ്യുന്നതിൽനിന്നുൽഭൂതമായ ഒരൈക്യം അ വിടെയുണ്ടു്. മുന്തിരിവള്ളി ശാഖകളിലും ശാഖകൾ മുന്തി രിവള്ളിയിലും ജീവിക്കുന്നു. ആന്തരികവും സജീവവുമായ ഈ യോജിപ്പിനോടു തിരുസ്സഭാംഗങ്ങൾക്കു ക്രിസ്തുവിനോടു ള്ള ബന്ധത്തെ താരതമ്യപ്പെടുത്തിയിരിക്കുന്നു. "ഞാൻ മുന്തി രിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു."[1] ഒരുവൻ ക്രിസ്തു നാഥനിൽ വിശ്വസിച്ചു ജ്ഞാനസ്നാനംവഴി സഭയിൽ പ്രവേ ശിക്കുമ്പോൾ അവനിൽ അതിവിശിഷ്ടവും അവർണ്ണനീയവു മായ ഒരു വ്യതിയാനം ഉണ്ടാകുന്നുണ്ട്—അതിസ്വാഭാവിക വും അഗ്രാഹ്യവുമായ ഒരു പരിവർത്തനം. അവന്റെ ആത്മാ വിൽ ദൈവം പ്രസാദവരം (ദൈവികജീവൻ) ചൊരിയുന്ന തോടെ അവൻ ദൈവസുതനും സ്വർഗ്ഗരാജ്യത്തിൻെറ അ വകാശിയുമായിത്തീരുന്നു. പ്രസാദവരത്തിൻെറ ദാതാവായ ക്രിസ്തു അവനിൽ ജീവിക്കുവാനും അവൻ ക്രിസ്തുവിൽ ജീവിക്കുവാനും തുടങ്ങുന്നു. അവിടുന്നു പറയുന്നു: "ഞാൻ അ വനിലും അവൻ എന്നിലും ജീവിക്കുന്നു"[2]. ഇതാണു മുന്തിരിവ ള്ളിയുടെ ഉപമ ദ്യോതിപ്പിക്കുന്നതു്.

മഹോന്നതവും അഗ്രാഹ്യവുമായ ഒരു ബന്ധം വിശ്വാ സികളും ക്രിസ്തുനാഥനുമായി ഉണ്ടെന്നാണ് ഇതിൽനിന്നു

1. John XV:5
2. John, XIV:20

മനസ്സിലാക്കേണ്ടതു്. ആ ബന്ധത്തെ വേദപുസ്തകത്തിൽ വേറെയും പലതിനോടുപമിച്ചിട്ടുണ്ടു്. മാനുഷികസ്നേഹവും അതാവശ്യപ്പെടുന്ന യോജിപ്പും ദൃഢതരമായിത്തീരുന്നതു് വൈവാഹികബന്ധത്തിലാണല്ലോ. സ്ത്രീപുരുഷന്മാരുടെ നിർമ്മലവും പരിശുദ്ധവുമായ ആ ബന്ധത്തോടു വി. പൗലോസു് താരതമ്യപ്പെടുത്തുന്നുണ്ടു ക്രിസ്തുനാഥനുമായുള്ള നമ്മുടെ ഐക്യത്തെ: "എന്തെന്നാൽ, മിശിഹാതന്നെയും സഭയുടെ ശിരസ്സും ശരീരത്തിന്റെ രക്ഷകനുമായിരിക്കുന്നതുപോലെതന്നെ ഭർത്താവും ഭാര്യയുടെ ശിരസ്സാകുന്നു".[1] ബലിഷ്ഠമായ ഒരു കെട്ടിടത്തിന്റെ ഉറപ്പിനുകാരണം അതിന്റെ വിവിധ ഭാഗങ്ങളും അടിസ്ഥാനവുംതമ്മിലുള്ള ഐക്യമാണു്. അതുപോലൊരു ഐക്യമാണു സഭയ്ക്കു ക്രിസ്തുനാഥനോടുള്ളതെന്നു വിശുദ്ധ ഗ്രന്ഥം പ്രസ്താവിക്കുന്നു: "നിങ്ങൾ ശ്ലീഹന്മാരുടേയും പ്രവാചകന്മാരുടേയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു. ഭവനത്തിന്റെ മൂലയിലെ തല(ക്കല്ലു്) മിശിഹായാകുന്നു. അവനിൽ പണിമുഴുവൻ കൂട്ടിച്ചേർക്കപ്പെടുകയും നിങ്ങളും ആത്മാവുമൂലം ദൈവത്തിന്റെ വാസസ്ഥലമായി അവനിൽ പണിയപ്പെട്ടുവരവെ, കർത്താവിൽ വിശുദ്ധ ഭവനമായി വളരുകയും ചെയ്യുന്നു".[2] ക്രിസ്തുനാഥൻ തന്റെ അവസാനത്തെ അത്താഴത്തിനുശേഷം നടത്തിയ പ്രാർത്ഥനയിൽ നമ്മുടെ യോജിപ്പിനെ പരിശുദ്ധത്രിത്വത്തിന്റെ സത്താത്മകമായ ഐക്യത്തോടു ഉപമിച്ചിട്ടുണ്ടു്: "നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു്, എന്റെ പിതാവേ, നീ എന്നി

1. Eph. V: 23.
2. Eph. ii: 20—22.

ലും ഞാൻ നിന്നിലും എന്നതുപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനുതന്നെ. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു നീ എനിക്കുതന്ന മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു".[1] ക്രിസ്തുവിൽ ഐക്യപ്പെട്ട വിശ്വാസിയെ വി. പൗലോസ് 'പുതിയസൃഷ്ടി' എന്നുവിളിക്കുന്നു: "അതുകൊണ്ടു മിശിഹായിലുള്ള ഏവനും പുതിയ സൃഷ്ടിയാകുന്നു. പഴയവ കഴിഞ്ഞുപോയി."[2] ഇങ്ങനെ, വേദപുസ്തകത്തിൽ ഉടനീളം ക്രിസ്തുവും സഭയുമായുള്ള ബന്ധത്തെപ്പററി പ്രതിപാദിച്ചിരിക്കുന്നതു കാണാം. ക്രിസ്തു നമ്മുടെ ജീവനും സത്യവുമായി നമ്മിൽ വസിക്കുന്നു. അങ്ങനെ, ക്രിസ്തുവും നാമും തമ്മിലുള്ള ആന്തരികവും അതിസ്വാഭാവികവുമായ ഐക്യം സംജാതമാകുന്നു. ക്രിസ്തുനാഥൻ നമ്മിൽ ജീവിക്കുന്നു. "സഭ ക്രിസ്തുവിന്റെ തുടർച്ചയാണ്; മനുഷ്യനു ക്രിസ്തുവിനെ പ്രദാനംചെയ്യുന്നതാണു സഭ"[3] എന്നു പറയുവാൻ ഫ്രാൻസിലെ സുപ്രസിദ്ധപണ്ഡിതനായ ബോസ്വേയെ പ്രേരിപ്പിച്ചതും അതുതന്നെ. ഈ യാഥാർത്ഥ്യം സുവിശദം Roger Hasseveldt പ്രകാശിപ്പിച്ചിട്ടുണ്ട്: "എന്താണു നമ്മുടെ പവിത്രീകരണം. അഗ്രാഹ്യവും വിസ്മയകരവുമായ ഒരു പരിണാമമാണത്. നമ്മുടെ അസ്തിത്വത്തിന്റെ തികവിൽ നമ്മുടെ ആത്മസത്തയിലേയ്ക്കു അവതരിച്ച ദൈവസുതനോടു നാം ഏകീഭവിക്കുന്നു. അപ്പോൾ നമ്മുടെ വിചാരങ്ങളും ആഗ്രഹങ്ങളും പ്രവർത്തനങ്ങളും മാത്രമല്ല നാം എന്തായിരിക്കുന്നുവോ അതു് അപ്പടി യോജിക്കുകയാണു ചെയ്യുന്ന

1. John, XVII: 21—22.
2. ii Cor. V: 17.
3. Quoted by John L. Murphy in *Living Christ* p. 7.

ത്തു്... പവിത്രീകരിക്കുക എന്നുപറഞ്ഞാൽ ക്രിസ്തുവിൻെറ ജീവിതത്തിൽ പങ്കുചേരുക, അവിടുത്തെ ജീവിതം നമ്മുടെതാക്കുക എന്നതുതന്നെ."[1]

ക്രിസ്തുവിനോടുള്ള ബന്ധം: സഭാശരീരത്തിന്റെ ശിരസ്സായ ക്രിസ്തുവും സഭയുടെ അംഗങ്ങളും തമ്മിൽ ബന്ധമുണ്ടെന്നു പറഞ്ഞു. എന്നാൽ, എന്തിലാണു് ആ ബന്ധം സ്ഥിതിചെയ്യുന്നതു്? സാമൂഹികമായ ഘടനാവിശേഷത്തിൽനിന്നു സംജാതമാകുന്ന ബന്ധത്തിനുപുറമേ ആന്തരികവും പ്രകൃത്യതീതവും അദൃശ്യവുമായ ഒരു ബന്ധംകൂടെയുണ്ടു്, നമുക്കു ക്രിസ്തുനാഥനോടു്.

ക്രിസ്തുവിൽവിശ്വസിച്ചു്, ജ്ഞാനസ്നാനം സ്വീകരിച്ചു്, മാർപ്പാപ്പയെ അനുസരിച്ചു്, ദൈവരാജ്യവിസ്തൃതിക്കുവേണ്ടി പണിയെടുക്കുന്ന സമൂഹമാണു സഭ. ഒരു സമൂഹത്തിനുണ്ടായിരിക്കേണ്ട എല്ലാ ഘടകങ്ങളും ഘടനകളും സഭയ്ക്കുമുണ്ടു്. ക്രിസ്തുനാഥൻ സഭയുടെ സ്ഥാപകനെന്ന നിലയിൽ അംഗങ്ങളുമായി ബന്ധപ്പെട്ടവനാണു്. അവിടുന്നു നിർദ്ദേശിച്ചുകൊടുത്തവിധം ഒരേവിശ്വാസത്തിലും ഒരേക്കൂദാശയിലും ഒരേഭരണത്തിലും അവർ അവിടുത്തെ നേതൃത്വത്തിൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൻെറ സ്ഥാനിയായ മാർപ്പാപ്പയാണു സഭയെ ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതു്. വിവിധാംഗങ്ങൾ സാമൂഹികമായി യോജിക്കുകയും ചെയ്യുന്നു. നിയമവും സാമൂഹ്യാചാരവിധികളും മററുമാണു് ആ ബന്ധത്തിനു നിദാനമായി നിലകൊള്ളുന്നതു്.

1. Roger Hasseveldt: *Church the Divine Mystery.*

സാധാരണ സാമുദായികബന്ധത്തേക്കാൾ ഉയർന്നതാണ് ആ ബന്ധം, ആദ്ധ്യാത്മികഛായ ഉള്ളതുകൊണ്ട്.

<u>വിശ്വാസം, ശരണം, ഉപവി:</u> ദൈവത്തിൻെറ പ്രത്യേകദാനങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളാൽ അലംകൃതരാണു വിശ്വാസികൾ. ഇവ വിശ്വാസികളെ ദൈവത്തോടും ക്രിസ്തുനാഥനോടും അടുപ്പിക്കുകയും ഒരു പുത്തൻബന്ധം സൃഷ്ടിക്കുകയും ചെയ്യുന്നു. ആവിഷ്കൃതസത്യങ്ങൾ ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടവയാണ് എന്ന കാരണത്താൽ സത്യമെന്നംഗീകരിച്ചു സമ്മതിക്കുന്നതിന്, വരപ്രസാദസഹായത്താൽ മനസ്സു കാണിക്കുന്ന സന്നദ്ധതയാണു വിശ്വാസം. ദൈവം ശുദ്ധീകരവരപ്രസാദത്തോടുകൂടെ നമ്മുടെ ആത്മാവിൽ വിശ്വാസം ഉളവാക്കുന്നു. അതുവഴി നാം ദൈവത്തോടും മിശിഹായോടും കൂടുതൽ അടുക്കുകയാണ്. "ഈശോമിശിഹാ ദൈവത്തിൻെറ പുത്രനാകുന്നുവെന്ന് ഏറ്റുപറയുന്നവനിൽ ദൈവം വസിക്കുന്നു; അവൻ ദൈവത്തിലും വസിക്കുന്നു."[1] വിശ്വാസമാണ് ആത്മവിശുദ്ധീകരണത്തിൻെറ ആരംഭവും നിദാനവും. വിശുദ്ധീകരണംവഴി ദൈവവുമായി രമ്യപ്പെടുവാനും ദൈവത്തിൻ്റെ ദത്തുപുത്രന്മാരും സ്വർഗ്ഗരാജ്യത്തിനവകാശികളുമായിത്തീരുവാനും വിശ്വാസം ആവശ്യകംതന്നെ. അപ്പോൾ, ക്രിസ്തുനാഥൻെറ രക്ഷാകരഫലം സ്വീകരിക്കുകയും അവിടത്തെ സഹോദരസ്ഥാനത്തേക്ക് ഉയരുകയും ചെയ്യുന്നതിന് അത്യന്താപേക്ഷിതമാണു വിശ്വാസം. "ആകയാൽ, മനു

1. John, IV: 15.

ഷ്യൻ നീതികരിക്കപ്പെടുന്നതു നിയമത്തിൻെറ പ്രവൃത്തിക കളാലല്ല, വിശ്വാസത്താലാകുന്നുവെന്നു നാം കരുതുന്നു.”[2]

“ദൈവത്തിൻെറ നീതി ഈശോമിശിഹായിലുള്ള വിശ്വാസം മുഖേനയാകുന്നു എല്ലാ മനുഷ്യർക്കും ഉണ്ടായിരിക്കുന്നതു്. അവനിൽ വിശ്വസിക്കുന്ന സകല മനുഷ്യരുടെ മേലും നീതി വ്യത്യാസംകൂടാതെ ഉണ്ടായിരിക്കുന്നു.”[1] “ആകയാൽ, സഹോദരന്മാരേ, ഇവൻമൂലംതന്നെ പാപങ്ങളുടെ മോചനം നിങ്ങളോട്ട് അറിയിക്കപ്പെടുമെന്നും മൂശയുടെ നിയമത്താൽ നീതികരിക്കപ്പെടുവാൻ നിങ്ങൾക്കു കഴിയാത്ത സകലതിൽനിന്നും വിശ്വസിക്കുന്ന ഏവനും നീതികരിക്കപ്പെടുമെന്നും അറിഞ്ഞുകൊള്ളുവിൻ.”[2] “വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. എന്തെന്നാൽ ദൈവത്തിൻപക്കലേക്കടുക്കുന്നവൻ ദൈവമുണ്ട് എന്നും, അവിടുത്തെ അന്വേഷിക്കുന്നവർക്കു പ്രതിഫലം നല്കുന്നവനാകുന്നുവെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു”[3] വിശ്വസിക്കുന്നവൻ ക്രിസ്തുനാഥനാകുന്ന സത്യത്താൽ പ്രകാശിപ്പിക്കപ്പെടുന്നു. ക്രിസ്തുനാഥൻ നല്കിയ ആദ്ധ്യാത്മികഭക്ഷണത്താൽ പരിപോഷിപ്പിക്കപ്പെടുകയും അവിടുത്തെ അധികാരത്തിലും പ്രബോധനത്തിലും വിശ്വസിക്കുകയും ചെയ്യുന്നു. ക്രിസ്തുനാഥനാകട്ടെ, വിശ്വാസംമുഖേന നമ്മിൽ വസിക്കുന്നുമുണ്ട്. “അതിനാൽ ഇനി ഞാനല്ല ജീവിക്കുന്നതു്; മിശിഹാ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ശാരീരികമായി ജീവിക്കുന്നതു് എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ കുരുശേല്പിക്കുകയും ചെയ്ത ദൈവത്തിലുള്ള വിശ്വാസ

1. Rom. iii: 22.
2. Acts, xiii: 38—39.
3. Heb, XI: 6.

ത്താലാകുന്നു."[1] "നിങ്ങളുടെ വേരും അടിസ്ഥാനവും ഉറപ്പിക്കപ്പെട്ടിട്ട്, മിശിഹാ വിശ്വാസംമൂലം നിങ്ങളുടെ ആന്തരികമനുഷ്യനിലും........ വസിക്കേണ്ടതാകുന്നു."[2] അങ്ങനെ ദൈവത്തേയും ദൈവസുതനേയും വിശ്വാസംവഴി സത്യത്തിന്റെ കത്താവും നാഥനുമായി നാം സ്വീകരിക്കുകയും അവരുമായി ഐക്യപ്പെടുകയും ചെയ്യുന്നു.

ശരണമാണു മറെറാരു ദൈവികപുണ്യം. സ്വർഗ്ഗസൗഭാഗ്യവും അതു നേടുന്നതിനാവശ്യകമായ അനുഗ്രഹങ്ങളും ദൈവത്തിൽനിന്നു പ്രതീക്ഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ദൈവികപുണ്യമാണു ശരണം. ശരണംവഴി നാം ദൈവത്തെ നമ്മുടെ അന്ത്യമായി സ്വീകരിക്കുകയും ദൈവസഹായത്താൽ ആ അന്ത്യത്തിലെത്തിച്ചേരുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ പരിത്രാതാവും പ്രത്യാശയുടെ നിദാനവും ക്രിസ്തുവാണ്. ദൈവത്തോടും അവിടുത്തെ തിരുകുമാരനായ നമ്മുടെ രക്ഷകനോടും ശരണമെന്ന ദൈവികപുണ്യംവഴി നാം ബന്ധിതരാകുന്നു.

എല്ലാ വസ്തുക്കളെക്കാൾ അധികമായി ദൈവത്തേയും, നമ്മേയും നമ്മുടെ സഹോദരങ്ങളേയും ദൈവത്തെപ്രതിയും സ്നേഹിക്കുവാൻ പ്രാപ്തരാക്കുന്ന അതിസ്വാഭിവികവും ദൈവികവുമായ സുകൃതമാണു് ഉപവി. ദൈവം ആത്മാവിലേക്കു സ്നേഹം പകരുന്നു, ദൈവികസ്നേഹം ആരിലുണ്ടോ അവനിൽ ദൈവം വസിക്കുന്നു. "ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്ന ഏവനും ദൈവത്തിൽ വസിക്കുന്നു."[3]

1. I Gal. ii: 20.
2. Eph. iii: 17.
3. I John, IV: 16

ഏററം സമുന്നതമായ ബന്ധമാണ് ഇവിടെ സംജാതമാകു ന്നതു്. "എന്നെ സ്നേഹിക്കുന്നവൻ എൻെറ പിതാവിനാൽ സ്നേഹിക്കപ്പെടും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ ത്തന്നെ കാണിച്ചുകൊടുക്കുകയും ചെയ്യും."[1] പ്രതിസ്നേഹ വും പരസ്പരവേഴ്ചയും ഈശോ വാഗ്ദാനംചെയ്യുന്നു. നമ്മുടെ ഹൃദയങ്ങളിലേക്കു വരികയും അവിടെ വസിച്ചുകൊണ്ടു ന മ്മെ സ്നേഹിക്കുകയും ചെയ്യുവാൻ ദൈവം സന്നദ്ധനാണ്. "എന്നെ സ്നേഹിക്കുന്നവൻ എൻെറ വചനം കാക്കുന്നു; അ പ്പോൾ എൻെറ പിതാവു് അവനെ സ്നേഹിക്കുകയും, ഞ ങ്ങൾ അവൻെറ അടുക്കൽവന്ന് അവനോടുകൂടെ വസിക്കുക യും ചെയ്യും.[2]" സ്നേഹംമൂലം ഉൽഭൂതമാകുന്ന ബന്ധം മററു സുകൃതങ്ങൾവഴിയുള്ളതിനെക്കാൾ മഹത്തരമാണ്. അതി നു പ്രത്യേകവും സ്വകീയവുമായ ദൃഢതയും ആഴവുമുണ്ടു്. അതുകൊണ്ടാണ് ഈശോ ഉപദേശിക്കുന്നതു്: "എൻെറ പിതാവു് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എൻെറ സ്നേഹത്തിൽ വസിപ്പിൻ."[3] നാം ഈശോയെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ അനുസരിച്ചു ജീവിക്കുകയും ചെയ്താൽ ശാശ്വതവും വിശോ ത്തരവുമായ ഐക്യം നമ്മിൽ രൂപംകൊള്ളുകയായി.

## മൗതികശരീരത്തിൻെറ ആത്മാവു്

ക്രിസ്തുനാഥൻ മൗതികശരീരത്തിൻെറ അംഗങ്ങളുമാ യി യോജിക്കുന്നതു പരിശുദ്ധാത്മാവിനെ നമുക്കു നല്കുക

1 John. XIV:21
2 John. XIV: 23
3 John. XV: 9

യും പരിശുദ്ധാത്മാവിലൂടെ നമ്മിൽ പ്രവർത്തിക്കുകയും ചെയ്തുകൊണ്ടാണ്. നമ്മുടെ പരിത്രാണകർമ്മം നടക്കുമ്പോൾ ശുദ്ധീകരണവരപ്രസാദത്തോടുകൂടെ പരിശുദ്ധാത്മാവും നമുക്കു നല്കപ്പെടുന്നു. പരിശുദ്ധാത്മാവ് നീതിമാന്മാരുടെ ആത്മാവിൽ വസിക്കുന്നു എന്നും അവർക്കു നല്കപ്പെടുന്നു എന്നും വേദപുസ്തകം വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്: "നിങ്ങളാകട്ടെ, ദൈവത്തിൻെറ ആത്മാവു സത്യമായിട്ടു നിങ്ങളിൽ വസിക്കുന്നു എങ്കിൽ, ജഡികന്മാരല്ല, മറിച്ച്, ആത്മീയരത്രെ .. നമ്മുടെ കർത്താവീശോമിശിഹായെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവൻെറ ആത്മാവു നിങ്ങളിൽ വസിക്കുന്നു എങ്കിൽ ഈശോമിശിഹായെ മരിച്ചവരിൽനിന്നുയിർപ്പിച്ചവൻ നിങ്ങളുടെ മൃതശരീരങ്ങളേയും നിങ്ങളിൽ വസിക്കുന്ന ആത്മാവിനെക്കൊണ്ടു ജീവിപ്പിക്കും." "നിങ്ങൾ ദൈവത്തിൻെറ ആലയമാണെന്നും ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ?" "നിങ്ങൾ മക്കളായിരിക്കകൊണ്ടു ഞങ്ങളുടെ പിതാവേ എന്നു വിളിക്കുന്ന തൻ്റെ പുത്രൻെറ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയത്തിലേക്കയച്ചു."[2] പരിശുദ്ധാത്മാവുവഴിയാണ് ഓരോ ആത്മാവിലേക്കും ദൈവികദാനങ്ങളും വരങ്ങളും ശക്തികളും പ്രവഹിക്കുന്നതു്. അവിടുന്നാണു സഭാംഗങ്ങളുടെ സ്ഥാനത്തിനും നിലയ്ക്കുമനുസരിച്ചു ചുമതല നിർവ്വഹിക്കുന്നതിന് ആവശ്യകമായ അനുഗ്രഹങ്ങളും ശക്തിയും നല്കി അവരെ നയിക്കുന്നതു്. അതുകൊണ്ടത്രേ പരിശുദ്ധാത്മാവിനെ വിശുദ്ധീകരിക്കുന്ന ദൈവമെന്നും സഭാശരീരത്തിൻെറ ആത്മാവെന്നും

1. Rom. viii: 9—11; 1 cor iii: 16.
2. Gal. iv: 6.

വിളിക്കുന്നത്. പരിശുദ്ധാത്മാവിൻെറ പ്രവർത്തനംവഴി ഓരോ ക്രൈസ്തവൻെറ ആത്മാവും ക്രിസ്തുനാഥനുമായി ഐക്യപ്പെടുന്നു. ക്രിസ്തുനാഥൻ നടത്തിയ രക്ഷണീയവേല പരിപൂർണ്ണതയിലെത്തിക്കുകയാണു പരിശുദ്ധാത്മാവിൻെറ ദൗത്യം. "എൻെറ പിതാവ് എൻെറ നാമത്തിൽ അയക്കുന്ന പരിശുദ്ധാത്മാവായ ആശ്വാസപ്രദൻ നിങ്ങളെ സകലതും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറയുന്നതെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും."[1] പരിശുദ്ധാത്മാവുവഴി നാമും ക്രിസ്തുവും തമ്മിൽ സംജാതമാകുന്ന ബന്ധത്തെക്കുറിച്ചു ഭാഗ്യസ്മരണാർഹനായ 12-ാംപീയൂസ് മാർപ്പാപ്പ പറയുന്നു: "താൻ നമുക്കു നല്കിയ പരിശുദ്ധാത്മാവുവഴി ക്രിസ്തു നമ്മിൽ വസിക്കുന്നു. പരിശുദ്ധാത്മാവിൻെറ നമ്മിലുള്ള പ്രവർത്തനം ക്രിസ്തുവിലാരോപിക്കത്തക്കവിധം ക്രിസ്തുനാഥൻ പരിശുദ്ധാത്മാവുവഴി നമ്മിൽ പ്രവർത്തിക്കുന്നു."[2] ആദ്ധ്യാത്മികമായ എല്ലാ പ്രവർത്തനങ്ങളുടേയും നിദാനമെന്നനിലയിൽ പരിശുദ്ധാത്മാവുവഴി നാം ഈശോയോട് ഐക്യപ്പെടുന്നു.

ക്രിസ്തുനാഥനും വിശ്വാസികളുമായുള്ള ഐക്യം അതിൻെറ പാരമ്യത്തിലെത്തുന്നതു ദിവ്യബലിയിലും വി. കുർബ്ബാന സ്വീകരണത്തിലുമാണ്. വി. കുർബ്ബാനയാകുന്ന ദിവ്യബലിവഴി ക്രിസ്തുനാഥൻ വിശ്വാസികളോടുള്ള തൻെറ ഐക്യത്തിനു ഒരു പുതിയ പ്രകാശനം നല്കുന്നു. വൈദികൻ ക്രിസ്തുനാഥൻെറ പ്രതിപുരുഷൻ എന്നനിലയിൽമാത്ര

1 John XIV: 26.
2 Pius XII: *Mystici Corporis*. 29, June, 1943,

മല്ല, സഭയുടെ മുഴുവന്റെയും ഓരോ വിശ്വാസിയുടേയും പ്രതിനിധിയായിട്ടുകൂടിയാണു ദിവ്യബലിയർപ്പിക്കുന്നതു്. എല്ലാ വിശ്വാസികളും അതിൽ പങ്കുചേരുന്നു. ക്രിസ്തുനാഥൻ ഗാഗുൽത്താമലയിൽവെച്ചു മാനവകുലപരിത്രാണാർത്ഥം നിത്യപിതാവിനു സ്വയം അർപ്പിച്ചതു മനുഷ്യസമുദായത്തിന്റെ ശിരസ്സെന്ന നിലയിലാണു്; അവരുടെയെല്ലാം പ്രതിനിധിയായിട്ടാണു്. അതുപോലെ, നമ്മുടെ അൾത്താരകളിലെ ദിവ്യബലിയിൽ ക്രിസ്തുനാഥൻ തന്നെത്തന്നെ ബലിയർപ്പിക്കുന്നു. അതോടൊപ്പം സഭയുടെ ശിരസ്സെന്ന നിലയിൽ സഭാഗാത്രത്തെ മുഴുവനും പരമപിതാവിനു കാഴ്ചവയ്ക്കുന്നു. എല്ലാ സഭാംഗങ്ങളും ക്രിസ്തുവിലും ക്രിസ്തുവഴിയായും ദൈവത്തിനു പ്രീതിജനകമായ ബലിവസ്തുവായി മാറുകയാണു്. അങ്ങനെ, ദിവ്യബലിവഴി വിശേഷോത്തരമായ ഐക്യം രൂപംകൊള്ളുന്നു.

ദിവ്യകാരുണ്യം ഐക്യത്തിന്റെ പ്രതീകമാണു്. ജീവനും സത്യവുമേകി ലോകത്തെ സമുദ്ധരിക്കുവാൻവന്ന ദൈവസുതനെ നാം സ്വീകരിക്കുകയാണു നമ്മുടെ ആത്മാവിന്റെ ഭക്ഷണമായി, ദിവ്യകാരുണ്യത്തിൽ. അവിടുന്നു നമ്മിലേക്കുവന്നു് നമ്മുടെ ആത്മാവിന്റെ ജീവനും ശക്തിയുമായി മാറുന്നു. "സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു; ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും." "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും ജീവിക്കും."[1] എത്ര മഹത്തായ ഒരു ബന്ധമാണു് അവിടെ സംജാതമാവുക! ക്രിസ്തുനാഥൻ നമ്മിൽ ജീവിക്കുന്നു!

1. John, VI: 51-52,,57

<u>ആ ബന്ധത്തിന്റെ മാഹാത്മ്യം:</u> മാനുഷികമായ പല ബന്ധങ്ങളും നമുക്കുണ്ട്: മാതാപിതാക്കന്മാരും മക്കളും തമ്മിൽ, സഹോദരരും സ്നേഹിതരും തമ്മിൽ, അങ്ങനെ പലതും. എന്നാൽ, യാതൊരു മാനുഷികബന്ധവും ക്രിസ്തുനാഥനോടു നമുക്കുള്ള ബന്ധംപോലെ അത്ര ദൃഢവും അമാനുഷികവുമല്ല. ക്രിസ്തു നമ്മിൽ ജീവിക്കുന്നു. നാം ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കുചേരുന്നു. വി. ആഗുസ്തിനോസ് ആനന്ദഭരിതനായി പ്രസ്താവക്കുന്നതു ശ്രദ്ധിക്കുക: "നമ്മെത്തന്നെ നാം അഭിനന്ദിക്കണം. ഉപകാരസ്മരണയുടെ ചേതോവികാരങ്ങളാൽ നാം നിറയണം. എന്തെന്നാൽ, നാം ക്രിസ്ത്യാനികളാകുക മാത്രമല്ല, മറെറാരു ക്രിസ്തുവായിത്തീരുകയാണു ചെയ്യുക. പ്രിയസഹോദരരേ, ദൈവവരപ്രസാദത്തെ നമ്മിലേക്കു പ്രവഹിപ്പിച്ച മഹിമാവു നാം യഥാതഥം ഗ്രഹിക്കുന്നുണ്ടോ? നമുക്ക് ആനന്ദപ്രകർഷത്താൽ അത്ഭുതസ്തബ്ധരും വികാരതരളിതരും ആകാം. നാം ക്രിസ്തുവായി മാറി; അവിടുന്നു ശിരസ്സും നാം അവയവങ്ങളും."[1]

ക്രിസ്തുനാഥനും സഭാംഗങ്ങൾക്കും തമ്മിലുള്ളതുപോലെ സ്വാഭാവാതീതമായ ഐക്യം സഭയിലെ വിവിധാംഗങ്ങൾക്കുമുണ്ട്. മുമ്പുകണ്ട ഉപമകൾ ക്രൈസ്തവരുടെ പരസ്പരൈക്യത്തെയും പ്രകാശിപ്പിക്കുന്നു. ശരീരാവയവങ്ങൾക്കുള്ള പരസ്പരബന്ധംപോലെയാണു ക്രൈസ്തവവിശ്വാസികളുടെ യോജിപ്പ്. "നാം തന്നെയും യഹൂദന്മാരാകട്ടെ, പുറജാതികളാകട്ടെ, അടിമകളാകട്ടെ, സ്വതന്ത്രരാകട്ടെ എല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമായി ജ്ഞാനസ്നാനം

1. PL. Vol. 35: 1568

സ്വീകരിക്കുകയും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തിരിക്കുന്നു."[1] വിശ്വാസികൾ തമ്മിൽ മൗലികമായി യാതൊരു വ്യത്യാസവും ഉണ്ടാകുവാൻ പാടില്ല. "അടിമയെന്നില്ല, .. സ്വതന്ത്രരെന്നില്ല. നിങ്ങൾ എല്ലാവരും മിശിഹായിൽ ഒന്നാകുന്നു."[2] "ഇനി നിങ്ങൾ അന്യന്മാരല്ല, വിശുദ്ധന്മാരുടെ പട്ടണത്തിലെ നിവാസികളും ദൈവത്തിൻെറ വീട്ടുകാരുമാകുന്നു."[3]

വിശ്വാസം ശരണം ഉപവി എന്നീ ദൈവികപുണ്യങ്ങൾവഴി സഭാംഗങ്ങൾ ക്രിസ്തുനാഥനോടു സംയോജിക്കുന്നതുപോലെ അവർ പരസ്പരവും യോജിക്കുന്നുണ്ട്. ഒരേ വിശ്വാസത്തിലും ഒരേ ശരണത്തിലും ഒരേ സ്നേഹത്തിലും അവർ പങ്കുകാരാണ്. ഒരേ വിശ്വാസത്തിൽ വസിക്കുവാൻ വിശ്വാസികളെ ക്രിസ്തുനാഥനും ശ്ലീഹന്മാരും ആഹ്വാനം ചെയ്യുന്നു. ആ വിശ്വാസം പരസ്പരൈക്യത്തിനു നിദാനമാണ്. "എന്തെന്നാൽ കർത്താവു് ഒരുവനാകുന്നു; വിശ്വാസവും ഒന്ന്."[4] "എൻെറ സഹോദരന്മാരേ, നിങ്ങൾക്കെല്ലാവർക്കും ഒരേ വചനംതന്നെയായിരിക്കണമെന്നും നിങ്ങളിൽ ഭിന്നതകൾ ഉണ്ടാകരുതു മറിച്ച്, ഒരേ മനസ്സോടും ഒരേ വിചാരത്തോടുംകൂടെ നിങ്ങൾ പൂർണ്ണരായിരിക്കണമെന്നും നമ്മുടെ കർത്താവീശോമിശിഹായുടെ നാമത്തിൽ ഞാൻ നിങ്ങളോടപേക്ഷിക്കുന്നു."[5]

ദൈവത്തോടുള്ള സ്നേഹത്തിൻെറ അവിഭാജ്യഘടകമാണു സഹോദരസ്നേഹം. അതുവഴി എല്ലാവരും ഐക്യ

1. I Cor. XII: 13
2. Gal. III: 28
3. Eph. II: 19
4. Eph. IV: 5
5. Cor. I; 10

ത്തിലും സമാധാനത്തിലും വസിക്കുക എന്നതാണു ക്രിസ്തുനാഥൻെറ ആഗ്രഹം. ഒരു ശരീരത്തിൻെറ വിവിധാംഗങ്ങൾ തമ്മിൽ യോജിപ്പും ഐക്യവും ആവശ്യകമാണല്ലോ. പരസ്പരം സ്നേഹിക്കുവാൻ, അങ്ങനെ പരിപൂർണ്ണതയിൽ എത്തിച്ചേരുവാൻ, ഈശോ നമ്മെ ആഹ്വാനം ചെയ്തിട്ടുണ്ടു്. അവിടുന്നു് അന്ത്യനാളുകളിൽ തൻെറ പിതാവിനോടു പ്രാർത്ഥിച്ചതും വിശ്വാസികളുടെ ഐക്യത്തിനുവേണ്ടിയാണു്. ക്രൈസ്തവസഹോദരരുടെ ഐക്യം തൻെറ ദൈവത്വത്തിൻെറ പ്രത്യക്ഷലക്ഷണമായി അവിടുന്നു നിർദ്ദേശിക്കുന്നു. "വിശുദ്ധപിതാവേ, അവർ നമ്മെപ്പോലെ ഒന്നായിരിക്കേണ്ടതിനു് (അവരെ) എനിക്കുതന്ന നീ നിൻെറ നാമത്തിൽ അവരെ കാത്തുകൊള്ളണമേ."[1] "അവർക്കുവേണ്ടി മാത്രമല്ല അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി കൂടെയാകുന്നു ഞാൻ പ്രാർത്ഥിക്കുന്നതു്. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു്."[2] ദിവ്യരക്ഷകനോടു് സ്നേഹത്താൽ നാം എത്രമാത്രം അടുത്തിരിക്കുന്നുവോ അതനുസരിച്ചു നാം പരസ്പരം ബന്ധിതരായിരിക്കും. നാം ആ ബന്ധത്തിൽ അനുദിനം വളരുവാൻ പരിശ്രമിക്കണം. "നിങ്ങളുടെ വിളിയുടെ ഏകമായ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നപ്രകാരം ഒരേ ശരീരത്തോടും ഒരേ ആത്മാവോടുംകൂടെ ഇരിക്കേണ്ടതിനായി സമാധാനത്തിൻെറ ബന്ധത്തിൽ ആത്മാവിൻെറ ഐക്യം കാത്തുകൊള്ളുവാൻ ഉത്സാഹിക്കുവിൻ."[3]

---

1. John, XVII: 11
2. John, XVII: 20-21
3. Eph. IV: 3-4

# എട്ടാമദ്ധ്യായം

## അല്മായപ്രേഷിതത്വത്തിൻെറ ഉറവിടം

അല്മായപ്രേഷിതത്വം സഭാജീവിതത്തിൻെറ ഒരു സവിശേഷതയാണ്. സഭാസ്ഥാപനം മുതൽ അതുനിലനിന്നുപോരുകയും ചെയ്യുന്നു പതിനൊന്നാം പീയൂസ്പാപ്പ പറയുന്നു: "ക്രിസ്തീയജീവിതത്തിൽനിന്ന്, ക്രൈസ്തവത്വത്തിൽനിന്ന്, സ്വയമേവ ഉത്ഭവിച്ച ചുമതലയാണ് അല്മായർക്കുപ്രേഷിതപ്രവർത്തനത്തിലുള്ള ഭാഗഭാഗിത്വം" (ലിസ്ബണിലേ കർദ്ദിനാളിനെഴുതിയ ലേഖനത്തിൽനിന്ന്). അത്തരമൊരു ഭാഗഭാഗിത്വത്തിന് അല്മായരെ പ്രാപ്തരാക്കുന്നത്, സഭാധികാരികളുടെ ഉപദേശമോ ആഹ്വാനമോ ഒന്നുമല്ല; ഓരോ ക്രിസ്ത്യാനിയിലും കുടികൊള്ളുന്ന ക്രൈസ്തവത്വമാണ്; വരപ്രസാദമാണ്. അല്മായപ്രേഷിതത്വവും ഔദ്യോഗികപ്രേഷിതത്വവും ക്രിസ്തുവിൻെറ പൗരോഹിത്യമാകുന്ന ഒരേ ഉറവിടത്തിൽനിന്നത്രേ ഉയിർക്കൊള്ളുന്നത്. രണ്ടും ക്രിസ്തുനാഥൻെറ പൗരോഹിത്യത്തിലുള്ള പങ്കുചേരലാണ്. ഈ പങ്കുചേരലിനു വ്യത്യാസവും തരഭേദവും ഉണ്ടെന്നുമാത്രം. എങ്കിലും അല്മായനു പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വം യഥാർത്ഥമാണ്. അതിൽനിന്നാണ് അല്മായപ്രേഷിതത്വം ഉൽഭവിക്കുന്നത്. പൗരോഹിത്യഭാഗഭാഗിത്വത്തെപ്പററി പ്രതിപാദിക്കുന്നതിനുമുമ്പ് പൗരോഹിത്യത്തെക്കുറിച്ചു സാമാന്യജ്ഞാനം ഉണ്ടായിരിക്കുക സമുചിതമത്രേ.

എന്താണു പൗരോഹിത്യം? ദൈവാരാധനയെസ്സംബന്ധിച്ചവ സ്വീകരിക്കുവാനും കൊടുക്കുവാനുമുള്ള പ്രാപ്തി, അഥവാ, അധികാരം ആണതു്. വൈദികൻ എന്നുപറഞ്ഞാൽ ദൈവികകാര്യങ്ങൾക്കും ദൈവാരാധക്കുംവേണ്ടി പ്രത്യേകവിധം നിയുക്തൻ എന്നാണർത്ഥം. വി. പൗലോസ്ശ്ലീഹാ ഇപ്രകാരം നിർവ്വചിക്കുന്നു: "ഏതു പുരോഹിതനും മനുഷ്യരിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവനാണു്. ദൈവത്താൽ വിളിക്കപ്പെട്ടവനും ദൈവത്തെസ്സംബന്ധിച്ച കാര്യങ്ങളിൽ മനുഷ്യർക്കുവേണ്ടി നിയുക്തനുമാണു്. അവൻ പാപങ്ങൾക്കു പരിഹാരമായി ബലിയർപ്പിക്കുകയും, അറിവില്ലാത്തവരോടും വഴിതെററിപ്പോയവരോടും സഹതപിക്കുകയും വേണം."[1] മാനുഷികമായവ ദൈവത്തിനു് അർപ്പിക്കുകയും ദൈവികമായവ മനുഷ്യനു നല്കുകയും ചെയ്തുകൊണ്ടു് മനുഷ്യനെ ദൈവവുമായി രമ്യപ്പെടുത്തുകയും പരസ്പരം യോജിപ്പിക്കുകയും ചെയ്യുവാൻ ദൈവത്തിൻറയും മനുഷ്യരുടേയും മദ്ധ്യസ്ഥനായി നിയമാനുസൃതം ദൈവത്താൽ നിയുക്തനായിരിക്കുന്നവനാണു പുരോഹിതൻ. ദൈവത്തിൻെറ പക്കൽ മനുഷ്യനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുകയും പ്രാർത്ഥനകളും ത്യാഗപ്രവൃത്തികളും കാഴ്ചകളും പ്രത്യേകിച്ചു ബലിയും അർപ്പിക്കുകയും ചെയ്യുക; ശുദ്ധീകരണവും ദൈവവുമായുള്ള രമ്യതയും ദൈവികതത്വങ്ങളും മനുഷ്യർക്കു പ്രദാനം ചെയ്യുക ഇവയാണു പുരോഹിതൻെറ കടമ.

## പൗരോഹിത്യഭാഗഭാഗിത്വം

ക്രിസ്തുനാഥൻ നിത്യപുരോഹിതനാണു്. തൻെറ പൗരോഹിത്യത്തിൽ ക്രൈസ്തവലോകത്തെ ഒന്നാടങ്കം ഭാഗഭാക്കാ

1. Heb. V: 1-4

ക്കുവാൻ അവിട്ടുന്ന് ആഗ്രഹിച്ചു. അതിന്നാവശ്യകമായ മാർഗ്ഗങ്ങളും കഴിവുകളും ഓരോ കത്തോലിക്കന്നും അവിട്ടുന്ന നല്കി. "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഗണവും രാജകീയ പൗരോഹിത്യവും വിശുദ്ധജനവും രക്ഷിക്കപ്പെട്ട ജാതിയുമാകുന്നു"[1] എന്ന വി. പത്രോസ്ശ്ലീഹ പറയുന്നു. വെളിപാടിന്റെ പുസ്തകത്തിൽ ഇപ്രകാരം കാണുന്നു: "തന്റെ പിതാവായ ദൈവത്തെ ശുശ്രൂഷിക്കുവാനായി നമ്മെ അവൻ പുരോഹിതന്മാരാക്കി." "ആദ്യത്തെ ഉയിർപ്പിൽ പങ്കുള്ളവൻ ഭാഗ്യവാനും പരിശുദ്ധനുമാകുന്നു. ഇവരുടെ മേൽ രണ്ടാമത്തെ മരണത്തിന് അധികാരമില്ല. പിന്നെയോ അവർ ദൈവത്തിന്റെയും മിശിഹായുടേയും പുരോഹിതന്മാരായിരിക്കും; അവനോടുകൂടെ ആയിരം സംവത്സരം വാഴുകയും ചെയ്യും."[2] പൗലോസ്ശ്ലീഹാ മറെറാരു വിധത്തിലാണ് ഈ വസ്തുത പ്രകാശിപ്പിക്കുന്നതു്: "നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ ബലിയായി ബുദ്ധിപൂർവ്വകമായ ശുശ്രൂഷമൂലം സമർപ്പിക്കുവിൻ".[3]

ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നു: "ജ്ഞാനസ്നാനംവഴി സത്യവിശ്വാസം സ്വീകരിച്ചവർ വൈദികരാണ് എന്നു പറയാറുണ്ടു്. ആന്തരികമായ വൈദികത്വമാണു വിവക്ഷ. ആ അർത്ഥത്തിൽ നീതീകരിക്കപ്പെട്ടവർ എല്ലാം പുരോഹിതന്മാരാണ്. അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും വരപ്രസാദത്താൽ നിത്യപുരോഹിത

1. I Pet. II: 9.
2. A poc. I: 6; XX: 6
3. Rom. XII: I

ന്റെ അവയവങ്ങളായിത്തീരുകയും ചെയ്യുന്നു. അതായത്, വിശ്വാസത്തിന്റേയും ഉപവിയുടേയും പ്രേരണയ്ക്കു വശംവദരായി എപ്പോഴെല്ലാം നല്ല പ്രവൃത്തികൾ ചെയ്തു ദൈവമഹത്വത്തിനായി കാഴ്ചവയ്ക്കുന്നുവോ അപ്പോഴെല്ലാം അവർ ആത്മീയമായി ബലിയർപ്പിക്കുകയാണ്, തങ്ങളുടെ ആത്മീയ ബലിപീഠത്തിൽ."[1] ആകയാൽ, ദൈവമുമ്പാകെ എല്ലാ സഭാംഗങ്ങൾക്കും വൈദികസ്ഥാനമുണ്ട്. എന്നാൽ, പൗരോഹിത്യം നിഷ്കൃഷ്ടാർത്ഥത്തിൽ അല്മായർക്കില്ല. അഭിഷിക്തരായ പുരോഹിതന്മാരെപ്പോലെ വൈദികകർത്തവ്യങ്ങൾ സ്വീകരിച്ചു നിർവ്വഹിക്കുവാൻ അല്മായർക്കു പാടില്ല. എങ്കിലും പൗരോഹിത്യഭാഗഭാഗിത്വവും, ദൈവാരാധനയിലും മററു മതകർമ്മങ്ങളിലും സഹകരണവും അവർക്കുണ്ടെന്നു സമ്മതിച്ചേ തീരൂ.

മനുഷ്യനും ദൈവത്തിനുമിടയ്ക്കുള്ള ഏകമദ്ധ്യസ്ഥൻ ക്രിസ്തുനാഥനാണ്. അല്മായർ, അവിടുത്തെ അവയവങ്ങളായതുകൊണ്ടും മദ്ധ്യവർത്തികൾ എന്ന നിലയ്ക്കും വൈദികരാണ്. എന്നാൽ, അല്മായനു വ്യാപകാർത്ഥത്തിലുള്ള പൗരോഹിത്യം യഥാർത്ഥമായി ലഭിക്കുന്നതു ജ്ഞാനസ്നാനം, സ്ഥൈര്യലേപനം എന്നീ കൂദാശകൾ വഴിയത്രേ.

<u>കൂദാശകളും പൗരോഹിത്യഭാഗഭാഗിത്വവും:</u> കൂദാശകൾവഴി മനുഷ്യനിലേക്കു പ്രവഹിക്കുന്ന പ്രസാദവരമത്രേ പൗരോഹിത്യഭാഗഭാഗിത്വത്തിന്റെ കാതൽ. എന്നാൽ, എല്ലാ കൂദാശകളും ഒരേവിധത്തിൽ വൈദികത്വം പ്രദാനം ചെയ്യുന്നില്ല. വി. തോമാസ് അക്വിനാസ് പറയുന്നു: "ജ്ഞാ

1. Catechismus Romanus. p. 2. c. 7 no. 23

നസ്സ്നാനം, സൈ്ഥര്യലേപനം, തിരുപ്പട്ടം, എന്നീ മൂന്നു കൂദാശ കൾവഴിയാണു നാം പൗരോഹിത്യത്തിൽ ഭാഗഭാക്കാകുന്ന ത്. ജ്ഞാനസ്നാനംവഴി നമ്മുടെതന്നെ രക്ഷയും പവിത്രീകര ണവും നടക്കുന്നു. വ്യക്തികളെ ഉദ്ദേശിച്ചു മാത്രമുള്ളതാണ തിൻെറ സിദ്ധികളും കഴിവുകളും. തിരുപ്പട്ടം എന്ന കൂദാശ വഴി ഒരാൾ സഭയ്ക്കുവേണ്ടി പ്രതിഷ്ഠിതനാകുന്നു. അതിന്റെ അധികാരാവകാശങ്ങൾ തികച്ചും സാമൂഹികമാണ്. സമൂ ഹത്തെ സേവിക്കുകയാണ് അതിൻെറ ലക്ഷ്യം. സൈ്ഥര്യ ലേപനം വ്യക്തിപരവും സാമൂഹികവുമായ അവകാശാധികാ രങ്ങൾ നല്കുന്നു. ഈ കൂദാശ സ്വീകരിക്കുന്നയാൾ തന്റെത ന്നെ ആത്മരക്ഷയും വിശുദ്ധീകരണവും സാധിക്കണം. മാത്ര മല്ല, സമൂഹത്തിനുവേണ്ടി വേലചെയ്യുകയും വേണം. വിഭി ന്നങ്ങളായ ഈ മൂന്നു കൂദാശകളും മൂന്നു തരത്തിലുള്ള ആ ത്മീയാധികാരമാണ് ഒരുവനു നല്കുന്നതു്. വൈദികൻെറ പൗരോഹിത്യവും അല്മായനു (ജ്ഞാനസ്നാനവും സൈ്ഥര്യ ലേപനവും സ്വീകരിക്കുക നിമിത്തം) ലഭിക്കുന്ന പൗരോഹി ത്യവും യഥാർത്ഥമാണെങ്കിലും ഒന്നല്ല, രണ്ടാണ്." സുപ്ര സിദ്ധപണ്ഡിതനായ കാൾആഡം (Karl Adam) അതേപ്പ റ്റി ഇങ്ങനെ പ്രതിപാദിക്കുന്നു, "ക്രിസ്തുവിൻെറ പൗരോഹി ത്യത്തിലുള്ള സമുന്നതവും പരിപൂർണ്ണവുമായ ഭാഗഭാഗിത്വം അടങ്ങിയിരിക്കുന്നതു തിരുപ്പട്ടം എന്ന കൂദാശയിലാണ്. വി ശ്വാസികൾക്കു വചനംവഴിയും കൂദാശകൾവഴിയും ക്രിസ്തുനാ ഥൻെറ വരപ്രസാദം നിഷ്കൃഷ്ടാർത്ഥത്തിൽ പ്രദാനം ചെയ്യു വാനുള്ള കഴിവും പര്യാപ്തതയും തിരുപ്പട്ടസ്വീകരണത്തോ ടെ ഒരുവനു ലഭിക്കുന്നു. പൗരോഹിത്യമുദ്രവഴി ഒരുവൻ ക്രി സ്തുവിൻെറ അഭിഷിക്തശുശ്രൂഷിയായിത്തീരുന്നു, പരിപൂ

ണ്ണവും നിശ്ചിതവുമായ അർത്ഥത്തിൽ.... ജ്ഞാനസ്നാനംവഴി ക്രിസ്തീയവിശ്വാസികൾക്കു ലഭിക്കുന്ന പൗരോഹിത്യം അത്ര യും പരിപൂർണ്ണവും ആന്തരികവുമല്ല. ആകയാൽ ജ്ഞാന സ്നാനസ്വീകരണംവഴി ലഭിക്കുന്ന പൗരോഹിത്യഭാഗഭാഗി ത്വം തിരുപ്പട്ടസ്വീകരണംവഴി ലഭിക്കുന്നതിൽനിന്നു വ്യത്യ സ്തമാണ്. ജ്ഞാനസ്നാനം വിശ്വാസികളെ സഭയുടെ അഭി ഷിക്തശുശ്രൂഷികളാക്കുന്നില്ല. ഏതാനും ചില ആദ്ധ്യാത്മി കാധികാരങ്ങൾ നല്കുകമാത്രം ചെയ്യുന്നു. എങ്കിലും യഥാ ർത്ഥപൗരോഹിത്യമാണ്; ക്രിസ്തുവിൻെറ പൗരോഹിത്യത്തി ലുള്ള യഥാർത്ഥഭാഗഭാഗിത്വമാണ് ജ്ഞാനസ്നാനംവഴി ലഭി ക്കുക."[1]

"പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വത്തിനു വ്യത്യാ സം വരുന്നതു കൂദാശകളിലുള്ള തരഭേദം കൊണ്ടത്രേ. കൂദാ ശകൾ രണ്ടുതരമുണ്ട് — മുദ്ര പതിക്കുന്ന കൂദാശകളും അല്ലാ ത്തവയും. മുദ്ര പതിക്കുന്ന കൂദാശകൾ സ്വീകരിക്കുമ്പോൾ ശാശ്വതവും മായിക്കപ്പെടാത്തതുമായ ഒരടയാളം ആത്മാ വിൽ പതിയുന്നു. ആ ചിഹ്നത്തെയാണു കൂദാശയ്ക്കടുത്ത മുദ്രയെന്നു വിളിക്കുന്നത്. ഈ മുദ്രയ്ക്കു പൗരോഹിത്യസംബ ന്ധിയായ പ്രാധാന്യമുണ്ട്. നിത്യപുരോഹിതനായ ക്രിസ്തുവു മായി വിശ്വാസികളെ ബന്ധിക്കുകയും അവർക്കു വൈദികാ ധികാരങ്ങളും കഴിവുകളും നല്കുകയും ചെയ്യുന്നു. മുദ്രപതി ക്കുന്ന ഓരോ കൂദാശയും വിവിധങ്ങളായ പൗരോഹിത്യാധി കാരത്താൽ ഒരുവനെ അലങ്കരിക്കുന്നു. ക്രിസ്ത്യാനിക്കു പുരോ ഹിതനായ ക്രിസ്തുവിനോടു പല്വതോതിലുള്ള ഐക്യത്തേയും

1. Karl Adam, *The Spirit of Catholicism* p. 126

അവിടുത്തെ പൗരോഹിത്യാധികാരത്തിലുള്ള ഭാഗഭാഗിത്വത്തേയും വ്യഞ്ജിപ്പിക്കുന്നതു കൗദാശികമുദ്രയാണ്. വിശദമാക്കാം; ക്രൈസ്തവവിശ്വാസികൾക്കു രണ്ടു ലക്ഷ്യങ്ങളുണ്ട്— നിത്യസൗഭാഗ്യം അനുഭവിക്കുക; ദൈവാരാധനയെ സംബന്ധിച്ചവ കൊള്ളുകയും കൊടുക്കുകയും ചെയ്യുക. ഇവയെ സൂചിപ്പിക്കുവാൻവേണ്ടി അവർ വരപ്രസാദത്താലും കൂദാശയ്ക്കുടുത്ത മുദ്രയാലും അലംകൃതരാണ്. വരപ്രസാദം നിത്യസൗഭാഗ്യത്തിനു വിശ്വാസികളെ അർഹരാക്കുന്നു. കൗദാശികമുദ്ര അവരെ ക്രിസ്തുവുമായി ബന്ധിച്ച് അവിടുത്തെപൗരോഹിത്യത്തിൽ പങ്കുചേർക്കുന്നു."

ചുരുക്കത്തിൽ മുദ്ര പതിക്കുന്ന കൂദാശകളുടെ സ്വീകരണം വഴിയാണു വിശ്വാസികൾ പൗരോഹിത്യത്തിൽ പങ്കാളികളാകുന്നതു്. അത്തരം കൂദാശകൾ മൂന്നാണ്—ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, തിരുപ്പട്ടം. ഇതിൽ തിരുപ്പട്ടം ഒരുവനെ നിഷ്കൃഷ്ടാർത്ഥത്തിൽ വൈദികനാക്കുന്നു. മററു രണ്ടു കൂദാശകൾ ചില വൈദികാധികാരങ്ങൾ നല്കുന്നുണ്ടു്. ഇപ്രകാരം അല്മായനും പൗരോഹിത്യത്തിൽ ഭാഗഭാക്കാകുന്നു. ഈ ഭാഗഭാഗിത്വം പ്രായോഗികജീവിതത്തിൽ പ്രതിഫലിച്ചെങ്കിൽ മാത്രമേ പരിപൂർണ്ണമാകൂ. പതിനൊന്നാം പീയൂസ് മാർപ്പാപ്പ പറയുകയാണ്: "നിങ്ങളുടേയും (മെത്രാന്മാരുടേയും) വൈദികസമൂഹത്തിന്റേയും പ്രവർത്തനങ്ങളിൽ— ക്രിസ്തുനാഥന്റെ അനുശാസനങ്ങളും പ്രബോധനങ്ങളും പ്രചരിപ്പിക്കുകയും അവിടുത്തെ സ്നേഹിക്കുവാൻ പഠിപ്പിക്കുകയും ചെയ്യുന്നതിൽ—വിശ്വാസികൾ ഭാഗഭാക്കാകുമ്പോൾ തിര

1. *Cfr. Summa, Theologiae* 3 q. 63 a. 3'

ഞ്ഞെത്തടുക്കപ്പെട്ട ജനം, രാജകീയപൌരരാഹിത്യം, വിശ്രുദ്ധ ജനത തുടങ്ങിയ അപരനാമങ്ങൾക്കു് അവർ കൂടുതൽ അർഹരാകുന്നുവെന്നു് അവരെ അറിയിക്കുവിൻ."[1]

കൗദാശികമുദ്രകൾ പ്രഥമവും പ്രധാനവുമായി ഒരുവനെ ദൈവത്തിൻേറതാക്കിത്തീർക്കുന്നു; സഭാജീവിതത്തിലും ഘടനയിലും പലതും ചെയ്യുവാൻ ശക്തിയും അധികാരവും നല്കുന്നു. മൗതികശരീരത്തിൻേറ അംഗങ്ങളെ പ്രത്യേകാവയവങ്ങളാക്കുന്നതിലും അവയുടെ സ്ഥാനവും ജോലിയും നിശ്ചയിക്കുന്നതിലും ഈ മുദ്രക്കു പങ്കുവഹിക്കുവാനുണ്ടു്. എന്നാൽ, അവകാശാധികാരങ്ങൾ മാത്രമല്ല ഉത്തരവാദിത്വംകൂടെ അതു് അവനിൽ നിക്ഷേപിക്കുന്നു. ഒരു ജർമ്മൻ ദൈവശാസ്ത്രജ്ഞൻ പറഞ്ഞതു സ്മർത്തവ്യമാണു്. "മൗതികശരീരാവയവങ്ങൾ എന്ന നിലയ്ക്കു നാം ശിരസ്സിനു വിധേയരാണു്. അതിനാൽത്തന്നെ ശിരസ്സിൻേറ വ്യാപാരങ്ങളിലും പ്രവൎത്തനങ്ങളിലും നാം ഭാഗഭാക്കുകളാകുന്നു. ആ ഭാഗഭാഗിത്വത്തിൽനിന്നുൽഭൂതമാകുന്ന ചില അധികാരാവകാശങ്ങൾ നമുക്കു ലഭിക്കുന്നുണ്ടു്. അതോടൊപ്പം ചില ചുമതലകൾകൂടി നിറവേററുവാൻ നാം കടപ്പെട്ടവരാണു്." സഭയുടെ പൊതുലക്ഷ്യത്തിനുവേണ്ടി പണിയെടുക്കുകയത്രേ ആ ചുമതലകളിൽ പ്രധാനപ്പെട്ടതു്.

ജ്ഞാനസ്നാനം: ജ്ഞാനസ്നാനസ്വീകരണംവഴി ഒരാൾ പാപത്തിൻേറ പിടിയിൽനിന്നു വിടുതൽപ്രാപിക്കുകയും സഭാംഗമാകയും വരപ്രസാദം സ്വീകരിക്കുകയും ചെയ്യുന്നതോടേ മിശിഹായുടെ പൗരോഹിത്യശക്തിക്കും അധീശാധി

1. Cfr. Pius XI: *Ubi Arcano.*

കാരത്തിനും വിധേയനായിത്തീരുന്നു. അവൻ ദൈവത്തിൻെറ ദത്തുപുത്രനായി മാറുന്നു. ആ നൂതനബന്ധത്തിന്റേയും അതിൽനിന്നുൽഭൂതമാകുന്ന വിധേയത്വത്തിൻേറയും പ്രകാശനത്തിന് അവനു കഴിവുണ്ട്, കടമയുമുണ്ട്. ആ കഴിവ് ഒരുവനു ലഭിക്കുന്നതു ജ്ഞാനസ്നാനത്താൽ ആത്മാവിൽ പതിയുന്ന മുദ്രയും അതിൽനിന്നുളവാകുന്ന പൗരോഹിത്യഭാഗഭാഗിത്വവും വഴിയത്രേ ആന്തരികവും ബാഹ്യവുമായ ആരാധനകളും ഭക്തികൃത്യങ്ങളും വഴിയാണ് ഒരുവൻ ഈ കടമ നിർവ്വഹിക്കുക. ജ്ഞാനസ്നാനംവഴി ലഭിക്കുന്ന പൗരോഹിത്യഭാഗഭാഗിത്വം അന്തർഭവിച്ചിരിക്കുന്നതു ദൈവികാരാധന നടത്തുന്നതിനുള്ള പ്രാപ്തിയിലാണ്.

പരിശുദ്ധപിതാവ് പന്ത്രണ്ടാം പീയൂസ് പറയുന്നു: "ജ്ഞാനസ്നാനംവഴി ക്രിസ്ത്യാനികൾ മൗതികശരീരത്തിലെ അംഗങ്ങളും നിത്യപുരോഹിതനായ ക്രിസ്തുവിൻെറ അവയവങ്ങളുമായിത്തീരുന്നു. ആത്മാവിൽ പതിയുന്ന മുദ്രയുടെ ശക്തിവിശേഷത്താൽ ദൈവാരാധനയ്ക്ക് അവർ നിയുക്തരാകുന്നു."[1] തന്മൂലം പൊതുവായ ആരാധനക്രമങ്ങളിലും മതാനുഷ്ഠാനങ്ങളിലും ക്രിയാത്മകമായി സംബന്ധിക്കുവാൻ അവർക്കു കഴിയുന്നു. ക്രൈസ്തവാരാധയിൽ ഏററം പ്രധാനപ്പെട്ടതു ദിവ്യബലിയാണല്ലോ. അതിൽ ക്രിസ്തുനാഥൻ ബലിവസ്തുവും കാർമ്മികനുമായി നിത്യപിതാവിന് അനന്തമായ ആരാധന നടത്തുകയാണ്. മനുഷ്യവർഗ്ഗത്തിനുവേണ്ടി, അവരുടെ പാപപരിഹാരത്തിനായിട്ട്, അവിടുന്നു ദൈവത്തോടു പ്രാർത്ഥിക്കുന്നു; അനുഗ്രഹങ്ങൾ യാചിക്കുന്നു. ആ മഹോന്നതകർമ്മത്തിൽ അല്മായനു സഹകരിക്കാൻ കഴി

1. Pius. XII, *Mediator Dei*, Nov. 20 1947.

യും. നിർമ്മലവും പരിശുദ്ധവുമായ ബലിവസ്തു നിത്യപിതാവിനു കാഴ്ചവക്കുക, വൈദികനോടും മിശിഹായോടും യോജിച്ചുകൊണ്ടു്. ആ ബലിയോടു ചേൻറുകൊണ്ടു തന്നെത്തന്നെ ജീവിതത്തിൻെറ നൂറുനൂറു ബുദ്ധിമുട്ടുകളോടെ കാഴ്ചയണയ്ക്കുക. കുരിശിൻചുവട്ടിൽ മാതാവും യോഹന്നാനും ഭക്തസ്ത്രീകളുമെന്നപോലെ ആ വിശേഷാത്തരകർമ്മത്തിൽ ദിവ്യനാഥനോടു ചേർന്നുനില്ക്കുക. ക്രിസ്തുവിലും ക്രിസ്തുവഴിയായും മാത്രമേ ദൈവത്തിനുയോജിച്ച ആരാധനസ്തോത്രങ്ങൾ അർപ്പിക്കുവാൻ കഴിയൂ. വി. പൗലോസ്ശ്ലീഹാ പറയുന്നു: "നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായ ബലിയായി സമർപ്പിക്കുവിൻ"[1]. ഇതുതന്നെ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയും ഉദ്ബോധിപ്പിക്കുന്നു: "കുരിശിലെ നമ്മുടെ ദിവ്യരക്ഷാനാഥനോടുകൂടെ തങ്ങളെത്തന്നെയും തങ്ങളുടെ ഉത്കണ്ഠകളേയും ദുഃഖദുരിതങ്ങളേയും ആവശ്യങ്ങളേയും കാഴ്ചയണയ്ക്കുവാൻ ക്രിസ്ത്യാനികൾ വിസ്മരിക്കരുതു്"[2]. ആ സഹകരണം ക്രിസ്ത്യാനികൾക്കുള്ള ഒരു പ്രത്യേകതയാണു്. ക്രിയാത്മകമായി ദിവ്യബലിയിൽ സംബന്ധിക്കുവാൻ അവർക്കേ കഴിയൂ. അതിനാലത്രേ ആദിമകാലങ്ങളിൽ ജ്ഞാനസ്നാനം സ്വീകരിക്കാത്തവരെ കാഴ്ചവെയ്പ്പിനുമുമ്പു ദൈവാലയത്തിൽനിന്നു പുറത്തു വിട്ടിരുന്നതു്.

മററു കൂദാശകൾ സ്വീകരിക്കുവാൻ ജ്ഞാനസ്നാനം ഒരുവനെ അർഹനാക്കുന്നു. അവയിൽ വിവാഹം അല്മായൻെറ പൗരോഹിത്യത്തെ കൂടുതൽ വ്യക്തമാക്കുന്നതാണു്.

1. Rom, XII: 1.
2. Pius XII, *Mediator Dei*.

കാരണം, വിവാഹത്തിൻെറ കാർമ്മികർ വധൂവരന്മാരാണ്. കൂദാശയുടെ കാർമ്മികനാവുക വൈദികത്വത്തിൻെറ ലക്ഷണമാണല്ലോ.

സ്ഥൈര്യലേപനം: ആത്മാവിൽ മുദ്രപതിക്കുന്നതും അല്മായനു പൗരോഹിത്യഭാഗഭാഗിത്വം നല്കുന്നതുമായ മറെറാരു കൂദാശയത്രേ സ്ഥൈര്യലേപനം. ജ്ഞാനസ്നാനം ഒരു ജനനമായിരുന്നു — പ്രസാദവരലോകത്തിലേക്കുള്ള പുനർജനനം. എന്നാൽ, ഒരുവൻെറ ആദ്ധ്യാത്മികവളർച്ചയുടെ സുപ്രധാനമായ ഒരു തിരിവിനെ കുറിക്കുന്നതാണു സ്ഥൈര്യലേപനം. ഈ കൂദാശ ആത്മാവിനും ആദ്ധ്യാത്മികജീവിതത്തിനും പണ്ടില്ലാതിരുന്ന പ്രാഭവവും പക്വതയും പ്രദാനം ചെയ്യുന്നു. ശിശുസഹജമായ പ്രവൎത്തനങ്ങൾക്കുതകുന്ന കഴിവുകൾ മാത്രമാണു ജ്ഞാനസ്നാനം നല്കിയതു്. എന്നാൽ, പ്രായപൂൎത്തി വന്നവനുചേർന്ന പ്രവൎത്തനങ്ങൾക്കുപകരിക്കുന്ന സിദ്ധികളാണ്, പരിശുദ്ധാത്മാവിന്റെ വരങ്ങളാണ്, സ്ഥൈര്യലേപനം നല്കുക. വിശ്വാസികളുടെ ഹൃദയങ്ങളെ സത്യവും സ്നേഹവുംകൊണ്ടുനിറച്ച്, വിവിധദാനങ്ങൾകൊണ്ടലങ്കരിച്ച് അവരെ ക്രിസ്തുവിൻെറ വീരഭടന്മാരാക്കുവാനാണു പരിശുദ്ധാത്മാവു ലോകത്തിലേക്ക് അയയ്ക്കപ്പെട്ടതുതന്നെ. "സത്യാത്മാവു വന്ന് അവൻ എല്ലാ സത്യങ്ങളിലും നിങ്ങളെ നയിക്കും." "പരിശുദ്ധാത്മാവായ ആശ്വാസപ്രദൻ നിങ്ങളെ സകലതും പഠിപ്പിക്കും"[1].

ശാരീരികജീവിതത്തിൽ എന്നതുപോലെ ആദ്ധ്യാത്മികജീവിതത്തിലും പ്രായപൂൎത്തി പ്രാപിക്കുക എന്നതു് അതി

1. John, XVI: 13; XIV: 26

പ്രധാനമായ ഒരു വസ്തുതയാണു്. സ്ഥൈര്യലേപനം സ്വീകരിക്കുന്നതോടെ ആദ്ധ്യാത്മികജീവിതത്തിൽ പ്രായപൂത്തി കൈവരുകയും വ്യതിയാനങ്ങ‍ൾ സംഭവിക്കുകയും ചെയ്യുന്നു. മനുഷ്യജീവിതവുമായി തട്ടിച്ചുനോക്കിയാൽ ആ വ്യതിയാനങ്ങ‍ൾ ഏവയെന്നു മനസ്സിലാകും.

പരിഷ്കൃതരും അപരിഷ്കൃതരുമായ എല്ലാ ജനപദങ്ങളും പ്രായപൂത്തി പ്രാപിക്കലിൻെറ പ്രാധാന്യം ശരിയായി ഗ്രഹിച്ചിരുന്നു. അതുകൊണ്ടാണു പല കർമ്മവിധികളും ആചാരാനുഷ്ഠാനങ്ങളും പ്രായപൂത്തിയിലെത്തുന്നവർ നടത്തണമെന്നു നിർദ്ദേശിച്ചിരിക്കുന്നതു്.

നിസ്സഹായനായി ഈ ഭൂമിയിലേക്കു പിറന്നുവീണ മനുഷ്യൻ പ്രായപൂത്തിയാകുന്നതോടെ സ്വന്തം കാലിൽ നില്ക്കുവാനും സ്വന്തം കാര്യം നോക്കുവാനും ആരംഭിക്കുന്നു. ബാലസഹജവും ബലഹീനവുമായ പ്രവത്തനങ്ങളോടും ജീവിതരീതികളോടും വിടവാങ്ങി സ്വാതന്ത്ര്യവും ഉത്തരവാദിത്വപൂണ്ണവുമായ ഒരു പുത്തൻജീവിതം ഉൽഘാടനം ചെയ്യുന്നു. ഉദാസീനതയ്ക്കോ അലക്ഷ്യഭാവത്തിനോ ഇനിമേൽ സ്ഥാനമില്ല. ഇതുപോലൊരു സ്ഥിതിവിശേഷതയാണു സ്ഥൈര്യലേപനം ആദ്ധ്യാത്മികജീവിതത്തിൽ വരുത്തിവയ്ക്കുന്നതു്. വ്യക്തിഗതമായ ആദ്ധ്യാത്മികജീവിതം ഇതോടെ ആരംഭിക്കുകയായി. നിസ്സഹായതയെ അകററുന്നതിനു ശേഷിയും ധീരതയും കൈവരുന്നു. അയാ‍ൾ സഭാഗാത്രത്തിലെ കമ്മവൈഭവവും കത്തവ്യബോധവുമുള്ള സജീവാംഗമായി മാറുന്നു. ഈ അവസ്ഥാന്തരത്തെപ്പററി തോമസ് അക്വീനാസ് പറയുകയാണു്; "ഇന്ദ്രിയഗോചരമായ വസ്തുക്ക‍ൾക്കും ബു

ദ്ധിശക്തിയുടെ പ്രവത്തനവലയത്തിൽവരുന്ന വസ്തുക്കൾക്കും തമ്മിൽ സാമ്യമുണ്ട്. അതേ സാമ്യം ശാരീരികവും ആദ്ധ്യാത്മികവുമായവയിലും കാണാം. അതുകൊണ്ട്, കായികജീവിതത്തിൽവന്നുഭവിക്കുന്ന വ്യതിയാനങ്ങളുടെ വെളിച്ചത്തിൽ ആദ്ധ്യാത്മികരംഗത്ത് എന്തുനടക്കുന്നുവെന്നു വിഭാവനംചെയ്യുന്നതിൽ വലിയ തെററില്ല. ശരീരബന്ധിയായ ജീവിതം ഒരു പരിപക്വാവസ്ഥയിലെത്തുമ്പോൾ ചില പ്രത്യേകതകളും സവിശേഷതകളുംനേടി പൂണ്ണത പ്രാപിക്കുന്നു; മാനുഷികമായ എല്ലാ പ്രവൃത്തികളും ചെയ്യാനുള്ള കഴിവും ആജ്ജിക്കുന്നു .. സ്വാഭാവികജീവന് ആരംഭവും, പൂണ്ണവികാസത്തേയും അഭിവൃദ്ധിയേയും ലക്ഷ്യംവച്ചുകൊണ്ടുള്ള വളർച്ചയുമുണ്ട്; അതുപോലെ ആദ്ധ്യാത്മികജീവിതത്തിലും. ആരംഭം ജ്ഞാനസ്നാനം വഴിയാണ്. സ്ഥൈര്യലേപനം ആത്മീയജീവനു വളർച്ചയും അഭിവൃദ്ധിയും നല്കുന്നു അങ്ങനെ, അവർ ചുമതലയുള്ള സഭാംഗങ്ങളായി മാറുന്നു. ആ ചുമതലകൾ ഒന്നൊഴിയാതെ നിവ്വഹിക്കണം"[1].

സ്വാതന്ത്ര്യവും കാര്യമാത്രപ്രസക്തവുമായ ആദ്ധ്യാത്മികജീവിതം നയിക്കുന്നതിനുതകുന്ന ലക്ഷ്യവും ആദർശവും പ്രവത്തനസരണിയും എല്ലാം ഉണ്ടാകണം. ഭക്തജീവിതത്തിനും ഭക്തിപ്രകാശനത്തിനുപോലും വ്യതിയാനം വരണം. ശിശുവിൻേറതുപോലുള്ള ഭക്തജീവിതമല്ല ആഴവും ഉറപ്പും തീക്ഷ്ണതയുമുള്ള കമ്മോന്മുഖഭക്തജീവിതമാണ് അവൻ നയിക്കേണ്ടതു്. അപ്പോഴാണ് ആദ്ധ്യാത്മികജീവിതത്തിൽ വ്യക്തിത്വം പ്രാപിക്കുക. അതിനാൽ, കാര്യഗൗര

1. *Summa, Theologiae*, 3 q 72 a 1.

വത്തോടെ, മെച്ചപ്പെട്ട രീതിയിൽ തയ്യാറെടുത്തുകൊണ്ടുവേണം സ്ഥൈര്യലേപനം സ്വീകരിക്കുക.

ഒരുവൻെറ ജീവിതം, തൊഴിൽ, പശ്ചാത്തലം അങ്ങനെ പലതും മററുള്ളവരുടേതിൽനിന്നു മിക്കപ്പോഴും വ്യത്യസ്തമാണു്. ആ വ്യത്യാസങ്ങൾ കണക്കിലെടുത്തുകൊണ്ടു രൂപപ്പെടുത്തിയ ആദ്ധ്യാത്മികജീവിതമാണാവശ്യം. ക്രിസ്തീയതത്വങ്ങൾ സനാതനങ്ങളാണു്; മാററമില്ലാത്തവയാണു്. എന്നാൽ, അവയിൽ അധിഷ്ഠിതമായ ജീവിതത്തിനു വ്യത്യസ്തരൂപവും ഭാവവും ഉണ്ടാകാം. ക്രിസ്തീയതത്വങ്ങൾക്കു ഭംഗം വരാതെ, അവയിൽ അധിഷ്ഠിതമായ ജീവിതം പടുത്തുയർത്തണം. ആ ജീവിതം സാഹചര്യങ്ങളുമായി കഴിവതു പൊരുത്തപ്പെട്ടുപോകുന്നതുമായിരിക്കണം. അതിനു് ആദ്ധ്യാത്മികജീവിതത്തിൽ വ്യക്തിത്വം കൂടിയേകഴിയൂ.

ജീവനുണ്ടായിരിക്കുക മാത്രമല്ല ഒരളവിൽ ജീവൻ ഉൽപാദിപ്പിക്കുവാനും ഒരുവനു കഴിയും, പ്രകൃതിയിലെന്നപോലെ ആദ്ധ്യാത്മികരംഗത്തും. സ്ഥൈര്യലേപനമാണു് ആദ്ധ്യാത്മികജീവൻ വളരുന്നതിനും അതു മററുള്ളവരിൽ ഉൽപാദിപ്പിച്ചു വളർത്തുന്നതിനും ഒരുവനു ശക്തിനല്കുന്നതു്.

## ക്രിസ്തുവിൻെറ യോദ്ധാവു്

ദിവ്യരക്ഷകൻ ഒരു രാജ്യം സ്ഥാപിച്ചു. അതാണു തിരുസ്സഭ. അവളുടെ സംരക്ഷണത്തിനും വിസ്തൃതിക്കുംവേണ്ടി യത്നിക്കുവാൻ സൈന്യം വേണം. അവരത്രേ ക്രൈസ്തവപ്രേഷിതർ. തിന്മക്കെതിരായി ആയോധനം നടത്തി ജന

പദങ്ങളേയും സംസ്കാരങ്ങളേയും നന്മയിൽ സംശുദ്ധമാക്കുന്നതിനുവേണ്ട ക്രൈസ്തവപ്രേഷിതവ്യൂഹത്തെ വാർത്തെടുക്കുന്നതു സ്ഥൈര്യലേപനമാണു്. വിശദമാക്കാം: വൈരാഗ്യമനഃസ്ഥിതിയോടും നിർബ്ബന്ധബുദ്ധിയോടുംകൂടെ സഭയെ എതിർക്കുന്നവരുണ്ടു്; സഭയോടു കടുത്ത നിഷ്പക്ഷത പുലർത്തുന്നവരുണ്ടു്! സഭയെപ്പററി അറിയുകയോ കേൾക്കുകയോ ചെയ്യാത്തവരുമുണ്ടു്. അവരെയെല്ലാം ക്രിസ്തുവിനുവേണ്ടി ജയിച്ചടക്കണം. അവരെ തോൽപ്പിച്ചു നശിപ്പിച്ചല്ല; പ്രത്യുത, അവക്കു് വിജയംനേടിക്കൊടുത്തുകൊണ്ടു്. മററു വാക്കുകളിൽ, സഭയെ ഏററുപറയുക, പ്രസാഗിക്കുക, സംരക്ഷിക്കുക, സഹോദരലക്ഷങ്ങൾക്കു സത്യവിശ്വാസം നല്കുക—അതിലാണു പ്രേഷിതസമരം അന്തർഭവിച്ചിരിക്കുന്നതു്. സ്വകാര്യജീവിതത്തിൽ മാത്രമല്ല; സാമൂഹ്യജീവിതത്തിലും ക്രിസ്തുവിന്റെ ഭരണം കൈവരുത്തണം. 'മതം വ്യക്തിപരമാണു്, സ്വകാര്യജീവിതത്തിൽ മാത്രമേ അതിനു സ്ഥാനമുള്ളൂ; പൊതുജീവിതത്തിൽ—സാമൂഹ്യസാമ്പത്തികരാഷ്ട്രീയമണ്ഡലങ്ങളിൽ—മതം പ്രവേശിച്ചുകൂടാ' എന്ന ലിബറലിസ്ററു ചിന്താഗതി ശരിയല്ല. മാനുഷികവും പ്രാപഞ്ചികവുമായ യാതൊന്നും മതത്തിന്റെ വിശുദ്ധീകരണശക്തിക്കുപ്പുറത്തല്ല. സമുദായഘടനയും സാമ്പത്തികവ്യവസ്ഥിതിയും രാജ്യഭരണക്രമവും കലയും എല്ലാം ക്രിസ്തീയചൈതന്യത്തിൽ സംസ്ക്കരിക്കപ്പെടണം. തികച്ചും ആദ്ധ്യാത്മികമല്ലാത്ത മണ്ഡലങ്ങളിൽ സഭനേരിട്ടു പ്രവത്തിക്കുന്നില്ല. എങ്കിലും, അവിടെയെല്ലാം ക്രൈസ്തവാദർശങ്ങളുടെ മുദ്ര പതിയുന്നുണ്ടു്; മുദ്ര പതിയണം. ക്രിസ്തീയചൈതന്യം നിറഞ്ഞുതുളുമ്പുന്ന സഭാംഗങ്ങൾ വഴിയാണു് അവൾ ആ രംഗത്തു പ്ര

വത്തിക്കുന്നതു്. അതിനു കഴിവും അവസരവുമുള്ളതു് അവ ക്കാണല്ലോ. അതിനു് അല്മായരെ പ്രാപ്തമാക്കുന്നതു് സ്ഥൈ ര്യലേപനമാണു്. വി. തോമസ് അക്വിനാസ് പറയുന്നു: "നവജാതനായ ഒരു ശിശുവിന്റെ പ്രവത്തനങ്ങളല്ല വ ളർച്ച പ്രാപിച്ച ഒരുവന്റേതു്. ജ്ഞാനസ്നാനം ഒരുവനെ പ്രാപ്തമാക്കിയതിനതീതമായ പലതും ചെയ്യുവാൻ സ്ഥൈ ര്യലേപനം ശക്തി നല്കുന്നു. നിത്യരക്ഷയ്ക്കുതകുന്നവ ചെ യ്യുവാനാണു ജ്ഞാനസ്നാനം ശക്തി നല്കിയതു്. എന്നാൽ, വിശ്വാസവൈരികൾക്കെതിരായി ആദ്ധ്യാത്മികായോധന ത്തിനു് അവനെ തയ്യാറാക്കുകയാണു സ്ഥൈര്യലേപനം. ശ്ലീഹന്മാരുടെ ജീവിതം ഇതു വ്യക്തമാക്കുന്നുണ്ടു്. പരിശു ദ്ധാത്മാവിനെ സ്വീകരിക്കുന്നതിനുമുൻപു് അവർ ഊട്ടുശാ ലയിൽ പ്രാത്ഥിച്ചുകൊണ്ടു വസിച്ചിരുന്നു. എന്നാൽ, പരിശു ദ്ധാത്മാവിനെ സ്വീകരിച്ചുകഴിഞ്ഞപ്പോൾ വിശ്വാസം പര സ്യമായി പ്രഖ്യാപനം ചെയ്യുവാൻ അവർ മടിച്ചില്ല. ക്രി സ്തീയവിശ്വാസത്തിന്റെ ശത്രുക്കളുടെ മുൻപിൽ വെച്ചുപോ ലും അവർ അതിനു തുനിഞ്ഞു. സഭാമർദ്ദകർക്കെതിരായി പടവെട്ടുക, ക്രിസ്തുവിനെ പരസ്യമായി ഏററുപറയുക തുട ങ്ങിയവ സ്ഥൈര്യലേപനം സ്വീകരിച്ചവരുടെ ചുമതല യാണു്"[1].

സ്ഥൈര്യലേപനം ആരോപിക്കുന്ന പ്രസ്താവിതകത്ത വ്യത്തെ വ്യഞ്ജിപ്പിക്കുന്ന സിംബോളിസം കൂദാശയിൽത്ത ന്നെയുണ്ടു്. ജമ്മൻ ദൈവശാസ്ത്രജ്ഞനായ ഷെൽ (Schell) പറയുന്നു: "എണ്ണകൊണ്ടു ശരീരം പൂശുക, ശരീരാവയവ

1, *Summa, Theologiae* 3 q. 72 a 5

ങ്ങൾ ചലനക്ഷമവും ഊർജ്ജസ്വലവും ശക്തിമത്തുമായി ത്തീരുന്നു. മനുഷ്യൻെറ പ്രകൃത്യതീതസ്വഭാവത്തിൽ അതു പോലെ പ്രവർത്തിക്കുന്ന പ്രസാദവരം. പ്രകൃത്യതീതസ്വഭാവത്തിന് അസ്വകാര്യവും അരോചകവുമായ സകലതും ദൂരീകരിക്കുന്നു. എന്നിട്ട്, ചൈതന്യവും തീക്ഷ്ണതയും കരുത്തും ധൈര്യവും പ്രദാനംചെയ്ത് അവരെ ഉത്തേജിപ്പിക്കുന്നു"[1]. ചുരുക്കത്തിൽ, സ്ഥൈര്യലേപനം സത്യവിശ്വാസത്തിൻെറ പരിചയും ചൈതന്യത്തിൻെറ പടവാളും പ്രദാനം ചെയ്ത് ആദ്ധ്യാത്മികസമരത്തിന് ഓരോ വിശ്വാസിയേയും ഒരുക്കുന്നു. ദിവ്യനാഥൻെറ പീഡയിലും മരണത്തിലും അവിടുത്തെ ഉപേക്ഷിച്ച് ഓടിപ്പോവുകയും പണ്ട് ഇട്ടെറിഞ്ഞുപോന്ന മീൻവലയേയും ചുങ്കപ്പെട്ടിയേയുംപററി വീണ്ടും വിചാരിക്കാൻ തുടങ്ങുകയും അന്യരുടെ മുൻപിൽ പ്രത്യക്ഷപ്പെടാൻ ധൈര്യപ്പെടാതെ പൂട്ടിയ മുറിക്കുള്ളിൽ അഭയം തേടുകയും ചെയ്ത ക്രിസ്തുശിഷ്യന്മാർ പന്തെക്കുസ്താദിനം പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോൾ എത്രമാത്രം കർമ്മധീരരായി! ഏതോ വേലക്കാരിപ്പെണ്ണിൻെറ വാക്കുകേട്ടു ഞെട്ടിവിറച്ചു തൻെറ നാഥനെ ഉപേക്ഷിച്ചുപറഞ്ഞ പത്രോസ് ഇതാ ജനതാമദ്ധ്യത്തിലേക്കു വരുന്നു! അദ്ദേഹം ക്രൂശിതനായ ക്രിസ്തുവിനെ പ്രസംഗിക്കുകയാണ്, ജനസമൂഹത്തോട്. ഭയവിഹ്വലരായി ഒളിച്ചും മറഞ്ഞും കഴിഞ്ഞുകൂടിയ ശിഷ്യഗണം തെരുവീഥികളിലേക്കും ചന്തസ്ഥലങ്ങളിലേക്കുംവന്ന്, യൂദന്മാക്കിടർച്ചയും പുറജാതികൾക്കു ഭോഷത്വവുമായ ക്രിസ്തുവിനെ പ്രസംഗിക്കുന്നു! മർദ്ദനവും ഭീഷണിയും കാരാഗൃഹവും മര

1. Quoted by Mathias Laros in "*Confirmation in the Modern world.*" p. 63.

ണംപോലും തൃണവൽഗണിച്ചുകൊണ്ട് അധികാരിവർഗ്ഗത്തോടു സധൈര്യം പറയുകയാണ്, മാനുഷികനിയമങ്ങളെക്കാൾ ദൈവികനിയമങ്ങളെ അനുസരിക്കണമെന്ന്. ക്രിസ്തുവിനെ പ്രതിമരിക്കുന്നതു് ഒരു നേട്ടമായി അവർ കരുതി. സ്ഥൈര്യലേപനം അവരിൽ വരുത്തിവച്ച പരിവർത്തനം എത്ര വിസ്മയനീയം! രക്തസാക്ഷികളുടെ കൂദാശയെന്നായിരുന്നു അതു് ആദിമന്തൂററാണ്ടിൽ അറിയപ്പെട്ടിരുന്നതു്. മല്ലരംഗത്തു മരിച്ചുവീണ, വന്യമൃഗങ്ങൾക്കിരയായിത്തീർന്ന, ക്രിസ്തുവിനെ പ്രതി പീഡകൾ സഹിച്ച, ആയിരങ്ങൾക്കു ശക്തിയും വിശ്വാസസ്ഥിരതയുമേകിയതു് ഈ കൂദാശയത്രേ.

ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും ക്രിസ്തുനാഥന്റെ പൗരോഹിത്യവുമായി അല്മായനെ ബന്ധിക്കുന്നു. അതു് അവനിൽ ആരോപിക്കുന്ന കടമകൾ നിരവധിയത്രേ. അവ മനസ്സിലാക്കിയവരാണു യഥാർത്ഥക്രിസ്തീയചൈതന്യമുള്ളവർ; തങ്ങൾ ദൈവത്തിന്റെ സഹകാരികളും സഹപ്രവർത്തകരുമാണെന്ന ബോധമുള്ളവർ. പ്രാചീനസംസ്കാരത്തിന്റേയും തത്വചിന്തയുടേയും പിള്ളത്തൊട്ടിലായിരുന്ന ഏതൻസിൽ കൊടികുത്തി വാണിരുന്ന അന്ധവിശ്വാസവും അബദ്ധാചാരങ്ങളും വി. പൗലോസ്ശ്ലീഹയിൽ ഉണർത്തിവിട്ട അതേ വികാരങ്ങൾ അന്ധവിശ്വാസവും വിശ്വാസരാഹിത്യവും ദർശിക്കുമ്പോൾ ആരിൽ ഉണ്ടാകുന്നുവോ അവരാണു യഥാർത്ഥപ്രേഷിതർ. അവർ ആത്മാക്കളെ സ്നേഹിക്കുന്നു; ആത്മരക്ഷ ജീവിതവ്രതമായി സ്വീകരിക്കുന്നു. ദൈവികസമാധാനവും പ്രസാദവരവും ലോകത്തിലേക്കു സംവഹിക്കുന്നു. തങ്ങളിൽ നിറഞ്ഞുതുളുമ്പുന്ന ചൈതന്യവിശേ

ഷത്തിൽ ലോകത്തെ നവീകരിക്കണം. ഇതത്രേ ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും അല്മായരിൽനിന്ന് ആവശ്യപ്പെടുന്നത്.

---

# ഒൻപതാമദ്ധ്യായം

## അല്മായപ്രേഷിതത്വം ചരിത്രദൃഷ്ടിയിൽ

അല്മായപ്രേഷിതത്വത്തിന് ഇന്നുള്ള പ്രാധാന്യവും ഉണർവുംകണ്ട് ഇത് ഈ നൂററാണ്ടിലെമാത്രം ഒരു പ്രസ്ഥാനമാണെന്നു ചിലർ സംശയിച്ചേക്കാം. എന്നാൽ, പരമാർത്ഥമതല്ലെന്നു ചരിത്രം തെളിവുതരുന്നു. അല്മായപ്രേഷിതത്വത്തിനു തിരുസ്സഭയോളം പഴക്കമുണ്ട്. ഇന്നുവരെ ഓരോരൂപത്തിൽ ഇതു തെളിഞ്ഞും മങ്ങിയും പ്രയോഗത്തിലിരിക്കുന്നു.

സഭാസ്ഥാപനകാലം: ക്രിസ്തുനാഥൻ തന്നെയാണു വാസ്തവത്തിൽ അല്മായപ്രേഷിതത്വത്തിന് ആരംഭമിട്ടത്. അവിടുന്നു ശിഷ്യന്മാരെ തിരഞ്ഞെടുത്ത്, തൻെറ മുന്നോടികളായി പറഞ്ഞയച്ച്, തന്നെ സ്വീകരിക്കാനായി ജനങ്ങളെ ഒരുക്കിയിരുന്നെന്നു സുവിശേഷത്തിൽ കാണാം: "ഈശോ തൻെറ ശിഷ്യരിൽനിന്നു വേറെ എഴുപതുപേരെ വേർതിരിച്ച്, താൻ പോകുവാനിരുന്ന എല്ലാ സ്ഥലങ്ങളിലേക്കും നഗരങ്ങളിലേക്കും തനിക്കുമുമ്പേ അവരെ ഈരണ്ടുപേരായി

അയച്ചുകൊണ്ടു്, അവരോടു് അരുളിച്ചെയ്തു... പോകുവിൻ. ഇതാ! ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെ നിങ്ങളെ ഞാൻ അയയ്ക്കുന്നു"[1]. പുരുഷന്മാർ തന്നെയല്ല സ്ത്രീകളും ക്രിസ്തുനാഥനെ സഹായിക്കുവാൻ സന്നദ്ധരായി. "ഇവയുടെശേഷം ഈശോ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുററി സഞ്ചരിച്ചു ദൈവരാജ്യം പ്രസംഗിച്ചിരുന്നു. അവനോടുകൂടി അവൻെറ പന്ത്രണ്ടുപേരും, രോഗങ്ങളിൽനിന്നു സുഖപ്പെടുത്തപ്പെട്ട ആ സ്ത്രീകളും, .. മഗ്ദലായിത്താ എന്നു വിളിക്കപ്പെടുന്ന മറിയവും, ഹേറോദോസിൻെറ വീട്ടധികാരിയായ ക്കൂസായുടെ ഭാര്യ യോഹന്നം ശോശന്നം തങ്ങളുടെ സമ്പാദ്യങ്ങൾകൊണ്ടു് അവർക്കു ശുശ്രൂഷചെയ്തുപോന്ന മററുപല സ്ത്രീകളും ഉണ്ടായിരുന്നു"[2]. വി. ശ്ലീഹന്മാരോടൊപ്പമാണു സുവിശേഷകൻ അവരുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നതു്.

യാക്കോബിൻെറ കിണററുങ്കൽവച്ചു് യഥാർത്ഥജീവനായ മിശിഹായെ കണ്ടെത്തിയ സമരിയാക്കാരിസ്ത്രീ എന്താണു ചെയ്തതു്? അവൾ തൻെറമാത്രം ഹൃദയപരിവർത്തനംകൊണ്ടു തൃപ്തിപ്പെട്ടില്ല; മററുള്ളവരും ക്രിസ്തുവിനെ അറിയണമെന്നു് ആഗ്രഹിച്ചു. ഗ്രാമവാസികളോടു് അവൾ ക്രിസ്തുവിനെ പ്രസംഗിച്ചു. ഫലമോ? അവർ ക്രിസ്തുവിൽ വിശ്വസിച്ചു[3]. ക്രിസ്തുനാഥൻ സുഖപ്പെടുത്തിയ രോഗികളും അവിടുത്തെ ഉച്ചൈസ്തരം പ്രഘോഷിച്ചിരുന്നു. ഈശോ സുഖപ്പെടുത്തിയ ഒരു കുഷ്ഠരോഗി, "ഈശോയ്ക്കു പുറത്തു മരുഭൂമിയിൽ പാർക്കുവാനല്ലാതെ പരസ്യമായി പട്ടണത്തിൽ പ്രവേ

1. Luke, X: 1-3.
2. Luke, VIII: 1-3.
3. Cfr. John, IV: 4-43.

ശിക്കുവാൻ കഴിയാതാകത്തക്കവണ്ണം, അധികമായി ഘോഷിക്കുവാനും വസ്തുത പ്രസിദ്ധമാക്കുവാനും തുടങ്ങി"[1]. ഒരു പിറവിക്കുരുടന്നു കാഴ്ച നല്കിയതിനെത്തുടർന്നുണ്ടായ സംഭവങ്ങൾ വി. യോഹന്നാൻശ്ലീഹ വിവരിക്കുന്നു. ക്രിസ്തുവിന്റെ ശത്രുക്കളുടെ മുമ്പിൽപോലും അവിടുത്തേക്കുവേണ്ടി അവൻ വാദിച്ചു; ക്രിസ്തു ദൈവമാണെന്ന് ഏററുപറഞ്ഞു[2]. ഗാഗുൽത്തായിലേക്കുള്ള വഴിയിൽ ഭാരമേറിയ കുരിശെടുക്കുവാൻ ക്രിസ്തുവിനെ സഹായിച്ച സൈമണും ഒരു പ്രേഷിതനല്ലേ? "ബറാബാസിനെ വിട്ടയയ്ക്കുക, ക്രിസ്തുവിനെ ക്രൂശിക്കുക" എന്നു ജനം ആർത്തുവിളിച്ചപ്പോൾ റോമൻഗവണ്ണരായ പീലാത്തോസിൻെറ പക്കൽ—സ്വഭർത്താവിൻെറ പക്കൽ—ക്രിസ്തുവിനുവേണ്ടി വാദിക്കുവാൻ തയ്യാറായ പ്രോക്കുളയും ഒരു പ്രേഷിതയല്ലേ? ക്രിസ്തുവിൻെറ കുരിശുമരണത്തിനുശേഷം ഭയചകിതരായി കഴിഞ്ഞുകൂടിയ അപ്പസ്തോലന്മാരെ പുനരുത്ഥാനത്തിൻെറ പുതുസന്ദേശം അറിയിക്കുവാൻ ക്രിസ്തുനാഥൻ നിയോഗിച്ചതാരെയാണ്? കല്ലറയിങ്കൽ കണ്ണീരൊഴുക്കിക്കൊണ്ട് ഉറക്കമിളച്ചിരുന്ന ഏതാനും സ്ത്രീകളെ.

<u>അപ്പസ്തോലന്മാരുടെ കാലം</u>: ക്രിസ്തുനാഥൻെറ സ്വർഗ്ഗാരോഹണത്തിനും പരിശുദ്ധാത്മാവിയുടെ ആഗമനത്തിനുംശേഷം അപ്പസ്തോലന്മാരുംമററും അല്മായരുടെ സഹായം അഭ്യർത്ഥിച്ചിരുന്നുവെന്നു ശ്ലീഹന്മാരുടെ നടപടിപുസ്തകം തെളിയിക്കുന്നു. ക്രിസ്തീയസന്ദേശങ്ങൾ എല്ലാവരുടെയുമിടയിൽ പ്രചരിപ്പിക്കുന്നതിന് എല്ലാ വിശ്വാസികളെയും വി. പത്രോസ്ശ്ലീഹ ആഹ്വാനം ചെയ്തു. 'ജ്ഞാനസ്നാനസ്വീകരണത്തി

1. Mark. I: 45.
2. Cfr. John, IX.

നമുമ്പേ'തന്നെ അപ്പോളോ എന്നൊരു അല്മായയഹൂദൻ ഈശോയെപ്പററി പലരോടും സംസാരിച്ചിരുന്നുവത്രേ.[1] അപ്പോളോയെ ശ്രവിച്ച പ്രിഷില്ലായും അകിില്ലായും "അദ്ദേഹത്തെ തങ്ങളുടെ ഭവനത്തിൽ കൊണ്ടുവന്നു കത്താവിന്റെ മാഗ്ഗം പൂണ്ണമായി അവനു കാണിച്ചുകൊടുത്തു"[2]. വി. പൗലോസ് അപ്പസ്തോലനു ധാരാളം അല്മായസഹപ്രവത്തകരുണ്ടായിരുന്നുവെന്നു് അദ്ദേഹത്തിൻെറ ലേഖനങ്ങൾതന്നെ വിളിച്ചുപറയുന്നു. ഓരോ ലേഖനത്തിൻെറ അന്ത്യത്തിലും വി. അപ്പസ്തോലൻ തൻെറ അല്മായസഹപ്രവത്തകരെ പേരു പറഞ്ഞു് അനുമോദിക്കുകയും അവക്കു മംഗളങ്ങൾ നേരുകയും ചെയ്യുന്നുണ്ടു്[3]. ഒരുദാഹരണമിതാ: "യഥാത്ഥത്തിൽ എന്റെ സഹായി, അവരെ സഹായിക്കണമെന്നു നിന്നോടും ഞാൻ അപേക്ഷിക്കുന്നു. എന്തെന്നാൽ, ആയുസ്സിൻെറ പുസ്തകത്തിൽ പേരെഴുതപ്പെട്ടിരിക്കുന്ന ക്ലെമെന്റിനോടും എൻെറ മററു സഹായികളോടുംകൂടെ എന്നോടൊരുമിച്ചു സുവിശേഷത്തിൽ അവർ അദ്ധ്വാനിച്ചിട്ടുണ്ടു്"[4].

പരി. പിതാവു് പതിനൊന്നാംപീയൂസ് പറയുകയാണു്: "ക്രിസ്തുനാഥൻതന്നെയാണു കത്തോലിക്കപ്രവത്തനത്തിനു (അല്മായപ്രേഷിതത്വത്തിനു) തുടക്കമിട്ടതു്. അവിടുന്നു് അപ്പസ്തോലന്മാരേയും ശിഷ്യന്മാരേയും തൻെറ പ്രേഷിതത്വത്തിൽ സഹപ്രവത്തകരായി തിരഞ്ഞെടുത്തു പഠിപ്പിച്ചു. അവിടുത്തെ മാതൃക വി. അപ്പസ്തോലന്മാരും സ്വീക

1. Cfr. Acts, XVIII, 24-26.
2. Acts. XVIII: 26.
3. Cfr. Rom. XVI; I Cor. IV; I Tim. V; 2 Tim. IV.
4. Phil. IV. 3.

രിച്ചിരുന്നു."[1] ഭാഗ്യസ്മരണാർഹനായ പരി. പിതാവ് 12-ാം പീയൂസും ഈ വസ്തുത ഉറപ്പിച്ചു പറയുന്നുണ്ട്: "....അല്മായപ്രേഷിതത്വം സഭാസ്ഥാപനകാലത്തും നിലനിന്നിരുന്നുവെന്നും, അന്നും അതു പരാജയപ്പെട്ടിരുന്നില്ലെന്നും ഉറപ്പിച്ചു പറയുവാൻ നമുക്കു കഴിയും. അപ്പസ്തോലന്മാരുംമററും അല്മായരിൽനിന്നു സഹായം തേടിയില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ സഭ അന്ന് അത്രവേഗം വേരുന്നിപടർന്നു പന്തലിക്കുകയില്ലായിരുന്നു...."[2]

ആദിമനൂററാണ്ടുകളിൽ: ക്രിസ്ത്വബ്ദം ഒന്നാം നൂററാണ്ടു മുതൽ മദ്ധ്യയുഗംവരെയുള്ള കാലഘട്ടത്തിൽ ക്രിസ്തുമതം പെട്ടെന്നു പ്രചരിപ്പാൻ കാരണം അല്മായരുടെ ധീരോചിതമായ അപ്പസ്തോലിക പ്രവർത്തനങ്ങളാണ്. സുവിശേഷത്തിൻെറ വെളിച്ചം ലഭിച്ച ക്രിസ്ത്യാനികൾ തങ്ങൾക്കു ലഭിച്ച ദീപശിഖ മററുള്ളവർക്കും കൊളുത്തിക്കൊടുത്തു. കച്ചവടത്തിനും മററുമായി പ്രധാന നഗരങ്ങളിൽ വന്നിരുന്നവർ തിരിച്ചുപോയതു് ഓരോ അല്മായപ്രേഷിതരായിട്ടാണ്. അവർ തങ്ങളുടെ കുടുംബങ്ങളിലും ഗ്രാമങ്ങളിലും നഗരങ്ങളിലും ക്രിസ്തുവിനെ പ്രസംഗിച്ചു; ക്രിസ്തീയതത്വമനുസരിച്ചു ജീവിച്ചു. ഇവരിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാരുണ്ടായിരുന്നു; പട്ടാളക്കാരുണ്ടായിരുന്നു; അദ്ധ്യാപകരുണ്ടായിരുന്നു; കൃഷിക്കാരും കച്ചവടക്കാരുമുണ്ടായിരുന്നു. ഫലമോ? ഒരു നൂറുവർഷം കഴിഞ്ഞപ്പോൾ ക്രിസ്തുമതം റോമൻസാമ്രാജ്യത്തിൻെറ എല്ലാ പ്രധാന ഭാഗങ്ങളിലും അറി

1. Pius XI, *Non Abbiamo Bisogno*, June 1931. Cfr. Civardi *Catholic Social Action*, p. 30
2. AAS. 43. pp. 510-511.

യപ്പെടുവാനിടയായി. ക്രിസ്തുവിൽ അവയെല്ലാം നവീകരിക്കപ്പെട്ടു. പത്തു മതമർദ്ദനങ്ങൾ ഒന്നിനു പിറകെ മററൊന്നായി വന്നിട്ടും സ്നേഹത്തിൻറയും ത്യാഗത്തിൻറയും ആയുധങ്ങളുമേന്തി ക്രിസ്തുവിനുവേണ്ടി മരിക്കുവാൻ തയ്യാറായി ആയിരങ്ങൾ മുമ്പോട്ടുവന്നു. അങ്ങനെ, ചരിത്രത്തിൻെറ ഏടുകളിൽ മായാത്ത മുദ്ര പതിച്ച ആ ഉഗ്രമതപീഡനങ്ങളിലൂടെ സഭയുടെ ചൈതന്യം മററുള്ളവർ മനസ്സിലാക്കി. വേദസാക്ഷികളുടെ രക്തം നൂറുമേനി വിളവുതന്നു.

നാമിന്നു വളരെ ബഹുമാനവും ഭക്തിയും പ്രകടിപ്പിക്കുന്ന വി. ഗീവർഗീസും വി. സെബസ്ത്യാനോസും ആരായിരുന്നു? ചക്രവർത്തിമാരുടെ പട്ടാളവ്യൂഹത്തിലും അധികാരപദവികളിലും ജീവിച്ച, ക്രിസ്തുവിൽ വിശ്വസിച്ചതുമൂലം സ്ഥാനവും ജീവനും ഹോമിക്കേണ്ടിവന്ന അല്മായധീരന്മാർ. അവരുടെ പ്രവർത്തനങ്ങളും മാതൃകയും എത്രപേരെ ക്രിസ്തുവിലേക്കാകർഷിച്ചിരിക്കയില്ല! വി. സിസിലിയാ, വി. ആഗ്നസ് തുടങ്ങിയ വിശുദ്ധകളും തങ്ങളുടെ ജീവിതം ക്രിസ്തുവിനുവേണ്ടി ജീവിച്ചുകാണിച്ചുകൊടുത്ത അല്മായപ്രേഷിതകളാണ്. ഭൂഗർഭാലയങ്ങളിൽ വസിച്ചിരുന്ന ക്രിസ്ത്യാനികൾക്കു ദിവ്യകാരുണ്യം നല്കിയിരുന്ന തർസീസിയൂസ് എന്ന ബാലനെപ്പോലുള്ളവരുടെ ജീവിതവും പ്രേഷിതത്വം നിറഞ്ഞതായിരുന്നു.

ദൈവശാസ്ത്രത്തിനും ക്രൈസ്തവതത്വങ്ങൾക്കും വിരുദ്ധമായി ഉയർന്നുവന്ന പാഷണ്ഡതകൾക്കെതിരായി തൂലിക ചലിപ്പിച്ച വിശേഷാത്തരപണ്ഡിതന്മാരായ ഒരിജൻ, തെർത്തുല്യൻ, എവുസബിയസ് തുടങ്ങിയവരുടെ സേവനങ്ങൾ അ

ല്മായപ്രേഷിതത്വമല്ലെങ്കിൽ പിന്നെയെന്താണ്? അന്നും അല്മായപ്രേഷിതത്വം സജീവമായി പ്രവത്തിച്ചിരുന്നുവെന്ന് അവരുടെ ഗ്രന്ഥങ്ങളിൽനിന്നുകാണാം. "അതേസമയം, അപ്പസ്തോലന്മാരുടെ അനേകം ശിഷ്യർ ജീവിച്ചിരുന്നു. അവർ എല്ലായിടത്തും ദൈവവചനം പ്രസംഗിച്ചുകൊണ്ട്, ... അപ്പസ്തോലന്മാർ ഇട്ട അടിസ്ഥാനത്തിന്മേൽ മനോഹരമായ ഗോപുരങ്ങൾ പണിതുയർത്തി."[1] ഒരിജൻ പറയുന്നു: "ക്രിസ്ത്യാനികൾ തങ്ങളുടെ എല്ലാ കഴിവുകളുമുപയോഗിച്ചു ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും വിശ്വാസം പരത്തുകയാണ്. ദൈവത്തിനുവേണ്ടി ആത്മാക്കളെ നേടുവാൻ.... പോവുക കത്തവ്യമായി സ്വീകരിച്ചിരിക്കുന്നു. സ്വന്തം ലാഭത്തിനുവേണ്ടിയാണ് അവർ ഇതു ചെയ്യുന്നതെന്ന് ആരും പറയരുത്; കാരണം, പലപ്പോഴും അവർക്കു ഭക്ഷിക്കാൻ വേണ്ട വകപോലുമില്ലായിരുന്നു"[2].

നാലാംനൂററാണ്ടിൽ കോൺസ്റ്റന്റയിൻ ചക്രവത്തി ക്രിസ്തുമതാവലംബിയായതോടെ, രാജ്യഭരണത്തിലും നിയമങ്ങളിലും മററും ക്രൈസ്തവതത്വങ്ങൾ സ്വീകരിക്കപ്പെട്ടു. പേഗനിസത്തിൻെറ വേരുപിഴുതെറിഞ്ഞു ക്രൈസ്തവസന്ദേശം പ്രചരിപ്പിക്കാൻ കോൺസ്റ്റന്റയിൻ, തിയോഡോഷ്യസ് തുടങ്ങിയ ചക്രവത്തിമാരും പൾക്കേറിയാ തുടങ്ങിയ രാജ്ഞിമാരും വളരെയധികം ധനവും ശക്തിയും വത്സരങ്ങൾതന്നെയും ചെലവഴിച്ചിട്ടുണ്ട്.

വി. ജോൺ ക്രിസോസ്റ്റോം തുടങ്ങിയ സഭാപിതാക്കന്മാർ പ്രേഷിതത്വത്തിൽ സഹായിക്കാൻ അല്മായരെ

1. Cfr. Eusebius, *History of the Church*, III: 27
2 Origen, *Contra Gentiles*, III: 9.

ക്ഷണിക്കുകയും അതു് അവരുടെ കടമയാണെന്നു് ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ടു്. 'നിങ്ങളുടെ സഹോദരന്മാരുടെ രക്ഷയ്ക്കായി പ്രവർത്തിക്കുക എന്നതാകുന്നു നിങ്ങളുടെ കർത്തവ്യത്തിൻെറ ഒരു ഭാഗം' (Salus adhuc). മദ്ധ്യയുഗംവരെ ഈ അല്മായപ്രേഷിതചൈതന്യം മുന്നോട്ടുതന്നെ കുതിച്ചു. അങ്ങനെ, രാജാക്കന്മാർ തുടങ്ങി സാധാരണ പൗരൻവരെ എല്ലാവരും സഭയുടെ അല്മായപ്രേഷിതരായി മാറി. സ്ത്രീകളും പുരുഷന്മാരും കുട്ടികളും അന്നു പ്രേഷിതത്വത്തിൽ പങ്കെടുത്തിരുന്നുവെന്നും അവരെ അല്മായപ്രേഷിതത്വത്തിൻെറ മുന്നോടികളെന്നു വിളിക്കാമെന്നും പരി. പിതാവു് പന്ത്രണ്ടാം പീയൂസ് പറയുന്നു.[1]

<u>മദ്ധ്യയുഗങ്ങളിൽ:</u> തിരുസ്സഭയെസ്സംബന്ധിച്ചിടത്തോളം സംഭവബഹുലമായ ചരിത്രമാണു മദ്ധ്യയുഗങ്ങളിലേതു്. ഈ യുഗങ്ങളുടെ ആരംഭത്തിൽ സഭാപ്രേഷിതത്വത്തിൽ അങ്ങേയററം സഹകരിച്ചുകൊണ്ടുജീവിച്ച അനേകം അല്മായരെ കാണാം. റോമൻസാമ്രാജ്യം തകരുവാൻ തുടങ്ങി. ഉത്തരയൂറോപ്പിൽനിന്നു തുടങ്ങിയ ബർബേറിയൻ ആക്രമണം റോമൻസാമ്രാജ്യത്തിൻെറ അടിത്തറതന്നെ മാന്തി. ഈ കാലസന്ധിയിൽ രാജകീയപീഠങ്ങളിൽ ഇരുന്നവർതൊട്ടു സാധാരണക്കാരൻവരെ, വനിതകളടക്കം, പലരും തങ്ങളുടെ ചുററും നിവസിച്ചിരുന്ന അനാഗതരെ സത്യവിശ്വാസത്തിലേയ്ക്കു് ആനയിക്കുവാൻ പരിശ്രമിച്ചു. അപരിഷ്കൃതരുടെ സാന്മാർഗ്ഗികനിലവാരംതന്നെ അന്നത്തെ ക്രൈസ്തവർ മെച്ചപ്പെടുത്തി. ക്രിസ്തീയാന്തരീക്ഷം അവിടെ ഉയർന്നു

1. Pius XII, *Evangelii Praecones*, AAS. 43. p. 511,

വന്നു. അങ്ങനെ ആ പ്രതിസന്ധിയിൽ അന്നത്തെ അല്മായർ മതത്തേയും രാജ്യത്തേയും രക്ഷിച്ചു.

മിക്ക യൂറോപ്യൻ രാജ്യങ്ങളിലും ക്രിസ്തുമതം പ്രസംഗിക്കപ്പെട്ടുകയും സഭ വേരുപിടിച്ചുവളരുകയും ചെയ്തപ്പോൾ അല്മായരുടെ പ്രവർത്തനമണ്ഡലം ചുരുങ്ങി. ക്രമേണ അല്മായപ്രേഷിതത്വം മങ്ങുവാൻ തുടങ്ങി. എങ്കിലും അതു തീരെ അസ്തമിച്ചില്ല. കത്തോലിക്കരാജ്യങ്ങളിൽത്തന്നെ യഥാർത്ഥ കത്തോലിക്കരെ വാർത്തെടുക്കുവാൻ അല്മായർ മുന്നോട്ടു വന്നു. പ്രത്യക്ഷമായും പരോക്ഷമായും സാമൂഹികസാമ്പത്തികരാഷ്ട്രീയമണ്ഡലങ്ങളിൽ ക്രിസ്തീയജീവിതത്തിന്റെ അടയാളങ്ങൾ അവർ വരച്ചുവച്ചു, ഗിൽഡുകൾ, സഖ്യങ്ങൾ, ഉപവിയുടെ സംഘടനകൾ മുതലായവയിലൂടെ. ഇതിനെപ്പറ്റി പരി. പിതാവ് പന്ത്രണ്ടാം പീയൂസ് പറയുകയാണ്: "മദ്ധ്യയുഗങ്ങളിൽ പ്രവർത്തനം നടത്തിയിരുന്ന 'ഗിൽഡു'കളുടെ വിലയേറിയ സംഭാവനകൾ നാം മറന്നിട്ടില്ല. അവയിലൂടെ കലാകാരന്മാരും തൊഴിലാളികളും സ്ത്രീപുരുഷഭേദമെന്നിയേ പ്രവർത്തിച്ചിരുന്നു.... വൈദികന്മാരോടു ചേർന്നുകൊണ്ട് അവർ മററുള്ളവരേയും തങ്ങളുടെ ജീവിതാദർശത്തിലേയ്ക്ക് അടുപ്പിക്കുവാൻ പ്രയത്നിച്ചിരുന്നു."[1]

എന്നാൽ മദ്ധ്യയുഗങ്ങളുടെ ഉത്തരാർദ്ധത്തിൽ അല്മായപ്രേഷിതത്വത്തിനു പല കാരണങ്ങളാലും ഇടിവു സംഭവിച്ചു. അക്കാലത്തു പുറത്തുവന്ന മിക്ക പുസ്തകങ്ങളിലും ലേഖനങ്ങളിലും ചർച്ചാവിഷയം വൈവാഹികജീവിതത്തെക്കാൾ സന്യാസജീവിതത്തിനുള്ള മേന്മയും മാഹാത്മ്യ

1. Cfr. Pius XII, Eney: *Evangelii Praecones.* ASS. 43

വും ആയിരുന്നു. സന്ന്യാസജീവിതമാണു ക്രിസ്തീയജീവിതത്തിന്റെ മാനദണ്ഡമെന്നുപോലും പലരും ധരിച്ചുവശായി. ഇത് അല്മായരിൽ ഒരു അപകർഷബോധം വരുത്തിവച്ചു. മാനുഷികബലഹീനതകൾ നിറഞ്ഞ ജീവിതം നയിക്കുന്നവരാണ് അല്മായരെന്നും അതിനാൽ പ്രേഷിതപ്രവർത്തനത്തിന് അവർക്കു പ്രാപ്തിയില്ലെന്നും അവർ തെറ്റിദ്ധരിക്കാൻ തുടങ്ങി. ഫലമോ? അല്മായർ പ്രേഷിതപ്രവർത്തനങ്ങളിൽനിന്നു മാറിനില്ക്കാൻ ശ്രമിച്ചു[2] ജർസൺ എഴുതുകയാണ്: "ക്രൈസ്തവവിശ്വാസികൾ രണ്ടു തരമുണ്ട്: ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ—വൈദികർ, അവർ രാജാക്കന്മാരാണ് .. ഇതരർ അല്മായർ—ഉപയോഗത്തിനുമാത്രം ഭൗതികവസ്തുക്കൾ കൈകാര്യം ചെയ്യുന്നവർ ...അവർക്കു വിവാഹം ചെയ്യാം... അവർ പള്ളിക്ക് ഓഹരി കൊടുക്കണം."[3] ഈദൃശലേഖനങ്ങൾ വായിച്ച അല്മായർ ധരിച്ചുപോയി സ്വന്തം ആത്മാവിനെ രക്ഷിക്കാൻ മാത്രമേ തങ്ങൾക്കു കടമയുള്ളുവെന്ന്.

സഭയും രാഷ്ട്രവും തമ്മിൽ അഭേദ്യമായ ബന്ധം പുലർത്തിയിരുന്ന കാലഘട്ടമായിരുന്നു അത്. ക്രിസ്തുവിന്റെ ശിരസ്സിനു കീഴുള്ള രണ്ടു ശരീരങ്ങളായും ക്രിസ്തുവിന്റെ മൗതികശരീരത്തിലെ രണ്ടു ശ്വാസകോശങ്ങളായും സഭയേയും രാഷ്ട്രത്തേയും അന്നുള്ളവർ വിഭാവനം ചെയ്തു. അതുകൊണ്ട് രണ്ടിനും ഉപകാരങ്ങളും ഉപദ്രവങ്ങളും ഉണ്ടായിട്ടുണ്ട്. ഇരു സംഘടനകളും പരിധിവിട്ടു പരസ്പരം കയറി ഭരിക്കാൻ തുട

2. Cfr. Bernard Papali, O. C. D., *Apostolatus Laicorum.* p. II.
3. Op. cit. p. II *Quoted Apostolatus Laicorum.* C. 7. C. XII.

ങ്ങി. മെത്രാന്മാരെ നിയമിക്കുക തങ്ങളുടെ അവകാശമാണെന്നുവാദിച്ച് രാജാക്കന്മാർ പല തെററുകളും പ്രവർത്തിച്ചു. ആദ്ധ്യാത്മികവും ഭൗതികവുമായവയെ യഥാവിധി വേർതിരിച്ചുകാണിക്കേണ്ട അവസരം ആസന്നമായെന്ന് അധികാരപ്പെട്ടവർ നിശ്ചയിച്ചു. അന്ന്, കാർഡിനൽ ഹംബെർട്ട് (Humbertus) എഴുതി: "അല്മായർക്കു ഭൗതികമണ്ഡലത്തിൽമാത്രം അധികാരം നടത്താം; വൈദികന്മാർക്ക് ആദ്ധ്യാത്മികമണ്ഡലത്തിൽമാത്രവും.... വൈദികന്മാർ ഭൗതികമണ്ഡലത്തിൽ കയറിഭരിക്കുന്നതും, അല്മായർ ആദ്ധ്യാത്മികമണ്ഡലത്തിലെ കാര്യങ്ങളിൽ തലയിടുന്നതും അനുവദനീയമല്ല"[1]. യാഥാർത്ഥ്യം ഗ്രഹിക്കാതെയും, മൂടുപിടിച്ച അന്നത്തെ സാഹചര്യങ്ങൾക്കടിപ്പെട്ടും, അല്മായർ ഈദൃശവ്യാഖ്യാനങ്ങൾ അക്ഷരംപ്രതി സ്വീകരിച്ചു പ്രയോഗത്തിൽ വരുത്തി. തൽഫലമായി, സഭാകാര്യങ്ങൾ വൈദികലോകത്തിനായിമാത്രം നീക്കിവയ്ക്കപ്പെട്ട ഒന്നാണെന്ന ചിന്താഗതി ശക്തിപ്രാപിച്ചുവന്നു. അന്നത്തെ ചിത്രകാരന്മാർ വരച്ചുവച്ച ചുമർചിത്രങ്ങൾപോലും ഇന്നും ഈ യാഥാർത്ഥ്യത്തിനു തെളിവു തരുന്നുണ്ട്. ഒരു ചിത്രം ഇങ്ങനെയാണ്: ഒരു വശത്തു മാർപ്പാപ്പ മെത്രാന്മാരോടും വൈദികന്മാരോടുംകൂടെ മാർച്ചു ചെയ്യുന്നു; മറുഭാഗത്തു രാജാക്കന്മാരുടെ നേതൃത്വത്തിൽ അല്മായഗണവും. സഭയും രാഷ്ട്രവും തമ്മിലുള്ള, വൈദികരും അല്മായരും തമ്മിലുള്ള, ബന്ധം അടിക്കടി ശിഥിലമാവുകയും രണ്ടും സ്വതന്ത്രമാവുകയും ചെയ്യുന്നതിൻെറ ആരംഭമാണിവിടെ നാം കാണുന്നത്.

പതിനാറാം നൂററാണ്ടിലെ പ്രൊട്ടസ്റ്റൻറു വിപ്ലവകാരികൾ സഭയുടെ ഹയരാർക്കിയെത്തന്നെ ചോദ്യം ചെയ്തു.

1. Adv. Simoniacos, III. 9.

വൈദികവിദ്വേഷം പെരുകി. വിശ്വാസികളുടെ സമൂഹം മാത്രമാണു സഭയെന്നും ഹയരാർക്കിയെന്നോ അല്മായനെന്നോ ഉള്ള വ്യത്യാസം ക്രിസ്തു വിവക്ഷിച്ചില്ലെന്നും അവർ പറഞ്ഞുപരത്തി. കൂദാശകളും അനവധി ക്രിസ്തീയതത്വങ്ങളും വെല്ലുവിളിക്കപ്പെട്ടു. ഈ ആപത്ഘട്ടത്തിൽ സഭയെ സംരക്ഷിക്കുവാൻ പലരും മുമ്പോട്ടുവന്നു. അവരിൽ ഭൂരിഭാഗവും ഹയരാർക്കിയിൽപെട്ടവർ തന്നെയായിരുന്നു. ക്രിസ്തു സ്ഥാപിച്ച സഭയെ നിലനിർത്തേണ്ട ഔദ്യോഗിക ചുമതല സഭാതലവന്മാർക്കാണല്ലോ. കൂടാതെ, ദൈവശാസ്ത്രത്തിൻേറയും ക്രിസ്തീയതത്വങ്ങളുടേയും നേരേയുള്ള ആക്രമണത്തെ ചെറുക്കാൻ വിദഗ്ദ്ധന്മാർക്കല്ലേ പററുതാനും. ലൂഥർപ്രഭൃതികളുടെ വികലമായ വാദങ്ങളെ അവർ വിജയകരമായി ഖണ്ഡിച്ചു. പക്ഷേ, ഈ തക്കത്തിനു സഭാശത്രുക്കൾ സാധാരണക്കാരൻെറ അജ്ഞതയെ ചൂഷണം ചെയ്തു. സഭ വൈദികർക്കു മാത്രമുള്ളതാണെന്നും അല്മായർക്കു സഭയിൽ സ്ഥാനമില്ലെന്നും മററുമുള്ള അബദ്ധങ്ങൾ അവർ ജനതയുടെ ഇടയിൽ പ്രചരിപ്പിച്ചു. അതു നേരാണെന്നു ചിലർ വിശ്വസിച്ചു: അക്കാലത്തുനടന്ന സകല വിപ്ലവങ്ങളിലും ഈ ആശയം മാറെറാലികൊണ്ടിരുന്നു. ഇവ അല്മായരുടെ പ്രേഷിതപ്രവർത്തനത്തെ മന്ദീഭവിപ്പിച്ചു.

<u>ആധുനികയുഗം:</u> ട്രെൻറിൽ വച്ചുനടന്ന സാർവ്വത്രിക സൂനഹദോസോടുകൂടി ഈ യുഗം ആരംഭിക്കുന്നു. സഭാചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന് പ്രസ്തുത സൂനഹദോസ് സഭയ്ക്കു് അഭിമുഖീഭവിക്കുന്ന പല പ്രശ്നങ്ങളും ചർച്ച ചെയ്തു. അല്മായരും ഹയരാർക്കിയും തമ്മിലുണ്ടായ വിടവു

നികത്തുവാൻ പല തീരുമാനങ്ങളുമെടുത്തു. മങ്ങിമറഞ്ഞു പോയ അല്മായപ്രേഷിതത്വത്തെ ഉജ്ജീവിപ്പിച്ചു.

1815 മുതൽ 1914 വരെയുള്ള ഒരു ശതാബ്ദത്തിലെ ലോകചരിത്രം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. യൂറോപ്പിൻെറ വ്യവസായവൽക്കരണം, യന്ത്രങ്ങളുടെ കണ്ടുപിടിത്തം, ശാസ്ത്രത്തിൻെറ പുരോഗതി തുടങ്ങി പലതും അന്നു സംഭവിച്ചു. ഫ്റഞ്ചുവിപ്ലവത്തിൻെറ പ്രത്യാഘാതങ്ങൾ വളരെയായിരുന്നു. സാമൂഹികജീവിതത്തിൽനിന്നു ക്രിസ്തീയ ഉപവിയും നീതിയും തുത്തുമാററപ്പെട്ടു എന്നുതന്നെ പറയാം. മതവിരുദ്ധമനോഭാവവും ഭൗതികമനോഭാവവും പ്രതീചിയിൽ വ്യാപിച്ചു. ഇതിൽനിന്നു കരകേറാൻ അക്കാലഘട്ടങ്ങളിലെല്ലാം തിരുസ്സഭയെ ഭരിച്ചിരുന്ന മാർപ്പാപ്പമാർ അല്മായരെ ആഹ്വാനം ചെയ്തിട്ടുണ്ട്. വളർന്നുവന്ന സെക്കുലർ മനഃസ്ഥിതിയെ ചെറുക്കുവാൻ ഒരു ഭടവ്യൂഹംതന്നെ ഉയിർക്കൊണ്ടു. താത്ത്വികവും സാംസ്ക്കാരികവും സാഹിത്യപരവുമായ മണ്ഡലങ്ങളിൽ സഭാശത്രുക്കളെ നേരിട്ട ഷറോംബ്രിയൻ, ജോസഫ് ഡമിയസ്റ്റർ, ഗോറസ്സ്, ഡോണോസൊകോർട്ടസ് തുടങ്ങിയ അല്മായപ്രേഷിതരെ ആർക്കും മറക്കാവതല്ല. മൊണ്ടാലംബർട്ട്, ഡാനിയൽ ഒക്കോണൽ, വിന്തോഴ്സ്, ഗാർസിയ, മെരേനോ തുടങ്ങിയവർ രാഷ്ട്രീയരംഗത്തു ക്രിസ്തുവിനുവേണ്ടി പണിയെടുത്ത അല്മായപ്രേഷിതരാണ്.

ക്രിസ്തീയ ഉപവി ജനതയിൽ കുത്തിവയ്ക്കുവാൻ അന്നത്തെ പല അല്മായരും പ്രയത്നിച്ചിരുന്നു. സെൻറ് വിൻസൻറ് ഡി പോൾ സഖ്യത്തിൻെറ സ്ഥാപകനായ ഫ്ര

ഡാറിക്ക് ഒസ്സാനാം, ലോകമാസകലം അറിയപ്പെടുന്ന വേദ പ്രചാരസംഘത്തിൻെറ സ്ഥാപകയായ പൗളിൻ മേരി ഷാരിക്കോ തുടങ്ങിയവർ നടത്തിയ പ്രേഷിതപ്രവർത്തനം ലോകം ഒരു നാളും മറക്കുകയില്ല. വ്യക്തികളിൽ പരസ്നേഹം കുത്തിവച്ച അല്മായപ്രേഷിതരാണവർ. ഗവണ്മെൻറിനെ സ്വാധീനപ്പെടുത്തിയും ഗവണ്മെൻറു പദ്ധതികളിൽക്കൂടെയും ഉപവിപ്രവൎത്തനങ്ങൾ നടത്തിയവരിൽ മുൻപന്തിയിൽ നിൽക്കുന്ന അല്മായധീരനാണ് ആൽബർട്ട് ഡി മൂൺ. വോൾട്ടയർ, റൂസ്സോ മുതലായവരുടെ വാദഗതികളെ ഡമയിസ്റ്റർ സഭയോടൊത്തുനിന്നു ഖണ്ഡിച്ചു. പിന്നീടു തലപൊക്കിയ ലിബറലിസത്തെ ജോൺ ഡോണോസോകോർട്ടെസ്, ളൂയിവോയിലോ, ഒറെസ്റ്റെഡ് ബ്രൗൺസൺ തുടങ്ങിയ അല്മായനേതാക്കൾ തങ്ങളുടെ രാജ്യങ്ങളിൽനിന്നു തുരത്താൻ ശ്രമിച്ചു. ശരിയായ തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അധിഷ്ഠിതമായിരുന്നു, അവരുടെ രാജ്യസ്നേഹം. അവരുടെ ഉജ്ജ്വലലേഖനങ്ങളും ഈടുററ ചിന്തകളും തിരുസ്സഭയുടെ പുരോഗതിക്കു സഹായകമായിരുന്നു. താത്വികവും സാഹിത്യപരവുമായ വീഥിയിൽ കേൾവികേട്ട മേരി വാർഡ് തുടങ്ങിയവർ അല്മായപ്രേഷിതരാണെന്നു പരി. പിതാവു് പന്ത്രണ്ടാം പീയൂസ് എടുത്തു പറഞ്ഞിട്ടുണ്ടു്. ഈ നൂററാണ്ടിൽ, നമ്മുടെ കേരളത്തിൽതന്നെ, ശത്രുക്കൾ സഭയോടെതിൎത്തപ്പോഴെല്ലാം അവളുടെ അവകാശങ്ങൾ നേടിയെടുക്കാൻ അല്മായധീരർ മുമ്പോട്ടു വന്നിട്ടില്ലേ? കൽത്തുറുങ്കുകളിൽ പോയിട്ടില്ലേ? ജീവൻ ആഹുതി ചെയ്തിട്ടില്ലേ? അവരുടെ പട്ടിക നിരത്തിവയ്ക്കുവാൻ തുനിയുന്നില്ല.

<u>ആധുനികകാലത്തെ മാർപ്പാപ്പമാർ:</u> നിസ്വാൎത്ഥമായി സഭയെ സേവിക്കുവാൻ മുന്നോട്ടുവന്ന അല്മായപ്രേഷി

തർക്ക നേതൃത്വവും നിർദ്ദേശങ്ങളും നല്കുവാൻ മാർപ്പാപ്പമാർ ദത്തശ്രദ്ധരായിരുന്നു. അപ്രതിരോദ്ധ്യമായ ഒരു സമരമുന്നണിയായി അല്മായപ്രേഷിതവ്യൂഹത്തെ അണിനിരത്തുവാൻ ഈ നൂററാണ്ടിലെ മാർപ്പാപ്പമാർ അക്ഷീണയത്നം ചെയ്തു. കാലത്തിൻെറ ആവശ്യങ്ങളും കെടുതികളും കണക്കിലെടുത്ത്, അല്മായരുടെ പ്രവർത്തനസാദ്ധ്യതയും ആവശ്യകതയും മനസ്സിലാക്കി പതിമ്മൂന്നാം ലിയോമാർപ്പാപ്പ അവരെ കർമ്മരംഗത്തേക്കു മാടിവിളിച്ചു. പുത്തൻകർമ്മപരിപാടികൾ ആസൂത്രണംചെയ്തു നിർദ്ദേശിക്കുകയും വിദഗ്ദ്ധമായ നേതൃത്വവും പൈതൃകമായ സംരക്ഷണയും നല്കുകയും അല്മായരിൽ ഊറിഉറഞ്ഞുകിടന്ന കർമ്മശക്തിക്കു ചാലുകീറി പ്രവാഹമാർഗ്ഗം തുറന്നുകൊടുക്കുകയും ചെയ്തത് അദ്ദേഹമാണ്. പ്രാഗത്ഭ്യത്തോടും വിമർശനബുദ്ധിയോടുംകൂടി രാഗനിരീക്ഷണം നടത്തി ഓരോ മേഖലയിലും ആവശ്യകമായ പ്രവർത്തനപദ്ധതികളും ഓരോ പ്രശ്നത്തിനും പ്രതിവിധിയും കുറിക്കുന്ന അദ്ദേഹത്തിൻെറ ചാക്രികലേഖനങ്ങൾ കിടയററതും ഈടുററതുമായ സംഭാവനകളാണ്. പ്രവർത്തനസന്നദ്ധരായി കർമ്മരംഗത്തേക്കു മാർച്ചുചെയ്ത പ്രേഷിതരെ ആദ്ധ്യാത്മികചൈതന്യത്തിലും ലൗകികതീക്ഷ്ണതയിലും നിറച്ചു ക്രിസ്തുവിൻെറ നലംതികഞ്ഞ പോരാളിവീരന്മാരാക്കുവാൻ വി. പത്താം പീയൂസ് പരിശ്രമിച്ചു. തിരുക്കർമ്മജീവിതത്തിൽ അല്മായർ വഹിക്കേണ്ട ഭാഗഭാഗിത്വത്തിൻെറ ആവശ്യവും പ്രയോജനവും അദ്ദേഹം വിശ്വാസികളെ മനസ്സിലാക്കി. അങ്ങനെ, കൂദാശകളിലും തിരുകർമ്മങ്ങളിലും അധിഷ്ഠിതമായ ഒരാദ്ധ്യാത്മികശില്പം അല്മായരിൽ പടുത്തുയർത്തുവാൻ വി. പത്താം പീയൂസ് പരിശ്രമിച്ചു.

പതിനഞ്ചാം ബനഡിക്തോസ് പാപ്പ ലോകജനതയു ടെ ശ്രദ്ധ അനാഗതലക്ഷ്യങ്ങളിലേക്ക തിരിച്ചുവിട്ടു. മിഷൻ രാജ്യങ്ങളിലെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ക്രമവൽക്ക രിച്ചതു് അദ്ദേഹമാണ്. ജനങ്ങളിൽ മിഷൻപ്രവർത്തന ത്തെപ്പററി നല്ല ധാരണ ഉളവാക്കുവാൻ അദ്ദേഹത്തിനു ക ഴിഞ്ഞു. വേദപ്രചാരപ്രവർത്തനത്തെ അധികരിച്ചെഴുതിയ ചാക്രികലേഖനം പല നൂതനപ്രസ്ഥാനങ്ങൾക്കും രൂപം കൊടുത്തു.

കത്തോലിക്കപ്രവർത്തനത്തിന്റെ പാപ്പയെന്ന അപ രനാമത്തിലാണു പരി. പിതാവു പതിനൊന്നാം പീയൂസ് അ റിയപ്പെടുന്നതു്. സുവ്യക്തവും സുചിന്തിതവുമായ പ്രവർത്ത നരീതികളും നിയമങ്ങളും നിർദ്ദേശിച്ചുകൊടുത്തു്, കത്തോലി ക്കപ്രവർത്തനത്തിനു സ്വകീയവും സംഘടിതവുമായ രൂപവും ഭാവവും നല്കി അല്മായപ്രവർത്തനങ്ങളെ ഏകീകരിച്ചതു് അദ്ദേഹമാണ്. അങ്ങനെ, സുവ്യക്തമായ ലക്ഷ്യവും പ്രവ ർത്തനമാർഗ്ഗങ്ങളും സ്വീകരിച്ച് അല്മായപ്രവർത്തനം വളർന്നു. പതിനഞ്ചാം ബനഡിക്തോസു തുടങ്ങിവച്ച മിഷൻ പ്രവർത്ത നക്രമീകരണം പരിപൂർത്തിയിലെത്തിച്ചതും ഇദ്ദേഹംതന്നെ.

ലിയോ പതിമ്മൂന്നാമന്റെ കാലത്തു് ഉണർന്നെഴുന്നേ ററ അല്മായകർമ്മശക്തി പല രംഗങ്ങളിലും വിജയിക്കുന്ന തു പരി. പിതാവു പന്ത്രണ്ടാം പീയൂസിന്റെ കാലത്തോടു കൂടിയത്രേ. എല്ലാ മണ്ഡലങ്ങളിലും അല്മായപ്രേഷിതത്വം ആവശ്യകമാണെന്നും അതിനു കഴിവുകളുണ്ടെന്നും തിരുമേ നി ലോകത്തെ ധരിപ്പിച്ചു. തന്റെ പ്രസംഗങ്ങളിലും പ്ര ബോധനങ്ങളിലും മുഴങ്ങിക്കേട്ട ഒരാഹ്വാനമുണ്ട്: 'ഓരോ ക

ത്തോലിക്കനും ഓരോ മിഷനറിയാകുക; ഓരോരുത്തൻേറയും ജീവിതപരിതഃസ്ഥിതിയിൽ ജീവിച്ചുകൊണ്ട് ആ ജീവിതതലത്തെ പ്രേഷിതരംഗമാക്കുക; ക്രിസ്തുവിനുവേണ്ടി നേടുക; എല്ലാ ജീവിതവ്യവസ്ഥിതിക്കും ഉചിതമായ പ്രവത്തനപദ്ധതി അവിടുന്ന് അവതരിപ്പിച്ചു.

ഇരുപത്തിമൂന്നാം യോഹന്നാൻപാപ്പയും ഈ വഴിത്താരയിലൂടെത്തന്നെ മുന്നേറുകയാണ്. അദ്ദേഹം കത്തോലിക്കലോകത്തിൻെറ ശ്രദ്ധ ക്രൈസ്തവസഭകളിലേക്കു ക്ഷണിക്കുന്നു. സഭയുടെ അവിഛിന്നമായ ഐക്യവും അമലമനോഹരമായ വിശുദ്ധിയുംവഴി ലോകത്തെ സംസ്ക്കരിക്കുക എന്നതത്രേ അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അവിടുന്ന് എല്ലാവരേയും അതിന് ആഹ്വാനം ചെയ്യുന്നു. അല്മായപ്രേഷിതത്വത്തെപ്പററി ഒരവസരത്തിൽ സംസാരിക്കുന്നതാണെന്ന് അവിടുന്ന് തൻെറ പ്രഥമ ചാക്രികലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം, ഉൽബോധനവും ഉത്തേജനവും നല്കി, നേതൃത്വവും നിയന്ത്രണവുമേകി, അല്മായപ്രേഷിതത്വത്തെ നയിച്ച മഹാരഥന്മാരാണ് ഈ നൂററാണ്ടിലെ എല്ലാ മാർപ്പാപ്പമാരും.

<u>പുതിയ കാൽവയ്പുകൾ:</u> ഭാഗ്യസ്മരണാർഹനായ പരി. പിതാവു പന്ത്രണ്ടാം പീയൂസ്തിരുമേനി 1951 ഒക്ടോബർ 7മുതൽ 14വരെ തീയതികളിൽ ഒന്നാം അഖിലലോക അല്മായപ്രേഷിതകോൺഗ്രസ്സ് റോമിൽ വിളിച്ചുകൂട്ടി. ഇററാലിയൻ കത്തോലിക്കപ്രവത്തനസംഘടനയുടെ ആഭിമുഖ്യത്തിലാണ് ഈ സമ്മേളനം നടന്നത്. 74 രാജ്യങ്ങളിൽ നിന്നു ഡെലിഗേററുകളും 38 അന്താരാഷ്ട്രീയസംഘടനകളുടെ

പ്രതിനിധികളും നാടുകടത്തപ്പെട്ട 17 വിഭിന്നദേശീയ ഗ്രൂപ്പുകളുടെ (Ethnic group in exile) പ്രതിനിധികളും ഈ കോൺഗ്രസ്സിൽ സംബന്ധിക്കുകയുണ്ടായി. പരി. പിതാവിൻെറ ഉൽഘാടനപ്രസംഗം സമ്മേളനത്തിനു മകുടം ചാർത്തി. അല്മായപ്രേഷിതത്വത്തിന്റെ പ്രായോഗികവശങ്ങളെപ്പററിയും അടിസ്ഥാനതത്വങ്ങളെപ്പററിയും പ്രസംഗങ്ങളും ചർച്ചായോഗങ്ങളും നടന്നു. അല്മായപ്രേഷിതത്വം ദൈവത്തിൻെറ സനാതനസംവിധാനത്തിൽ ഉൾപ്പെട്ടതാണെന്നും മൗതികശരീരത്തിലെ അംഗത്വവും ജ്ഞാനസ്നാനം, സ്ഥൈര്യലേപനം എന്നീ കൂദാശകളുടെ സ്വീകരണവും അല്മായനെ പ്രേഷിതനാക്കുന്നുവെന്നും കോൺഗ്രസ്സ് പ്രഖ്യാപിച്ചു. ഈ പ്രസ്ഥാനത്തിൻെറ ഇന്നത്തെ ആവശ്യകത, അല്മായപ്രേഷിതരെ രൂപപ്പെടുത്തേണ്ടവിധം, സാമൂഹ്യവും അന്താരാഷ്ട്രീയവുമായ രംഗങ്ങളിൽ എപ്രകാരം ഇതിനെ നട്ടുവളർത്തണം എന്നിവയെക്കുറിച്ച് ചർച്ചകൾ നടത്തിക്കൊണ്ടു ലോകസമാധാനത്തിനു ക്രിസ്ത്യാനികളെ ആഹ്വാനം ചെയ്തു. ഇരുമ്പുമറയ്ക്കുള്ളിൽ മർദ്ദിക്കപ്പെടുന്ന സഭയേയും കോൺഗ്രസ്സ് മറന്നില്ല. സമാധാനത്തിൻേറയും ക്രൈസ്തവസാഹോദര്യത്തിൻേറയും സന്ദേശങ്ങൾ എങ്ങും പരത്തി ലോകത്തെ ക്രിസ്തുവിനായി നേടിയെടുക്കുവാൻ അംഗങ്ങൾ ദൃഢപ്രതിജ്ഞചെയ്തു.

ഇതേതുടർന്നു പല രാജ്യങ്ങളിലും അല്മായപ്രേഷിതത്വത്തിന് ഉണർവുണ്ടായി. അല്മായപ്രേഷിതത്വത്തിന് അന്താരാഷ്ട്രീയമായനിലയിൽ നിയന്ത്രണവും നിർദ്ദേശവും നല്കുവാൻ പരി. സിംഹാസനം തീരുമാനമെടുത്തു. 1952 ജനവരി 23-ാംതീയതി, "അല്മായപ്രേഷിതത്വത്തിൻെറ

അന്താരാഷ്ട്രീയ കോൺഗ്രസ്സുകൾക്കുവേണ്ടിയുള്ള സ്ഥിരം കമ്മിററി" (The Permanent Committee for International Congress of the Apostolate of the Laity) ഔദ്യോഗികമായി റോമിൽ രൂപമെടുത്തു. കൂടാതെ, ഇതിലേക്കായി 1953 ഒക്ടോബർ 5-ാംതീയതി, പരി. സിംഹാസനം ഒരു കമ്മീഷനെ നിയമിച്ചു. (Nucleus of an Ecclesiastical Commission). ഈ കമ്മിററി അല്മായപ്രേഷിതത്വത്തെ സഹായിക്കുന്ന മാർഗ്ഗങ്ങൾ താഴെ പറയുന്നവയാണ്:- ഒന്ന്, അന്താരാഷ്ട്രീയാടിസ്ഥാനത്തിൽ അല്മായപ്രേഷിതത്വത്തിന്റെ സമ്മേളനങ്ങൾ സംഘടിപ്പിക്കുക; രണ്ട്, ഹയരാർക്കിയുടെ അഭ്യർത്ഥനയനുസരിച്ച് ദേശീയാടിസ്ഥാനത്തിൽ അല്മായപ്രേഷിതത്വസമ്മേളനങ്ങൾ സംഘടിപ്പിക്കുവാൻ സഹായസഹകരണങ്ങൾ ചെയ്യുക; മൂന്ന്, ഈദൃശകോൺഗ്രസ്സുകളുടെ പ്രമേയങ്ങൾ പ്രസംഗങ്ങൾ തുടങ്ങിയവ ലോകത്തിലെങ്ങും പ്രചരിപ്പിക്കുക; നാല്, അല്മായപ്രേഷിതത്വത്തെപ്പററി ഏതെങ്കിലുംരൂപത്തിലുള്ള രേഖകൾ ശേഖരിക്കുക; അഞ്ച്, അല്മായപ്രേഷിതത്വത്തെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ അധികാരപ്പെട്ടവരുടെ സഹായത്തോടെ പഠിച്ച് അവയ്ക്കു പരിഹാരം നിർദ്ദേശിക്കുക.

ഈ കമ്മിററിയുടെ സഹായത്തോടേ രാജ്യാടിസ്ഥാനത്തിൽ പലടെത്തും കോൺഗ്രസ്സുകൾ നടന്നു. ആഫ്രിക്കയിലെ അല്മായനേതാക്കന്മാരുടെ ഒന്നാമത്തെ സമ്മേളനം ഉഗാണ്ടായിൽ, കാസൂബി എന്ന സ്ഥലത്തുവച്ച് 1953 ഡിസംബറിൽ നടത്തപ്പെട്ടു. ഒരു കർദ്ദിനാളും അപ്പസ്തോലിക്ക് ഡെലിഗേററും- 17 മെത്രാന്മാരും 16 സ്റ്റേററുകളിൽനിന്ന് 250 ഡെലിഗേററുകളും അതിൽ സംബന്ധിച്ചു. 1954 ഒ

ക്ടോബറിൽ, കത്തോലിക്കപ്രവർത്തനനേതാക്കന്മാരുടെ സുഡാൻ നാഷനൽ കൺവെൻഷൻ നടന്നു. 1955 ഡിസംബർ 3 മുതൽ 8-വരെ അല്മായപ്രേഷിതത്വത്തിൻെറ ഒന്നാം ഏഷ്യൻ കോൺഗ്രസ്സ്, കത്തോലിക്കരാജ്യമായ ഫിലിപ്പൈൻസിന്റെ തലസ്ഥാനമായ മാനിലായിൽവച്ചുകൂടി. ഇന്ത്യൻകർദ്ദിനാൾ ഗ്രേഷ്യസ് തുടങ്ങിയവർ അതിൽ സംബന്ധിക്കുകയുണ്ടായി. ഇന്ത്യൻ ഹയരാർക്കിയുടെ അഭ്യർത്ഥനയനുസരിച്ചു് 1955 ഡിസംബർ 14-മുതൽ 18-വരെ നാഗപ്പൂരിൽവച്ചു നടത്തപ്പെട്ട അഖിലേന്ത്യാ കത്തോലിക്ക അല്മായനേതാക്കന്മാരുടെ കോൺഗ്രസ്സിനെയും സെൻട്രൽ കമ്മിററി സഹായിച്ചിട്ടുണ്ടു്.

1957 ഒക്ടോബർ 5-മുതൽ 13-വരെ റോമിൽവച്ചു് രണ്ടാം അഖിലലോക അല്മായപ്രേഷിതകോൺഗ്രസ്സ് നടത്തപ്പെട്ടു. സഭയെസ്സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു ഈ സമ്മേളനം. 90 രാജ്യങ്ങളിൽനിന്നു് 2000 പ്രതിനിധികൾ ഇതിൽ സംബന്ധിച്ചു. "ആധുനികലോകത്തിൻെറ പ്രതിസന്ധിഘട്ടത്തിൽ അല്മായർ," "അവരുടെ കടമകളും ഉത്തരവാദിത്വങ്ങളും," "പ്രേഷിതത്വത്തിന് എങ്ങനെ അല്മായരെ പരിശീലിപ്പിക്കണം" ഇവയായിരുന്നു കോൺഗ്രസ്സിൽ ചർച്ചചെയ്ത പ്രധാന പ്രശ്നങ്ങൾ. ഇവ മൂന്നും വളരെ വിശദമായി അംഗങ്ങൾ പഠിച്ചു; പുതിയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടു. അല്മായർ ക്രിസ്ത്യാനികൾ എന്ന അതേ കാരണത്താൽത്തന്നെ ലോകത്തെ ക്രിസ്തുവിനുവേണ്ടി ജയിച്ചടക്കാൻ കടപ്പെട്ടവരാണു് എന്ന പരമാർത്ഥം കൂടുതൽ വ്യക്തമായി. പരി. പിതാവു്

സമ്മേളനാരംഭത്തിൽ ചെയ്ത പ്രസംഗം അല്മായപ്രേഷിതത്വത്തിൻെറ താത്വികവും പ്രായോഗികവുമായ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതായിരുന്നു. ഇന്ത്യൻ പ്രതിനിധികളും ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു എന്നതു പ്രസ്താവ്യമത്രേ[1].

റോമിലെ അന്താരാഷ്ട്രീയ കമ്മിററി 'കത്തോലിക്ക അന്താരാഷ്ട്രീയ കോൺഫ്രൻസു'മായി (Conference of Catholic International Organizations) ബന്ധം പുലർത്തുന്നുണ്ട്. 1954 ജനുവരിയിൽ പരി. പിതാവ് അല്മായപ്രേഷിതത്വത്തിനുവേണ്ടി "Pius XII Foundation" എന്നപേരിൽ ഒരു ഫണ്ടു രൂപീകരിച്ചു. ഇതിൽനിന്നാണ്, അന്താരാഷ്ട്രീയ സംഘടന മററുള്ളവയെ ധനപരമായി സഹായിക്കുന്നത്.

രണ്ടാംകോൺഗ്രസ്സിനുശേഷം അല്മായപ്രേഷിതത്വത്തിൻെറ പ്രവർത്തനം ത്വരിതഗതിയിലാവുകയും പല രാജ്യങ്ങളിലും നവമായി ആരംഭിക്കുകയും തഴച്ചുവളരുകയും ചെയ്യുന്നു. അല്മായന് ആധുനികയുഗത്തെ ക്രൈസ്തവചൈതന്യത്തിൽ മുക്കിയെടുക്കുവാനുള്ള കഴിവും ശക്തിയുമുണ്ടെന്നവസ്തുതയ്ക്കു പ്രതിഷ്ഠ കിട്ടിക്കൊണ്ടിരിക്കുകയാണ്. അല്മായന്റെ ശക്തമായ കരങ്ങൾ ആധുനികയുഗത്തെ ക്രിസ്തുവിൽ നവീകരിക്കട്ടെയെന്നു പ്രത്യാശിക്കുക.

---

1. Cfr. *Laymen in the Church "Acts of the 2nd World Congress for the Lay Apostolate"* Vol. I. pp. 37-44

# പത്താമദ്ധ്യായം

## പ്രേഷിതരും ശിക്ഷണവും

പ്രാധാന്യം: അല്മായപ്രേഷിതത്വം ഹയരാർക്കിയുടെ കീഴിൽ സഭയുടെ ഔദ്യോഗികപ്രേഷിതത്വത്തിലുള്ള ഭാഗഭാഗിത്വമാണ്. ഓരോ പ്രേഷിതനും ദൈവത്തിൻെറ ഉപകരണവും സഭയുടെ സഹായിയുമായി വത്തിക്കുന്നു. ഉപകരണം എപ്പോഴും നിർദ്ദിഷ്ടപ്രവത്തനത്തിന് അനുയോജ്യമാംവിധം സജ്ജീകൃതമായിരുന്നെങ്കിൽ മാത്രമേ ഉദ്ദിഷ്ടഫലം ഉണ്ടാകയുള്ളൂ. ഉപകരണത്തിൻെറ നന്മതിന്മയ്ക്കനുസരിച്ചു പ്രവൃത്തിയുടെ ഫലവും ഭേദപ്പെട്ടിരിക്കും. ഇതിൽനിന്ന് അനുമാനിക്കേണ്ടതു് ഓരോ അല്മായനും വേണ്ട പരിശീലനവും ശിക്ഷണവുംവഴി ഉപയോഗക്ഷമമായ കരുവായിത്തീരണമെന്നാത്രേ. വി. പത്താംപീയൂസ് പറയുന്നു: "ലക്ഷ്യാനുയുക്തമായി ഉപകരണങ്ങൾ സംവിധാനം ചെയ്യപ്പെടുന്നില്ലെങ്കിൽ അവ ഉപയോഗശൂന്യമാണെന്ന് എല്ലാവരും ഗ്രഹിക്കട്ടെ[1]." പ്രേഷിതവേലയുടെ വിജയത്തിന് അനുപേക്ഷണിയമായി സുദീർഘവും സുനിശ്ചിതവുമായ ശിക്ഷണവും പരിശീലനവും ആവശ്യകമാണ്. ഈ വിഷയത്തിൽ പരിശുദ്ധ മാർപ്പാപ്പമാരുടെ അഭിപ്രായം വിലപ്പെട്ടതുതന്നെ. പതിനൊന്നാം പീയൂസ് പാപ്പാ പറയുകയാണ്: "ക്രിസ്തുവിൻെറ ഭടവ്യൂഹത്തിലെ അംഗങ്ങൾ എണ്ണത്തെക്കാൾ ഗുണത്തിൽ മുന്നിട്ടു

1. (Il Fermo proposito)

നില്ക്കുവാൻ ശ്രദ്ധിക്കുക, ഏററം അഭികാമ്യമായി നമുക്കു തോന്നുന്നു. സഭയെ ഭരിക്കുന്ന വിഭാഗത്തിന്ന് ക്രിയാത്മകവും ഉദാരവുമായ സഹകരണം നല്കുമാറ് തികഞ്ഞ ശ്രദ്ധയോടുകൂടെ നടത്തപ്പെടുന്ന പരിശീലനത്താൽ അവർ സജ്ജീകരിക്കപ്പെടേണ്ടിയിരിക്കുന്നു[1]." പരിശുദ്ധ പിതാവ് പന്ത്രണ്ടാം പീയൂസ് അല്മായപ്രേഷിതരുടെ രണ്ടാംലോകകോൺഗ്രസ്സിൽചെയ്ത പ്രസംഗം ശ്രദ്ധാഹമാണ്. "ആവശ്യകമായ വൈദഗ്ദ്ധ്യവും കർമ്മക്ഷമതയും നേടുവാൻ ശരിയായ ശിക്ഷണത്തിനും പരിശീലനത്തിനും പ്രവത്തകർ വിധേയരാകണം എന്നതു് സുവിദിതമാണല്ലോ. നല്ല ശിക്ഷണം അദ്ധ്യാപകൎമ്മറവും കൂടിയേകഴിയൂ എന്നതിനെപ്പററി ആരും സംശയിക്കുകയില്ല. അതു ഓരോ പ്രേഷിതനും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്."

നല്ല ഉദ്ദേശ്യത്തോടും തീഷ്ണമായ പ്രവത്തനാവേശത്തോടുംകൂടെ ആരംഭിക്കുന്ന പല പ്രസ്ഥാനങ്ങളും സംഘടനകളും പലപ്പോഴും പരാജയപ്പെടുന്നതിൻെറ ഏററം മൗലികമായ കാരണം പ്രവത്തകൎക്ക് വേണ്ട ശിക്ഷണവും പ്രായോഗികതയും ഇല്ലാത്തതുതന്നെ. മാനുഷികപ്രവത്തനങ്ങളുടെ നിദാനമായ ബുദ്ധിയും ഇച്ഛയും ശരിക്കു വികസിക്കുന്നതിനും വിനിയോഗിക്കുന്നതിനും അഭ്യസനം കൂടിയേതീരൂ. കാര്യകാരണങ്ങൾ ബുദ്ധിയുടെ കൂലങ്കഷമായ പരിശോധനയ്ക്കു വിധേയമാക്കി ഒരു വിധിതീർപ്പു നടത്തിയിട്ടാണല്ലൊ പ്രധാനപ്പെട്ട സംരഭങ്ങൾ നാം ആരംഭിക്കുക. പക്ഷേ, പ്രവത്തനത്തിനു മുന്നോടിയായ ഈ ഒരുക്കം അത്ര എളുപ്പമല്ല. എന്നുതന്നെ

1. Pius XI, letter to Cerjeira

യല്ല, കർമ്മാഭിമുഖമായ ഒരു ജീവിതത്തിനു സിദ്ധാന്തപരമായ ജ്ഞാനംമാത്രം പോരാ. അഭിരുചിയും അവബോധവുംകൂടി സംസിദ്ധമാകണം. അല്ലെങ്കിൽ ആകെ ഒരു വിരസതയായിരിക്കും അനുഭവപ്പെടുക. അംഗങ്ങൾ കർമ്മവിമുഖരും പ്രവൃത്തിയിൽ ചൈതന്യരഹിതരുമായിത്തീരും. ഇതുകൊണ്ടു മായില്ല, അപ്പസ്തോലവൃത്തിയെ ഉള്ളഴിഞ്ഞു സ്നേഹിക്കണം. വി. ആഗസ്തീനോസ് പറയുന്നു: "സ്നേഹിക്കാത്തവൻ തീക്ഷ്ണതയിൽ ജ്വലിക്കുന്നില്ല." സ്ഥായിയായ മനോഭാവം കൈവളർത്തി അല്മായരെ പ്രേഷിതപ്രബുദ്ധരാക്കുവാൻ ബുദ്ധിയുടേയും ഇച്ഛയുടേയും ശിക്ഷണം ആവശ്യകമത്രേ.

<u>ശ്രദ്ധാർഹമായ ഗുണങ്ങൾ</u>: ശിക്ഷണം വിജയപ്രദമാക്കുവാൻ സഹായിക്കുന്ന പല സുശീലങ്ങളുമുണ്ടു്. അവ പരിശീലനക്കാലംമുഴുവനും അതിനുശേഷവും നിലനില്ക്കണം. പ്രധാനപ്പെട്ടവയെപ്പററി ചുരുക്കത്തിൽ പ്രതിപാദിക്കാം.

<u>സ്ഥിരോത്സാഹവും ത്യാഗസന്നദ്ധതയും</u>: നിയന്ത്രിച്ചു് അകററേണ്ട ദുഷ്പ്രവണതകളും സംസ്കരിച്ചുവളർത്തേണ്ട സൽപ്രവണതകളും മനുഷ്യസ്വഭാവത്തിലുണ്ടു്. ദുഷ്പ്രവണതകളെ നീക്കംചെയ്തും സൽപ്രവണതകളെ പരിപോഷിപ്പിച്ചും മനുഷ്യനെ പരിപൂർണ്ണനാക്കുവാൻ സഹായിക്കുകയാണു ശിക്ഷണം ചെയ്യുക. നിരന്തരമായ പരിശ്രമം അതിനു് ആവശ്യകമാണു്. അതുപോലെതന്നെ സ്വാർത്ഥതയും സുഖലോലുപതയും വെട്ടിനീക്കുക, എന്ന വേദനാജനകമായ ശിക്ഷണം സാധിക്കണമെങ്കിൽ സ്ഥിരോത്സാഹവും ത്യാഗസന്നദ്ധതയും ആവശ്യകമത്രേ.

സഹിഷ്ണുതയും സഹകരണവും: കൊണ്ടും കൊടുത്തും സഹായിച്ചും സഹകരിച്ചും ജീവിതം വിജയിപ്പിക്കേണ്ടവനാണു മനുഷ്യൻ. അവന്റെ എല്ലാ പ്രവർത്തനങ്ങളിലും വെളിച്ചം വീശേണ്ട ഗുണങ്ങളാണു സഹിഷ്ണുതയും സഹകരണബോധവും. വിവിധതരക്കാരും വിഭിന്നാഭിപ്രായക്കാരുമായ മനുഷ്യരോടൊത്തു സംഘാതമായി പ്രവർത്തിക്കണമെങ്കിൽ സഹിഷ്ണുതയും സഹകരണവും കൂടിയേതീരൂ. ഈ ഗുണങ്ങൾ സംഘടിതമായ പ്രവർത്തനത്തിൻെറ ജീവനാഡിയാണ്.

വിധേയത്വവും അച്ചടക്കവും: ശിക്ഷണം എപ്പോഴും ചില പ്രത്യേകരീതികളും മാർഗ്ഗങ്ങളുമനുസരിച്ചായിരിക്കും നടത്തുക. നിയമങ്ങൾക്കു വിധേയമായി ജീവിക്കുകയും, അനുശാസനങ്ങളും തിരുത്തലുകളും സ്വീകരിക്കുകയും ആദരിക്കുകയും ചെയ്യുക ശിക്ഷണത്തിൻെറ വിജയത്തിനു അനുപേക്ഷണീയംതന്നെ. വിരോചിതമായ മഹാമനസ്കതയോടും വിശാലമായ വീക്ഷണത്തോടുംകൂടെ ശിക്ഷണത്തിലെ നിയമങ്ങളും വ്യവസ്ഥകളും അനുസരിക്കണമെങ്കിൽ വിധേയത്വവും അച്ചടക്കബോധവുമുണ്ടായിരിക്കണം.

വിവേകം: എല്ലാ പ്രവർത്തനങ്ങളുടേയും കടിഞാൺ പിടിക്കുന്ന സുകൃതമാണു വിവേകം. വഴിതെററിക്കുന്ന പലതും ശിക്ഷണത്തിലും പിന്നീടുള്ള പ്രവർത്തനങ്ങളിലും ഉണ്ടാകാം: തീക്ഷ്ണത ഒരുവനെ അതിരുകടന്നു പ്രവർത്തിക്കാൻ പ്രലോഭിപ്പിക്കാറുണ്ട്. ഉടനടി എല്ലാം നേടിയെടുക്കണം എന്ന ചിന്ത പല കുഴപ്പങ്ങളും വരുത്തിവയ്ക്കുന്നു. അകാരണമായ ആകാംക്ഷയും പരക്കംപാച്ചിലും നിരാശയിലായിരിക്കും അവസാനിക്കുക. ശിക്ഷണത്തെ മലിനപ്പെടുത്തുന്ന ഈദൃശ

ദുഷ്പ്രവണതകളിൽനിന്നു നമുക്കു മോചനം നല്കേണ്ടതു വിവേകമാണു്.

വിവിധശിക്ഷണങ്ങൾ: നലംതികഞ്ഞ ഒരു അല്മായപ്രേഷിതനെ വാർത്തെടുക്കുക എളുപ്പമല്ല. ബഹുമുഖങ്ങളും സങ്കീർണ്ണങ്ങളുമായ ശിക്ഷണവിധികളും മണ്ഡലങ്ങളുമുണ്ടു്. മനുഷ്യൻെറ വ്യത്യസ്തങ്ങളായ സകല കഴിവുകൾക്കും പരിപോഷണമേകി പരിശീലിപ്പിക്കണം. അവയെല്ലാം എടുത്തുപറഞ്ഞു പ്രതിപാദിക്കുക സാധ്യമല്ലല്ലോ. എന്നാൽ, മുൻപന്തിയിൽ നിൽക്കുന്ന മാനസികവും ധാർമ്മികവും സാഹ്യവും സാങ്കേതികവും ആദ്ധ്യാത്മികവുമായ ശിക്ഷണങ്ങളെപ്പററി ചുരുക്കത്തിൽ ചിലതു സൂചിപ്പിക്കേണ്ടതുണ്ടു്.

## മാനസികശിക്ഷണം

മാനസികശിക്ഷണത്തിൻെറ ആവശ്യകതയെപ്പററി ക്രോഫ്ററ്സ് (A.M. Crofts, O. P.) പറയുന്നു: "കത്തോലിക്കപ്രവർത്തനത്തിൻെറ ആധാരം സ്ഥൈര്യലേപനത്തിൽ നമുക്കു ലഭിക്കുന്ന മുദ്രയാണു്. ഇതുവഴി ഓരോ ക്രിസ്ത്യാനിയും വിശ്വാസത്തിൻെറ സംരക്ഷകനായി ആധികാരികമായി അവരോധിക്കപ്പെടുന്നു. എന്നാൽ, അശ്രദ്ധമായി, യാതൊരു ഒരുക്കവും കൂടാതെ, സ്വീകരിക്കാവുന്ന പദവിയല്ലതു്.... നല്കിയിരിക്കുന്ന ദൗത്യത്തിൻെറ സ്വഭാവവും നിർവ്വഹണരീതിയും സംബന്ധിച്ചു ശരിയായ അറിവുകൂടാതെ ദൗത്യനിർവ്വഹണത്തിനുപയുക്തമായ കരുക്കളാണെന്നു ഭാവിക്കുന്നവർ വലിയ തെററിലാണു് ഉൾപ്പെട്ടിരിക്കുന്നതു്.... അല്മായപ്രവർത്തനത്തിൻെറ ലക്ഷ്യം കുടുംബത്തിലും സമുദായത്തി

ലും സുവിശേഷപ്രബോധനങ്ങളിൽ അടിയുറച്ച ക്രിസ്തീയജീവിതം രൂപപ്പെടുത്തുകയാണല്ലോ. ഇതുകൊണ്ടുതന്നെ വിശ്വാസസംബന്ധമായ കാര്യങ്ങളേയും അവയ്ക്കു കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലുമുള്ള ബന്ധത്തേയുംപററി നല്ല അറിവുണ്ടായിരിക്കണമെന്നതു സുവ്യക്തമാണല്ലോ[1]". ചുരുക്കത്തിൽ,സുഗമമായ പ്രേഷിതപ്രവത്തനത്തിനു മാനസികശിക്ഷണം ഒരളവിലെങ്കിലും കൂടിയേ കഴിയൂ.

എന്തായിരിക്കണം ബൗദ്ധികശിക്ഷണത്തിൻെറ ലക്ഷ്യം? ഗുഡ്മാൻ (A. J. Goodman)എന്ന പണ്ഡിതൻ ഒരു യഥാർത്ഥപ്രേഷിതനു നല്കുന്ന നിർവചനം ഇതിൻെറ ഉത്തരം വ്യക്തമാക്കുവാൻ പോരുന്നതാണ്. അദ്ദേഹം പറയുന്നു; "ക്രിസ്തീയതത്വങ്ങൾ ശരിയായും വ്യക്തമായും പഠിച്ചറിഞ്ഞ് അവയെ പ്രായോഗികജീവിതത്തിൽ അവതരിപ്പിക്കുവാനും അവയനുസരിച്ച ജീവിക്കുവാനും സാധിക്കുന്നവനാണു യഥാർത്ഥപ്രേഷിതൻ."[2] ഈ ശിക്ഷണവലയത്തിൽ വരുന്ന വിഷയങ്ങൾ പലതാണ്. അവ തരംതിരിച്ചു കുറഞ്ഞൊന്നു പരിശോധിക്കുക യുക്തമെന്നു തോന്നുന്നു.

മതതത്വങ്ങൾ: സഭാപ്രബോധനങ്ങളിലും വിശ്വാസസത്യങ്ങളിലും അല്മായർക്കു നല്ല വ്യുൽപത്തി ഉണ്ടായിരിക്കുക ആവശ്യകമാണ്; പ്രത്യേകിച്ച്, വിശ്വാസകാര്യങ്ങളിലുള്ള അവഗണനയും അജ്ഞതയുംമൂലം ആയിരങ്ങൾ വിശ്വാസം കളഞ്ഞുകുളിക്കുന്ന ആധുനികചരിത്രസ്ഥിതിയിൽ ഗുഡ്മാൻ പറയുന്നു: "അല്മായപ്രേഷിതർ കത്തോലിക്കാപ്രബോധനങ്ങളിൽ അഗാധമായ അറിവു നേടുന്നെങ്കിൽ,

1. A. M. Crofts, *Catholic Social Action*. pp, 138-139
2 A. J. Goodman, *Ahandbook of Catholic Action*, P. 57.

വിശ്വാസത്തോടുള്ള സ്നേഹത്താൽ ജ്വലിക്കുന്നെങ്കിൽ, കേൾവിക്കാരിൽ അവബോധം ജനിപ്പിക്കുമാറ് ആകർഷകമായി നിത്യസത്യങ്ങൾ ജനതയുടെ മുമ്പിൽ അവതരിപ്പിക്കുവാൻ അവക്കു കഴിയുന്നെങ്കിൽ, ദൈവികമായ പ്രകാശധോരണയിൽനിന്നു ലോകം വഴുതി മാറുകയില്ല."[1] ഈ ശിക്ഷണം കൊണ്ടു പ്രധാനമായി നേടേണ്ടതു രണ്ടു കാര്യങ്ങളാണ്. "വിശ്വാസസത്യങ്ങളുടെ പഠനംവഴി വിശ്വാസം ദൃഢമാക്കുക. അവിശ്വാസികളുടെ വാദമുഖങ്ങളെ ഖണ്ഡിക്കുവാൻ പര്യാപ്തമായ പ്രാവീണ്യം നേടുക."[2] പരിശുദ്ധപിതാവു ലിയോ പതിമ്മൂന്നാമൻ പറയുന്നു:"ഓരോരുത്തനും മനസ്സാക്ഷിയിൽ കടപ്പെട്ടവനാണ്, കളങ്കരഹിതമായ വിശ്വാസം അഭംഗുരം പരിപാലിക്കുവാൻ. അതിന് ആപത്ക്കരമായ എല്ലാ സാഹചര്യങ്ങളിലും തന്നെത്തന്നെ ശക്തിപ്പെടുത്തി മുൻകരുതലോടെ വ്യാപരിക്കണം. ഓരോരുത്തനും അവനവൻെറ കഴിവിൻേറയും ബുദ്ധിയുടേയും തോതിന് അനുപാതികമായി ക്രിസ്തീയതത്വങ്ങളിൽ വേണ്ടത്ര പാണ്ഡിത്യം നേടുകയും മതവുമായി ബന്ധപ്പെട്ടുകിടക്കുന്ന കാര്യങ്ങളെക്കുറിച്ചു സമ്യക്കായ അറിവു സമ്പാദിക്കുകയും ചെയ്യുന്നതു വിശ്വാസത്തെ അതിൻെറ പരിപൂർണ്ണതയിൽ പരിപാലിക്കുവാൻ ഏററം ഉപകാരപ്രദവും ആവശ്യകവുമാണെന്നു നമുക്കു തോന്നുന്നു."[3] ഏതാണ്ടിതുതന്നെ. പരിശുദ്ധപിതാവു പന്ത്രണ്ടാം പീയൂസും പറഞ്ഞിട്ടുണ്ട്: ഓരോ കത്തോലിക്കനും, വിശിഷ്യാ, മതകാര്യങ്ങളിൽ കൂടുതൽ വ്യാപൃതരാകുന്നവർ, മതപരവും വിശ്വാസസംബന്ധവുമായ വിഷയങ്ങളിൽ നല്ല അറിവു

1. Ibidem
2. A. M. Crofts O, P. *Catholc Socil Action* P. 139.
3. Leo XIII, *Sapiantiac Christianac.*

നേടിയിരിക്കണം. വർത്തമാനകാലപരിതഃസ്ഥിതികൾ ഈ ആവശ്യം വർദ്ധമാനമാക്കുന്നു. ഉപരിപ്ലവമായ അറിവല്ല, പ്രത്യുത പരപ്പാർന്നതും ഉറപ്പുള്ളതുമായ അറിവത്രെ ആവശ്യം."[1] ചുരുക്കത്തിൽ, വിശ്വാസസത്യങ്ങളുടെ സ്വഭാവവും അവയുടെ അർത്ഥവ്യാപ്തിയും അവയ്ക്കെതിരായ ആരോപണങ്ങളെ ഖണ്ഡിക്കുവാനുള്ള മാർഗ്ഗങ്ങളും നാമെല്ലാം പഠിച്ചറിയണം. കൂടാതെ ദൃഢവും ശക്തിമത്തുമായ അവബോധംകൂടെ തമ്മിൽ രൂപപ്പെടുത്തണം.

ഇത്തരുണത്തിൽ വേദശാസ്ത്രത്തെ അനുസ്മരിക്കുക സമുചിതംതന്നെ. വെളിപാടിന്റെ വെളിച്ചത്തിൽ ദൈവത്തേയും വിശ്വാസത്തേയുംപററി പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണ് ദൈവശാസ്ത്രം. വൈദികന്മാർക്കും സന്യാസികൾക്കും മാത്രമായി നീക്കിവച്ചിരിക്കുന്ന ഒരു ശാസ്ത്രശാഖയാണതു പലരുടേയും വീക്ഷണത്തിൽ. വിജ്ഞാനസമ്പാദനമാർഗ്ഗങ്ങളും അവസരങ്ങളും ആവശ്യങ്ങളും വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് ആ ചിന്താഗതി അനുചിതം തന്നെ. ദൈവശാസ്ത്രം പഠിക്കുവാൻ അല്മായർ മുമ്പോട്ടു വരേണ്ടതുണ്ട്. ഇന്ന് അല്മായരെ ഉദ്ദേശിച്ചു ദൈവശാസ്ത്രപരമായ പുസ്തകങ്ങൾ ധാരാളമായി ഇംഗ്ലീഷിൽ എഴുതുന്നുണ്ട്. മലയാളത്തിൽ അതു വിരളമായിരിക്കാം. ഇംഗ്ലീഷിൽ സാമാന്യജ്ഞാനമെങ്കിലുമുള്ളവർക്ക് അവ വായിക്കുവാനും പഠിക്കുവാനും കഴിയുമല്ലോ. നമ്മുടെ കലാലയങ്ങളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരുടെ ശ്രദ്ധ ഈ രംഗത്തേക്കു തിരിഞ്ഞിരുന്നെങ്കിൽ, ക്രൈസ്തവജീവിതത്തിനും

---

1. Sertum Lactitac Novembris 1939.

പ്രവർത്തനത്തിനു പ്രബുദ്ധതയേകുന്ന മതവിജ്ഞാനത്തിൽ നാം പിന്നിലാകുകയില്ലായിരുന്നു.

<u>വിശുദ്ധഗ്രന്ഥം:</u> ലോകത്തിനു സുവിശേഷദൗത്യം പ്രദാനം ചെയ്തു ലോകത്തെ ക്രിസ്തുവിൽ സമുദ്ധരിക്കുവാൻ പണിയെടുക്കുന്ന പ്രേഷിതൻ വേദപുസ്തകത്തെ സന്തതസഹചാരിയും പഠനവിഷയവുമായി സ്വീകരിക്കണം. "ഓരോ പ്രേഷിതനും ക്രിസ്തുവിനെ നിരന്തരമായ പഠനത്തിനു വിഷയമാക്കണം. അല്മായപ്രവർത്തനത്തിന്റെ പ്രണേതാക്കൾ ആവിഷ്കൃതസത്യങ്ങൾ ഉൾക്കൊള്ളുന്ന വേദപുസ്തകത്തിൽനിന്നു തങ്ങളുടെ വീക്ഷണവും തീക്ഷ്ണതയും സമാർജ്ജിക്കട്ടെ. സ്വഭാവാതീതസുകൃതങ്ങളുടെ അനുഷ്ഠാനത്തിനുള്ള കഴിവു് അവർ ലോകത്തെ ബോധപ്പെടുത്തും. ക്രിസ്തുവിനെ മാതൃകയാക്കിയ ജീവിതംകൊണ്ടുമാത്രമേ ലോകത്തെ വേണ്ടവിധം പഠിപ്പിക്കുവാൻ സാധിക്കൂ. മനുഷ്യർക്കു ക്രിസ്തുവിനെ പ്രദാനം ചെയ്ത ആ ആദ്ധ്യാത്മികശില്പം വേണ്ടപോലെ ആദരിച്ചു സ്നേഹിക്കുവാൻ അല്മായപ്രേഷിതൻ പരിശീലിക്കണം"[1]. നാം പ്രായേണ വേദപുസ്തകപഠനത്തിൽ മാത്രമല്ല പാരായണത്തിൽപോലും അലസരാണ്. വേദപുസ്തകത്തെപ്പററി ഏകദേശജ്ഞാനമെങ്കിലുമുള്ളവർ ചുരുങ്ങും. ഏതാണ്ടു പതിന്മടങ്ങു മെച്ചപ്പെട്ട സ്ഥിതിയാണു മററു ക്രൈസ്തവവിഭാഗങ്ങളുടേതു്. അവർ വേദപുസ്തകം എന്നും വായിക്കുന്നു. അതിനേപ്പററി അവർക്കു പരിജ്ഞാനവുമുണ്ടു്. അക്കാര്യത്തിൽ അവർ തികച്ചും അനുകരണാർഹർതന്നെ. മലയാളത്തിൽ വേദപുസ്തകത്തെസ്സംബന്ധിക്കുന്ന പുസ്തകങ്ങൾ

1. *A Handbook of Catholic Action* p, 55.

വിരളമാണെങ്കിലും ഇംഗ്ലീഷിൽ ധാരാളം പുസ്തകങ്ങൾ ഉണ്ട്. പ്രത്യേകിച്ചു, സുവിശേഷത്തെ അടിസ്ഥാനമാക്കി എഴുതിയ ക്രിസ്തുവിൻെറ ജീവചരിത്രങ്ങൾ. ചിലതിൻെറ തർജ്ജമകൾ മലയാളത്തിൽ വന്നിട്ടുണ്ട്. അവ വായിക്കുകയും പഠിക്കുകയും ചെയ്യുക സുവിശേഷങ്ങളുടെ പഠനത്തിനു സഹായകമാണ്. കത്തോലിക്കപ്രേഷിതർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കാണിക്കണം. അവർ മററാളുകളെ പഠിപ്പിക്കുവാൻകൂടി കടപ്പെട്ടവരാണല്ലോ.

തത്വശാസ്ത്രം: സാധാരണ നമ്മുടെ ശ്രദ്ധയിൽ പെടാത്ത ഒരു വിഷയമാണു തത്വശാസ്ത്രം. പണ്ഡിതോചിതവും ക്രമപ്പെടുത്തിയതുമായ ചിന്താഗതി രൂപപ്പെടുത്തുന്നതിനു താത്വികശിക്ഷണം ആവശ്യകമത്രേ. തത്വവിജ്ഞാനത്തിൻെറ പ്രാധാന്യം ഏറിവരുന്ന പരിതഃസ്ഥിതിയാണ് നാമിന്നു ഇവിടെ ദർശിക്കുന്നതു്. തത്വചിന്തയുടെ പിള്ളത്തൊട്ടിലായിരുന്ന ഭാരതത്തിൻെറ വീക്ഷണത്തിൽ വിദേശവിദ്യാഭ്യാസവും സ്വാതന്ത്ര്യലബ്ധിയും പല മാററങ്ങളും വരുത്തിയിട്ടുണ്ട്. ഇന്നു നൂതനപ്രവണതകൾ നാമ്പു നീട്ടിവരുന്നു. സാഹിത്യത്തിലും അതിൻെറ പ്രതിഫലനങ്ങൾ കാണാം. താത്വികഗ്രന്ഥങ്ങൾ എന്നുപറയാവുന്നവ മലയാളത്തിൽ നന്നേ വിരളമെങ്കിലും ആ വഴിക്കു ശ്രമങ്ങൾ മറേറ പാളയത്തിൽ നടക്കുന്നുണ്ട്. കേരളത്തിലെ അഭിജ്ഞലോകമാണു തത്വചിന്തയുടെ സ്വാധീനതാവലയത്തിൽ വരുന്നതു്. യുക്തിവാദത്തിൻേറയും ഭൗതികവാദത്തിൻേറയും ഇരുൾപരന്ന ധാരാളം ഇംഗ്ലീഷുപുസ്തകങ്ങൾ പണ്ടേ പ്രചാരത്തിലായിട്ടുണ്ട്. പുതിയ പ്രവാചകന്മാർ പെരുമ്പറയടിക്കുന്ന ആ

ശയങ്ങളും പണ്ട് ചെറിയ വേദോപദേശത്തിൽ നിന്നു മനഃപാഠമാക്കിയ ഉത്തരങ്ങളും തമ്മൽ ഇടയാതിരിക്കയില്ല. അപ്പോഠം ഉത്തരങ്ങഠം ഉലയാതിരിക്കണമെങ്കിൽ ഉറച്ച താത്വികാടിസ്ഥാനം വേണം. സഭയോടു കൊടിയ വൈരം പുലത്തുന്ന 'കുഞ്ഞാടുകളിൽ' ചിലരെങ്കിലും ആവിധമായതു് പുരോഗമനഫിലോസഫി മാത്രം വെട്ടിവിഴുങ്ങിയതുകൊണ്ടാണു്.

താത്വികശിക്ഷണംകൊണ്ട് ആദ്യമായി സാധിക്കേണ്ടതു് സ്വന്തം വിശ്വാസത്തിനും ക്രിസ്തീയപ്രബോധനങ്ങഠംക്കും ബലവത്തായ ഒരടിസ്ഥാനം ഉറപ്പിക്കുകയാണു്. എതിരാരോപണങ്ങഠം മനസ്സിലാക്കി അവയെ എങ്ങനെ നേരിടമെന്നു പഠിക്കുക. സാമാന്യജനങ്ങഠംക്കു മനസ്സിലാകുന്ന രീതിയിൽ ക്രൈസ്തവവിജ്ഞാനം കൈകാര്യം ചെയ്യുക, ആനുകാലികചരിത്രസ്ഥിതിയുടേയും ശാസ്ത്രീയസിദ്ധാന്തങ്ങളുടേയും വെളിച്ചത്തിൽ.

ശാസ്ത്രങ്ങളും മററു വിജ്ഞാനങ്ങളും: വിജ്ഞാനത്തിന്റെ പരപ്പും ആഴവുമളക്കാൻ ഏവനും കഴിഞ്ഞെന്നുവരുകയില്ല. പക്ഷേ, ഏതാണ്ടൊരു ജ്ഞാനം സമ്പാദിക്കുവാൻ പലർക്കും സാധിക്കും. പ്രേഷിതപ്രവത്തകക്ക്, ഒരു സംഘടനയിൽ കുറെ ചേക്കെങ്കിലും, അതു സാധിക്കണം. കാരണം, അവർ പ്രവത്തിക്കുന്ന രംഗങ്ങളിലെ ജനങ്ങളുടേതിനൊക്കാഠം ഉയർന്ന സാംസ്കാരികവും വൈജ്ഞാനികവുമായ നിലവാരം പ്രേഷിതപ്രവത്തനത്തെ കൂടുതൽ സുകരമാക്കും. കൂടാതെ, ശാസ്ത്രത്തിന്റേയും വിജ്ഞാനത്തിന്റേയും പേരിൽ സഭാതത്വങ്ങഠം ചോദ്യം ചെയ്യുന്നവരെ നേരിടേണ്ട അവസരം വരും

സമൃക്കായിഉത്തരം നല്കി അവരെ തൃപ്തിപ്പെടുത്തണമെങ്കിൽ എല്ലാ ശാസ്ത്രരേഖകളേയും സംബന്ധിച്ച അറിവ് ആവശ്യകംതന്നെ. ആവിഷ്കൃതസത്യങ്ങളിലും ശാസ്ത്രീയനിഗമനങ്ങളിലും സാമാന്യജ്ഞാനമെങ്കിലും ഉണ്ടെങ്കിലേപ്രഥമവീക്ഷണത്തിൽ പരസ്പരവിരുദ്ധമായി സാധാരണക്കാർക്കു തോന്നുന്ന സത്യങ്ങൾ യഥാർത്ഥത്തിൽ അങ്ങനെയല്ലെന്നു വിശദീകരിച്ചു് അവരുടെ ചിന്താക്കുഴപ്പം തീർക്കുവാൻ പററൂ. ആകയാൽ, ബൗദ്ധികശിക്ഷണംവഴി സാമാന്യജ്ഞാനമെങ്കിലും നേടുവാൻ ശ്രമിക്കണം. പ്രാമാണികരായ വിജ്ഞന്മാരും ശാസ്ത്രപടുക്കളും മററും ഉണ്ടാവുക ഏററം നന്ന്.

<u>ഇന്നത്തെ ചുററുപാടുകൾ:</u> നമ്മുടെ പ്രവത്തനങ്ങളുടെ വിജയം പലതിനേയും ആശ്രയിച്ചാണു നിലകൊള്ളുന്നതു്. ചുററുപാടുകളുടെ പ്രേരണ തീർച്ചയായും പ്രധാനപ്പെട്ട ഒന്നുതന്നെ. വലക്കണ്ണിപോലെ വിചിത്രമായ സാഹചര്യഭേദങ്ങളെ വിഗണിച്ച്, അവയുടെ സ്വാധീനതയെ മറന്ന്, നമുക്കു കാര്യമായിട്ടെന്തെങ്കിലും ചെയ്യുക സാദ്ധ്യമല്ല. ആകയാൽ പ്രവത്തനം വിജയിക്കണമെങ്കിൽ, സാംസ്ക്കാരികം, സാമ്പത്തികം, രാഷ്ട്രീയം, സാമൂഹികം തുടങ്ങിയ വിവിധ മണ്ഡലങ്ങളിലെ ആനുകാലികപരിതഃസ്ഥിതികളെപ്പററി നല്ല അറിവുണ്ടായിരിക്കണം. മതവിരുദ്ധവും സന്മാർഗ്ഗവിരുദ്ധവുമായ പ്രവണതകളെ ദൂരീകരിച്ചു ക്രൈസ്തവോചിതമായ ജീവിതത്തിനുതകുന്ന പശ്ചാത്തലം എല്ലാ മണ്ഡലങ്ങളിലും സൃഷ്ടിക്കുവാൻ, എല്ലാ ജീവിതസാഹചര്യങ്ങളും ക്രിസ്തുവിൽ സംസ്ക്കരിച്ചു നവീകരിക്കുവാൻ കടപ്പെട്ടവരാണല്ലോ അല്മായപ്രേഷിതർ.

## ധാർമ്മികശിക്ഷണം.

സ്വാഭാവികവും അതിസ്വാഭാവികവുമായ എല്ലാ സു കൃതങ്ങളും ചെയ്യു ശീലിക്കുവാൻ ഇച്ഛാശക്തിയെ മരുക്കി യെടുക്കുകയത്രേ ധാർമ്മികശിക്ഷണത്തിന്റെ ലക്ഷ്യം. കള ങ്കരഹിതവും സമുന്നതവുമായ ഒരു ധർമ്മികജീവിതം ഓ രോ പ്രേഷിതനും നയിക്കണം. അവന്റെ ധാർമ്മികനില വാരത്തിന് ഇടിവുതട്ടുക പ്രേഷിതപ്രവർത്തനത്തെ അങ്ങേ യററം ബാധിക്കും. നല്ലതികഞ്ഞ ശിക്ഷണവും പരിശീലന വുംവഴി കറകളഞ്ഞ സാന്മാർഗ്ഗിക ജീവിതം നയിക്കുവാൻ പ്രേ ഷിതപ്രവർത്തകർ പരിശ്രമിക്കണം.

ധാർമ്മികശിക്ഷണത്തിൽ ശ്രദ്ധിക്കേണ്ട ചില കാര്യ ങ്ങളുണ്ട്. എല്ലാ സാന്മാർഗ്ഗികസുകൃതങ്ങളും ശിക്ഷണവിധേ യമാവണം. സുകൃതങ്ങൾ അഭ്യസിക്കുവാനും പ്രായോഗികമാ ക്കുവാനുമുള്ള മാർഗ്ഗങ്ങൾ മനസ്സിലാക്കണം. ചില സുകൃത ങ്ങൾ അഭ്യസിക്കാൻ എളുപ്പമുള്ളതായിരിക്കാം. ചിലതു ചിലരുടെ വാസനകൾക്കൊത്തതായിരിക്കാം. എന്നാൽ, സ്വന്തം അഭിരുചിയോ അനുഷ്ഠാനസൗകര്യമോ ആയിരിക്ക രുതു നമ്മുടെ പ്രേരകം. എല്ലാ പുണ്യങ്ങളും ആവശ്യക മാണ് എന്ന ബോധത്തോടേ എല്ലാം അഭ്യസിക്കുക. ധാ ർമ്മികശിക്ഷണത്തിൽ പ്രധാനമായി ശ്രദ്ധിക്കേണ്ടതു്. പ്രാ യോഗികതയത്രേ. പ്രയോഗക്ഷമത വർദ്ധിക്കുവാൻ ആവ ർത്തിച്ചാവർത്തിച്ചുള്ള അനുഷ്ഠാനം സഹായിക്കും.

ഇച്ഛാശക്തി എപ്പോഴും നന്മയാൽ ആകൃഷ്ടമാകുന്നു. നന്മയുടെ പ്രചോദനത്തിനു വശഗമായി പ്രവർത്തിക്കുകയും

ചെയ്യുന്നു. ധാർമ്മികശിക്ഷണത്തിൻെറ വിജയത്തിന് ഉൽക്കൃഷ്ടമായ ഒരാദർശം ലക്ഷ്യവും, വിശേഷപ്രബോധനങ്ങൾ മാർഗ്ഗവുമായി സ്വീകരിച്ചു ജീവിതത്തെ രൂപപ്പെടുത്തുവാൻ പരിശ്രമിക്കുന്നതു് സമുചിതംതന്നെ. അങ്ങനെ, ആദർശധീരന്മാരെ, പ്രലോഭനങ്ങളും കഷ്ടപ്പാടുകളും ആഞ്ഞടിക്കുമ്പോൾ അടിപതറാതെ ധാർമ്മികമൂല്യങ്ങൾ മുറുകെപ്പിടിച്ചു ലക്ഷ്യത്തിലേക്കു മുന്നേറുന്നവരെ, വാർത്തെടുക്കുകയാണു ധാർമ്മികശിക്ഷണത്തിൻെറ പ്രധാനോദ്ദേശ്യം. ഈ ഉദ്ദേശ്യസിദ്ധിക്കുവേണ്ടിയാണു ധാർമ്മികപുണ്യങ്ങളുടെ അഭ്യസനം.

സാന്മാർഗ്ഗികസുകൃതങ്ങൾ പ്രധാനമായി നാലാണ്: വിവേകം, നീതി, ആത്മധൈര്യം, മിതത്വം. ജന്മപാപം വഴി മനുഷ്യനുവന്ന നാലുതരം അധഃപതനത്തിനെതിരായ സുകൃതങ്ങളാണവ. ബുദ്ധിയെ ബാധിച്ച അജ്ഞതയ്ക്കെതിരാണു വിവേകം. ഇച്ഛാശക്തിയെ ബാധിച്ച ദുരാശയ്ക്കെതിരാണു നീതി. മനുഷ്യൻെറ അധമാംശത്തിന് അനുഭവപ്പെടുന്ന ബലഹീനതയ്ക്കും ജഡികാഗ്രഹത്തിനും ഭോഗാസക്തിയ്ക്കും പ്രതിവിധിയാണ് ആത്മധൈര്യവും മിതവ്യയത്വവും നമ്മുടെ അനുദിനജീവിതത്തിൽ അതുല്യപ്രാധാന്യമുള്ള ഈ സുകൃതങ്ങളെപ്പററി കുറഞ്ഞൊന്നു ചിന്തിക്കുന്നതു സമീചീനമായിരിക്കും.

<u>വിവേകം</u>: നിഷ്കൃഷ്ടമായ ഒരു പ്രത്യേക പരിതഃസ്ഥിതിയിൽ ബുദ്ധിക്കും ധാർമ്മികനിയമങ്ങൾക്കും യോജിച്ച പ്രവർത്തനസരണി നിർണ്ണയിച്ചുകൊടുത്തു മാനുഷികപ്രവൃത്തികളെ നയിക്കുന്ന പ്രായോഗികബുദ്ധിയുടെ ഗുണവിശേഷ

മാണു വിവേകം. ഈ സുകൃതം ഒപ്പം ബൗദ്ധികവും സാന്മാ ർഗ്ഗികവുമത്രേ. കാരണം, ഈ ഗുണവിശേഷം ബുദ്ധിശക്തി യിലാണു സ്ഥിതിചെയ്യുന്നതു്. എന്നാൽ സാന്മാർഗ്ഗികപു ണ്യമാണു്-മനുഷ്യന്റെ പ്രവൎത്തനങ്ങളാണു്-ഈ സുകൃത ത്തിന്റെ പരിധിയിൽ വരുന്നതു്. സദാചാരനിയമങ്ങളം അനുസരിച്ചു മാനുഷികവ്യാപാരങ്ങളെ ഈ സുകൃതം നയി ക്കുന്നു. സാന്മാർഗ്ഗികപുണ്യങ്ങളിൽവച്ചു് ഏററം മികച്ച തത്രേ വിവേകം. നമ്മുടെ ജീവിതവിജയത്തിനു ഏററം അ നപേക്ഷണീയമായ പുണ്യവും ഇതുതന്നെ. ആകയാൽ, ഇ തിന്റെ സമ്പാദനത്തിൽ നാമേവരും പ്രത്യേകം ശ്രദ്ധി ക്കണം.

വിവേകം എന്ന പുണ്യത്തിനു വ്യത്യസ്തങ്ങളായ മൂന്നു പ്രവൃത്തികൾ ഉണ്ടു്. ഒന്നു്, പരിശോധന; രണ്ടു്, വിധിത്തീ ൎപ്പു്; മൂന്നു്, പ്രേരിപ്പിക്കൽ. ഒരു പ്രവൃത്തി ധാൎമ്മികവും സ ത്യസന്ധവുമായിരിക്കുവാൻ വേണ്ട മാൎഗ്ഗങ്ങൾ ഏവയെന്നു പരിശോധിക്കുകയാണു് ആദ്യം ചെയ്യേണ്ടതു്. സ്വാൎത്ഥപ്ര തിപത്തിയും സ്വകാര്യലാഭവും മററും മാററിവച്ചു് വസ്തുനിഷ്ഠ വും കൂലങ്കഷവുമായ വിചിന്തനംവഴി വേണം പരിശോധന നടത്തുവാൻ. സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു പൎയ്യ ന്വേഷണത്തിനു വിഘാതമായിവരുന്ന സകലതും ദൂരീ കരിക്കണം. പരിപക്വമായ പരിശോധനക്കുശേഷം വിധി തീർപ്പാണു നടക്കേണ്ടതു്. നാം ശേഖരിച്ച അറിവു വില യിരുത്തി പ്രാധാന്യഭേദം നോക്കി തരംതിരിച്ചു ക്രമപ്പെടു ത്തി, അതിൽനിന്നു സ്വയമേവ വരുന്ന നിഗമനം ചോൎത്തി യെടുക്കണം. നമ്മുടെ അനുഭവങ്ങളും സാഹചര്യങ്ങളും ഭവ

ഷ്യത്തുകളും കണക്കിലെടുത്തുകൊണ്ട് ഇന്ന മാർഗ്ഗമാണ് ഏററം പര്യാപ്തമെന്നു വിധിതീർപ്പു നടത്തുന്നു. ഈ തീരുമാനം നടപ്പിൽ വരുത്തുകയാണു അടുത്തപടി. ഇവിടെ ഇച്ഛാശക്തിയത്രേ പ്രവർത്തിക്കുക. പ്രവർത്തനത്തിനാവശ്യകമായ തീക്ഷ്ണതയും പ്രചോദനവും നല്കേണ്ടതു് ഇച്ഛാശക്തിയാണ്. അലസതയെന്നിയെ, വിഘ്നങ്ങൾ വകവക്കാതെ, ആരംഭിച്ച കാര്യങ്ങൾ തുടൎന്നവസാനിപ്പിക്കാൻ പോരുന്ന ശക്തി പ്രദാനം ചെയ്യുന്നതും ഇച്ഛാശക്തിയത്രേ. പരിശോധനയും വിധിതീർപ്പും പ്രേരണയും നിരന്തരമായ പരിശ്രമംകൊണ്ടുമാത്രമേ ആർജ്ജിക്കുവാൻ സാധിക്കൂ. അതിനാണു ശിക്ഷണം. ഈ ത്രിവിധ പ്രവർത്തനങ്ങൾക്കുള്ള കഴിവിന്റെ തോതനുസരിച്ചായിരിക്കും വിവേകവും. ഇവയെ സൂക്ഷ്മതയോടും അവധാനതയോടുംകൂടി കണക്കിലെടുത്തു് അഭ്യസിച്ചു വിവേകമതികളായിത്തീരണം ഓരോ അല്മായപ്രേഷിതനും.

<u>നീതി</u>: ഓരോരുത്തനും ന്യായ്യമായി ലഭിക്കേണ്ടതു മുഴുവനും നല്കുന്നതിനു നമ്മെ സന്നദ്ധരാക്കുന്ന മാനസികഗുണവിശേഷമാണു നീതി. അന്യരോടു നമുക്കുള്ള കടമ നിർവ്വഹിക്കുന്നതിലാണു നീതി അടങ്ങിയിരിക്കുന്നതു്. ദൈവത്തോടും സഹജീവികളോടും നമുക്കു കടമകളുണ്ടു്. ദൈവത്തോടുള്ള കർത്തവ്യം മതപരമായ ജീവിതം നയിച്ചു നാം നിർവ്വഹിക്കുന്നു. മനുഷ്യരോടുള്ള കർത്തവ്യം അനുസരണാദരങ്ങളിലൂടെ നാം പ്രകടിപ്പിക്കുന്നു. അധികാരികളെ അനുസരിക്കുകയും ബഹുമാനിക്കുകയും, അന്യരുടെ യശസ്സ്, സമ്മാനമാനങ്ങൾ, വസ്തുവകകൾ തുടങ്ങിയവയെ ആദരിച്ചു് അ

ഭംഗം പരിപാലിക്കുകയും ചെയ്യുക നമ്മുടെ കർത്തവ്യം തന്നെ.

സാമൂഹിത നീതി: മനുഷ്യൻ സമുദായജീവിയാണു്. അവൻ സമൂഹത്തിൽ ജീവിക്കുകയും അതിൽനിന്നു സ്വന്തം ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ആവശ്യകമായ പരിരക്ഷയും സഹായങ്ങളും സ്വീകരിക്കുകയും ചെയ്യുന്നു. ആ സമുദായത്തോടു ചില കടപ്പാടുകൾ അവനുണ്ടാകുക ന്യായ്യം തന്നെ. അങ്ങനെ, സമുദായാംഗങ്ങൾക്കു സമുദായത്തോടും സമുദായത്തിനു് അംഗങ്ങളോടുമുള്ള കർത്തവ്യങ്ങളുടെ സമാഹാരമാണു് സാമൂഹ്യനീതി. രാജ്യനിയമങ്ങൾ കാക്കുക, നികുതി കൊടുക്കുക മുതലായ പല കടമകളും സാമൂഹ്യനീതിയിൽ അന്തർഭവിച്ചിട്ടുണ്ടു്. "കേസറിനുള്ളതു് കേസറിനു കൊടുക്കുവാൻ."[1] കല്പിച്ച ക്രിസ്തുനാഥന്റെ അനുയായികൾ സാമൂഹ്യകടമകളുടെ നിർവ്വഹണത്തിൽ മാതൃകയായിരിക്കണം; പ്രത്യേകിച്ചു്, അലമായപ്രേഷിതർ.

വ്യക്തിപരമായ നീതി: വ്യക്തികൾക്കു പരസ്പരം അവകാശങ്ങളും കടമകളുമുണ്ടു്. ആത്മശരീരങ്ങൾ, സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ തുടങ്ങിയവ ഏവന്റെയും സുരക്ഷിതമായിരിക്കണം. സഹജീവികൾ അതു് അംഗീകരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും വേണം. വ്യക്തികളുടെ പരസ്പരാവകാശങ്ങളേയും ചുമതലകളേയും നിയന്ത്രിച്ചു് സുഖകരമായ പ്രവർത്തനത്തിനു പ്രേരണ നല്കുന്ന സുകൃതമാണു വ്യക്ത്യന്മുഖമായ നീതി. സമൂഹത്തേയും, വ്യക്തിയേയും സംബന്ധിക്കുന്ന നീതിയുടെ പാലനത്തിനു് അല്മായ

1. Mt XXII: 21

പ്രേഷിതൻ ക്രിസ്തീയനീതിതത്വങ്ങൾ പഠിക്കുകയും അവയനുസരിച്ചു ജീവിക്കുകയും വേണം. അപ്പോൾ അവർ മാതൃകായോഗ്യരായ പൗരരായിത്തീരും.

<u>ആത്മധൈര്യം</u>: നാം സഹിക്കേണ്ടിവരുന്ന ത്യാഗം എന്തുതന്നെയാകട്ടെ, നന്മചെയ്തും നിയമം കാത്തും ജീവിക്കുന്നതിനു നമ്മെ ശക്തരാക്കുന്ന സുകൃതമാണ് ആത്മധൈര്യം. നന്മ ചെയ്യുന്നതിനും നീതിക്കും സത്യത്തിനുംവേണ്ടി ജീവിക്കുന്നതിനും ആവശ്യകമായ തന്റേടം നല്കിക്കൊണ്ട് നമ്മിലുണ്ടാകുന്ന ഭയത്തെ ഈ സുകൃതം ഒന്നാമതായി ദൂരീകരിക്കുന്നു. ദോഷകരമായ സാഹസികയത്നങ്ങളിൽനിന്നു നമ്മെ പിൻതിരിച്ചുകൊണ്ടു നമ്മുടെ പ്രവൎത്തനങ്ങളിൽ സമചിത്തത പാലിക്കുവാൻ രണ്ടാമതായി ഈ സുകൃതം നമ്മെ സഹായിക്കുന്നു. ജീവിതവിജയത്തിനു പ്രേരകമായി മനുഷ്യനിൽ കുടികൊള്ളുന്ന സമരസന്നദ്ധതയെ തട്ടിയുണർത്തി വൈഷമ്യങ്ങളേയും പ്രാതികൂല്യങ്ങളേയും സമചിത്തതയോടെ നേരിടാനുള്ള കഴിവേകുന്നതു് ആത്മധൈര്യമാണ്. പ്രേഷിതവൃത്തി വീരോചിതമായ ത്യാഗങ്ങളും സഹനങ്ങളും പ്രേഷിതനിൽനിന്ന് ആവശ്യപ്പെട്ടെന്നുവരും. ജീവിതത്തെത്തന്നെ പിടിച്ചുകുലുക്കുന്ന പ്രലോഭനങ്ങളും പ്രതിസന്ധിഘട്ടങ്ങളും അവൻ നേരിടേണ്ടതായി വന്നേക്കും. അപ്പോഴെല്ലാം തന്റെ കർത്തവ്യത്തിൽ ഉറച്ചുനിന്നു ദൈവത്തിനും സഭയ്ക്കുംവേണ്ടി പണിയെടുക്കണമെങ്കിൽ ആത്മധൈര്യം കൂടിയേ കഴിയൂ. ധാർമ്മികശിക്ഷണത്തിൽ ഈ സുകൃതത്തിന്റെ അഭ്യസനത്തിന് അർഹിക്കുന്ന പരിഗണന നല്കണം. ഇതിന്റെ പരിശീലനത്തിൽ രണ്ടു കാര്യങ്ങളാണു പ്ര

ധാനമായി ശ്രദ്ധിക്കേണ്ടതു്: ഒന്നു്: ദുഷ്ക്കരവും എന്നാൽ, മഹത്തരവുമായ സംരംഭങ്ങൾ തുടങ്ങുക, രണ്ടു്: തുടങ്ങിയവ ഇട്ടെറിയാതെ തുടർന്നുകൊണ്ടുപോകുവാനുപകരിക്കുന്ന ഉറപ്പും ഊററവും നേടിയെടുക്കുക. വീരോചിതമായ ഒരു തീരുമാനം ചെയ്യുവാൻ, മുന്നിട്ടിറങ്ങി പ്രവർത്തിക്കുവാൻ, ആളില്ലാത്തതുകൊണ്ടു് എത്രയെത്ര നല്ല പ്രവൃത്തികൾ ചെയ്യപ്പെടാതെ പോകുന്നു!

ആത്മധൈര്യമെന്ന സുകൃതത്തെ സഹായിക്കുന്ന ഗുണങ്ങളാണു് മഹാമനസ്ക്കത, ഔദാര്യം, സഹനം, സ്ഥിരത തുടങ്ങിയവ. സ്വാർത്ഥത, ഭീരുത്വം മുതലായവയ്ക്കു പ്രതിവിധിയേകി, ദൈവത്തിനും സഹോദരങ്ങൾക്കും മഹത്തരവും നിസ്വാർത്ഥവുമായ സേവനമനുഷ്ഠിക്കുവാൻ നമ്മെ സന്നദ്ധരാക്കുന്ന ഗുണവിശേഷമാണു മഹാമനസ്കത. (Magnanimity) ദ്രവ്യാഗ്രഹം, ലുബ്ധു് തുടങ്ങിയ ദുർഗ്ഗുണങ്ങൾ ദൂരീകരിച്ചു നല്ല കാര്യങ്ങൾക്കുവേണ്ടി എന്തു ചിലവും ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്ന സുകൃതമാണു് ഉദാരശീലം (Generosity) ദൈവത്തെപ്രതി എന്തും സഹിക്കുവാനും ഏതു ദുഷ്കരപ്രവർത്തനത്തിലും ഏർപ്പെടുവാനും ശക്തി നല്കുന്ന പുണ്യമാണു സഹനം (Patience). പ്രലോഭനങ്ങൾക്കടിപ്പെടാതെ നമ്മുടെ ജോലി നിർവ്വിഘ്നം തുടർന്നു വിജയത്തിലെത്തിക്കുവാൻ നമ്മെ സഹായിക്കുന്ന ഗുണമാണു സ്ഥിരത (Constancy). ഈ സുകൃതങ്ങളുടെ സമ്പാദനത്തിലും ശീലനത്തിലും നാം ശ്രദ്ധിക്കണം.

മിതത്വം (Temperence): പ്രകൃതിനാഥൻ മനുഷ്യനു പല കഴിവുകളും നല്കിയിട്ടുണ്ടു്, അവയുടെ നിയമാനുസൃത

മായ വിനിയോഗംവഴി ചില ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനു വേണ്ടി. അവയുടെ വിനിയോഗം (പ്രവർത്തനം) സ്വീകാര്യവും ആസ്വാദനീയവുമാകുവാൻ പ്രകൃതിനാഥൻ ചില ആനന്ദാനുഭൂതികളും അവയിൽ നിക്ഷേപിച്ചിട്ടുണ്ട്. നമ്മുടെ കഴിവുകളുടെ, വിശിഷ്യ, ദഹനേന്ദ്രിയങ്ങളുടേയും ജനനേന്ദ്രിയങ്ങളുടേയും വിനിയോഗത്തിൽ ക്രമം പാലിക്കുകയും ലക്ഷ്യം പ്രാപിക്കുകയും ചെയ്യുന്നതിനു സഹായിക്കുന്ന ഗുണവിശേഷമാണു മിതത്വം

മനുഷ്യൻ വ്യക്തിയും വംശാംഗവുമാണു. വ്യക്തിയും വംശവും സംരക്ഷിക്കപ്പെടണം. ഈ രണ്ടാവശ്യങ്ങൾ നിറവേറുന്നതിനു വേണ്ടിയാണ് അവനിൽ ഭക്ഷണാസക്തിയും രതികാസക്തിയും നിക്ഷേപിച്ചിരിക്കുന്നത്. ആവശ്യമനുസരിച്ചു മാത്രമേ അവ വിനിയോഗിക്കാവൂ. യാതൊരു നിയന്ത്രണവും കൂടാതെ പ്രവർത്തിച്ചാൽ, കണക്കററു ഭക്ഷിക്കുകയോ ഇന്ദ്രിയസുഖങ്ങളിൽ മുഴുകുകയോ ചെയ്താൽ നാശമായിരിക്കും ഫലം. സാമൂഹികവും വൈയക്തികവുമായ ജീവിതത്തിൽ മാന്യതയും മഹത്വവും സമാധാനവും നിലനിറുത്തുവാൻ ഈ സുകൃതം കൂടിയേ കഴിയൂ. വ്യക്തിപരമായ ജീവിതത്തെയാണു മഹത്വം പ്രധാനമായി ബാധിക്കുന്നതെങ്കിലും സാമൂഹ്യരംഗത്തും വളരെ പ്രാധാന്യമുണ്ട്. ബുദ്ധിരവും മതാത്മകവുമായ വ്യാപാരങ്ങളെപ്പോലും സ്വാധീനിക്കുവാൻ മിതത്വത്തിനു കഴിവുണ്ട്. അങ്ങനെ, ദൈനംദിന ജീവിതത്തിൽ വളരെയേറെ പ്രധാന്യമുള്ള മഹത്വം പരിശീലിക്കുവാൻ ഏവരും പരിശ്രമിക്കേണ്ടതാണ്.

പ്രകൃതിയിൽ രൂഢമൂലമായിരിക്കുന്ന വാസനകൾക്കാണു നാം കടിഞ്ഞാണിടുവാൻ ശ്രമിക്കുന്നതെന്നു വിസ്മരിക്ക

രുതു്. ശുഷ്ക്കാന്തിയും ജാഗ്രതയും സ്ഥിരോത്സാഹവും എല്ലാത്തിനുമുപരി ദൈവസഹായവുമില്ലെങ്കിൽ അതിൽ പരാജയപ്പെടും. നല്ല ജീവിതമാതൃകകൾ നമ്മെ സഹായിക്കും. ജീവിതത്തിനു മഹത്വവും മാന്യതയും കൈവരുത്തുവാൻ പോരുന്ന സുകൃതമാണു മിതത്വമെന്ന ധാരണയോടുകൂടിവേണം അതു് അഭ്യസിക്കുക. അതിന്റെ ദിവ്യപ്രഭ നമ്മുടെ പ്രവൎത്തനത്തിൽ നിഴൽ വീശട്ടെ.

ധാർമ്മികപുണ്യങ്ങളെപ്പററി കുറഞ്ഞൊന്നു ചിന്തിച്ചു അവയ്ക്കു ജീവിതത്തിലും ജീവിതവിജയത്തിലുമുള്ള സ്ഥാനം അമൂല്യംതന്നെ. ഇതു മനസ്സിലാക്കി തീക്ഷ്ണതയോടെ അല്മായപ്രേഷിതർ അവയുടെ അഭ്യസനത്തിൽ ശ്രദ്ധിക്കണം. ജീവിതത്തിൽ അവ പ്രാവൎത്തികമാക്കി വികസിപ്പിക്കുകയും ചെയ്യണം. വളരെയധികം അവധാനതയും അദ്ധ്വാനവും വേണ്ട യത്നമാണിതു് എന്ന വസ്തുത മറക്കാതെ ശിക്ഷണത്തെ വിജയിപ്പിക്കുവാൻ നമുക്കു പരിശ്രമിക്കാം ക്രിസ്തീയതത്വങ്ങളിൽ അടിയുറച്ചതും സിദ്ധാന്തപരവും പ്രായോഗികവുമായ ഒരുറച്ച ധാർമ്മികജീവിതമായിരിക്കട്ടെ ധാർമ്മികശിക്ഷണത്തിന്റെ ഉന്നവും ഉദ്ദേശ്യവും.

<u>സാമൂഹികശിക്ഷണം:</u> ധാർമ്മികശിക്ഷണം പരിപൂൎണ്ണമാക്കുകയാണു സാമൂഹികശിക്ഷണം ചെയ്യുക. ഒററപ്പെട്ട ഒരു ജീവിതമല്ല മനുഷ്യന്റേതു്. അവൻ സമുദായത്തിൽ ജീവിക്കുന്നു, വളരുന്നു, അഭിവൃദ്ധി പ്രാപിക്കുന്നു. സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങളും പ്രവൎത്തനരീതിയും ചിന്താഗതികളും പഠിച്ചറിഞ്ഞു മിഴിവുററതും സമുദായോന്മുഖവുമായ വ്യക്തിത്വം അവനാവശ്യമാണു്. അതിന്റെ പ്രാരം

വം അനുസരിച്ചായിരിക്കും അവന്റെ സാമൂഹ്യജീവിതം വിജയിക്കുക. എങ്കിൽ അല്മായപ്രേഷിതന് അത്തരമൊരു വ്യക്തിത്വത്തിന്റെ ആവശ്യകത അനുക്തസിദ്ധമാണല്ലോ. അകൃത്രിമവുമായ വ്യക്തിത്വവും ആദർശസുന്ദരവും കളങ്കരഹിതമശാന്തവുമായ സാമൂഹ്യജീവിതവും ഓരോ പ്രേഷിതനിലും രൂപപ്പെടുത്തി നിസ്വാർത്ഥസമുദായസ്നേഹിയായി അവനെ വാർത്തെടുക്കുകയാണു സാമൂഹ്യശിക്ഷണത്തിന്റെ ലക്ഷ്യം.

സാമൂഹ്യഗുണപുഷ്കലമായ ഒരു ജീവിതം നയിക്കുവാൻ അവശ്യം വേണ്ടതു വിജ്ഞാനമാണ്. ആദ്യം സമുദായത്തേയും സാമൂഹ്യജീവിതത്തേയും സംബന്ധിച്ച അറിവു നേടുക, മനുഷ്യനെ വഴിതെററിക്കുന്ന ചിന്താഭാസങ്ങളുടെ സ്വാധീനതയിൽപെടാതെ സൂക്ഷിക്കുക, പ്രായോഗികവും സുചിന്തിതവുമായ ഒരു സാമൂഹ്യശാസ്ത്രം ഉണ്ടായിരിക്കുക. ഒരു സാമൂഹ്യശാസ്ത്രം സഭയ്ക്കുണ്ട്: ആവിഷ്കൃതസത്യങ്ങളിൽ അടിത്തറയിട്ട്, ആവശ്യങ്ങൾ അടുത്തറിഞ്ഞ്, പണിതീർത്ത ഒരു സാമൂഹ്യശാസ്ത്രം. തൊഴിലാളികളും ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയമീമാംസകരും എല്ലാവരും ഏതുവിധം അവരുടെ സുവിശേഷസത്യങ്ങൾ അനുദിനം ജീവിതത്തിൽ പകർത്തണമെന്ന് അതു പഠിപ്പിക്കുന്നു. ആധുനികകാലത്തെ മാർപ്പാപ്പമാർ ഏതദ്വിഷയകമായി എഴുതിയ ചാക്രികലേഖനങ്ങളിലേക്കൊന്നു തിരിയുക. വിദഗ്ദ്ധവും വിപ്ലവാത്മകവും വിശേഷോത്തരവുമായ നിരവധി നിർദ്ദേശങ്ങൾ അവയിൽ നിറഞ്ഞിരിക്കുന്നതു കാണാം.

സാമൂഹ്യവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ ഒരു സാമൂഹ്യജീവിതം വാർത്തെടുക്കണം. സമൂഹത്തിന്റെ ആവ

ശ്യങ്ങളും പ്രശ്നങ്ങളും സ്പർശിച്ചറിഞ്ഞു് ഉടനടൻ അവയുക്കു നിവൃത്തിമാർഗ്ഗമുണ്ടാക്കുവാൻവേണ്ട പ്രേരണ ചെലുത്തുന്ന അവബോധം ഓരോ പ്രേഷിതനിലും ഉണ്ടായിരിക്കണം. സാമൂഹ്യപ്രവത്തനങ്ങളിൽ ഉണ്ടാകാവുന്ന പിഴകളെക്കുറിച്ചു് കൂലങ്കഷവും ആനുകാലികവുമായ കററബോധം നമ്മിൽ ഉണ്ടാകാറില്ല അവിടെ കൊട്ടംപിരി കൊള്ളുന്ന ആവശ്യങ്ങളിലേക്കു നമ്മുടെ ശ്രദ്ധ പെട്ടെന്നു തിരിയുന്നില്ല. പതിനൊന്നാം പീയൂസ് മാർപ്പാപ്പ പറയുന്നു: "ഏതു സമയത്തും ഏതു സാഹചര്യത്തിലും ഏതു പ്രശ്നവും മനസ്സിലാക്കുവാനും അവയ്ക്കു ക്രൈസ്തവോചിതമായ പ്രതിവിധി കറിക്കുവാനും കഴിവുററ ക്രിസ്തീയമായ അവബോധം രൂപപ്പെടുത്തണം[1]". സാമൂഹ്യാവബോധം ഉറയ്ക്കണമെങ്കിൽ സമുദായവുമായി അവഗാഢം ബന്ധിതരാണു നാം എന്ന ബോധം വളരണം. നമ്മേയും നമ്മുടെ ആവശ്യങ്ങളേയും പ്രശ്നങ്ങളേയും വീക്ഷിക്കുവാൻ ശ്രമിച്ചാൽ, സാമുദായികകാര്യങ്ങളിൽ ശ്രദ്ധകാട്ടുകയും മാററങ്ങളും നീക്കങ്ങളും പഠിക്കുകയും ചെയ്താൽ, ആ അവബോധം നമ്മിൽ വളരാതിരിക്കയില്ല. ഇപ്രകാരം നിസ്വാർത്ഥരും സമുദായസ്നേഹികളുമായ അല്മായപ്രേഷിതവ്യൂഹത്തെ വളർത്തിയെടുക്കുകയാണു, സാമൂഹികശിക്ഷണംകൊണ്ടു സാധിക്കേണ്ടതു്.

1. Pius XI, *Ubi- Arcano*.

# പതിനൊന്നാമദ്ധ്യായം

## ആദ്ധ്യാത്മികശിക്ഷണം

ജീവിതശുദ്ധിയുടെ ആവശ്യകത: ആദ്ധ്യാത്മികശിക്ഷണത്തിനും ആദ്ധ്യാത്മികജീവിതത്തിനും പ്രേഷിതവൃത്തിയിലുള്ള സ്ഥാനവും ആവശ്യകതയും ആരും നിഷേധിക്കുകയില്ല. കാരണം, പ്രേഷിതപ്രവൎത്തനത്തിൻെറ ശക്തിയും ഫലദായകത്വവും പ്രവൎത്തകരുടെ ജീവിതശുദ്ധിക്ക് ആനുപാതികമാണെന്നതുതന്നെ. "വേദപുസ്തകത്തിലെ പ്രബോധനങ്ങളേയും, എക്കാലത്തും ജീവിച്ചിരുന്ന വിശുദ്ധരുടെ ഉദ്ബോധനങ്ങളേയും നിരാകരിക്കാതെ ഈ തത്വം നിഷേധിക്കുക സാദ്ധ്യമല്ല.[1]" "പ്രേഷിതൻെറ ആത്മവിശുദ്ധിയുടെ തോതനുസരിച്ചിരിക്കും പ്രേഷിതയത്നങ്ങളുടെ ഫലസിദ്ധി എന്നുറപ്പിച്ചു പറയാൻ തക്കവണ്ണം അത്ര ദൃഢവും അവിഭക്തവുമാണു രണ്ടും[2]". അപ്പസ്തോലവൃത്തി ദൈവികവും മാനുഷികവുമാണ്. ദൃശ്യവും അദൃശ്യവുമായ, സ്വാഭാവികവും, അതിസ്വാഭാവികവുമായ, ഘടകങ്ങളുണ്ടതിന്. ആ ഘടകങ്ങളെ ഫലപ്രദമാംവിധം ഏകോപിപ്പിച്ചു വിജയിപ്പിക്കുന്നതു ജീവിതശുദ്ധിയാണ്. സിരകളിലൂടെ പായുന്ന രക്തത്തിൻെറ ശീഘ്രതയും ശക്തിയും അതിൻെറ നിദാനമായ ഹൃദയത്തെ ആശ്രയിച്ചിരിക്കുന്നതുപോലെ പ്രേ

---

1. Lavand, *Theologie at Apostolate*
2. D 'Souga Apostolate its Significances in God's Design

ഷിതപ്രവർത്തനത്തിൻെറ ഓജസ്സും വിജയവും വിശുദ്ധിയെ യത്രെ ആശ്രയിച്ചിരിക്കുന്നതു്.

പ്രകൃത്യതീതജീവിതത്തിൻെറ ഉറവയും ഉടമസ്ഥനുമായ ക്രിസ്തുവിനോടു് അവിഭക്തമായി ബന്ധപ്പെട്ടിരിക്കണം ഓരോ പ്രേഷിതനും. ദിവ്യനാഥൻ പറഞ്ഞു: "എന്നെ കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യുക സാദ്ധ്യമല്ല[1]". സ്വഭാവാതീതമണ്ഡലത്തിൽ വ്യാപരിക്കുവാൻ ഒരുവനെ പ്രാപ്തമാക്കുന്ന കൃപാവരംവഴി ക്രിസ്തുനാഥനോടുള്ള യോജിപ്പാണു് —വ്യക്തിപരമായ ജീവിതവിശുദ്ധിയാണു്—. ഇവിടത്തെ വിവക്ഷ. എന്നാൽ വ്യക്തികളുടെ ജീവിതവിശുദ്ധിക്കും ആത്മരക്ഷയ്ക്കും ഈദൃശബന്ധം ആവശ്യകമെങ്കിൽ അന്യരുടെ ആദ്ധ്യാത്മികോന്നമനത്തിനുവേണ്ടി പ്രയത്നിക്കുന്ന പ്രേഷിതർക്കു് ഇതു് എത്രയേറെ അനുപേക്ഷണീയമല്ല!

ക്രിസ്തീയജീവിതത്തിൻെറ കാതൽ ആത്മവിശുദ്ധീകരണമാണെന്നു വി. പൗലോസ്ശ്ലീഹാ പ്രസ്താവിക്കുന്നു. അദ്ദേഹം ചോദിക്കുന്നു: "ആത്മവിശുദ്ധീകരണത്തിൻെറ അഭാവത്താൽ സ്വയം പരിത്യജിക്കപ്പെടുന്നെങ്കിൽ മററുള്ളവർക്കു സുവിശേഷം പ്രസംഗിച്ചതുകൊണ്ടു് എന്തു പ്രയോജനം?" ഏററം അനുപേക്ഷണീയം ആത്മപവിത്രീകരണം തന്നെ. ഓരോ പ്രേഷിതനും സ്വയം പുണ്യപരിപൂർണ്ണത പ്രാപിച്ചിട്ടു് ആന്തരികജീവിതത്തിൻെറ പ്രാഭവത്തിൽ ലോകത്തെ സമുദ്ധരിക്കണം. ആന്തരികജീവിതത്തിൻെറ, ആത്മവിശുദ്ധിയുടെ, കവിഞ്ഞൊഴുകലാണു് പ്രേഷിതവൃത്തി.

1. John, XV: 5

സഭയുടെതന്നെ പുനഃസംവിധാനത്തിന്റെയും, പ്രബുദ്ധതയുടേയും അടിസ്ഥാനവും ഉറവിടവും വ്യക്തികളുടെ വിശുദ്ധിയാണു"[1].

ജീവിതമാതൃകവഴി സഭയിലേക്കും ക്രിസ്തുവിലേക്കും മനുഷ്യസമുദായത്തെ പ്രേഷിതൻ ആനയിക്കണം. അതിനും ആന്തരികജീവൻ കൂടിയേ കഴിയൂ. ക്രിസ്തുനാഥന്റെ ദിവ്യജീവിതംതന്നെ അനുയായികളെ നേടുന്നതിൽ പ്രധാന പ്രേരകമായിരുന്നു. തന്നിൽ ആർക്കു പാപം ആരോപിക്കുവാൻ കഴിയുമെന്നു് ക്രിസ്തു വെല്ലുവിളിക്കത്തക്കവിധം അവിടുത്തെ ജീവിതം പരമപരിശുദ്ധമായിരുന്നു. പ്രാർത്ഥനയും ദൈവസായൂജ്യവും ആ ജീവിതത്തിന്റെ ജീവനായിരുന്നല്ലോ. ഉറക്കിളച്ചും ത്യാഗം സഹിച്ചും ആ ജീവിതം അവിടുന്നു പരിപൂരിതമാക്കി. മാത്രമല്ല, നല്ലജീവിതമാതൃകവഴി ലോകത്തെ ദൈവത്തിങ്കലേയ്ക്കാനയിക്കുവാൻ അവിടുന്നു് ഉപദേശിക്കുന്നുണ്ടു്. "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"[2]. അതു തന്നെയാണു് ശ്ലീഹന്മാരും ആദിമക്രിസ്ത്യാദികളും അവലംബിച്ച മാർഗ്ഗം. "മാതൃകാപരമായ ജീവിതം ആദിമക്രിസ്ത്യാനികളുടെ പ്രേഷിതപ്രവർത്തനത്തിനു് ഒരു പ്രധാന മാർഗ്ഗമായിരുന്നു. ഭൂരിപക്ഷവും പാവങ്ങളും അജ്ഞരും അടിമകളുമായിരുന്ന ആദിമ ക്രൈസ്തവർക്കു സ്വന്തമായി ഒന്നുംതന്നെയില്ലായിരുന്നു മററുള്ളവർക്കു പറഞ്ഞുകൊടുക്കുവാൻ. പക്ഷേ അവർ ദിവ്യ

1. Arcobishop Cushing, *A Call to Laity.*
2. Mt, V: 16

മായ ക്രിസ്തുമതം എന്താണെന്നു ജീവിച്ചുകാണിച്ചു. വി. സിപ്രിയന്റെ വാക്കുകളിൽ 'ഞങ്ങൾ അധികം സംസാരിച്ചില്ല; പക്ഷേ ഞങ്ങൾ ജീവിച്ചു. ഇങ്ങനെ, ക്രിസ്തുവിനെ സ്വന്തം ജീവിതത്തിലൂടെ പ്രസരിപ്പിച്ചുകൊണ്ടു് ക്രിസ്തുവിനുവേണ്ടി പേഗൻ ജനതയെ അവർ ജയിച്ചടക്കി. അവർ യഥാർത്ഥ അപ്പസ്തോലന്മാരായിരുന്നു.[1]"

സന്മാതൃകയുടെ ആവശ്യകത പരിശുദ്ധ മാർപ്പാപ്പാമാരും ഊന്നിപ്പറഞ്ഞിട്ടുണ്ടു്. "മററുള്ളവർക്കു പ്രചോദനാത്മകമായ ഒരു ജീവിതമാതൃകയാകുമാറു് ഏററം നിഷ്ക്കന്മഷമായ ഒരു ജീവിതം നയിക്കുന്നവരായിരിക്കണം കത്തോലിക്കാപ്രവർത്തകർ[2]".

പ്രേഷിതത്വം സ്വഭാവത്താലെ പുണ്യപൂർണ്ണത ആവശ്യപ്പെടുന്നു. ദൈവികകാര്യങ്ങളിൽ ദൈവത്തോടൊത്തു പ്രവർത്തിക്കുവാൻ ദൈവം വിളിച്ചവനാണു പ്രേഷിതൻ. പ്രേഷിതത്വം ക്രിസ്തുവിൻെറ ദൌത്യനിർവ്വഹണമാണു്. തന്മൂലം പ്രേഷിതൻ മറെറാരു ക്രിസ്തുവായി രൂപാന്തരപ്പെട്ടു മററുള്ളവക്കു് ജീവനും പ്രകാശവും സത്യവുമായിതീരണം. ദൈവത്തിൻെറ സഹായിയായിതീരുവാൻ, ദൈവികപ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ, മറെറാരു ക്രിസ്തുവായി മാറുവാൻ, ഒരുവൻ എങ്ങനെ തുനിയും, വരപ്രസാദംവഴി ദൈവത്തിൻെറ ദത്തുപുത്രനായി ദൈവികജീവിതം ജീവിക്കുന്നില്ലെങ്കിൽ; പരിപാവനമായ ജീവിതത്തിനുവേണ്ടി പ്രയത്നിക്കുന്നില്ലെങ്കിൽ? ഓരോ പ്രേഷിത

---

1. Arch bishop Mathias, Catholic Action Toeory and Practice.
2. St. Pius X, *Firmo, Proposito*.

നം ഓരോ വിശുദ്ധനായിരിക്കണം. സഭാസ്ഥാപനത്തിൽ ക്രിസ്തുവിൻെറ ഉദ്ദേശ്യം എല്ലാവരും സഭയിലൂടെ വിശുദ്ധരായി രക്ഷപ്പെടണമെന്നായിരുന്നു. സഭയിൽ വൈദികഗണം ദൈവദത്തമായ അധികാരത്തോടെ മനുഷ്യരുടെ ആത്മരക്ഷ സുസാധമാക്കുന്നു. അവർ അൽമായരുടെ ആദ്ധ്യാത്മികജീവിതം രൂപപ്പെടുത്തുന്നു, അവർവഴി ലോകംമുഴുവൻ പരിവർത്തനം ചെയ്യപ്പെടുവാൻ. അൽമായരുടെ സമൂഹമാണു ലോകം. ലോകത്തിലെ ഓരോ വ്യക്തിയുടേയും ആദ്ധ്യാത്മിക പരിവർത്തനമാണു ലോകത്തിൻെറ പരിവർത്തനം. അതിനുവേണ്ടി അല്മായ പ്രേഷിതരെ വാർത്തെടുക്കുകയാണ് ആദ്ധ്യാത്മികശിക്ഷണത്തിൻെറ ലക്ഷ്യം.

## ദൈവാഹ്വാനം.

എല്ലാവരും പുണ്യപൂർണ്ണത പ്രാപിക്കുവാൻ വിളിയ്ക്കപ്പെട്ടവരാണ്. "വി. പൗലോസ്ശ്ലീഹാ പറയുന്നു: 'നിങ്ങളുടെ വിശുദ്ധീകരണം അതാണ് ദൈവത്തിൻെറ ആഗ്രഹം!' ഏതുതരം വിശുദ്ധിയാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്? ദിവ്യരക്ഷകൻതന്നെ ഇതു വിശദമാക്കുന്നു: 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ ഈ പ്രമാണം നിരുപാധികം എല്ലാവരേയും ബാധിക്കുന്നതാണ്.[1]" വിശുദ്ധിലേയ്ക്കുള്ള ആഹ്വാനം പൊതുവാണെങ്കിലും വളരെ കുറച്ചുപേർ മാത്രമേ അതിനു പരിശ്രമിക്കുന്നുള്ളു എന്നതു് ഖേദകരംതന്നെ. സകലൎക്കും കടമയുള്ള ഈ പുണ്യ

1. Pius XI AAS. XV (1953) 50

പൂർണ്ണതയ്ക്കു പല മാർഗ്ഗങ്ങളുണ്ട്. അവയിൽ ചിലതിനെക്കുറിച്ച് പരിചിന്തിക്കാം.

<u>കൂദാശസ്വീകരണം:</u> ദൈവവരപ്രസാദമാണല്ലോ പുണ്യപൂർണ്ണതയ്ക്കു നിദാനമായി നിലകൊള്ളുന്നതു്. പ്രസാദവരത്തെ ആത്മാവിലേയ്ക്കു പ്രവഹിപ്പിയ്ക്കുന്ന നീർച്ചാലുകളാണ് കൂദാശകൾ. അപ്പോൾ ഭക്തിനിർഭരമായ കൂദാശസ്വീകരണം പുണ്യപരിപൂർണ്ണതയുടെ വർദ്ധനവിനു സഹായകം തന്നെ. ആദ്ധ്യാത്മികജീവിതത്തിൽ വിവിധങ്ങളായ കാലഘട്ടങ്ങളും വ്യത്യസ്തങ്ങളായ ആവശ്യങ്ങളുമുണ്ട്. ഇവയെമുൻനിറുത്തിയാണ് വിവിധകൂദാശകൾ സ്ഥാപിതമായിരിക്കുന്നതു്. ആദ്ധ്യാത്മികായോധനത്തിൽ നമ്മെ സഹായിക്കുവാൻ എല്ലാ കൂദാശകളും പ്രാപ്തമാണെങ്കിലും കുമ്പസാരം, കുർബ്ബാന എന്നീ കൂദാശകൾക്ക് പ്രത്യേകമായ കഴിവുകളുണ്ട്. ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം ചെയ്ത പാപങ്ങൾക്കു പൊറുതിനൽകുന്ന കൂദാശയാണ് പാപനിവേദനം. വലിയ ശ്രദ്ധയോടും ഒരുക്കത്തോടുംകൂടിവേണം അതിനണയുക. കൂടെ കൂടെ ആ കൂദാശ സ്വീകരിക്കുകയുംവേണം. ഒരുക്കമ്പോൾ ആത്മശോധനയിലും മനസ്താപത്തിലും നമ്മുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. ഇവയിൽ ഏതെങ്കിലുമൊന്നിൽ വീഴ്ചവന്നാൽ കുമ്പസാരം ഫലശൂന്യമായിത്തീരുന്നു "പരിശുദ്ധാത്മാവിന്റെ പ്രേരണയാലാണ് അടുത്തടുത്ത കുമ്പസാരം സഭയിൽ ആരംഭിച്ചതു്. അതുവഴി യഥാർത്ഥമായ ആത്മജ്ഞാനം വർദ്ധിക്കുന്നു; ക്രിസ്തീയവിനയം വളരുന്നു; അതുദുസ്തഴക്കങ്ങൾ പരിഹൃതമാകുന്നു; മനഃസാസ്സാക്ഷി നിർമ്മലമാകുന്നു; മന് ശക്തിപ്പെടുന്നു; രക്ഷാകര

മായ ആത്മനിയന്ത്രണം സംസിദ്ധമാകുന്നു; വരപ്രസാദം വർദ്ധിക്കുകയും ചെയ്യുന്നു.[1]" നിരവധികമായ ആദ്ധ്യാത്മികാനുഗ്രഹങ്ങൾ പ്രദാനംചെയ്യുന്ന ഈ കൂദാശ തികഞ്ഞ ഭക്തിയോടുകൂടിവേണം സ്വീകരിക്കുവാൻ

ജീവിതവിശുദ്ധീകരണം സുകരമാക്കുവാൻ വി: കർബ്ബാനയ്ക്കുള്ള കഴിവ് അതുല്യമത്രേ. ഇതു മനസ്സിലാക്കിയിട്ടാണ് വി. പത്താം പീയൂസ് പ്രതിദിന ദിവ്യകാരുണ്യസ്വീകരണത്തിനു പ്രചാരണവും പ്രോത്സാഹനവുംനൽകിയതു്. ക്രിസ്തീയജീവിതത്തിൽ ദിവ്യകാരുണ്യത്തിനുള്ള സ്ഥാനം പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയുടെ വാക്കുകൾ വ്യക്തമാക്കുന്നു. "നിത്യപുരോഹിതനായ ക്രിസ്തു സ്ഥാപിക്കുകയും നിരന്തരം സഭയിൽ ആവർത്തിക്കുവാൻ കല്പിക്കുകയും ചെയ്ത ദിവ്യ കാരുണ്യം ക്രൈസ്തവസഭയുടെ കേന്ദ്രബിന്ദുവും സമാഹാരവുമാണ്.[2]" ദിവ്യകാരുണ്യത്തിൽ ക്രിസ്തുനാഥനോടുള്ള ഐക്യം അതിൻെറ പാരമ്യത്തെ പ്രാപിക്കുന്നു. ക്രിസ്തു നമ്മുടെ ഭക്ഷണവും ജീവനും ഉത്ഥാനവുമായിതീരുന്നു. ദിവ്യകാരുണ്യസ്വീകരണം പുണ്യപരിപൂർണ്ണതയ്ക്കു് ഏററം ഉതകിയ മാർഗ്ഗമത്രെ. കാരണം, അതു് ദൈവവും രക്ഷകനുമായ ക്രിസ്തുവുമായി ആത്മാവിനെ ഗാഢഗാഢം ഐക്യപ്പെടുത്തുന്നു; വിശുദ്ധീകര വരപ്രസാദം വർദ്ധിപ്പിക്കുന്നു; ദുഷ്പ്രവണതകളെ അമർത്തുകയും സൽപ്രവണതകളെ വളർത്തുകയുംചെയ്യുന്നു. യഥായോഗ്യം ദിവ്യകാരുണ്യം സ്വീകരിച്ചുകൊണ്ടു് ഏററമധികം ഫലമെടുക്കുവാൻ നാം ശ്രമിക്കണം. നമ്മുടെ ഹൃദയത്തെ അന്തതാ

1, Pius XII, *Mystici Corporis*.
2, Pius XII, *Mediator Dei*.

പത്താലും ദൈവസ്നേഹത്താലും നിറയ്ക്കുക നല്ല ഒരുക്കമാണ്. നമ്മുടെ ഒരുക്കമനുസരിച്ചിരിക്കും പുണ്യവർദ്ധനവെന്ന് വിസ്മരിക്കരുത്. ദിവ്യകാരുണ്യസ്വീകരണത്തിനു ശേഷവും ആദിവ്യാതിഥിയ്ക്കു ചേർന്നതരത്തിൽ ഉപകാരസ്മരണയും സ്തോത്രവും ആരാധനയുമെല്ലാം സമർപ്പിക്കണം. നമ്മുടെ ആവശ്യങ്ങളും അപേക്ഷകളും അവശതകളും ഹൃദയവികാരങ്ങളും അവിടുത്തെ അറിയിക്കണം. അങ്ങനെ, സ്നേഹിതൻ സ്നേഹിതനോടെന്നപോലെ നമ്മുടെ ആത്മാവിൽ സ്ഥിതിചെയ്യുന്ന ഈശോയോടു പെരുമാറണം. തീർച്ചയായും ഊഹാതീതമായ ആത്മീയാനുഗ്രഹങ്ങൾ നമുക്കുണ്ടാകും.

ദിവ്യകാരുണ്യസ്വീകരണംപോലെ ശ്രദ്ധിക്കേണ്ട ഒന്നാണ് ദിവ്യബലിയിലുള്ള ഭാഗഭാഗിത്വം. ഭക്തജീവിതത്തെ പരിപോഷിപ്പിക്കുവാൻ ദിവ്യബലി വളരെ പര്യാപ്തമാണ്. "അൾത്താരയിലെ വിശേഷാത്തര ബലി ഏററം പ്രധാനപ്പെട്ട ദൈവാരാധനയാകയാൽ, അതു ക്രിസ്തീയ ഭക്തജീവിതത്തിൻെറ ഉറവിടവും കേന്ദ്രസ്ഥാനവുമാകുന്നു.[1]" ദിവ്യബലിയെ കേന്ദ്രീകരിച്ചതായിരിക്കണം നമ്മുടെ ജീവിതം. ദൈവത്തോടു നമുക്കുള്ള കടമയുടെ സ്തുത്യർഹമായ നിർവ്വഹണമായി ആരാധനയും ഉപകാരസ്മരണയും പാപപരിഹാരവും അപേക്ഷയും ദിവ്യബലിയോടൊത്തു പരമപിതാവിനു സമർപ്പിക്കുന്നു. അങ്ങനെ ദിവ്യബലി ക്രിസ്തീയജീവിതത്തിൻെറ കേന്ദ്രമായി മാറുന്നു.

<u>പ്രാർത്ഥന:</u> ആന്തരികജീവിതത്തിനു കൂദാശകൾ കഴിഞ്ഞാൽ ഏററം ഉപകരിക്കുന്ന മാർഗ്ഗം പ്രാർത്ഥനയാണ്.

1. Pius XII, *Mediator Dei*.

വിശുദ്ധിയുടെ ഏറ്റക്കുറച്ചിൽ പ്രാൎത്ഥനയിൽ നമുക്കുള്ള താല്പൎയ്യത്തെ ആശ്രയിച്ചിരിക്കും. പ്രാൎത്ഥനയുടെ ആവശ്യവും പ്രാധാന്യവും വേദപുസ്തകത്തിൽ ഉടനീളം തെളിഞ്ഞു കാണാം. ക്രിസ്തുനാഥൻ ആവൎത്തിച്ചാവൎത്തിച്ച് ഉൽബോധിപ്പിക്കുന്നുണ്ട്, പ്രാൎത്ഥിക്കുവാൻ. ദൈവത്തിൽനിന്നു നമ്മെ അകററുന്ന ഭൗതികബന്ധങ്ങൾ വിഛേദിക്കുവാൻ, ജഡത്തിൻെറ ദുരാശകളിൽനിന്നും പിശാചിൻെറ പ്രലോഭനങ്ങളിൽനിന്നും മോചനംനേടി ആത്മനാഥനുമായി ഐക്യപ്പെടുവാൻ, ആത്മാവാകുന്ന വിളക്കിൽ പ്രസാദവരമാകുന്ന എണ്ണ നിറഞ്ഞുനില്ക്കുവാൻ, പ്രാൎത്ഥനകൂടിയേ കഴിയൂ.

മനുഷ്യൻെറ എല്ലാ കഴിവുകളും ദൈവോന്മുഖമാവുകയാണു പ്രാൎത്ഥനയിൽ. ദൈവികകാൎയ്യങ്ങൾ ചിന്തിക്കുന്നതിനു ബുദ്ധിശക്തിയും, ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും സ്നേഹവിഷയമായി സ്വീകരിക്കുവാൻ ഹൃദയവും, ദൈവികമായവയിൽമാത്രം വ്യാപരിക്കുവാൻ ഭാവന, ഓൎമ്മശക്തി, വികാരം തുടങ്ങിയവയും വ്യാവൃതമാകുന്നു. തൽഫലമായി ദൈവത്തോട് ഏറെയേറെ ബദ്ധപ്പെടുന്നു. പ്രാൎത്ഥനയിലൂടെ ഒരു പരസ്പരവിനിമയംതന്നെ നടക്കുകയാണ്. മനുഷ്യൻ അപേക്ഷിക്കുന്നു; ദൈവം അനുഗ്രഹിക്കുന്നു.

പ്രാൎത്ഥനാജീവിതത്തിൽ ശ്രദ്ധിക്കേണ്ട ചില കാൎയ്യങ്ങളുണ്ട്: ഒന്ന്, യാചനാപരമായ പ്രാർത്ഥനയേക്കാൾ മുൻപന്തിയിൽ നില്ക്കേണ്ടതു് ആരാധനയുടേയും കൃതജ്ഞതയുടേയും അനുതാപത്തിൻേറയും പ്രാൎത്ഥനയായിരിക്കണം.

രണ്ട് പരിശുദ്ധ പരമത്രിത്വത്തെ അടിസ്ഥാനപ്പെടുത്തിയതായിരിക്കണം നമ്മുടെ പ്രാത്ഥനാജീവിതം. മൂന്ന്, നമ്മുടെ എല്ലാ പ്രാർത്ഥനകളും ക്രിസ്തുവിലും ക്രിസ്തുവഴിയായിട്ടുമായിരിക്കണം. നാം ക്രിസ്തുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളാണ്. അതുകൊണ്ട് നമ്മുടെ പ്രാർത്ഥന ഒരു വിധത്തിൽ ക്രിസ്തുവിൻെറതന്നെ പ്രാർത്ഥനയാണ്. നാല്, നമ്മുടെ പ്രാത്ഥന മററു സഭാംഗങ്ങളോടും സഭയോടും യോജിച്ചുകൊണ്ടായിരിക്കണം. അഞ്ച്, ഏതു പ്രവത്തിയും പ്രാർത്ഥനയാക്കണം.

<u>ജ്ഞാനവായന:</u> ജ്ഞാനവായന ബുദ്ധിക്ക് ആത്മീയഭക്ഷണം നൽകി ആദ്ധ്യാത്മികയോധനത്തിനു നമ്മെ ശക്തരാക്കുന്നു. ആന്തരികജീവിതത്തേയും അതിനുള്ള മാർഗ്ഗങ്ങളേയും പ്രതിബന്ധങ്ങളെയുംകുറിച്ചു ശരിയായ ജ്ഞാനം നാം തമ്മിൽ വളത്തുന്നു; വിശുദ്ധിയുടെ ആവശ്യകതയേയും പ്രാധാന്യത്തേയുംകുറിച്ച് ആഴമായ അവബോധം സൃഷ്ടിച്ചു ഭക്തജീവിതത്തിന് നമ്മെ പ്രേരിപ്പിക്കുന്നു. ഭക്തിയോടും ശ്രദ്ധയോടുംകൂടി നടത്തുന്ന ജ്ഞാനവായന ആന്തരികജീവിതത്തിനു പരിരക്ഷതന്നെ.

വിശുദ്ധ ഗ്രന്ഥത്തിനായിരിക്കണം പ്രഥമസ്ഥാനം. അതു രക്ഷയുടെ പുസ്തകമാണ്. ദൈവം നമ്മെ ആനയിക്കവാനാഗ്രഹിക്കുന്ന ഊടുവഴികളും മേച്ചിൽസ്ഥലങ്ങളും വെളിപ്പെടുത്തിയിരിക്കുന്നതു് അതിലാണ്. വിജ്ഞാനത്തിലും പ്രബോധനങ്ങളിലും മററു പുസ്തകങ്ങൾ വേദപുസ്തകത്തോടു കിടപിടിക്കുകയില്ല. പുതിയനിയമ ഗ്രന്ഥങ്ങൾക്ക് പ്രത്യേകമായ ഒരു സ്ഥാനമുണ്ട്. പഴയനിയമത്തിൻെറ പൂത്തീക

രണമാണല്ലോ പുതിയനിയമം. പോരെങ്കിൽ ദൈവിക ജീവിതത്തിൻെറ സജീവമാതൃകയായ ഈശോയുടെ ഉദ്ബോധനങ്ങളും ജീവിതമാതൃകയും ഉൾക്കൊള്ളുന്നതും ഇതുതന്നെ. സുവിശേഷത്തിന്റെ സ്ഥാനവും മഹത്വവും ശരിയായി പ്രകാശിപ്പിക്കുവാൻ പോരുന്ന ബഹുമാനാദരങ്ങളാണ് സഭ അവളുടെ തിരുകർമ്മങ്ങളിൽ അതിനു നൽകിയിരിക്കുന്നത്. ആദ്ധ്യാത്മികജീവിതത്തിലെ സന്തതസഹവാസിയും പിഴയ്ക്കാത്ത വഴികാട്ടിയുമായി വേദപുസ്തകത്തെ അംഗീകരിയ്ക്കണം; അനുദിനം പാരായണംചെയ്യുകയും അമൂല്യമായ ആത്മീയപ്രചോദനങ്ങൾ സ്വീകരിക്കുകയും ചെയ്യണം. വിനയത്തോടും ഹൃദയനൈർമ്മല്യത്തോടും ധ്യാനാത്മകചിന്തയോടുംകൂടെ വേണം വായിക്കുവാൻ. എങ്കിൽ മാത്രമേ വിശുദ്ധഗ്രന്ഥം ആത്മാവിൻെറ ഭക്ഷണവും ജീവൻെറ അപ്പവുമായിത്തീരു; ജീവനും വഴിയും സത്യവുമായ ദൈവത്തെ കണ്ടെത്തുവാൻ സാധിക്കു.

വിശുദ്ധരും വിജ്ഞരും രചിച്ച ആദ്ധ്യാത്മിക പുസ്തകങ്ങളും ഉപകാരപ്രദംതന്നെ. വേദപുസ്തകം കഴിഞ്ഞാൽ രണ്ടാംസ്ഥാനം അർഹിക്കുന്ന ഒരു പുസ്തകമാണ് "ക്രിസ്ത്വാനുകരണം." അതിലെ അക്ഷരങ്ങളുടെ എണ്ണത്തേക്കാൾ അധികം ആളുകൾ അതുവഴി വിശുദ്ധരായിട്ടുണ്ട് എന്നു പറയപ്പെടുന്നു. ജീവിതവിശുദ്ധിയുടെ മാനദണ്ഡമായി വിശുദ്ധ ഇഗ്നേഷ്യസ്‌ലയോള ഈ ഗ്രന്ഥത്തെ പരിഗണിച്ചിരുന്നു. നമ്മുടെ ആവശ്യങ്ങളും അവശതകളും എന്തായിരുന്നാലും അതിനെല്ലാം പ്രതിവിധി ക്രിസ്ത്വാനുകരണത്തിലുണ്ട് എന്നതാണ് അതിൻെറ സവിശേഷത. പ്രയോജനകരമായ ധാരാളം പുസ്തകങ്ങൾ ഉണ്ട്.

ഒന്നിനുപുറകേ ഒന്നായി ധൃതിയിൽ വായിച്ചുതള്ളുന്നതിനേക്കാൾ മെച്ചം വായിക്കുന്നവതന്നെ ആവർത്തിച്ചു ധ്യാനാത്മകമായി വായിക്കുകയായിരിക്കും. പരിഹരിക്കപ്പെടേണ്ട തെററുകളുണ്ടു്. ആർജ്ജിക്കേണ്ട സുകൃതങ്ങളുണ്ടു്. തിന്മയകററാനും നന്മ വളരാനും ഉപയുക്തമെന്നു കാണുന്ന നിർദ്ദേശങ്ങൾ ഉടനെ ജീവിതത്തിൽ പ്രായോഗികമാക്കണം. അപ്പോൾ ജ്ഞാനവായനകൊണ്ടു് ഉദ്ദേശിക്കുന്ന ഫലം ലഭിക്കും. ആത്മാവു സമ്പന്നമാവുകയും ബുദ്ധി പ്രകാശിയ്ക്കുകയും ദൈവേഷ്ടത്തിനൊത്തമാർഗ്ഗങ്ങളും ലക്ഷ്യങ്ങളും തെളിഞ്ഞുവരുകയുംചെയ്യും.

<u>പ്രത്യേക ഭക്ത്യാനുഷ്ഠാനങ്ങൾ</u>: പുണ്യജീവിതത്തിനു നിറംകൊടുക്കുന്ന ഒരു ഘടകമാണു വിശേഷാലുള്ള ഭക്ത്യാനുഷ്ഠാനം. ഏതാനും പ്രാർത്ഥനകൾ ഉരുവിടുകയോ തിരികത്തിക്കുകയോ മറേറാ അല്ല അതിൻെറ കാതൽ. കുരിശിനോടു്, അഥവാ ഒരു വിശുദ്ധനോടു് ഒരാൾക്കു പ്രത്യേക ഭക്തി ഉണ്ടെന്നിരിക്കട്ടെ. അയാൾ കുരിശിൻെറ സന്ദേശങ്ങളെ, വിശുദ്ധൻെറ സുകൃതങ്ങളെ, ജീവിതത്തിൽ സാക്ഷാൽക്കരിക്കണം. എങ്കിൽ മാത്രമേ അയാളുടെ ഭക്തി യഥാർത്ഥമാകുകയുള്ളു. യഥാർത്ഥഭക്തിയുടെ ചില സവിശേഷതകൾ ഇപ്പറയുന്നവയാണു്: ഒന്നു്, നമ്മുടെ ഭക്തിവിഷയത്തിനു് അനുചിതമായ സകലതും ഉപേക്ഷിക്കുക; രണ്ടു്, സമുചിതമായവ വിശ്വസ്തതയോടെ ചെയ്യുക; മൂന്നു്, കൂടെക്കൂടെ അതിനെ സ്മരിക്കുകയും ആവശ്യങ്ങളിൽ വിശ്വാസപൂർവ്വം അതിൽ അഭയംതേടുകയും ചെയ്യുക. നമ്മുടെ ഭക്ത്യാനുഷ്ഠാനങ്ങൾ ഈദൃശമാണോ എന്നുപരിശോ

ധിക്കേണ്ടതുണ്ട്. എണ്ണമല്ല, വണ്ണംപോലുമല്ല, ഗുണമത്രേ കാര്യം. പരിശുദ്ധത്രിത്വത്തേയോ ദിവ്യ കാരുണ്യനാഥനേയോ അവഗണിച്ചിട്ടാവരുത് മററു ഭക്തികൃത്യങ്ങൾ.

ദൈവികപുണ്യങ്ങൾ: ആദ്ധ്യാത്മികശിക്ഷണത്തിൽ നമ്മുടെ ശ്രദ്ധ പതിയേണ്ട സുകൃതങ്ങൾ പലതാണ്. എങ്കിലും വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളെ പ്രത്യേകം പരാമർശിക്കാം

വിശ്വാസം: ആദ്ധ്യാത്മികജീവിതത്തിൻെറ അടിസ്ഥാനവും ആരംഭവുമാണു വിശ്വാസം. വിശ്വാസമത്രേ പ്രേഷിതപ്രവർത്തനത്തിനു പ്രചോദനവും ശക്തിയും നൽകുന്നത്. അടിയുറച്ച വിശ്വാസത്തിൻെറ ആവശ്യകത നിരീശ്വരഭൗതികവാദം ഇരമ്പിപ്പരക്കുന്നഇക്കാലത്തെപ്പോലെ മുമ്പൊരിക്കലും ഉണ്ടായിട്ടുണ്ടോ എന്നു സംശയിക്കണം. ആസ്തിക്യബോധം അടിക്കടി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ലോകത്തെ ആദ്ധ്യാത്മികമായി ഉദ്ധരിക്കാൻ വെമ്പൽ കൊള്ളുന്ന ശിഥിലവിശ്വാസിയായ പ്രേഷിതൻെറ ദയനീയ പാപ്പരത്തത്തെ കാർഡിനൽ സൂഹാർഡ് ചിത്രീകരിച്ചിട്ടുണ്ട്. "സുവിശേഷദൗത്യവുമായി പ്രേഷിതൻ കർമ്മരംഗത്തേയ്ക്കു വരുന്നു. ഇടയനില്ലാതെ വഴിതെററി അലയുന്ന ആടുകളെ കണ്ടെത്തണമെങ്കിൽ ദീർഘദൂരം സഞ്ചരിക്കണമെന്ന് അവനറിയാം. അവരിലുള്ള മുൻവിധികൾ ദൂരികരിക്കണം; അവരുടെ ആശയാഗ്രഹങ്ങളുമായി ഇടപഴകി പങ്കുചേരണം, പലനാളത്തെ പരിശ്രമംകൊണ്ട്. അവരുടെ അനുകമ്പയും വിശ്വാസവും ആർജ്ജിച്ചുകഴിയുമ്പോഴാണ് ത

ന്റെ കരങ്ങൾ ശൂന്യമാണെന്നു മനസ്സിലാക്കുന്നതു്. തന്നെ ഭാരമേല്പിച്ചിരുന്ന കാര്യം നിഷ്പ്രഭമാക്കിയെന്നു്,ആ നിക്ഷേപം നഷ്ടപ്പെട്ടത്തിയെന്നു് അവൻ കാണുകയാണു്. ദൈവികനിക്ഷേപം തന്റെ പക്കൽനിന്നു നഷ്ടപ്പെട്ടവാൻ അവൻ അനുവദിച്ചു. ഇപ്പോൾ അവന്റെ പക്കലുള്ളതു് വെറും മാനുഷികമായവമാത്രം. അവന്റെ സന്മനസ്സും തീക്ഷ്ണതയുമെല്ലാം ഫലരഹിതമാണു്. താൻ രക്ഷിക്കേണ്ടവരുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുവാൻ അവൻ തികച്ചും അപ്രാപ്തനായി ... .... മനുഷ്യൻ ദൈവത്തിനുവേണ്ടി ഉഴലുന്നു.[1]" ലോകത്തിനു രക്ഷയും സത്യവും നേടിക്കൊടുക്കണമെങ്കിൽ പ്രേഷിതൻ ദൈവവിശ്വാസം നിറഞ്ഞവനായിരിക്കണം. ആ വിശ്വാസം മററുള്ളവരിലേയ്ക്കു പകരുവേണം അവരെ ദൈവത്തിങ്കലേയ്ക്കു് ആനയിക്കുക. അതുകൊണ്ടു്, വിശ്വാസത്തിൻ അനുദിനം വളരുവാനും ശക്തിപ്പെടുവാനും ഓരോ പ്രേഷിതനും പരിശ്രമിക്കണം.

വിശ്വാസം നമുക്കു നൽകുന്ന അനുഗ്രഹങ്ങൾ നിരവധിയാണു്. ഇതു ബുദ്ധിയെ വികസ്വരമാക്കി ദൈവികജ്ഞാനത്തിൽ വളത്തുകയും ലൗകികജ്ഞാനസമ്പാദനത്തിൽ നേർവഴി കാട്ടുകയും ഉത്തമമായ അവബോധം പ്രദാനംചെയ്യുകയും ചെയ്യുന്നു. വൈപരീത്യങ്ങളെ ക്രിസ്തീയ വീക്ഷണത്തിൽ നോക്കിക്കാണുവാനും ബലഹീനതകളിൽ മനംമടുക്കാതെ നമ്മെ കമ്മോന്മുഖരാക്കുവാനും നമ്മുടെ പ്രവത്തനങ്ങൾക്കു് അതിസ്വാഭാവികമായ യോഗ്യത കിട്ടുവാനും സഹായിക്കുന്നതു വിശ്വാസമാണു്. "ലോകത്തിന്മേലുള്ള വിജയം ഇതാകുന്നു.[2]"

---

1. Cardinal Suhard; Church in the Modern word.
2. I John V; 4.

എങ്ങനെയാണു വിശ്വാസമെന്ന പുണ്യം കൂടുതലായി സമ്പാദിക്കുക? വിശ്വാസത്തിനെതിരായ സകലതും ജാഗ്രതയോടെ വജ്ജിക്കുന്നതുകൂടാതെ, ഈ ദിവ്യദാനം നമുക്കു നല്കിയ ദൈവത്തിനു നന്ദിപറയുകയും "ഞങ്ങളുടെ വിശ്വാസം വദ്ധിപ്പിക്കണമെ" എന്നു പ്രാർത്ഥിക്കുകയും വിശ്വാസ സംബന്ധമായ ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്യുക. ഈശോ ആയിരിക്കണം നമ്മുടെ വിചാരത്തിൻേറയും പ്രവൎത്തനങ്ങളുടേയും കേന്ദ്രബിന്ദു. എല്ലാ വസ്തുക്കളിലും എല്ലാ മനുഷ്യരിലും എല്ലാ സംഭവങ്ങളിലും ദൈവത്തിൻേറ കരം ദർശിക്കുക. വിശ്വാസത്തിൻേറ കാഴ്ചപ്പാടിലൂടെ വേണം സകലതും വീക്ഷിക്കുവാനും വിധിക്കുവാനും. എല്ലാ സാഹചര്യങ്ങളിലും വിശ്വാസസത്യങ്ങൾ നമ്മെ നയിക്കുവാൻ നാം സന്നദ്ധരാകണം. ഇവയെല്ലാം വിശ്വാസം ലഭിക്കുന്നതിനും ശക്തിപ്പെടുന്നതിനും ഉപകരിക്കും.

<u>ശരണം:</u> ദൈവത്തെ നമ്മുടെ പരമനന്മയായി സ്വീകരിച്ചാഗ്രഹിക്കുവാനും, നിത്യസൌഭാഗ്യവും അതിനാവശ്യകമായ മാൎഗ്ഗങ്ങളും ദൈവത്തിന്റെ ശക്തിയാലും നന്മയാലും ലഭിക്കുമെന്നു ദൃഢമായി പ്രതീക്ഷിക്കുവാനും നമ്മെ ശക്തരാക്കുന്ന ദൈവികപുണ്യമാണു ശരണം. ആദ്ധ്യാത്മികജീവിതത്തിൽ ശരണത്തിനു വളരെ സ്വാധീനതാശക്തിയുണ്ട്. ഈ ലോകവസ്തുക്കളിൽനിന്നും അവയുടെ ആനന്ദങ്ങളിൽനിന്നും കാര്യകാരണസഹിതം ശരണം നമ്മെ പിൻവലിക്കുകയും ദൈവവുമായി ബന്ധിക്കുകയും ചെയ്യുന്നു. നമ്മുടെ പ്രാൎത്ഥന ഫലദായകമാക്കുന്നതിൽ ശരണം നല്ല പങ്കു

വഹിക്കുന്നുണ്ട്. വിശുദ്ധഗ്രന്ഥം പ്രഖ്യാപിക്കുന്നു: "മനുഷ്യ തലമുറകളെ വീക്ഷിക്കുക. ദൈവത്തിൽ ശരണപ്പെട്ടവരിൽ ഒരുവനും ലജ്ജിതനായിട്ടില്ല. കാരണം, അവിടുത്തെ പ്രമാണത്തിൽ നിലനിന്നവരിൽ ആരാണു പരിത്യജിക്കപ്പെട്ടിട്ടുള്ളതു്? അഥവാ, കർത്താവിനെ വിളിച്ചപേക്ഷിച്ചിട്ടുള്ളവരിൽ ആരെയാണ് അവിടുന്നു് ഉപേക്ഷിച്ചിട്ടുള്ളതു്."[1] ദൈവത്തെ പ്രാപിക്കാനും അങ്ങനെ നിത്യഭാഗ്യം നേടിയെടുക്കാനുമുള്ള പരിപാവനമായ അഭിലാഷങ്ങൾ തമ്മിൽ ഉളവാക്കുന്നതിനും നമ്മുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും പോരുന്നതാണു ശരണം. വിശുദ്ധ പൗലോസ്ശ്ലീഹാ നമ്മെ അനുസ്മരിപ്പിക്കുന്നു: "അവർ നശ്വരവും നാമോ അനശ്വരവുമായ കിരീടം ലഭിക്കുവാൻ ഓടുന്നു."[2] അതേ, മനുഷ്യർ പണത്തിനും പ്രതാപത്തിനും വേണ്ടി പരക്കം പായുമ്പോൾ അനശ്വരമായ ഭാഗ്യത്തിനുവേണ്ടിയുള്ള നമ്മുടെ പരിശ്രമം എത്ര അധികമായിരിക്കണം! സർവ്വോപരി, ശരണമത്രേ നമ്മുടെ അവസാനവിജയത്തെപ്പററി നമുക്ക് ഉറപ്പു നല്കുന്നതു്. പോരാ, ഹൃദയസമാധാനം ദൈവത്തിൽ ശരണപ്പെടുന്നവൻേറതാണ്. മഹൽക്കാര്യങ്ങൾ നിർവ്വഹിക്കുവാൻ അവനു കഴിയുകയും ചെയ്യും. അതിനാലത്രേ വിശുദ്ധശ്ലീഹാ ഉൽഘോഷിക്കുന്നതു്: "എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്കെല്ലാം ചെയ്യാൻ കഴിയും."

ഈ പുണ്യത്തിൽ അഭിവൃദ്ധിപ്പെടാനഭിലഷിക്കുന്നവർ ദൈവത്തിൻെറ അനന്തശക്തിയേയും അവിടുത്തെ

1. Eclus. II: 11-13.
2. I കൊറി 9: 25.

അപരിമേയനന്മയേയും ദിവ്യവാഗ്ദാനങ്ങളേയുംപററി ആഴമായി ചിന്തിച്ചുകൊണ്ട്, ദൈവാനുഗ്രഹത്തോടു സഹകരിക്കാൻ തയ്യാറാകണം. എന്നാൽ, നിത്യരക്ഷയ്ക്കായി പ്രയത്നിക്കാതെതന്നെ അതു ലഭിക്കുമെന്നു് അതിരുകടന്നു് പ്രതീക്ഷിക്കുക ഔദ്ധത്യമാണു്. "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെക്കൂടാതെ നിന്നെ രക്ഷിക്കുകയില്ല" എന്നാണല്ലൊ വിശുദ്ധ ആഗസ്തീനോസ് പ്രസ്താവിച്ചിരിക്കുന്നതു്. പ്രലോഭനങ്ങൾ ഉണ്ടാകയൊ അതിൽ വീണു പോകയോ ചെയ്യുമ്പോൾ നിരാശയ്ക്കടിപ്പെടാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

പരിതാപകരമെന്നു പറയേണ്ടൂ, ഇന്നത്തെ ജനത പലപ്പോഴും നിരാശയുടെ നീർച്ചുഴിയിൽ കിടന്നു നട്ടം തിരിയാറുണ്ട്. ഭൗതികമായ ഉയർച്ചയിൽനിന്നു പൊട്ടുന്നനവേ അടിതെററി നിലംപതിക്കുമ്പോൾ, പ്രതീക്ഷിക്കാത്ത സമയത്തു് ബന്ധുമിത്രാദികൾ നമ്മെ വിട്ടകലുമ്പോൾ, വൈഷമ്യങ്ങൾ നമ്മെ വേദന തീററുമ്പോൾ, ദൈവത്തേയും ദൈവികമായവയേയും പരിത്യജിച്ചുകൊണ്ട് പലപ്പോഴും നാം അശരണരാകാറില്ലേ? എന്നാൽ ഐഹികസുഖങ്ങളുടേയും വിജയങ്ങളുടേയും വഞ്ചനയിൽ കുടുങ്ങാതെ, നമ്മുടെ പാപങ്ങളേയും അപൂർണ്ണതകളേയുംപററി അമിതമായി ഭയപ്പെടാതെ, ജീവിതക്ലേശങ്ങളുടെ മദ്ധ്യത്തിൽപ്പോലും സ്വർഗ്ഗഭാഗ്യത്തെ പ്രതീക്ഷിച്ചുകൊണ്ട്, അന്ത്യംവരെയുള്ള നിലനില്പിനായി പ്രാർത്ഥിക്കുകയും ദൈവത്തിനു തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്യുന്നവർക്കേ ഈ ലോകത്തിൽ എന്തെങ്കിലും നല്ല കാര്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയൂ.

ഉപവി: ഉപവി സകല പ്രമാണങ്ങളുടേയും സമഹാരവും ഏററംവലിയ പ്രമാണവുമാണ്. "നിൻെറ ദൈവമായ കത്താവിനെ നിൻെറ പൂർണ്ണ ഹൃദയത്തോടുകൂടിയും നിൻെറ പൂണ്ണാത്മാവോടുകൂടിയും നിൻെറ പൂണ്ണ മനസ്സോടുകൂടിയും സർവ്വശക്തിയോടുകൂടിയും സ്നേഹിക്കണം. ഇതാകുന്നു പ്രധാനവും പ്രഥമവുമായ കല്പന. ഇതിനു സദൃശമായ രണ്ടാമത്തേതു്, നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കണം എന്നതാകുന്നു. ഈ രണ്ടു കല്പനകളിൽ നിയമവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു." [1] ദൈവസ്നേഹവും പരസ്നേഹവും ഏററം വലിയ സുകൃതവും പ്രധാനപെട്ട കല്പനയുമാണ്.

ഉപവിക്കു മററു സുകൃതങ്ങളെക്കാൾ ശുദ്ധീകരണാത്മകവുമായ കഴിവുണ്ടു്. ഉപവിയാണു പുണ്യപരിപൂർണ്ണതയുടെ കാതൽ. മററു സുകൃതങ്ങളെ ഫലദായകവും പ്രവത്തനക്ഷമവുമാക്കുന്നതു് ഉപവിതന്നെ. ഉപവിയില്ലെങ്കിൽ മററു സുകൃതങ്ങൾ നിത്യജീവനെസ്സംബന്ധിച്ചിടത്തോളം ചൈതന്യരഹിതവും നിരത്ഥകവുമാണ്. സുകൃതങ്ങളുടെയെല്ലാം ജീവദായകതത്വമെന്നു് ഉപവിയെ സകാരണം വിളിക്കാം. കാരണം, മററുള്ളവ അവയിൽത്തന്നെ അപൂണ്ണങ്ങളും ഒരുവനെ സുകൃതവാനാക്കുവാൻ അപര്യാപ്തങ്ങളുമാണ്. എന്നാൽ, ഉപവി ഒരുവനെ യഥാത്ഥത്തിൽ സുകൃതവാനാക്കുകയും മറെറല്ലാ പുണ്യങ്ങളേയും സ്വാധീനപ്പെടുത്തി നയിക്കുകയുംചെയ്യുന്നു. ഉപവി മനുഷ്യനെ അവൻെറ സകല കഴിവുകളോടും ശക്തികളോടുംകൂടി

1 Mt. XXII: 37-40.

ദൈവത്തോടു യോജിപ്പിക്കുകയും അങ്ങനെ പരിപൂർണ്ണത യിൽ എത്തിക്കുകയും ചെയ്യുന്നു.

ദൈവസ്നേഹത്തിൽ അഭിവൃദ്ധിപ്പെടണമെങ്കിൽ ആദ്യ മായി സകല പാപങ്ങളും ഉപേക്ഷിക്കപ്പെടണം. പാപ കാരണങ്ങളും പാപസാഹചര്യങ്ങളും വിട്ടകന്നു നിർമ്മല മായ ജീവിതം നയിക്കുവാൻ പരിശ്രമിക്കുക ആവശ്യക മത്രേ. നമ്മുടെ ആഗ്രഹങ്ങളും മനസ്സും ദൈവേഷ്ടത്തിനു കയ്യാളിക്കുകയും ആ ഇഷ്ടമനുസരിച്ചു, പ്രവൃത്തികൾ ക്രമ പ്പെടുത്തുകയുംവേണം. ദൈവത്തിൻെറ അനന്തമായ പരി പൂർണ്ണതയും നന്മയും കണ്ടറിഞ്ഞു് ആനന്ദംകൊള്ളുന്നതും സ്തുതിഗീതങ്ങൾ ആലപിക്കുന്നതും സ്നേഹത്തിൻെറ പ്രകടനം തന്നെ. ഈ വ്യാപാരങ്ങൾ നമ്മെ കൂടുതൽ ദൈവത്തോ ടടുപ്പിക്കുന്നു. അവിടുത്തെ പരിപൂർണ്ണതയുടേയും നന്മയുടേയും പാരമ്യത്തിൽ മതിമറന്നു നമ്മെ അവിടുത്തെ വിശ്വസ്തസേ വനത്തിനായി സമർപ്പിക്കുവാൻ സ്നേഹം പ്രേരണനല്കും. ദൈവത്തെ നിസ്വാർത്ഥമായി സേവിക്കുവാൻ അതു നമ്മെ സന്നദ്ധരാക്കുന്നു. ദൈവം നമ്മെ സ്നേഹിക്കുകയും അങ്ങനെ അഗാധമായ സ്നേഹബന്ധം ഉയിർകൊള്ളുകയും ചെയ്യുന്നു. ഈ സ്നേഹബന്ധം നമ്മുടെ ആന്തരികജീവിതത്തെ പരിര ക്ഷിപ്പിക്കുമെന്നു തീർച്ചയാണ്.

<u>പരസ്നേഹം:</u> ദൈവത്തെപ്രതി സഹോദരനെ സ്നേ ഹിക്കുക, അഥവാ, സഹോദരനിൽ ദൈവത്തെ സ്നേഹിക്കുക; അതാണു പരസ്നേഹം. സഹോദരങ്ങളുടെ സ്വാഭാവിക മായ കഴിവുകളും മേന്മകളുമെല്ലാം ഒരു വിധത്തിൽ ദൈവാ

സ്ഥിതത്വത്തിൻേറയും ദൈവികഗുണങ്ങളുടേയും പങ്കുചേരലാണു്. സ്വഭാവാതീതമായ സിദ്ധികളും നന്മകളും ദൈവികജീവിതത്തിലും സ്വഭാവത്തിലുമുള്ള ഒരുതരം ഭാഗഭാഗിത്വമാണു്. ദൈവത്തിൻെറ മക്കളും ക്രിസ്തുവിൻെറ മൗതികശരീരാവയവങ്ങളും സ്വർഗ്ഗരാജ്യത്തിൻെറ അവകാശികളുമാണു്, അഥവാ ആകേണ്ടവരാണു്, ഓരോരോ മനുഷ്യരും.

പരസ്നേഹം ആത്മപവിത്രീകരണത്തെ വളരെ സഹായിക്കുന്നുണ്ടു്. ദൈവസ്നേഹത്തിൻെറ രൂപഭേദം മാത്രമായ പരസ്നേഹം, ദൈവസ്നേഹം നമ്മിൽ ഉളവാക്കുന്ന ഫലങ്ങൾതന്നെ പുറപ്പെടുവിക്കുന്നു. "തൻെറ സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു. അവനിൽ ഇടർച്ചയില്ല." [1] ക്രിസ്തുനാഥൻ വാഗ്ദാനം ചെയ്തിട്ടുണ്ടു്, ഈ ചെറിയവരിൽ ഒരുവനു ചെയ്യുന്ന സേവനം തനിക്കു ചെയ്തതായി കണക്കാക്കുമെന്നു്: "ചെറിയവരായ എൻെറ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാകുന്നു ചെയ്തതു് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു." [2] പരസ്നേഹവിരുദ്ധമായ ദുർഗ്ഗുണങ്ങളെ ശ്രദ്ധാപൂർവ്വം ഉപേക്ഷിക്കണം സഹോദരങ്ങളുടെ തെറ്റുകൾ ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള സഹിഷ്ണുത വളർത്തുക അനുപേക്ഷണീയംതന്നെ. നമ്മുടെ സ്നേഹം ക്രിസ്തുനാഥൻെറ സ്നേഹത്തിൻെറ പ്രതിഫലനമാകണം. അവിടുത്തേക്കുണ്ടായിരുന്ന ചിന്താശക്തിയും ദയാശീലവുമെല്ലാം നമ്മിലും വളർത്തിയെടുക്കുവാൻ പരിശ്രമിക്കേണ്ടി

1 I John II: 10.
2 Mt. XXV: 40.

യിരിക്കുന്നു. പരസ്നേഹത്തിനു ക്രിസ്തീയജീവിതത്തിലുള്ള സ്ഥാനമഹിമ മനസ്സിലാക്കുക പ്രയോജനകരമത്രേ. ക്രിസ്ത്യാനികളുടെ അടയാളമായിട്ടാണല്ലോ പരസ്നേഹത്തെ ക്രിസ്തുനാഥൻ നിർദ്ദേശിച്ചിരിക്കുന്നതു്. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്ന ഒരു പുതിയ കല്പന ഞാൻ തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ; നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ അതുകൊണ്ടു് നിങ്ങൾ എൻെറ ശിഷ്യന്മാരാകുന്നു എന്നു് എല്ലാവരും അറിയും." [1]

സാമൂഹ്യസ്നേഹം പരസ്നേഹത്തിൻെറ ഒരു വകഭേദമാണു്. വ്യക്തികളെ സ്നേഹിക്കുന്നതുപോലെ സമൂഹത്തേയും സ്നേഹിക്കുവാനും സേവിക്കുവാനും അല്മായനു കടമയുണ്ടു്. രണ്ടു സമൂഹത്തിൻെറ – രാഷ്ട്രത്തിൻേറയും സഭയുടേയും– അംഗമാണവൻ. ക്രൈസ്തവപ്രേഷിതൻ ക്രിസ്തുവിൻെറ ജീവിതത്തിലും ജീവിതദൗത്യത്തിലും പങ്കുചേരുകയും മററുള്ളവരെ അതിനു സഹായിക്കുകയും ചെയ്യേണ്ടവനാണു്. അപ്പോൾ ക്രിസ്തുനാഥനിലുണ്ടായിരുന്ന ആദ്ധ്യാത്മികജീവിതംതന്നെ അവനിലുമുണ്ടാകും. അതിനു് അവനെ പരിശീലിപ്പിക്കുകയാണു് ആദ്ധ്യാത്മികശിക്ഷണത്തിൻെറ ഉന്നം.

---

1 John XIII: 34—35.

# ഉപസംഹാരം

കത്തോലിക്കജീവിതത്തിൻെറ അന്തസത്തയുമായി ഇഴുകിച്ചേർന്ന, കത്തോലിക്കസഭയിലെ വിശ്വാസതത്വങ്ങളുടെ കാതലിൽ കൊണ്ടുനിൽക്കുന്ന, അല്മായപ്രേഷിതപ്രവർത്തനത്തിൻെറ വിവിധ വശങ്ങൾ പരിചിന്തനത്തിനു വിധേയമായി. അധുനാതനങ്ങളായ പ്രശ്നങ്ങളുടേയും പരിതഃസ്ഥിതികളുടേയും വെളിച്ചത്തിൽ അല്മായപ്രേഷിതത്വത്തിന് ഇന്നുള്ള സ്ഥാനം ഒട്ടു നിർണ്ണയിച്ചുകഴിഞ്ഞു. സഭാജീവിതത്തിൽ അസൂയാർഹമായ ഒരു സ്ഥാനം, സഭാപ്രവർത്തനങ്ങളിൽ മാനനീയമായ ഒരു പങ്ക്, അല്മായനുണ്ട് എന്നുള്ളതു് അവിതർക്കിതമാണ്. അഭിമാനാർഹവും ഒപ്പം ഗൗരവാവഹവുമായ ഒരു ജീവിതദൗത്യം ഓരോ അല്മായനുമുണ്ട്: സഭയുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും സഹകരിച്ചുകൊണ്ട് സഭയുടെ ദൗത്യനിർവ്വഹണം സുസാധമാക്കുവാൻ പരിശ്രമിക്കുക. വിശേഷോത്തരമായ ആ ജീവിതദൗത്യമാണ്, ആ ദൗത്യനിർവ്വഹണമാണ്, ഓരോ കത്തോലിക്കനേയും യഥാർത്ഥ കത്തോലിക്കനാക്കുന്നതു്. കത്തോലിക്കവിശ്വാസിയുടെ ജീവിതത്തിന് പരമോൽകൃഷ്ടമായ അർത്ഥവും മൂല്യവും നേടിക്കൊടുക്കുന്നതും മറ്റൊന്നുമല്ല.

ഇന്ന് അവൻെറ പ്രവർത്തനസാദ്ധ്യതകളും അവസരങ്ങളും അതിനുള്ള ആവശ്യവും വർദ്ധമാനമായിക്കൊണ്ടിരിക്കുകയാണ്. കാലത്തിൻെറ ഗതിവിഗതികളും പ്രവണ

തകളും സ്പർശിച്ചറിഞ്ഞു്, ആപത്ക്കാരികളായ ചിന്താഗതികളുടെ നുഴഞ്ഞുകയററവും വിപ്ലവപ്രസ്ഥാനങ്ങളുടെ മുന്നേററവും മററും കണ്ടറിഞ്ഞു് അല്മായരെ കത്തവ്യനിർവ്വഹണത്തിനായി ആഹ്വാനം ചെയ്യുന്നുണ്ട്, സഭയുടെ തലപ്പത്തിരിക്കുന്നവർ. കാലത്തിൻെറ വെല്ലുവിളി സ്വീകരിച്ചുകൊണ്ട്, ഇന്നത്തെ ആവശ്യങ്ങൾ ഗ്രഹിച്ചുകൊണ്ട്, ക്രിസ്തീയധീരതയോടെ കർമ്മരംഗത്തേക്ക് അല്മായർ വരട്ടെ അവരുടെ പ്രവത്തനൗത്സുക്യത്തേയും ചൈതന്യവിശേഷത്തേയും ആശ്രയിച്ചായിരിക്കും, ആധുനികപ്രശ്നങ്ങളേയുംവിഷമതകളേയും വിജയപൂർവ്വം നേരിട്ട് സഭ പുരോഗമിക്കുക.

ക്രിസ്തുനാഥൻ ഒരിക്കൽ ജറൂസലേം നഗരത്തെ വീക്ഷിച്ച രംഗം വളരെ ഹൃദയസ്പർശിയാണ്. ദൈവത്തിൻെറ പ്രത്യേകമായ അനുഗ്രഹത്തിനും വാത്സല്യവായ്പിനും വിധേയമായ ജറൂസലേം! പ്രവാചകന്മാരേയും ന്യായാധിപന്മാരേയും രാജാക്കന്മാരേയും പുറപ്പെടുവിച്ച ജറൂസലേം! ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൻെറ ആശാകേന്ദ്രവും, നൂറുനൂറ് അത്ഭുതങ്ങൾക്കും ദൈവത്തിൻെറ സവിശേഷപരിപാലനക്കും സാക്ഷ്യം വഹിച്ച സ്ഥലവുമെന്ന നിലയിൽ പ്രസിദ്ധമായ ആ പട്ടണം. എന്നാൽ, ഹതഭാഗ്യയായ ആ ജറൂസലത്തെ അവിടുന്ന് അനുകമ്പയോടെയാണു വീക്ഷിച്ചതു്. അസൂയാർഹമായസ്ഥാനത്തുനിന്ന് അധഃപതനത്തിലേക്കും നാശത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന ജറൂസലത്തിൻെറ ഭയാനകമായ ഭാവി കൺമുമ്പിൽ കണ്ടിട്ട് അവിടുന്നു വിങ്ങിവിങ്ങിക്ക

രഞ്ഞു, ഒരു പിഞ്ചുകുഞ്ഞിനെപ്പോലെ. എന്തെന്ത് അനുഗ്രഹങ്ങളാണ് അവിടുന്ന് അവളുടെമേൽ വാരിച്ചൊരിഞ്ഞിട്ടുള്ളത്! പക്ഷേ അവയെല്ലാം ഫലരഹിതമാവുകയാണു ചെയ്തത്. യേശുനാഥൻ ഇന്ന് ആധുനികലോകത്തേയും ഇതുപോലെ വീക്ഷിക്കുകയാണ്. ആധുനികനേട്ടങ്ങളുടേയും പുരോഗതിയുടേയുമെല്ലാം മറയിൽ ഈശ്വരവിശ്വാസം കളഞ്ഞുകുളിച്ച ഒരു ജനത! മതത്തോടും ധാർമ്മികമൂല്യത്തോടും വിടവാങ്ങി സ്വാതന്ത്ര്യം പ്രഖ്യാപിച്ച ഒരു ജനത! ശാസ്ത്രീയനേട്ടങ്ങളുടേയും വ്യാവസായികാഭിവൃദ്ധിയുടേയും അണുവായുധങ്ങളുടേയും ബഹിരാകാശയാനങ്ങളുടേയും ഉടമസ്ഥരായിക്കാം അവർ! പക്ഷേ, ദൈവത്തെ ജീവിതത്തിൽനിന്ന് ആട്ടിയോടിച്ച തൽസ്ഥാനത്ത് തന്നെത്തന്നെ പ്രതിഷ്ഠിക്കുവാൻ വെമ്പിക്കുതിക്കുന്ന ഒരു ജനവ്യൂഹമാണ് വളർന്നുവരുന്നത്. പദാർത്ഥമാത്രവും ഐന്ദ്രികവുമായ സൗഭാഗ്യത്തിലും ഭൗതികമാത്രവും കായികവുമായ നേട്ടങ്ങളിലുംമാത്രം ദൃഷ്ടിയുറപ്പിച്ചുകൊണ്ടു മുന്നേറുന്ന യാന്ത്രികമനുഷ്യൻെറ പോക്കുകണ്ടിട്ട്, അവന് അഭിമുഖീഭവിക്കാൻ പോകുന്ന മഹാവിപത്തു ദർശിച്ചിട്ട് യേശുനാഥൻ ഹൃദയംപൊട്ടി കരയുകയാണ്. മനുഷ്യനെ സത്യത്തിൻെറ മാർഗ്ഗത്തിലേക്കും വിശ്വാസത്തിൻെറ പ്രകാശത്തിലേക്കും ആനയിക്കുവാൻ ഓരോ കത്തോലിക്കാവിശ്വാസിയേയും മാടിമാടി വിളിക്കയാണവിടുന്ന്. ജറൂസലേമിൻെറ മേൽ അവിടുന്നു പൊഴിച്ച കണ്ണീർകണങ്ങൾപോലെ ഫലശൂന്യ

മാകുമോ, ആധുനികലോകത്തോടുള്ള അവിടുത്തെ അഭ്യ ൎത്ഥന!

അഴിഞ്ഞുനാറിയ ആധുനികജീവിതത്തെ ക്രിസ്തീയത്വമാകുന്ന ലവണാംശത്തിൽ സംശുദ്ധി ചെയ്തു ക്രിസ്തുവിൽ നവീകരിക്കുവാൻ, അങ്ങനെ സ്നേഹനാഥൻെറ മിഴിനീർ തുടച്ചുമാററുവാൻ, സത്യത്തിൻെറ തെളിവാർന്ന ദീപശിഖയുമേന്തി, വിശ്വാസത്തിൻെറ പടയായുധവും ധരിച്ച് സമരവീര്യത്തോടെ അല്മായർ കൎമ്മരംഗത്തേക്കു കുതിച്ചു കയറട്ടെ. അവൎക്കൊരു സാമ്രാജ്യമുണ്ട്, ക്രിസ്തുവിനുവേണ്ടി പടപൊരുതി പിടിച്ചടക്കുവാൻ. അവൎക്കൊരു കൎമ്മരംഗമുണ്ട്, അവിടുത്തേക്കുവേണ്ടി വിയൎത്തൊലിച്ചു പണിയെടുക്കുവാൻ. സത്യത്തിൻേറയും ശാന്തിയുടേയുംജയഗീതം മുഴക്കിക്കൊണ്ട് ക്രിസ്തുവിൻെറ കുരിശുപതാക പാറിപ്പറത്തുവാൻ അവൎക്കൊരു കൎമ്മക്ഷേത്രമുണ്ട്—ന്വലാമാലം പിടിച്ച പ്രശ്നങ്ങളും കുഴഞ്ഞുമറിഞ്ഞ വിഷമതകളും തിങ്ങിനിറഞ്ഞ ആധുനികലോകം, നാം ജീവിക്കുന്ന ലോകം! അല്മായർ—അവരാണ് ആധുനികലോകത്തിൻെറ നഌംതികഞ്ഞ വിധാതാക്കളും നിയന്താക്കളും. വിശാലമായ ഭവലസ്ഥലം അവരുടെ പ്രവൎത്തനത്തെ കാത്തുകാത്തിരിക്കുകയാണ്. ലോകത്തിന് ഉദ്ധാരണവും രക്ഷയുമേകുന്ന കുരിശുപതാകയും സത്യദീപവുമേന്തി അവിടെ അവർ അണിനിരക്കട്ടെ. അതാ, ക്രിസ്തുനാഥൻ ആഹ്വാനം ചെയ്യുന്നു: "അല്മായർ കൎമ്മരംഗത്തേക്ക്."

PUBLIC LIBRARY

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 172.00 Acc. No. 13362

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

ന 200
SHL. A

13362

എസ്. എച്ച്. ലീഗ്. (പ്രസാ)

അല്മായർ കർമ്മരംഗത്ത്.

KOTTAYAM PUBLIC LIBRARY

Call No M200 Acc. No 13362.

Author എസ്, എച്ച്. ലീഗ് (പ്രസാ)

Title അല്മായൻ കർമ്മരംഗത്ത്

Indic Digital Archive Foundation

gpura.org